ചാവറ
ചരമശതാബ്ദ്യാഘോഷ
സ്മാരകം

1871 — 1971



K 91.3
C 40

കുന്നമ്മാവ്

SOUVENIR

Centenary Celebrations

of

the death

of

FATHER KURIAKOSE ELIAS CHAVARA

at

Kunammavu

DHARMARAM COLLEGE
LIBRARY
BANGALORE

Kunammavu,

15th August 1972

K. 91. 3.
DHARMARAM COLLEGE LIBRARY
Ac. No. 37872
Call No. K91.3/C40

Printed at :

Mar Louis Memorial Press,

Ernakulam

Published by :

K. C. M. Souvenir Committee,


Kunammavu

Chief Editor :


T. M. Chummar
(Sahithyanipunan)

കവർ ചിത്രം

കുന്നമ്മാവു കൊവേന്തയിൽ കുയ്യാക്കോസ് ഏലിയാസച്ചന്റെ അന്ത്യരംഗത്തിനു സാക്ഷിനിന്ന തന്റെ കൊച്ചുഭവനം, ഒരു കുപ്പായമായി ഉയർത്തപ്പെട്ടിരിക്കയാണ്. ഇതൊരു തീർത്ഥാടനകേന്ദ്രമാണിന്ന്.



HIS HOLINESS POPE PAUL VI




HIS EXCELLENCY SRI V. V. GIRI

PRESIDENT OF INDIA



HIS EMINENCE JOSEPH CARDINAL PARECATTIL

ARCHBISHOP OF ERNAKULAM



SMT. INDIRA GANDHI

PRIME MINISTER OF INDIA



HIS GRACE DR. JOSEPH KELANTHARA

D. D., D. C. L., M. A., M. Ed., D. S. Sc.


ARCHBISHOP OF VERAPOLY



HIS EXCELLENCY


RT. REV. DR. SEBASTIAN MANKUZHIKARY


AUXILIARY BISHOP OF ERNAKULAM



Late **Honourable Minister K. T. George**


Member, Centenary Celebration Committee





Late **Sri Alexander Vakayil Ex. M. L. A.**

Vice-President, Centenary Celebration Committee



ആമുഖം

(ദൈവദാസൻ എന്ന അർത്ഥവത്തായ പേർ സ്വീകരിച്ചു്, കേരളത്തിലെ ജനസമൂഹത്തിന്റെ — വിശേഷിച്ചു ക്രൈസ്തവ ജനസമൂഹത്തിന്റെ — സംയോജനത്തിനും സമുദ്ധാരണത്തിനും സംശുദ്ധിയ്ക്കുമായി സേവനമനുഷ്ഠിച്ച മനുഷ്യസ്നേഹിയായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ധീരോദാത്തമായ സേവനത്തിന്റെ കഥകൾ) അദ്ദേഹത്തിന്റെ ചരമശതവാർഷികംകൊണ്ടാടിയ 1971 ജനുവരി മൂന്നാം തീയതി മുതൽ കേരളമൊട്ടുക്കും മാറ്റൊലിക്കൊള്ളുകയുണ്ടായി. സ്വജീവിതത്തിന്റെ അന്ത്യഘട്ടം മുഴുവൻ — 1864 മുതൽ 1871 ജനുവരി 3-ാംതീയതി അന്ത്യയാത്ര പറയുന്നതുവരെ — കുന്നമ്മാവിൽത്തന്നെ സേവനോൽസുകനായി കഴിഞ്ഞുകൂടിയ ആ പുണ്യശ്ലോകൻ, കേരളീയർക്കു പൊതുവെയും, കുന്നമ്മാവുകാർക്കു വിശേഷിച്ചും പ്രാത:സ്മരണീയനാണ്. ആ സാത്വികപുരുഷന്റെ ചരമശതാബ്ദോത്സവം കുന്നമ്മാവുകാർ 1971 ഏപ്രിൽ 23, 24, 25 എന്നീ തീയതികളിൽ ചാവറ നഗറിൽവച്ചു് അത്യാഡംബരപൂർവ്വം കൊണ്ടാടുകയുണ്ടായി. പ്രസ്തുത ആഘോഷങ്ങളോടനുബന്ധിച്ചു നടത്തിയ സമ്മേളനങ്ങളിൽചെയ്ത പ്രസംഗങ്ങളും, അവതരിപ്പിച്ച പ്രബന്ധങ്ങളും (മുഴുവൻ ശേഖരിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടില്ലെന്നു ഖേദപൂർവ്വം കുറിച്ചുകൊള്ളട്ടെ) തൽസംബന്ധമായി എഴുതിയിട്ടുള്ള മറ്റു ചില ലേഖനങ്ങളും സമാഹരിച്ചു പ്രസിദ്ധപ്പെടുത്തുന്നതാണു് ഈ സുവനീർ അഥവാ സ്മാരകഗ്രന്ഥം. അങ്ങനെ, ഇതു തികച്ചും ചാവറയച്ചന്റെ ചരമശതവാർഷിക സുവനീർ മാത്രമാണു്. ഇത്തരം ഒരു ഉപഹാരഗ്രന്ഥത്തിൽ, ഒരേ കാര്യംതന്നെ ഒന്നിലധികം പ്രസംഗങ്ങളിലോ പ്രബന്ധങ്ങളിലോ ആവർത്തിച്ചുവന്നിട്ടുണ്ടെങ്കിൽ അതു ക്ഷന്തവ്യമെന്നേ പറയേണ്ടതുള്ളൂ.

ലേഖനങ്ങൾ, കവിതകൾ മുതലായവ നൽകി ഈ സംരംഭത്തിൽ ഞങ്ങളെ അനുഗ്രഹിക്കയും സഹായിക്കയും ചെയ്തിട്ടുള്ള എല്ലാവരോടും ഞങ്ങൾ അതീവകൃതജ്ഞരാണു്. വിശേഷിച്ചു്, ഈ പ്രസിദ്ധീകരണത്തിൽ ഞങ്ങളുടെ സാമ്പത്തികഭാരത്തെ കുറയ്ക്കാൻ പരസ്യങ്ങൾ തന്നും മറും ഞങ്ങളെ സഹായിച്ചിട്ടുള്ള സ്ഥാപനങ്ങളോടും വ്യക്തികളോടും ഞങ്ങൾക്കുള്ള കടപ്പാടു് അളവറ്റതെന്നേ പറയേണ്ടൂ. ചുരുങ്ങിയ സമയത്തിനുള്ളിൽ സമുചിതമായി ബ്ലോക്കുകൾ ഘടിപ്പിച്ചു് ഇതു് എത്രയും ഭംഗിയായി അച്ചടിച്ചുതന്ന എറണാകുളം മാർ ളയീസ് മെമ്മോറിയൽ പ്രസ്സു് പ്രവർത്തകരേയും സ്മൃതിപുരുഷന്റെ ബ്ലോക്കു് ഇത്രയും മനോജ്ഞമാ

മായി നിമ്മിച്ച എസ്. ടി. റെഡ്യാർ പ്രസ്സ് പ്രവത്തകരേയും, അതു് വേണ്ട വിധത്തിൽ അടിച്ചു് ഇതിന്റെ പുറംകവർ അതീവ ആകർഷകമാക്കിത്തീത്ത തേവര എൽ. എഫ്. പ്രസ്സ് പ്രവത്തകരേയും ഞങ്ങൾ അഭിനന്ദനപൂവ്വം സ്മരിക്കുന്നു.

ആതുരശുശ്രൂഷകനും ജനസേവകനുമായിരുന്ന ചാവറയച്ചന്റെ ഈ ചരമവാർഷികത്തോടനുബന്ധിച്ചു് ആ പുണ്യചരിതന്റെ പാവന സ്മരണയ്ക്കനുരൂപമായി കുനമ്മാവു ഗവമ്മെൻറു ഹോസ്പിറ്റലിൽ, പൊതുജനങ്ങളിൽനിന്നു പിരിച്ചെടുത്ത തുകകൊണ്ടു് മനോഹരമായ ഒരു ''ചാവറ സ്മാരകവാർഡ്'' പണിയിക്കുകയും, അതു യഥാകാലം ഉൽഘാടനം ചെയ്യിക്കുവാൻ സാധിക്കുകയുംചെയ്ത എന്നുള്ളതിൽ ഇതിന്റെ പ്രവത്തകസമിതി അംഗങ്ങൾ അത്യധികം അഭിമാനകൃതാത്ഥരാണു്. ഈ ആഘോഷങ്ങളുടെയെല്ലാം സുസാദ്ധ്യതയ്ക്കുവേണ്ടി സ്ത്രീകളും പുരുഷന്മാരും ഉൾപ്പെട്ട വിവിധ കമ്മറിറികൾ പ്രവത്തിച്ചുകൊണ്ടിരുന്ന എന്നുള്ളതും സ്നേഹപൂവ്വം ഞങ്ങൾ അനുസ്മരിക്കുന്നു. ആ കമ്മറിറികളുടെ നിസ്വാർത്ഥവും ആത്മാർത്ഥവുമായ സഹകരണമാണു് ചരമശതവാർഷികസംബന്ധമായി ഉണ്ടായിട്ടുള്ള എല്ലാ സൽഫലങ്ങളുടേയും വിജയങ്ങളുടേയും അടിസ്ഥാനമെന്നുകൂടി പ്രസ്താവിക്കുവാൻ ഞങ്ങൾ ഈയവസരം വിനിയോഗിക്കുകയാണു്. പ്രസ്തുത കമ്മറിറികളിലെ ഓരോ വ്യക്തിയോടും ഞങ്ങൾക്കുള്ള ആധമർണ്യവും ഈയവസരത്തിൽ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ദൈവദാസനായ ചാവറയച്ചന്റെ നിഷ്കാമകർമ്മങ്ങളിലേയ്ക്കും വ്യക്തിജീവിതത്തിലേയ്ക്കും വെളിച്ചം വീശുവാൻ ഈ സുവനീർ ഒട്ടൊക്കെ സഹായകമായിത്തീരുമെന്നുള്ള വിശ്വാസത്തോടുകൂടി ഞങ്ങൾ ഈ ഗ്രന്ഥം സന്തോഷപുരസ്സരം സഹൃദയസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

ആഘോഷക്കമ്മറിറിക്കുവേണ്ടി,

സുവനീർ കമ്മറിറി എഡിറിറർ

ടി. എം. ചുമ്മാർ
സാഹിത്യനിപുണൻ

കുനമ്മാവു്
15-8-1972



ദൈവദാസനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ
ചരമ ശതാബ്ദി ആഘോഷകമ്മറ്റി അംഗങ്ങൾ

KURIAKOSE ELIAS CHAVARA

CENTENARY CELEBRATIONS

COMMITTEES :—

EXECUTIVE

1 Rev. Fr. Melesius C. M. I.
Prior, Monastery Kunammavu
2 Mr. Alexander Vakayil Ex. M. L A.
3 Mr. Jayakumar Vaidyan
4 Mr. Joseph Palathingal
5 Very Rev. Fr. Paul Vaipusserry,
Vicar, St.Philomena's Church, Koonammavu
6 Rev. Fr. Mathew Pazhemadam,
Vicar, Puthenpally Church
7 ,, Mark Pallan,
Vicar, Christnagar
8 ,, Joseph Kavalipaden,
Vicar, Alengad
9 ,, Joseph Nellissery,
Vicar, Kongorpilly
10 ,, Joseph Puthussery,
Vicar, Valluvally
11 ,, George Valavanthara,
Vicar, Kottuvally
12 ,, Joseph Kunnumkathara,
Vicar, Neerikodu
13 Mr. Paulose Vadassery
14 ,, T. C Antony
15 ,, K. V. Devassy Kanappilly
16 ,, George Nicholas Pattamana
17 Dr. Baby Thottungal
18 Rev. Sr. Mary Francis C. M. C.
Mother, Convent Kunammavu

PUBLICITY

1 Mr. George Nicholas Pattamana
2 Vidwan Sri T. M. Chummar
3 Rev. Fr. Joseph Cherubin C. M. I.
4 Rev. Sr. Devasahayam C. M. C.
5 Mr. V. I. Devassy Vithayathil
6 Mrs. Rosy Thomas
7 Mr Antony Chakkiath
8 ,, Paulose T. Thekkinedath
9 ,, Pappachan J Puthussery
10 ,, Francis Augustine Puthussery
11 ,, K. M. Cletus
12 ,, M. M. Joseph, Headmaster
13 ,, Simon Vakayil
14 ,, Antony Parakal
15 ,, Josey Parapilly
16 ,, Vidwan M O. Avira
17 Sr. Arsina C. M C.
18 Mr T. R. Radhakrishna Warrier
19 ,, Jose Attupuram
20 ,, C. K. Ajud
21 Vidwan P. V. Ayyappan Nair

VOLUNTEER GENERAL CAPTAINS

1 Mr. C. P. Pappachan
2 ,, K. S. Andrews
3 Rev Sr. Hillaria C. M. C.
4 Mrs Mary Paul Mappilai
5 ,, Rosy Choolaparambil

FINANCE

1 Mr. Paulose Vadassery
2 ,, Jose Thomas Kanappilly
3 ,, T. R. Radhakrishna Warrier
4 ,, K. V Mathew Kanappilly
5 ,, K. T. George M. L. A., N. Parur
6 ,, Varu Devassy Kanappilly
7 ,, P. A. George Pazhaampilly
8 ,, Augustine Pazhaampilly
9 ,, Viswanatha Pai,
Panchayat President, Varapuzha

10 Mr. Kunju Meeran Sahib,
Panchayat President, Kottuvally
11 ,, K. K Gangadaran,
Panchayat President, Alengadu
12 ,, K. R. Vijayan.
Municipal Chairman, N. Parur
13 ,, K. A. Joseph Kaloor
14 ,, Anthapai Mappilai V. J.
15 ,, Baby Paul Thaliath V. J.
16 ,, V. P. John Vithayathil
17 ,, M. O. Varghese Menacherry
18 Rev. Fr. Eleseus C. M. I.
19 Rev. Mother Mary Francis C. M. C.
20 Mr. Mathew Vazhuvelly
21 ,, George T. Mukkath
22 ,, Joseph Mangaly Neerikodu
23 ,, George Joseph Manadan
24 ,, Augustine Thaliath

RECEPTION

1 Mr. T. C. Antony
2 " K. V. Devassy, Kanappilly
3 Vidwan Sri. T. M. Chummar
4 Rev. Sr. Henrina, Headmistress
5 Rev. Fr George Elengikal
6 Mr. T J. Joseph, Thottakath
7 " Simon Vakayil
8 " P. K. Supran
9 " Antony Panakal
10 " Paul Puthumadassery
11 " K. M. Cletus
12 Rev. Fr. Thomas Methodius C. M. I.
13 Mr. C. V. Joseph Chandanaparambil
14 " M. A. Velayudhan
15 " Jose George Kanappilly
16 " Mathew Joseph Parappilly
17 " Varkey J. Pyndath
18 " O. Thomas Menacherry
19 " C. P. Pappachan Chakiath
20 " K. S. Antony Kaloor
21 " M. V. Varghese Menacherry
22 " Mathew V. Kanappilly
23 " David Chakiath
24 " C. K. Ajeed
25 Mr. Vidwan M. O. Avara
26 " K. V. Augustine Advocate
Kochikkattu
27 Mrs. Komalam Jayan
28 Mr. Francis Daniel Pallipparambil
29 Mrs. Mary Edward Kanappilly
30 Mr. Jose Koithara
31 " Madhavan K.
32 Mrs. Elizabeth Paulose Vadasserry
33 " Celine Joseph Palathingal
34 " Jaya Jose Kanappilly
35 " Annie Mathew Mullur
36 Mr. Varghese L. Vithayathil
37 " Jacob Elengikal
38 Mrs. Florry Vakkachan Vadassery
39 " Rosily Jose Vakayil
40 Mr. M. R. George
41 " Thommen Pappu Chiramel
42 Mrs. Marykutty Joseph Kallore

WARD AND SHRINE

1 Dr. Baby Thottungal
2 Mr. Augustine Pazhampilly
3 " Pappu Pettah
4 Dr. Akamma Ittyachan Puthusserry
5 Mr. Ramankutty Warrier T. R.
6 Dr. M T. Varghese
7 Mr. Raman Nair N. K.
8 " Kunju Meeran Sahib,
Panchayat President
9 Rev. Fr. George Elenjikal
10 Mr. K. V. Mathew Kanappilly
11 " M O. Varghese Menacherry
12 " M. V. Varghese Menacherry
13 " Mathappan Vazhuvelly
14 " Ousephkutty Vazhvelly
15 " Varuthkutty Thekkinedath
16 " K. C. Xavier Kaloor, Kottuvally
17 " K. A. Joseph Kaloor
18 " Pyli Joseph Thannikode
19 Miss Kunjamma Thannikode
20 Mr. Sukumaran, Jr: Engineer,
P. W. D., Alwaye
21 " Mathai Thaliath, Jr: Engineer
P. W. D., Alwaye

EXHIBITION

1 Rev. Sr. Adolphus C. M C.
2 ,, Theddeus C. M. C.
3 ,, Hilaria C. M. C.
4 ,, Arsina C. M. C.
5 Miss Sherly Joseph
6 ,, Kochumary Joseph
7 ,, Pushpam John
8 ,, Layla Joseph
9 ,, Sabeena Antony
10 ,, Kunjumol Joseph

ENTERTAINMENT

1 Mr. M. R. George
2 Rev. Fr. Eliseus C. M. I.
3 " " Cherubin C. M. I.
4 " Br. James Kaniampuram
5 " " Jose Puthenthara
6 " Sr. Mathias C. M. C.
7 " " Aquinas C M. C.
8 Mr. David Chakiath
9 " Paul Puthumadassery
10 " P. K. Supran
11 " Simon Vakayil
12 " Antony Chakiath
13 " T. Chakappan Thekkinedath
14 " Francis Augustine Pudussery
15 " T. John Mullur
16 " K. L Columbus
17 Mrs. Elizabeth Paulose Vadassery
18 ' Annie Mathew Mullur
19 " Jaya Jose Kanappilly
20 " Thresiamma Joseph Menacherry
21 " Baby Kurian Kottakkal
22 " Omana Rajappan
23 " Rosy Anthappan Thekkinedath
24 " Thressiamma Chinnappan Kachappilly
25 " Philomina Mathew Pulikal
26 " Rosily Paulose Pudussery
27 Miss P. Mary Pudussery
28 " Celine T. Thekkinedath
29 " Augustine Celine Pazhayampilly
30 " J. Rosey Kuttala
31 Miss J. Philomina Parappilly
32 " T. Mary Thekkinedath

LITURGICAL

1 Rev. Fr. Mark Pallan
2 " " George Elinjikal
3 " " Eleseus C. M I.
4 " " Joseph Cherubin
5 " " Joseph Nellissery
6 " Br. Jose Puthenthara
7 " Sr. Mincent C M. C.
8 " " Donald C. M C.
9 " " Florin C. M. C.
10 Sri. Jose Koithara
11 " Mathew V. Kanappilly
12 " Varghese L. Vithayathil
13 " Cheeku Chullikkatt
14 " Baby Jose Parappilly
15 " Varghese Chakyath
16 " L. Joseph Kochanatt
17 " M. J. Bonaventhura
18 " D. Antony Pallipparambil
19 " D. Johny Pallipparambil
20 " Jacob A. Vakayil
21 " R. Pletus Kolarikkal
22 " J. Joseph Parakkal
23 Miss Catherine Joseph Kolarikkal
24 " Thankamma Varghese Vakayil
25 " Kunjumole Joseph Palathinkal
26 " Magi Mathew Pulikkan
27 " Pleto Charly Parappilly
28 " Philo Michail Pallippuram
29 " Lilly Peter Chakalakal
30 " Marykunju Kochappu Thekkinedath
31 " Philomina Joseph Parappilly
32 Mrs. Elizabeth Daniel Pallipparambil
33 " Flory Vakkachan Vadassery

K. C M. SOUVENIR PUBLICATION

1 Rev. Fr. Fabius C. M I.
2 Mr Alexander Vakayil. Ex. M. L. A.
3 " Joseph Palathinkal
4 " A. K. Jayakumar

5 Vidwan Sri. T. M. Chummar
6 Rev. Fr. Joseph Cherubin C. M. I.
7 Mr. Antony Chakieth
8 Rev. Sr. Henrina C. M. C.
9 Vidwan Sri. M. O. Avara
10 Mr. C. P. Pappachan B. Sc; B T.
11 " C. K. Ajeed B. Sc; B. T.
12 " T. C. Antony B. A. B. T.
13 " T. R. Radhakrishna Warrier B. Sc; B. T.
14 " Siomon Vakayil M. A.
15 " K. M. Cletus
16 " Jacob Elenjikal
17 " Francis Augustine Pudussery
18 " Antony Panakkal
19 " Jossy Parappilly
20 " Pappachan Pudussery
21 " Paulose T. Theckinedath
22 Rev. Sr. Devasahayam C. M. C.
23 " " Theddeus "
24 " " Mathias "
25 " " Eugene "
26 " " Doonicia "
27 " " Triphina "
28 Mrs. Mary Paul Mappilai
29 " Tessy Cletus Chinganthara
30 " Mariamma Tharakan
31 " Elikutty John Thaliath
32 " Vreseena Pappachan Chackieth
33 " Chinnamma Joseph Thaliath
34 " Rosy Thomas Menacherry
35 " Thressiamma Chinnappan
36 " Marykutty Joseph Kallore
37 " Celine Joseph Palathinkal
38 " Rosy Paul Choolapparampil
39 " Flory Vakkachan Vadassery
40 " Chinnamma Joseph Thottakath

താളുകൾ മറിക്കുമ്പോൾ

സ്വാഗതം — ഫാ. മലേസിയൂസ്, സി. എം. ഐ.
ആഘോഷക്കമ്മറ്റി പ്രസിഡണ്ട്

ചാവറ ചരമശതവാർഷികാഘോഷങ്ങൾ
ഒരു സമഗ്രവീക്ഷണം — ശ്രീ ജോസഫ് പാലത്തിങ്കൽ
സെക്രട്ടറി, ആഘോഷക്കമ്മറ്റി

എഡിറ്റോറിയൽ ബോർഡ്

സാംസ്കാരിക സമ്മേളനം

പ്രസംഗം — സാഹിത്യനിപുണൻ, ടി. എം. ചുമ്മാർ
അദ്ധ്യക്ഷപ്രസംഗം — ശ്രീ സുകുമാർ അഴീക്കോട്

പ്രസംഗങ്ങൾ:—

ചാവറ കൃതികൾ — ശ്രീ സി. പി. ശ്രീധരൻ
ചാവറ കൃതികളുടെ ഉൾക്കാഴ്ച — പ്രഫസർ, കെ. എം. തരകൻ
ചാവറയച്ചന്റെ ജീവിതവീക്ഷണം — ഫാദർ, ഡൊമീഷ്യൻ സി. എം. ഐ.
ചാവറയച്ചനും പ്രസിദ്ധീകരണങ്ങളും — പ്രഫസർ, മാത്യു ഉലകംതറ

സർവ്വമതസമ്മേളനം

ഉൽഘാടനപ്രസംഗം — റൈറ്റ് റവ. മോൺ. സെബാസ്റ്റ്യൻ
മങ്കുഴിക്കരി (എറണാകുളം
സഹായമെത്രാൻ)

അദ്ധ്യക്ഷപ്രസംഗം — മോൺസിഞ്ഞോർ മാത്യു വെള്ളാങ്കൽ

പ്രസംഗങ്ങൾ:—

ആദ്ധ്യാത്മികത–ഹൈന്ദവവീക്ഷണത്തിൽ — സ്വാമി മുഡാനന്ദജി
" ഇസ്ലാം വീക്ഷണത്തിൽ — ഹാജി കെ. പി. അലിക്കുഞ്ഞ്
" ക്രിസ്തീയ വീക്ഷണത്തിൽ — ഫാദർ ജോസഫ് പൂവത്തിങ്കൽ

കൃതജ്ഞതാപ്രകാശനം — ശ്രീ സി. കെ. അജീദ്

പൊതുസമ്മേളനം


പ്രസംഗങ്ങളിൽനിന്നു്:

പദ്മവിഭൂഷണൻ, കെ. പി. കേശവമേനോൻ	—	മാതൃഭൂമി ചീഫ് എഡിറ്റർ
ബെനഡിക്ട് മാർ ഗ്രിഗോറിയോസ്	—	തിരുവനന്തപുരം ആച്ചുബിഷപ്പു്
ഷെവലിയർ കെ. സി. ചാക്കൊ	—	പ്രൊ. വൈസ് ചാൻസലർ
ശ്രീ എസ്. കൃഷ്ണകുമാർ	—	എറണാകുളം ഡിസ്ട്രിക്ട് കലക്ടർ
" കെ. ടി. ജോർജ്ജ്	—	എം. എൽ. എ.
" എ. എ. കൊച്ചുണ്ണി	—	കൊച്ചിൻ മേയർ
" കെ. പി. ജോൺ എം. എ. എൽ.എൽ. ബി.	—	കത്തോലിക്കാ കോൺഗ്രസ്സ് പ്രസിഡണ്ടു്
" ഈ. പി. ഐസക്കു്	—	റിട്ട: ഡെപ്യൂട്ടി ഡയറക്ടർ, എഡ്യൂക്കേഷൻ
റവ ഫാദർ കനീഷ്യസ് സി. എം. ഐ.	—	പ്രിയോർ ജനറൽ


ലേഖനങ്ങളും കവിതകളും

വലിയ പ്രിയോരച്ചൻ–ഒരു അനുസ്മരണ	—	ഷെവലിയർ കെ സി. ചാക്കോ
ചാവറ–സ്വപ്നമനുഷ്യൻ	—	ഡോക്ടർ ആൽബർട്ട് നമ്പ്യാപറമ്പിൽ
അനുസ്മരണാഞ്ജലി (കവിത)	—	സിസ്റ്റർ മേരി ബനീഞ്ഞ സി. എം. സി.
മായാത്ത മഹാദിവ്യതേജസ്സു് (കവിത)	—	വിദ്വാൻ, എം. ഒ. അവരാ
ദൈവദാസനായ ചാവറ കുര്യാക്കോസച്ചൻ	—	ഫാദർ വലേരിയൻ, സി. എം. ഐ.
കുനമ്മാവിന്റെ മുഖചിത്രം	—	എം. ഒ. അവരാ
കുനമ്മാവും ചാവറ ഏലിയാസച്ചനും	—	ടി. ആർ രാധാകൃഷ്ണവാര്യർ
ചാവറയച്ചൻ, കരുത്തുറ്റ മനഃശക്തൻ	—	ആയുർവൈദ്യൻ, എ. കെ. ജയകുമാർ, സെക്രട്ടറി, ആരോഗ്യഭാരതി
കുനമ്മാവു്—ഒരു ചിത്രം	—	ആൻറണി ചക്യത്തു്
ചാവറ അച്ചൻ ഒരു മാതൃകാപുരുഷൻ	—	റവ. മദർ ജനറൽ ജോർജ്ജിയാ, സി. ടി. സി., ബി. എ., ബി. ടി.
ദൈവദാസനും, സി. എം. സി. സഭയും	—	റവ. മദർ ജനറൽ മേരി സെലിൻ സി. എം. സി., ബി. എസ്സി. ബി. ടി.
അനുബന്ധം — Monuments for Chavara at Kunammavu	—	Father Fabius C. M. I., President, Souvenir Publication

ചാവറ നഗർ



ക്നമ്മാവു് വി. യൗസേപ്പിതാവിന്റെ ആശ്രമദേവാലയ അങ്കണത്തിൽ,
ജൂബിലി ആഘോഷപരിപാടികൾ നടത്തുന്നതിനായി
പൊതുജനങ്ങൾ നിർമ്മിച്ചു് ഉയർത്തിയ കമനീയ പൂപ്പന്തലിന്റെ ഒരു ദൃശ്യം





ആരംഭം കുറിക്കുന്ന പൊട്ടത്തൊടലാണല്ലോ, ചടങ്ങുകളിൽ സ്വാഗതംനിർവ്വഹിക്കുന്നതു്. ചാവറ ചരമശതാബ്ദ്യാഘോഷസ്മാരകമായിഒരുസുവനീർ പ്രസിദ്ധീകരിക്കുന്ന ഈ അവസരത്തിൽ, ഈ ആഘോഷക്കമ്മിറ്റിയുടെ പ്രസിഡണ്ടു് എന്ന നിലയിൽ ആദ്യന്തം പ്രവർത്തിച്ചിരുന്ന എനിക്കു് ഈ സ്മാരകഗ്രന്ഥത്തിനു് ഹാർദ്ദമായ സ്വാഗതം ആശംസിക്കുന്നതിൽ അതിയായ സന്തോഷമുണ്ടു്. ശതാബ്ദ്യാഘോഷക്കമ്മിറ്റി ആസൂത്രണംചെയ്ത പരിപാടികൾ എല്ലാംതന്നെ ഏറ്റവും വിജയകരമായി പര്യവസാനിച്ചുവെങ്കിലും, ഒന്നുമാത്രം — സ്മാരകഗ്രന്ഥപ്രസിദ്ധീകരണംമാത്രം — അവശേഷിച്ചിരുന്നതു്, ഇപ്പോൾ പൂർത്തിയായികാണുന്നതിൽ അപരിമേയമായ ചാരിതാർത്ഥ്യമാണെനിക്കുള്ളതു്.



ഫാ. മെലേസിയൂസ് C. M. I.
ശതാബ്ദ്യാഘോഷകമ്മിറ്റി പ്രസിഡണ്ടു്

കുന്നമ്മാവിൽ ചരിത്രം സൃഷ്ടിച്ച സംഭവബഹുലമായശതാബ്ദ്യാഘോഷപരിപാടികളിൽ പല പ്രാവശ്യം സ്വാഗതം ആശംസിക്കുന്നതിനുള്ള സന്ദർഭങ്ങൾ എനിക്കുണ്ടായിട്ടുണ്ടു്. അന്നു് ആനന്ദത്താലും ആവേശത്താലും ഓളംതല്ലുന്ന മഹാസദസ്സിനെ വീക്ഷിച്ചുകൊണ്ടു സംസാരിക്കുക ഏറ്റവും ഉന്മേഷപ്രദമായിരുന്നു. എന്നാൽ ഇന്നോ? കുന്നമ്മാവിൽ ആകമാനം ശോകമയമായ ഒരു അന്തരീക്ഷമാ

ണ നിലവിലുള്ളതു്. കുനമ്മാവിലെ രണ്ടു വീരസന്താനങ്ങളുടെ ആകസ്മികമായ അന്തി മവേർപാടിൽ നിറയാത്ത കണ്ണുകളോ, മ്ലാന ത പ്രത്യക്ഷപ്പെടാത്ത മുഖങ്ങളോ, തുടിക്കാ ത്തഹൃദയമോയില്ല; ഒരിക്കൽ ഭാരതത്തോട്ടു് മഹാനായ നെഹ്രു പറഞ്ഞതുപോലെ, "The Light has gone out," ശ്രീ അലക്സാണ്ടർ വാക യിലും ശ്രീ കെ. റാ. ജോർജ്ജും കുനമ്മാ വിലെ അന്തരീക്ഷത്തെ അന്ധകാരമയമാ ക്കിയിട്ടു തിരശ്ശീലയ്ക്കുള്ളിൽ എന്നന്നേയ്ക്കുമാ യി മറഞ്ഞുപോയി. കുനമ്മാവിന്റെ ഉന്ന തി, തന്റെ ജീവിതലക്ഷ്യമാക്കി പ്രവർത്തി ച്ചിരുന്ന — ശതാബ്ദാഘോഷകമ്മറ്റിയുടെ വൈസ്പ്രസിഡണ്ടായി, വാർദ്ധക്യത്തെ അവഗണിച്ചു് നിരന്തരം കഠിനാദ്ധ്വാനം ചെയ്തിരുന്ന—ശ്രീ അലക്സാണ്ടർ വാകയിൽ, യഥാർത്ഥത്തിൽ കുനമ്മാവിന്റെ ഒരു പിതാ വുതന്നെയായിരുന്നു. കുനമ്മാവിന്റെ ഹൃദ യവും, ആശാകേന്ദ്രവും, അഭിമാനസ്തംഭവു മായിരുന്ന ശ്രീ കെ. റാ. ജോർജ്ജ്, കേരള മന്ത്രിസഭയിൽ പദമൂന്നിയ നാളുമുതൽ, ഏവരേയും വിസ്മയിപ്പിക്കുമാറു് അനന്യ സാധാരണമായ മതനിഷ്ഠയും, അതുല്യമായ ഭരണവൈഭവവും ഔന്നത്യത്തിന്റെ വിനയവും പ്രകടമാക്കി പ്രോജ്ജ്വാസിപ്പിച്ചുകൊണ്ടിരിക്കവെ, ജനലക്ഷങ്ങളെ സന്താപസാഗരത്തിൽ ആഴ്ത്തിക്കൊണ്ടു് മഹാജ്യോതിസ്സുപോലെ പൊടുന്നനവെ മൺമറഞ്ഞതു് അനുസ്മരിക്കുവാൻപോലും സാദ്ധ്യമല്ല. നമ്മുടെ ആദരണീയരായ ഈ നേതാക്കന്മാരുടെ ആത്മശാന്തിക്കായി ഹൃദയംഗമങ്ങളായ പ്രാർത്ഥനകൾ ഈയവസരത്തിൽ നമുക്കു് അർപ്പിക്കാം. ആ മഹാപുരുഷന്മാരുടെ മനോഭിലാഷങ്ങളുടെ പൂർത്തീകരണത്തിനു്, സ്നേഹത്തിന്റേയും സേവനത്തിന്റേതുമായ അവരുടെ വിജയപതാകകൾ കൈകളിലേന്തി, ത്യാഗസന്നദ്ധതയോടും പരസ്പരസഹകരണത്തോടുംകൂടി നാമേവരും മുന്നോട്ടിറങ്ങിയിരിക്കുന്നു. ഈ പശ്ചാത്തല ത്തിലാണു് ഈ സ്മാരകഗ്രന്ഥത്തിനു ഞാൻ സ്വാഗതം ആശംസിക്കുന്നതെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്.

ചാവറയച്ചന്റെ ചരമശതാബ്ദം സമുചിതമായി കൊണ്ടാടുക എന്ന ആശയം ആദ്യമായി മുളയെടുക്കുന്നതു്, ഈ വന്ദ്യപിതാവിന്റെ അനുസന്താനങ്ങളായ ഏതദ്ദേശീയകർമ്മലീത്താ സന്യാസികളിലാണെന്നുള്ളതു സ്വാഭാവികമാണല്ലോ. ആദ്യമായി ഈ വിഷയത്തെപ്പറ്റി സഭാതലത്തിൽ കേന്ദ്രകമ്മറ്റിയിൽ ചർച്ചകൾ നടത്തി, കുനമ്മാവിനെപ്പറ്റിയുള്ള പരാമർശനങ്ങൾ വന്നപ്പോൾ, ആ കമ്മറ്റിയിലെ ഒരംഗമെന്ന നിലയിൽ, രണ്ടു പ്രമുഖ ആശയങ്ങളാണു് എന്റെ മനസ്സിൽ ഉദിച്ചുയർന്നതു്. ഒന്നാമത്തേതു് കുനമ്മാവിൽ നടക്കുന്ന ശതാബ്ദാഘോഷപരിപാടികൾ ജനങ്ങളിൽനിന്നും, ജനങ്ങളാലും, ജനങ്ങൾക്കുവേണ്ടിയും ആയിരിക്കണമെന്നും; രണ്ടാമത്തേതു്, ചാവറ അച്ചന്റെ ആൺമക്കളും (കർമ്മലീത്താ സന്യാസികളും), പെൺമക്കളും (കർമ്മലീത്താസന്യാസിനികളും) പരസ്പരം പൂർണ്ണമായി സഹകരിച്ചു് പിതാവിന്റെ ചൈതന്യം പ്രകടമാക്കത്തക്കവിധത്തിൽ ചടങ്ങുകൾ നിർവ്വഹിക്കപ്പെടണമെന്നുമായിരുന്നു. സുചിന്തിതമായ ഈ രണ്ടു ലക്ഷ്യങ്ങളും പ്രതീക്ഷാതീതമായിത്തന്നെ സഫലീകൃതമായെന്നുള്ളതു് ഏറ്റവും ചാരിതാർത്ഥ്യജനകമായിരിക്കുന്നു.

കുനമ്മാവിലേയും പരിസരങ്ങളിലേയും നാനാജാതിമതസ്ഥരായ ജനങ്ങളുടെ ഒരു മഹാസമ്മേളനമാണു് ശതാബ്ദാഘോഷങ്ങൾക്കുള്ള പരിപാടികൾ ആസൂത്രണം ചെയ്തതും, അവ യഥാസമയം പ്രാവർത്തികമാക്കുന്നതിനു് വൈദികരും, കന്യാസ്ത്രീകളും സ്ത്രീകളും പുരുഷന്മാരും ഉൾക്കൊള്ളുന്ന കമ്മറ്റികളെ തിരഞ്ഞെടുത്തതും. പരസ്പരസഹകരണത്തിന്റെ പ്രത്യക്ഷഫലമായി ജനങ്ങൾ എല്ലാത്തിലും വിജയം വരിച്ചു. ജനകീയപ്രവർത്തനങ്ങളിൽ അഭിപ്രായവ്യ

ത്യാസങ്ങളും സ്വാഭാവികമാണല്ലോ. അതും നാമമാത്രമായി ഉണ്ടാകാതിരുന്നില്ല. ആദ്ധ്യാത്മികോൽക്കർഷത്തിനായി ധ്യാനപ്രസംഗങ്ങളും, ഭക്തിസംവർദ്ധകങ്ങളായ പല പരിപാടികളും നിർവ്വഹിക്കപ്പെടുകയുണ്ടായി. സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമനത്തിന്നായി ശതാബ്ദസ്മാരകങ്ങളായ ആസ്പത്രിവാർഡും, ഭവനങ്ങളും ഉയർന്നുവന്നു. അങ്ങനെ ജനങ്ങൾക്കുവേണ്ടി ജനങ്ങളുടേതായ അഭിലാഷങ്ങൾ പൂവണിഞ്ഞു.

ദൈവദാസനായ ചാവറയച്ചനാൽ സംസ്ഥാപിതമായ ഭാരതത്തിലെ പ്രഥമ ഏതദ്ദേശീയസന്ന്യാസസഭയിലെ കുമ്പസ്ചിത്താസന്ന്യാസികളും സന്ന്യാസിനികളും ഒത്തൊരുമിച്ച് അനേകമാസങ്ങൾ നിരന്തരം ചെയ്തിട്ടുള്ള അത്യദ്ധ്വാനങ്ങളുടെ നീണ്ട ചരിത്രമാണ് ഈ ശതാബ്ദാഘോഷങ്ങളുടെ പുറകിലുള്ളത്. മദർ ജനറലിന്റെയും(C.M.C.) എറണാകുളം പ്രോവിൻസിലെ മദർ പ്രൊവിൻഷ്യാളിന്റെയും സ്നേഹസൂണമായ നേതൃത്വംവഴി, സഹോദരികൾ ആവേശഭരിതരായി ത്യാഗപൂർവ്വം നിർവ്വഹിച്ചിട്ടുള്ള സേവനങ്ങൾ അവിസ്മരണീയങ്ങളാണ്. Shut-in Mite ആയിരുന്ന ഇതിലെ ഏറ്റവും ആശ്ചര്യാവഹമായ ഭാഗഭാഗിത്വം. പ്രായാധിക്യംകൊണ്ടും, അനാരോഗ്യംമൂലവും, മറ്റും പ്രവർത്തനങ്ങളൊന്നിലും പ്രകടമായ പങ്കുവഹിക്കാൻ സാധിക്കാത്ത സഹോദരികൾ, പ്രാർത്ഥനാകമ്മറ്റിയിൽ അംഗങ്ങളായി ചേർന്നു ചെയ്ത സേവനങ്ങൾ ഏറ്റവും സ്തുത്യർഹങ്ങളാണ്. അവർ യഥാർത്ഥത്തിൽ ശതാബ്ദാഘോഷപ്രവർത്തനങ്ങളുടെ പവ്വർഹൗസ്സായിരുന്നു എന്നതന്നെ പറയാം. കുന്നമ്മാവ് ആശ്രമത്തിന്റെയും മഠത്തിന്റെയും പരിസരങ്ങൾ ചാവറനഗറായി രൂപാന്തരപ്പെട്ട് പരിപാടികൾ മുന്നോട്ടുനീങ്ങി. ചാവറ പിതാവിന്റെ മക്കളായി കുന്നമ്മാവിൽത്തന്നെ ജന്മമെടുത്ത, കേരളത്തിലെ ലത്തീൻറീത്തിൽപെട്ട കുമ്പസ്ചിത്താ സന്ന്യാസിനികളുടെ മദർ ജനറൽ (C. T. C.) ഈ പരിപാടികളിൽ പ്രദർശിപ്പിച്ച തുറന്ന മനസ്സോടുകൂടിയ സഹകരണത്തേയും പ്രത്യേകം അനുസ്മരിക്കേണ്ടതുണ്ട്.


കുന്നമ്മാവിലെ ചാവറ ശതാബ്ദാഘോഷത്തോടനുബന്ധിച്ച് പ്രധാനമായും മൂന്നു പ്രാവശ്യമാണ് സ്വാഗതം ആശംസിക്കുന്നതിനുള്ള അവസരം എനിക്കുണ്ടായിട്ടുള്ളത്. ആദ്യത്തേത് ശതാബ്ദസ്മാരക ഹോസ്പിറ്റൽ വാർഡിന്റെ ശിലാസ്ഥാപനത്തോടനുബന്ധിച്ച് നടത്തിയ മഹാസമ്മേളനത്തിൽവച്ചായിരുന്നു. ഭാഗ്യസ്മരണാർഹനായ, കുന്നമ്മാവു പള്ളിയിലെ പ്രശസ്ത വികാരിയായിരുന്ന, ബ. ജോസഫ് പള്ളത്തുശ്ശേരി അച്ചനെ ആദരപൂർവ്വം അനുസ്മരിച്ചുകൊണ്ടായിരുന്നു, അന്ന് ഞാൻ സ്വാഗതം നിർവ്വഹിച്ചത്. ചാവറയച്ചൻ, കുന്നമ്മാവിൽ വന്നതിന്റെ ശതാബ്ദാഘോഷാവസരമായ 1964-ൽ ബ. പള്ളത്തുശ്ശേരി അച്ചൻ നടത്തിയ പ്രൗഢഗംഭീരമായ സ്വാഗതപ്രസംഗത്തെ അനുസ്മരിച്ചപ്പോൾ, ജാതിമതഭേദമില്ലാതെ, ഗ്രൂപ്പുകൾക്കും വിഭാഗീയചിന്തകൾക്കും അതീതമായി, റീത്തുകളാകുന്ന വേലികെട്ടുകളെല്ലാം പൊളിച്ച് ദൂരെയെറിഞ്ഞു, കുന്നമ്മാവിലെ ജനങ്ങൾക്ക് മഹനീയനേതൃത്വം നൽകിയിരുന്ന ആ മഹാത്മാവിനെപ്പറ്റിയുള്ള ചിന്ത, ശ്രോതാക്കളെ, പ്രത്യേകിച്ച് യുവജനങ്ങളെ അതിശക്തിയായി ആവേശംകൊള്ളിക്കുന്നതു പ്രത്യക്ഷത്തിൽ വീക്ഷിക്കാമായിരുന്നു. പ്രതീക്ഷകൾ തിങ്ങിവിങ്ങിയ ആ ചടങ്ങുകൾ നടന്ന ശുഭമുഹൂർത്തം, കുന്നമ്മാവു് ദേവാലയത്തിലെ നാല്പതുമണി ആരാധനയുടെ അവസാനത്തെ ദിവസത്തെ സമാപനചടങ്ങുകൾക്കുശേഷമാണെന്നുള്ളതു പ്രത്യേകം സ്മരണീയമാണ്. ഒരു തികഞ്ഞ ദിവ്യകാരുണ്യഭക്തനായ ചാവറയച്ചൻ കേരളത്തിൽ ആദ്യമായി നാല്പതുമണി ആരാധന ആരംഭിച്ചതും കുന്നമ്മാവിലായിരുന്നല്ലോ.

ശതാബ്ദാഘോഷചടങ്ങുകളെമുഴുവൻ ചുടിച്ചു, അനേകായിരങ്ങൾ പങ്കെടുത്ത, പൊതുസമ്മേളനമാണു് മറെറാരു സ്വാഗതപ്രഭാഷണത്തിന്റെ രംഗം. പണ്ഡിതപ്രമുഖരായ നിരവധിപേർ പങ്കെടുത്ത ആ മഹാസമ്മേളനത്തിലെ പ്രസംഗങ്ങൾ ആൾ ഇന്ത്യാ റേഡിയോ പ്രക്ഷേപണംചെയ്യുകയുണ്ടായി. റേഡിയോ ശ്രവിച്ച പലരും, സ്വാഗതപ്രസംഗത്തെപ്പററി പരാമർശിക്കയിൽ, കുന്നമ്മാവിലെ 'മ്മാ' യുടെ നീളം വളരെയാണല്ലോ എന്നു ഫലിതരൂപത്തിൽ പ്രസ്താവിച്ചുകേട്ട. കുന്നമ്മാവിലെ, 'കുന' എന്ന പദപ്രയോഗംകൊണ്ടോ, എന്തോ, കുന്നമ്മാവിൽ ഹ്രസ്വവീക്ഷണം കുറെയുണ്ടെന്നും, അതൊന്നു വിശാലവും വിസ്തൃതവുമാക്കിത്തീർക്കുന്നതിനുള്ള ഒരു വിനീതപരിശ്രമത്തിലാണു്, കുന്നമ്മാവിലെ 'മ്മാ'യ്ക്കുള്ള നീട്ടം കൂടിയതെന്നും വിനോദരൂപത്തിൽത്തന്നെ അന്നു മറുപടിപറഞ്ഞതായും ഓർക്കുന്നു. എല്ലാവർക്കുംവേണ്ടി എല്ലാംആയിത്തീർന്ന ദൈവദാസന്റെ വിശാലവീക്ഷണം ലഭിക്കുന്നതിനുള്ള പ്രചോദനങ്ങൾ ശതാബ്ദാഘോഷപരിപാടികളിൽക്കൂടി ഉൽഭൂതമാകട്ടെയെന്നു്, ശതാബ്ദാഘോഷകമ്മററിയുടെ ക്ഷണക്കത്തിൽ കാണിച്ചിരുന്നതു്, പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു.

ഏവർക്കും അഭിമാനവും ആഹ്ലാദവും ജനിപ്പിക്കുന്ന ദിനമായ ''റിപ്പബ്ളിക്കു് ഡെ'', കുന്നമ്മാവിന്റെ ഒരു അഭിമാനസ്തംഭം ഉയർന്നു—ശതാബ്ദസ്മാരകവാർഡ്. ഈ വാർഡിന്റെ ഉൽഘാടനത്തോടനുബന്ധിച്ചു നടന്ന മഹാസമ്മേളനത്തിൽവച്ചാണു് അവസാനത്തെ സ്വാഗതാശംസ നടന്നതു്. വരാപ്പുഴ മെത്രാപ്പോലീത്താ അഭിവന്ദ്യ ജോസഫ് കേളന്ത്ര തിരുമേനിയുടെ ചിരപ്രതീക്ഷിതമായ സാന്നിദ്ധ്യവും ശ്രീ കെ. റ്റി. ജോർജ്ജു് മന്ത്രി ആയതിനു ശേഷം, ആദ്യമായി കുന്നമ്മാവിൽ ഒരു പൊതുചടങ്ങിൽ സംബന്ധിക്കുന്നതിന്റെ അത്യാഹ്ലാദവും, ജനങ്ങളിൽ അഭൂതപൂർവ്വമായ ഒരു നവചൈതന്യംതന്നെ കൈവരുത്തി. വാർഡിന്റെ പ്രവർത്തനങ്ങൾക്കു് വളരെയധികംസഹായസഹകരണങ്ങൾ നൽകിയ എറണാകുളം D. M. O. ഡോ. മാലതി മേനോൻ, വാർഡ് ഏറുവാങ്ങി താക്കോൽ സ്വീകരിച്ചപ്പോൾ, മഹാസദസ്സു് ഒന്നടങ്കം സന്തോഷത്തോടും സംതൃപ്തിയോടും കൂടി വിജയാരവം മുഴക്കി. അങ്ങനെ ആഘോഷകമ്മറിറികളിൽ ജനങ്ങൾ അർപ്പിച്ചിരുന്ന ഉത്തരവാദിത്വവും വിശ്വാസവും അഭംഗുരം പാലിക്കപ്പെട്ടുകയും എല്ലാ പദ്ധതികളിലും വിജയപതാക പറപ്പിക്കുകയും ചെയ്തു. നമ്മിൽനിന്നു പൊട്ടന്നനവെ പിരിഞ്ഞുപോയ നമ്മുടെ പ്രിയപ്പെട്ട ശ്രീ കെ. റ്റി. ജോർജ്ജിന്റെ സ്മരണ ശാശ്വതമായി നിലനില്ക്കുമാറു്, വാർഡിന്റെ പൂമുഖത്തുതന്നെ, മി. ജോർജ്ജിന്റെ നാമം മാർബിൾശിലയിൽ വിലേഖനം ചെയ്യപ്പെട്ടതു്, വിസ്മയാവഹമായ ദൈവഹിതമെന്നേ പറയേണ്ടൂ.

ദൈവദാസഭക്തന്മാരുടെ നേർക്കു് നീട്ടിയിട്ടുള്ള ഹൃദ്യമായ സ്വാഗതങ്ങൾ ആവർത്തിക്കുന്നതോടുകൂടി, ഈ സ്മാരകഗ്രന്ഥത്തിനു് ജനമാമദ്ധ്യത്തിൽ വിപുലമായ സ്വീകരണം ലഭിക്കുമാറാകട്ടെ എന്നാശംസിക്കയും ചെയ്തുകൊള്ളുന്നു

"ചാവറ ചരമശതവാർഷികാഘോഷങ്ങൾ"



ജോസഫ് പാലത്തുങ്കൽ, സെക്രട്ടറി

കുനമ്മാവിൽ ചരിത്രം സൃഷ്ടിച്ച ശതാബ്ദാഘോഷപരിപാടികൾ മുളയെടുത്തു് നാനാതരത്തിലുള്ള പ്രതിബന്ധങ്ങളിൽ കൂടി തഴച്ചുവളർന്നു് പൂവണിഞ്ഞ വിവിധ സംഭവങ്ങളുടെ ഒരു ചിത്രീകരണം.

നൂറു വർഷങ്ങൾക്കു മുൻപു് കുനമ്മാവിന്റെ മണ്ണിനെ ധന്യമാക്കിയ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ഇന്നും ഇവിടത്തെ നിവാസികൾക്കു് ഏറ്റവും പ്രിയംകരനാണു്. ഈ പുണ്യപുരുഷന്റെ ചരമശതാബ്ദി ആഘോഷിക്കുന്നതിനുള്ള തീവ്രമായ ആഗ്രഹം ഇന്നാട്ടിലെയും പരസരങ്ങളിലെയും നാനാജാതിമതസ്ഥരായ ജനങ്ങളിൽ മുളച്ചുവളർന്നുകൊണ്ടിരുന്നു. ഈ അഭിലാഷവല്ലരി വളർന്നു വികസിച്ചു് സാക്ഷാത്ക്കാരം പ്രാപിക്കുന്നതുവരെയുള്ള സംഭവഗതികളോരോന്നുമായി അടുത്തു സമ്പർക്കം പുലർത്തിയിരുന്ന ഒരു വ്യക്തിയെന്നനിലയിൽ, അവയുടെ ഒരു ചുരുങ്ങിയ വിവരണം ഈ സ്മാരകഗ്രന്ഥത്തിൽ എഴുതിച്ചേർക്കുന്നതു് ഉചിതമായിരിക്കുമെന്നു വിചാരിക്കുന്നു.

1970 ജൂൺ 26–ാംനു- പൊതുജനങ്ങൾ അവരുടെ പാവനമായ അഭിലാഷങ്ങൾക്കു്

ബാഹ്യരൂപം നൽകി. അന്ന് സ്ഥലം കോൺവൻറ് ഹൈസ്കൂൾഹാളിൽ ആശ്രമാധിപനായ റവ. ഫാദർ മെലേസിയൂസ് സി. എം. ഐ. യുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച പൊതുയോഗത്തിൽ സ്വീകരിച്ച പ്രധാനമായി മൂന്നു കാര്യങ്ങളാണ് ചർച്ചചെയ്തു പാസ്സാക്കിയതു് 1) ശതാബ്ദാഘോഷങ്ങൾ മൂന്നു ദിവസത്തെ പരിപാടികളോടുകൂടി സമുചിതമായി നിർവഹിക്കുക 2) ചാവറയച്ചന്റെ ധന്യജീവിതത്തിന്റെ അവസാനഘട്ടം കഴിച്ചുകൂട്ടി, അന്ത്യയാത്ര പറഞ്ഞ ആ പുണ്യസ്ഥലം — തീർത്ഥാടനകേന്ദ്രം യഥാവിധി പരിഷ്കരിക്കുക 3) ഒരു തികഞ്ഞ സാമൂഹ്യപ്രവർത്തകനായ ചാവറയച്ചന്റെ ശാശ്വതസ്മാരകമായി 12 കിടക്കകളോടുകൂടിയ ഒരു ഹോസ്പിറ്റൽ വാർഡ് സ്ഥലം ആസ്പത്രിയോടനുബന്ധിച്ചു പണിയിക്കുക.

കമ്മറ്റികൾ — കാര്യങ്ങളുടെ നടത്തിപ്പിലേക്ക് പൊതുഭാരവാഹികളായിട്ട് താഴെ പറയുന്നവരെ തിരഞ്ഞെടുത്തു. ആഘോഷക്കമ്മറ്റിപ്രസിഡൻറ് റവ. ഫാദർ മെലേസിയൂസ് സി. എം. ഐ., വൈസ് പ്രസിഡൻറ് ശ്രീ അലക്സാണ്ടർ വാകയിൽ എക്സ് എം.എൽ.എ , സെക്രട്ടറിമാർ: ശ്രീ ജോസഫ് പാലത്തിങ്കൽ, ശ്രീ എ. കെ. ജയകുമാർ. കൂടാതെ വിവിധ കമ്മറ്റികൾ രൂപീകരിച്ച് അംഗങ്ങളെ തിരഞ്ഞെടുത്തു എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായിട്ട് പൊതുഭാരവാഹികളും സ്ഥലത്തെയും പരിസരങ്ങളിലെയും പള്ളികളിലെ ബ. വികാരിമാരും സ്ഥലം മഠാധിപയും വിവിധ കമ്മറ്റികളുടെ കൺവീനർമാരും തിരഞ്ഞെടുക്കപ്പെട്ടു. താഴെ പറയുന്നവയാണ് വിവിധ കമ്മറ്റികൾ. 1) Finance Committee 2) Ward and Shrine Committee 3) Reception Committee 4) Publicity Committee.

1970 ജൂലൈ 16–ാംതീയതി കർമ്മലമാതാവിന്റെ തിരുനാൾദിനം സ്ഥലത്തെ ആശ്രമ പാർലർ മുറികളിലൊന്നിൽ ശതാബ്ദാഘോഷക്കമ്മറ്റിയുടെ ഓഫീസ് തുറന്നു് പ്രവർത്തനങ്ങളാരംഭിച്ചു. സംഭാവനകൾ പിരിക്കുന്നതിനുള്ള പരിപാടികളും ആഘോഷങ്ങളുടെ വിശദവിവരവും പ്രസിദ്ധീകരണമാർഗ്ഗങ്ങളും എല്ലാമെല്ലാം പരിപാടിയായി രൂപംകൊണ്ടു. ഓഫീസു ജോലികളിൽ പ്രധാനപങ്കു വഹിച്ചതു് കർമ്മലീത്താ സന്ന്യാസിനികളാണു്.

പ്രവർത്തനങ്ങൾ ഏറ്റവും ഊർജ്ജിതമായി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവപരിപാലനയിൽ, വിസ്മയാവഹമായ വിധം എല്ലാത്തിനും ഒരു വിഘ്നം നേരിട്ടു. പ്രസിഡൻറും, സെക്രട്ടറിമാരിലൊരാളും ഒരു ജീപ്പപകടംമൂലം ആസ്പത്രിയിലായി. വൈസ് പ്രസിഡൻറും രോഗാതുരനായി ആസ്പത്രിയെ അഭയംപ്രാപിച്ചു. തന്മൂലം ഒരു പൊതുയോഗംകൂടി പരിപാടികൾ തല്ക്കാലത്തേക്കു മാറ്റിവയ്ക്കാൻ തീരുമാനമെടുത്തു കളമശ്ശേരി പ്രൊവിൻഷ്യൽ ഹൗസിൽനിന്നും റവ. ഫാ. ബെയ്സിൽ സി. എം. ഐ. ആക്ടിംഗ് പ്രസിഡൻറായി ചാർജ്ജെടുത്തു. അങ്ങനെ പ്രവർത്തനങ്ങൾ മുന്നോട്ടു നീങ്ങിക്കൊണ്ടിരുന്നു.

വിസ്മയജനകമായ വിധം സുഖപ്രാപ്തനായ പഴയ പ്രസിഡൻറ് 1971 ആരംഭത്തിൽ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്തു. ചാവറ സ്മാരകഹോസ്പിറ്റൽ വാർഡിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ തീക്ഷ്ണമായി യത്നിച്ചുതുടങ്ങി. തൽഫലമായി 1971 മാർച്ച് 21-ാംതീയതി ഹോസ്പിറ്റൽ വാർഡിന്റെ ശിലാസ്ഥാപനം നിർവഹിച്ചു. ദൈവദാസൻ കേരളത്തിൽ ആദ്യമായി ആരംഭിച്ച 40 മണിയാരാധനയുടെ (സ്ഥലം ഇടവകപ്പള്ളിയിൽ) അവസാനദിവസമായിരുന്നു അതു്. ചിരപ്രതീക്ഷിതമായ ഈ മഹാസംഭവം വിസ്മയജനകമായ ഒരു ഏകീഭവിക്കൽതന്നെയായിരുന്നു. വമ്പിച്ച

ഒരു ജനാവലിയുടെ സാന്നിദ്ധ്യത്തിൽ എറണാകുളം അതിരൂപതാ സഹായമെത്രാൻ റൈറ്റു് റവ. ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരി തിരുമനസ്സുകൊണ്ടു് ശിലയുടെ ആശീർവാദകർമ്മവും, കേരളസംസ്ഥാന ആരോഗ്യവകുപ്പു ഡയറക്ടർ ഡോ. സി. എം. ജോസഫ് ശിലാസ്ഥാപനവും നിർവഹിച്ചു. തുടർന്നു സമ്മേളിച്ച പൊതുയോഗത്തിൽ ശ്രീ കെ. ടി. ജോർജ്ജു് എം. എൽ. എ. അദ്ധ്യക്ഷംവഹിച്ചു. സാഗർ രൂപതാദ്ധ്യക്ഷൻ റൈറ്റു് റവ. മോൺ. ക്ലെമെന്റു് തോട്ടങ്കൽ ആശംസാപ്രസംഗവും ആഘോഷക്കമ്മറ്റി പ്രസിഡൻറു് റവ. ഫാ. മെലേസിയൂസ് സി. എം. ഐ. സ്വാഗതവും സ്വീകരണക്കമ്മിറ്റി കൺവീനർ മിസ്റ്റർ ടി. സി. ആൻറണി കൃതജ്ഞതയും പറയുകയുണ്ടായി. ഹോസ്പിറ്റൽ വാർഡിൻെറ ശിലാസ്ഥാപനത്തോടുകൂടി ജനങ്ങളിലാകമാനം, വിശിഷ്യാകമ്മറ്റി അംഗങ്ങളിൽ അഭൂതപൂർവ്വമായ ഒരു ഉണർവും ഉത്സാഹവും ദൃശ്യമായി. ചുരുക്കം ചിലർ ഒഴിഞ്ഞുമാറിയെങ്കിലും പൊതുജനങ്ങളുടെ പ്രത്യേകം യുവാക്കളുടെ സഹായസഹകരണങ്ങൾ അത്ഭുതാവഹമായി വർദ്ധിച്ചുകൊണ്ടിരുന്നു.

സംഭാവനകൾ — പാശ്ചാത്യപരസ്നേഹസംഘടനയിൽനിന്നും ഗണ്യമായ സംഖ്യ ഒരു വാർഡിൻെറ പണിക്കു് ദാനമായി ലഭിച്ചു. നമ്മുടെ കർത്താവിനാൽ പാരേക്കാട്ടിൽ തിരുമേനിയും ഉദാരമായ സംഭാവന നൽകി പ്രോത്സാഹിപ്പിച്ചു. ഒരു വ്യക്തി എന്തനിലയിൽ ഏറ്റവും കൂടുതൽ സംഭാവന നല്കിയതു് ശ്രീമാൻ തോമ്മസ് കാനപ്പിള്ളിയാണു്. സ്ത്രീജനങ്ങൾ, കുന്നമ്മാവു്, പുത്തമ്പള്ളി മഠങ്ങളിലെ ബ. സഹോദരിമാരുമൊരുമിച്ചു് വീടുതോറും കയറി ഇറങ്ങി ചാവറയച്ചൻെറ സ്നേഹസ്മരണാസന്ദേശങ്ങൾ വാരിവിതറിക്കൊണ്ടു് സംഭാവനകൾ സ്വീകരിച്ചുപോന്നു. പണക്കാരും പാവപ്പെട്ടവരുമായ നാനാജാതിമതസ്ഥർ അവരവരുടെ കഴിവിനൊത്തു് ദാനം ചെയ്തിരുന്നു. 'വിധവയുടെ കൊച്ചുകാശു'പോലെയുള്ള അമൂല്യസംഭാവനകളും കുറവായിരുന്നില്ല. എറണാകുളം സെൻറു് മേരീസ് കോൺവെൻറും, ചേത്തല കർമ്മലീത്താമഠവും ഫണ്ടുപിരിവിൽ പ്രദർശിപ്പിച്ച ഉണർവു് പ്രത്യേകം പ്രസ്താവ്യമത്രേ. കേരളത്തിലെ വിവിധ സ്ഥാപനങ്ങളും മാന്യവ്യക്തികളും ഉദാരമായ സംഭാവനകൾ നൽകി ഞങ്ങളെ സഹായിച്ചിട്ടുള്ള വസ്തുത നന്ദിപൂർവ്വം സ്മരിക്കുന്നു. ശതാബ്ദാഘോഷപരിപാടികൾക്കും ഹോസ്പിറ്റൽ വാർഡിനും വേണ്ടുന്ന പണപ്പിരിവു് തുടർന്നു നടത്തിക്കൊണ്ടിരുന്നു.

1971 ഏപ്രിൽ 18, 19, 20 ഈ തീയതികളിൽ ആദ്ധ്യാത്മിക ഒരുക്കങ്ങൾ — ജനസമൂഹത്തിൽ ആദ്ധ്യാത്മികമായ ഉന്മേഷം കൈവരുത്തിയ കേരളത്തിൻെറ സമുന്നതനേതാവായ ദൈവദാസൻെറ അനുസ്മരണ ഇന്നാട്ടുകാർക്കു് ആദ്ധ്യാത്മികമായ ഒരുനവോത്ഥാനം കൈവരുത്തുവാൻ പോരുന്നതായിരിക്കണമല്ലോ. അതിനായി ആഘോഷപരിപാടികൾക്കു മുൻപായി സുപ്രസിദ്ധ ധ്യാനപ്രസംഗകൻ റവ. ഫാ. ജെനെസിയൂസ് സി. എം. ഐ. സ്ഥലം ആശ്രമദേവാലയത്തിൽവച്ചു് നടത്തിയ ധ്യാനപ്രസംഗങ്ങളിൽ ജനങ്ങൾ സജീവമായി സംബന്ധിച്ചു.

ആഘോഷപരിപാടികളുടെ സമാരംഭത്തിനുമുൻപു് കമ്മറ്റികൾ സമ്മേളിച്ചു് വിശദമായ ചർച്ചകൾ നടത്തി എല്ലാ പരിപാടികൾക്കും അവസാനരൂപം നൽകി. ഏപ്രിൽ 23, 24, 25 എന്നീ മൂന്നു ദിവസങ്ങളിൽ വമ്പിച്ച പരിപാടികൾ ആസൂത്രണം ചെയ്യപ്പെട്ടു. കുന്നമ്മാവു് ആശ്രമത്തിലെയും മഠത്തിലെയും അംഗങ്ങളെല്ലാവരും വിവിധ വകുപ്പുകളിലായി അവിശ്രമം പ

ണിയെടുത്തു തുടങ്ങി. കുട്ടികളുടെ കലാപരിപാടികളുടെ നേതൃത്വവും ഉത്തരവാദിത്വവും — കുന്നമ്മാവു്, പാറൂർ, എറണാകുളം, ആലുവാ കാർമ്മൽ ജനറലേറ്റു്, ആലുവാ നസ്രത്തു മഠം എന്നിങ്ങനെ വിവിധ മഠങ്ങളിലെ ബ. സഹോദരിമാർ സസന്തോഷം ഏറ്റെടുത്തു. റവ. ഫാ. ആബേൽ സി. എം. ഐ യുടെ നേതൃത്വത്തിൽ എറണാകുളം 'കലാഭവൻ'കാർ ഇതിൽ വിപുലമായ ഒരു പങ്കുവഹിക്കുവാൻ സന്നദ്ധരായി. വിപുലമായ പോളണ്ടിയർ സംഘങ്ങൾ— പുരുഷന്മാരുടെയും സ്ത്രീകളുടെയും—രൂപീകരിക്കപ്പെട്ട കുന്നമ്മാവു മഠംവക സ്കൂളിലെ കുട്ടികൾ ഹെഡ്മിസ്ട്രസ്സിന്റെയും ടീച്ചിഴ്സിന്റെയും നിർദ്ദാക്ഷിണ്യം അത്യുത്സാഹത്തോടെ അലങ്കാരപ്പണികളിൽ വ്യാപൃതരായി.

പ്രസിദ്ധീകരണം — ആഘോഷപരിപാടികളുടെ പ്രസിദ്ധീകരണപ്രവർത്തനങ്ങൾ ഏറ്റവും വിജയപ്രദമാക്കുന്നതിനു് തേവര ലിറ്റിൽഫ്ളവർ പ്രസ്സും, കുന്നമ്മാവു് സെന്റു് ജോസഫ് പ്രസ്സും ചെയ്തിട്ടുള്ള സഹായസഹകരണങ്ങൾ പ്രത്യേകം സ്മരണീയമാണു്. ആഘോഷപരിപാടികളുടെ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുവാൻ പ്രസിഡന്റു് റവ. ഫാ. മെലേസിയൂസ് സി. എം. ഐ. യും സെക്രട്ടറി ജോസഫ് പാലത്തിങ്കലും റവ ഫാ. ആൽബർട്ട് നമ്പ്യാപറമ്പിലും ഒരുമിച്ചു് എറണാകുളം പ്രസ്സ് ക്ലബിൽ വിളിച്ചുകൂട്ടിയ പത്രസമ്മേളനത്തിൽ എല്ലാ പത്രപ്രതിനിധികളും സംബന്ധിച്ചു. അങ്ങനെ അനന്യസാധാരണമായ ഒരു സഹകരണവും പ്രസിദ്ധീകരണവുമാണു് ഈ ആഘോഷപരിപാടികൾക്കു് കേരളത്തിലെ പത്രങ്ങൾ നൽകിയതു്. 'ആൾ ഇൻഡ്യാ റേഡിയോ'. പരിപാടികൾ ആകാശവാണിയിലൂടെ അറിയിക്കുകയും പിന്നീടു് പ്രക്ഷേപണം ചെയ്യുകയുംചെയ്തു. ഇതിൽ ശ്രീമാൻ ജോസഫ് കൈമാപറമ്പന്റെ സേവനം പ്രത്യേകം സ്തുത്യർഹമാണു്.

ചാവറ നഗർ — കുന്നമ്മാവു് ആശ്രമാങ്കണവും മഠത്തിന്റെ സ്കൂൾപരിസരങ്ങളും ചാവറ നഗറായി രൂപാന്തരപ്പെട്ടു. ആശ്രമാങ്കണത്തിൽ അനേകായിരങ്ങൾക്കു് സൗകര്യമായി ഇരിക്കത്തക്ക സജ്ജീകരണങ്ങളോടുകൂടിയ വിശാലമായ ഒരു പന്തലും കമനീയമായ ഒരു സ്റ്റേജും അണിഞ്ഞൊരുങ്ങി. കാറ്റും കോളുംകൊണ്ടു് ഇളകിമറിഞ്ഞ സമുദ്രത്തിൽകൂടി മുന്നോട്ടു നീങ്ങുന്ന ഒരു വള്ളത്തിന്റെ ചിത്രമാണു് സ്റ്റേജിന്റെ പ്രധാന ഭാഗത്തു സ്ഥിതിചെയ്തിരുന്നതു്. അതിൽ വൈദികരും സന്യാസിനീസന്യാസികളും നാനാതരത്തിലുള്ള ജനങ്ങളും കയറിയിട്ടുണ്ടു്. കോളിളക്കത്തിൽപെട്ട ആ വള്ളം സമർത്ഥമായി തുഴഞ്ഞുകൊണ്ടുപോകുന്നതാരെന്നമ്മുടെ ചാവറയച്ചൻ.

1971 ഏപ്രിൽ 23- വെള്ളിയാഴ്ച — രാവിലെതന്നെ ചിരപ്രതീക്ഷിതമായ ആഘോഷപരിപാടികൾ ആരംഭിച്ചു. ആലപ്പുഴ മെത്രാൻ റൈറ്റു് റവ. ഡോ. മൈക്കിൾ ആറാട്ടുകുളത്തിന്റെ സ്വീകരണം. കാലത്തു് 7 മണിക്കു് പൂത്താലങ്ങളേന്തിയ നൂറുകണക്കിനു പെൺകുട്ടികളും വൈദികരും കന്യാസ്ത്രീകളും പൊതുജനങ്ങളും ചേർന്നു് തിരുമേനിയെ എതിരേറ്റു് ചാവറ നഗറിലാനയിച്ചു. തുടർന്നു്, അവിടെ പ്രത്യേകം തയാറാക്കിയിരുന്ന അൾത്താരയിൽ വന്ദ്യതിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും റവ. ഫാ. പനസ്കൽ എം. എ., റവ. ഫാ. വിൻസെന്റു് ഒ. സി. ഡി. ഇവരുടെ സഹകാർമ്മികത്വത്തിലും ആഘോഷമായ ദിവ്യബലി ലത്തീൻ റീത്തിൽ അർപ്പിക്കപ്പെട്ടു. റവ. ഫാ. മാക്സ് പള്ളന്റെ വിദഗ്ധമായ മേൽനോട്ടത്തിൽ ആലപിച്ചിരുന്ന സഭ്യീയമായ ഗാനങ്ങൾ ജനങ്ങളെ ഭക്തിമധുരിമയിൽ ലയിപ്പിച്ചു.

ദിവ്യബലിക്കുശേഷം, ഒരു ചാവറ പ്രേഷിതൻതന്നെയായ റവ. ഫാ. വലേരിയൻ സി. എം. ഐ. യുടെ പ്രസംഗം. തുടർന്ന് അഭിവന്ദ്യ തിരുമേനിയുടെ നേതൃത്വത്തിൽ ദൈവദാസൻ അന്ത്യവിശ്രമംകൊണ്ട ആ പാവനമായ ഷ്റൈയിനിലേയ്ക്ക് ഒരു ഘോഷയാത്ര നടത്തി. അവിടെ പ്രാർത്ഥിച്ചശേഷം ചാവറ കുര്യാക്കോസ് മെമ്മോറിയൽ ഐ. ടി. സി. യുടെ അങ്കണത്തിൽ ദൈവദാസന്റെ ഒരു പ്രതിമ, തിരുമേനിതന്നെ അനാച്ഛാദനംചെയ്തു.

ചാവറ പ്രദർശനം — ദൈവദാസന്റെ പാവനജീവിതത്തെയും വിവിധ പ്രവർത്തനങ്ങളെയും ഉൾക്കൊള്ളുന്ന ഏറ്റവും വിജ്ഞാനപ്രദങ്ങളായ രേഖകളും ഫോട്ടോകളും മാറും അടങ്ങിയ പല സ്റ്റോളുകളോടുകൂടിയ ചാവറ എക്സിബിഷൻ കുന്നമ്മാവു മഠം ഹൈസ്കൂൾഹാളിൽ റവ. ഫാ. ആൻസലം സി. എം. ഐ യുടെ നേതൃത്വത്തിലും കർമ്മലീത്താ സന്യാസിനികളുടെ സഹകരണത്തിലും ഏറ്റവും മനോഹരമായി തയാറാക്കിയിരുന്നു. ഏപ്രിൽ 23-ാംതീയതി കാലത്തു് 11 മണിയോടുകൂടി ഇതിന്റെ ഉൽഘാടനം നിർവഹിച്ചതു് ആലപ്പുഴ മെത്രാൻ തിരുമനസ്സുകൊണ്ടായിരുന്നു. തദവസരത്തിൽ റവ. ഫാ. ആൻസലം സി. എം. ഐ. എക്സിബിഷന്റെ സംവിധാനങ്ങളെ വിവരിച്ചുകൊണ്ടു് വന്ദ്യതിരുമേനിയും ആഗതരായ ഇതരജനങ്ങൾക്കും സ്വാഗതമാശംസിക്കുകയുണ്ടായി.

ചാവറ സിമ്പോസിയം — (സാഹിത്യസമ്മേളനം) ഉച്ചകഴിഞ്ഞു് ചങ്ങനാശ്ശേരി എക്സാക്ക് റൈറ്റു് റവ. മോൺ. ജനുവാരിയൂസ് സി. എം. ഐ. ഒരു മഹാജനത്തിന്റെ സാന്നിദ്ധ്യത്തിൽ സിമ്പോസിയം ഉൽഘാടനംചെയ്തു. ശ്രീ സുകുമാർ അഴീക്കോടു് സമ്മേളനത്തിൽ അദ്ധ്യക്ഷം വഹിച്ചു. സാഹിത്യനിപുണൻ ശ്രീ ടി. എം. ചുമ്മാറിന്റെ സ്വാഗതപ്രസംഗമായിരുന്നു ഈശ്വരപ്രാർത്ഥനയെത്തുടർന്നു് ആദ്യം നടന്നതു്. ഉൽഘാടനം, അദ്ധ്യക്ഷപ്രസംഗം, എന്നിവയെത്തുടർന്നു്, ചാവറ കവിതയെപ്പറ്റി ശ്രീ സി. പി. ശ്രീധരൻ, ചാവറ കൃതികളുടെ ഉൾക്കാഴ്ചയെ ആസ്പദമാക്കി പ്രൊഫ. കെ. എം. തരകൻ, ചാവറയച്ചന്റെ ജീവിതവീക്ഷണത്തെപ്പറ്റി റവ. ഫാ. ഡൊമീഷ്യൻ, സി. എം. ഐ., ചാവറയച്ചനും പ്രസിദ്ധീകരണവും എന്ന വിഷയത്തെക്കുറിച്ചു് പ്രൊഫ. മാത്യു ഉലകംതറ എന്നിവർ ഓരോ പ്രസംഗംചെയ്തു. റവ. സി. ഔറേലിയ സി. എം. സി. കൃതജ്ഞത പറഞ്ഞു.

വൈകുന്നേരം 8 മണിയോടുകൂടി കലാപരിപാടികൾ ആരംഭിക്കുകയായി. സുപ്രസിദ്ധ പിന്നണി ഗായകനും സംഗീതചക്രവർത്തിയുമായ ശ്രീ യേശുദാസ് ഒരു ലഘുപ്രസംഗത്തോടുകൂടി ഉൽഘാടനം നിർവ്വഹിക്കുകയും അതിനോടനുബന്ധിച്ചു് ഏതാനും കീർത്തനങ്ങൾ ആലപിക്കയുംചെയ്തു. തുടർന്നു് പറവൂർ മഠത്തിലെ ബ. സഹോദരികളുടെ മേൽനോട്ടത്തിൽ കുട്ടികളുടെ വിവിധ കലാപരിപാടികൾ നടന്നു. പിന്നീടു് കുന്നമ്മാവു് 'നളന്ദ' ആർട്ട്സ് ക്ലബിന്റെ ഏകാങ്കനാടകം ക്രിസ്തുവിന്റെ ജീവിതം 'സിനിമപ്രദർശനം' ഡോൺബോസ്കോ ഇൻസ്റ്റിറ്റ്യൂട്ട് പാലാ എന്നിവയായിരുന്നു. രാത്രി 12 മണിയോടുകൂടി അന്നത്തെ പരിപാടികൾ സമംഗളം സമാപിച്ചു.

ഏപ്രിൽ 24 — രണ്ടാം ദിവസം രാവിലെ 7 മണിക്കു് തൃശ്ശൂർ മെത്രാൻ റൈറ്റു് റവ. ഡോ. ജോസഫ് കുണ്ടുകുളത്തെ ചിത്തിരക്കവലയിൽനിന്നും പുഷ്പവാഹികളായ നിരവധി ബാലികമാരുടെ അകമ്പടിയോടുകൂടി സ്വീകരിച്ചു് ചാവറ നഗറിലേയ്ക്കാനയിച്ചു, തുടർന്നു് ആഘോഷമായ ദിവ്യബലി. റവ. ഫാ. കെറുബിൻ

സി. എം ഐ. യുടെ നേതൃത്വത്തിൽ സന്യാസികളും കുട്ടികളുമടങ്ങിയ ഒരു ഗായകസംഘം ഭക്തിസംവർദ്ധകങ്ങളായ ഗാനങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. ഏതാനും കുട്ടികൾക്കു് പ്രഥമദിവ്യകാരുണ്യം തിരുമേനി തന്നെ എഴുന്നള്ളിച്ചുകൊടുത്തു. റവ. ഫാ. സേവ്യർ കണിയാമ്പുറത്തിന്റെ പ്രൗഢഗംഭീരമായ പ്രസംഗമായിരുന്നു പിന്നീടു നടന്നതു്. ഷ്റൈനിലേയ്ക്കുള്ള പ്രദക്ഷിണത്തിനുശേഷം സ്ഥലം ആശ്രമത്തിൽനിന്നും പണികഴിപ്പിച്ച 'ചാവറ ചരമശതാബ്ദി സ്മാരക ഭവനങ്ങളുടെ' ആശീർവ്വാദകർമ്മം കണ്ടുകൂടം തിരുമേനി നിർവഹിച്ചു.

സുവ്വമതസമ്മേളനം — ഉച്ചകഴിഞ്ഞു് 3 മണിക്കു് കോതമംഗലം രൂപതാവികാർ ജനറാൾ മോൺ. മാത്യു വെള്ളാങ്കലിന്റെ അദ്ധ്യക്ഷതയിൽ ചാവറ നഗറിൽ ഈ മഹായോഗം സമ്മേളിച്ചു. ഈശ്വരവിശ്വാസികളേവരും പങ്കുകൊള്ളത്തക്കവിധം, ബൈബിളിൽനിന്നും ഭഗവത്ഗീതയിൽനിന്നും ഖുറാനിൽനിന്നും ഉള്ള വായനയോടുകൂടി ഭാരതീയരീതിയിൽ നടത്തിയ പൊതുപ്രാർത്ഥന എല്ലാവരെയും ആകർഷിച്ചു. എറണാകുളം അതിരൂപതാ സഹായമെത്രാൻ റൈറ്റു് റവ. ഡോ. സെബാസ്റ്റ്യൻ മങ്കുഴിക്കരി സമ്മേളനം ഉൽഘാടനംചെയ്തു. ഏവരെയും പ്രത്യേകം സമ്മേളനത്തിലേയ്ക്കു സ്വാഗതംചെയ്തുകൊണ്ടു് റവ. ഫാ. ആൽബർട്ടു് നമ്പ്യാപറമ്പിൽ സി. എം. ഐ. സംസാരിച്ചു. മോൺ. വെള്ളാങ്കലിന്റെ അദ്ധ്യക്ഷപ്രസംഗം വളരെ വിജ്ഞാനപ്രദമായ ഒന്നായിരുന്നു. തുടർന്നു് 'ആദ്ധ്യാത്മികതഹൈന്ദവവീക്ഷണത്തിൽ' (സ്വാമി മുഡാനന്ദജി) ''ആദ്ധ്യാത്മികത ഇസ്ലാം വീക്ഷണത്തിൽ'' (ഹാജി കെ. പി. അലിക്കുഞ്ഞു് എം. എ. എൽഎൽ. ബി.) ''ആദ്ധ്യാത്മികത ക്രൈസ്തവ വീക്ഷണത്തിൽ" (റവ. ഫാ. ജോസഫു് പൂവത്തിങ്കൽ) "ആദ്ധ്യാത്മികതവത്തിക്കാൻ സൂനഹദോസിനുശേഷം'' (റവ. സി. ബെറോമിയോ സി. എം. സി.) ''ചാവറയച്ചൻ ആദ്ധ്യാത്മിക മനുഷ്യൻ'' (റവ. ഫാ. ലൂക്കു് സി. എം. ഐ.) എന്നീ വിഷയങ്ങളെ സംബന്ധിച്ചു് പണ്ഡിതോചിതമായ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. രാത്രി 7 മണിയോടുകൂടി കലാപരിപാടികളുടെ ആരംഭമായി. അവയിൽ പ്രധാനപ്പെട്ടവ ആലുവാ കാമ്മൽ ജനറലേറ്റിലെ സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ നടത്തിയ 'ബാലെ; വട്ടതല ഡോൺബോസ്കോ യൂത്തു് സെന്റർ അവതരിപ്പിച്ച 'സമുദ്രം' എന്ന നാടകം എന്നിവയായിരുന്നു രാത്രി 12 മണിയോടുകൂടി ചടങ്ങുകൾ അവസാനിപ്പിച്ചു.

ഏപ്രിൽ 25 — രാവിലെ 7 മണിക്കു് തിരുവനന്തപുരം മെത്രാപ്പോലീത്താ അതിവന്ദ്യ മാർ ഗ്രീഗോറിയോസു് തിരുമേനിയെ ചിത്തിരക്കവലയിൽനിന്നു് എതിരേറ്റു് ചാവറ നഗറിലേക്കാനയിച്ചു. തിരുമേനി മലങ്കര റീത്തിൽ ആഘോഷമായി ദിവ്യബലിയർപ്പിച്ചു. തിരുവനന്തപുരം അതിരൂപതയിലെ ബ. കന്യാസ്ത്രീകൾ (Daughters of Mary) ദിവ്യബലിയിൽ ഭക്തിസംവർദ്ധകങ്ങളായ ഗാനങ്ങൾ ആലപിച്ചുകൊണ്ടിരുന്നു. ദിവ്യബലി കഴിഞ്ഞുള്ള പ്രസംഗം ആലുവാ പൊന്തിഫിക്കൽ സെമ്മിനാരി പ്രൊ-റെക്ടർ റൈറ്റു് റവ. മോൺ. ജോർജ്ജു് കവലക്കാട്ടു് ആണു് നടത്തിയതു്.

കുനമ്മാവു മഠത്തിൽ തിരുമണിക്കൂർ — ചാവറയച്ചനാൽ സ്ഥാപിതമായ ഭാരതത്തിലെ ഒന്നാമത്തെ ഏതദ്ദേശീയ സന്യാസിനീസഭയുടെ പ്രഥമ സ്ഥാപനമായ കുനമ്മാവു മഠത്തിന്റെ കപ്പേളയിൽ കാലത്തു 10 മണി മുതൽ 11 മണിവരെ പരി. കുർബാനയുടെ ആരാധന നടത്തി. മാർ ഗ്രിഗോറിയോസു് തിരുമേനിയുടെ ബൈബിൾശുശ്രൂഷയോടുകൂടി ആരാധന തുടങ്ങുകയും മോൺ. ജനുവാരിയൂസു് സി. എം. ഐ

നടത്തിയ പരി. കുർബാനയുടെ ആശീർവ്വാദത്തോടുകൂടി സമാപിക്കുകയും ചെയ്തു.

സമൂഹബലി—ഉച്ചകഴിഞ്ഞു് 2-30-നു് പാലാ മെത്രാൻ റൈറു് റവ. ഡോ. സെബാസ്റ്റ്യൻ വയലിൽ തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിൽ, മോൺ. ജോൺ വരിയൂസും, വിവിധ സന്യാസസഭാ ശ്രേഷ്ഠന്മാരും, ദൈവദാസന്റെ വിവിധ പ്രവർത്തനങ്ങളെ അനുസ്മരിപ്പിക്കുമാറു്, ആദ്ധ്യാത്മികപാലനം, സെമിനാരിപരിശീലനം, ധ്യാനപ്രസംഗം, വിദ്യാഭ്യാസം, പ്രസിദ്ധീകരണം, സാമൂഹ്യപ്രവർത്തനം മുതലായ രംഗങ്ങളിൽ പണിയെടുക്കുന്ന പ്രഗത്ഭരായ വൈദികരുൾപ്പെടെ 20 പേർ സഹകാർമ്മികരായി ആഘോഷപൂർവ്വം സമൂഹബലിയർപ്പിച്ചു—ഉപകാരസ്മരണയുടെ ബലികൾ.

ദിവ്യകാരുണ്യപ്രദക്ഷിണം — കുന്നമ്പാവിലെ അലങ്കരിച്ച തെരുവീഥിയിൽകൂടി അനേകശതം വൈദികരും കന്യാസ്ത്രീകളും പതിനായിരക്കണക്കിനു ജനങ്ങളും പങ്കെടുത്ത, ദിവ്യകാരുണ്യനാഥന്റെ പ്രതാപമേറിയ എഴുന്നള്ളത്തു് ഇന്നാട്ടു ദർശിച്ചിട്ടുള്ളതിൽ ഏറ്റം ഭക്തിസംവർദ്ധകമായ മഹാസംഭവമായിരുന്നു. ചാവറ ഷ്യൈനിന്റെ മാതൃകയിൽ കമനീയമായി അലങ്കരിച്ച ലോറിയിൽ പരി. കുർബാന സ്ഥാപിച്ചു് പാലാ മെത്രാൻ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ, നാലു പേപ്പൽ ഡിഗ്നിറ്ററിസിന്റെ—ഷെവ. ജോസഫ് വിതയത്തിൽ, ഷെവ. കെ. സി. ചാക്കോ, ഷെവ. ജോർജ് വഗ്ഗീസ് കണ്ണന്താനം, ഷെവ. പി. ജെ. ചെറിയാൻ — അകമ്പടിയോടുകൂടി പ്രദക്ഷിണം ചാവറനഗറിൽനിന്നും പുറപ്പെട്ടു് ചിത്തിരക്കുവലയിൽ ചെന്നു് മഠം കപ്പേളയുടെ മുൻപിൽ തയ്യാറാക്കിയിരുന്ന പന്തലിൽവച്ചു് പരി. കുർബാനയുടെ ആശീർവാദത്തിനുശേഷം മടങ്ങിപ്പോന്നു.

പൊതുയോഗം — ആഘോഷച്ചടങ്ങുകൾക്കെല്ലാം മകുടം ചാർത്തുന്നതായിരുന്ന അവസാനത്തെ ഗംഭീരമായ സമ്മേളനം. നൂറുനൂറുപെൺകുട്ടികൾ താലപ്പൊലിയുമേന്തി ജനസമുദ്രങ്ങളുടെ മദ്ധ്യത്തിൽകൂടി പ്രശസ്താതിഥികളെ സമ്മേളനസ്ഥലത്തേയ്ക്കാനയിച്ചു. റവ. ഫാ. മെലേസിയൂസ് സി. എം. ഐ. യുടെ സ്വാഗതപ്രസംഗത്തെ തുടർന്നു് പദ്മവിഭൂഷൺ ശ്രീ കെ. പി. കേശവമേനോൻ പണ്ഡിതോചിതമായ പ്രഭാഷണത്തോടുകൂടി സമ്മേളനത്തിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ചു. തിരുവനന്തപുരം ആർച്ചുബിഷപ്പു് മാർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ടു് ആദ്ധ്യക്ഷം വഹിച്ചു്, ചാവറയച്ചന്റെ പ്രശസ്തസേവനങ്ങളെപ്പറ്റി ആവേശപൂർവ്വം സംസാരിക്കുകയുണ്ടായി. തുടർന്നു് കൊച്ചി മേയർ ശ്രീ എ. എ. കൊച്ചുണ്ണി, കൊച്ചിൻ യൂണിവേഴ്സിറ്റി പ്രൊ. വൈസ് ചാൻസലർ ഷെവ. കെ. സി. ചാക്കോ, അഖിലകേരള കത്തോലിക്കാ കോൺഗ്രസ് പ്രസിഡൻറു് ശ്രീ കെ. പി ജോൺ, ശ്രീ ഇ. പി. ഐസക്കു്, എറണാകുളം ഡിസ്ട്രിക്ടു് കളക്ടർ ശ്രീ എസ്. കൃഷ്ണകുമാർ എന്നിവരുടെ പ്രസംഗപരമ്പരകൾ ചാവറ നഗറിൽ ഓളംതല്ലുകതന്നെ ചെയ്തു. പ്രീയോർ ജനറാൾ വെരി റവ ഫാ. കനീസിയൂസ് സി. എം. ഐ.. റവ. സി. ബനീഞ്ഞ സി. എം. സി. (മേരിജോൺ തോട്ടം), ശ്രീ കെ. ടി. ജോർജ്ജ് എം. എൽ. എ, മദർ ജനറൽ റവ. സി. ജോർജിയ സി. ടി. സി.. മദർ ജനറൽ റവ. സി. സെലിൻ സി. എം. സി തുടങ്ങിയവരുടെ ആശംസാപ്രസംഗങ്ങളാണു് പിന്നീടു നടന്നതു്. സാഹിത്യനിപുണൻ ടി. എം. ചുമ്മാറിന്റെ കൃതജ്ഞതാപ്രസംഗത്തോടുകൂടി പൊതുസമ്മേളനം പര്യവസാനിച്ചു.

സമ്മേളനാനന്തരം ശ്രീ ജോസഫ് കൈമാപറമ്പന്റെ കഥാപ്രസംഗവും എറ

ണാകുളം കലാഭവന്റെ ഗാനമേളയും, എറ
ണാകുളം സെന്റ് മേരീസ് കോൺവെന്റു
ഹൈസ്കൂൾ വിദ്യാർത്ഥിനികളുടെ കലാപ
രിപാടികളും, ആലുവാ നസ്രത്തിലെ അഗ
തികളുടെ സഹോദരികളുടെ മേൽനോട്ടത്തി
ലുള്ള കുട്ടികളുടെ 'ബാലേ' (സോളമന്റെ
വിധി)യും നടത്തപ്പെട്ടു. രാത്രി 2 മണിയോ
ടുകൂടി കലാപരിപാടികൾ മംഗളകരമായി
അവസാനിച്ചു.

ഹോസ്പിറ്റൽ വാർഡിന്റെ ഉൽഘാടനം — 1972 ജനുവരി 26-ാം തീയതിയിലെ റിപ്പബ്ലിക്കുദിനം കുന്നമ്മാവുനിവാസികൾക്ക് ഒരു മഹോത്സവമായിരുന്നു. ദൈവദാസനായ ചാവറയച്ചന്റെ ചരമശതാബ്ദി സ്മാരകഹോസ്പിറ്റൽ വാർഡിന്റെ ഉൽഘാടനത്തോടുകൂടി കുന്നമ്മാവിലേയും, പരിസരങ്ങളിലേയും ജനങ്ങളുടെ ചിരപ്രതീക്ഷിതമായ ആഗ്രഹങ്ങൾ പൂവണിഞ്ഞു. ഇന്നാട്ടുകാരനും, ആഘോഷക്കമ്മറ്റി മെമ്പറുമായിരുന്ന ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി ശ്രീ K. T. ജോർജ്ജ് ഒരു പ്രസംഗത്തോടുകൂടി ഹോസ്പിറ്റൽവാർഡ് ഉൽഘാടനം ചെയ്തു. വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് കേളന്താനത്തിരുമനസ്സുകൊണ്ട് വാർഡിന്റെ ആശീർവാദകർമ്മം നിർവ്വഹിച്ചുകൊണ്ട് ദീർഘമായി സംസാരിച്ചു. ക്ഷണമനുസരിച്ച് ശതാബ്ദി ആഘോഷ പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കാൻ സാധിക്കാതെവന്നതിൽ തിരുമേനി ഖേദം പ്രകടിപ്പിക്കുകയും, വാർഡിന്റെ ഉൽഘാടനത്തിൽ സംബന്ധിക്കുവാനിടയായതിലുള്ള സന്തോഷം സവിശേഷം പ്രകാശിപ്പിക്കുകയും ചെയ്തു. എറണാകുളം ഡിസ്ട്രിക്ട് മെഡിക്കൽ ഓഫീസർ ഡോക്ടർ എം. മാലതി ഹോസ്പിറ്റൽ വാർഡ് ഏറ്റുവാങ്ങി. പ്രിയോർ ജനറൽ വെരി റവ. ഫാ. തെയോബോൾഡ് സി. എം. ഐ. യും പ്രൊവിൻഷ്യാൾ വെരി റവ ഫാ. മത്യാസ് മുണ്ടാടൻ സി. എം. ഐ. യും ആശംസാപ്രസംഗങ്ങൾ നിർവ്വഹിച്ചു. ആഘോഷക്കമ്മറ്റി പ്രസിഡണ്ട് റവ. ഫാ. മെലേസ്സിയൂസ് സി. എം. ഐ. അദ്ധ്യക്ഷം വഹിച്ചിരുന്ന സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചതു്. ഹോസ്പിറ്റൽ വാർഡ് കമ്മറ്റി കൺവീനർ ഡോക്ടർ ബേബി തോട്ടങ്കൽ മാന്യ അതിഥികൾക്കു കൃതജ്ഞത രേഖപ്പെടുത്തി. സമ്മേളനത്തിനുമുമ്പായി പ്രശസ്താതിഥികൾക്കു ചിത്തിര കവലയിൽവെച്ചു് വമ്പിച്ച ഒരു സ്വീകരണം നൽകി. താലപ്പൊലിയേന്തിയ ബാലികമാരുടെ അകമ്പടിയോടുകൂടിയാണു് പ്രശസ്താതിഥികൾ മൂന്നുപേരേയും വാർഡിന്റെ പരിസരത്തു തയ്യാറാക്കിയിരുന്ന പൂപ്പന്തലിലേക്കു് ആനയിച്ചതു്. ഒരു വലിയ ജനാവലി ചടങ്ങുകളിൽ സംബന്ധിച്ചു.

തന്റെ പരിപാവനമായ ജീവിതത്തിന്റെ അവസാനത്തെ 7 വർഷം കുന്നമ്മാവു് മണ്ണിൽ ചിലവഴിച്ചു് ഇഹലോകവാസം വെടിഞ്ഞ ദൈവദാസനായ ചാവറ കുര്യാക്കോസച്ചന്റെ പാവനസ്മരണ നിലനിറുത്തുന്നതിനു് കുന്നമ്മാവിലേയും പരിസരങ്ങളിലേയും വിവിധ മതസ്ഥരായ ജനങ്ങളുടെ സഹകരണത്തോടുകൂടി പണിതീർത്ത അതിമനോഹരമായ ഹോസ്പിറ്റൽ വാർഡിന്റെ ഉൽഘാടനത്തോടുകൂടി ചരമശതവാർഷികാഘോഷങ്ങൾ സമംഗളം പര്യവസാനിച്ചു.



ചാവറ കുര്യാക്കോസ് ഏലിയാസ് സ്മാരകഗ്രന്ഥം

പത്രാധിപസമതി

1 ശ്രീ ടി. എം. ചുമ്മാർ
2 ,, സി. കെ. അജീദ്
3 ,, ജോസഫ് പാലത്തിങ്കൽ
4 ,, ടി. ആർ. രാധാകൃഷ്ണ വാര്യർ
5 ,, എം. ഒ. അവിര
6 റവ. ഫാ. ഫേബിയസ് പാലാട്ടി
7 ശ്രീ എ. കെ. ജയകുമാർ
8 ,, ആൻറണി ചക്യത്തു്
9 ശ്രീമതി ടെസി ക്ളീററസ്
10 ,, മേരിക്കുട്ടി ജോസഫ്
11 റവ. സിസ്റ്റർ ഹെൻട്രീന
12 ,, ദേവസഹായം

വരാപ്പുഴ
ക്രിസ്തുനഗർ ദേവാലയത്തിൽ

വി. യൂദാതദേവൂസിന്റെ നിത്യനൊവേന

എല്ലാ വ്യാഴാഴ്ചയും

കാലത്തു്:

5 മണിക്കു് ദിവ്യബലി, നൊവേന, വാഴ്വു്

7 ,, ,, ,, ,,

10.30 ,, ,, ,, ,,

ഉച്ചകഴിഞ്ഞു്:

3 മണിക്കു് ലിറനി, നൊവേന, വാഴ്വു്

4 ,, ദിവ്യബലി, ,, ,,

എന്നു്,


വികാരി

ഫാ. മാർക്കു് പള്ളൻ


സാംസ്കാരികസമ്മേളനം




ചാന്ദാ എക്സാക്ക്
റൈറ്റു് റവ. മോൺ. ജാനുവരിയൂസ്
(C. M. I.)
പ്രസംഗിക്കുന്നു





റൈ റവു് റവ. മോൺ.
ജോജ്ജു് കവലക്കാട്ടു്
പ്രസംഗിക്കുന്നു



സെൻറു് ആൽബർട്ട്സു് കോളെജു്
പ്രിൻസിപ്പാൾ
റവ. ഫാ. സേവ്യർ കണിയാംപുറം
പ്രസംഗിക്കുന്നു







സ്വാഗത പ്രസംഗം



സാഹിത്യനിപുണൻ, ടി. എം. ചുമ്മാർ

ഇന്നു്, ഇന്നാട്ടുകാക്കാകമാനം ആഹ്ലാദപ്രദമായ ഒരു സുദിനമാണു്—കേരളീയ കത്തോലിക്കർക്കാകമാനം ആനന്ദപ്രദമായ ഒരു സുദിനമാണു്. കഴിഞ്ഞ നൂറാണ്ടിൽ ഇന്ത്യാട്ടിൽ ഒരു ദേശീയസന്ന്യാസസഭയും സന്ന്യാസിനീസഭയും സ്ഥാപിച്ചു് അവയുടെ നേതൃത്വം വഹിക്കയും, അവയെ കേരളത്തിൽ എമ്പാടും വ്യാപിപ്പിക്കുവാൻ ഉദ്യമിക്കയും ചെയ്ത ഒരു കർമ്മയോഗിയാണു് ബഹുമാനപ്പെട്ട ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹം മൺമറഞ്ഞിട്ടു് ഇപ്പോൾ ഒരു നൂറാണ്ടു കഴിഞ്ഞിരിക്കുന്നു. കൃത്യമായി പറഞ്ഞാൽ, 1871 ജനുവരി മൂന്നാംതീയതിയാണു് ആ താപസശ്രേഷ്ഠൻ നാമിപ്പോൾ കൂടിയിരിക്കുന്ന ഈ ചാവറ നഗറിൽനിന്നു തെക്കുകിഴക്കു് അര ഫർലോംഗ്ഗു് അകലമുള്ള സെൻറു് ഫിലോമിനാസു് ആശ്രമത്തിൽ അന്ത്യവിശ്രമംകൊണ്ടതു്. ആ സ്ഥിതിക്കു് അദ്ദേഹത്തിന്റെ ചരമശതവാർഷികം കഴിഞ്ഞിട്ടു് ഇപ്പോൾ മൂന്നു മാസവും ഇരുപത്തുദിവസവുംകൂടി കഴിഞ്ഞിരിക്കുന്നു എന്നു വേണമെങ്കിൽ പറയാം. ഈ ശതവാർഷികം അദ്ദേഹം അന്ത്യവിശ്രമംകൊണ്ട ഈ പ്രദേശത്തുവച്ചു യഥാകാലം കൊണ്ടാടണമെന്നു് ഇതിന്റെ ഭാരവാഹികൾക്കു് ആഗ്രഹമുണ്ടായിരുന്നു. അതിനുവേണ്ടിയുള്ള പരിശ്രമങ്ങളും ആരംഭിച്ചു. പക്ഷേ—

"ഈടാന്നുവാഞ്ഛിതമനുരാഗനദിക്കു വിഘ്നം
കൂടാതൊഴുക്കനുവദിക്കുകയില്ല ദൈവം"

എന്നു പറഞ്ഞതുപോലെ, ഇവിടെയും തല്ക്കാലം ഒരു വിഘ്നം നേരിട്ടു. അനുരാഗനദിയല്ല, ഭക്തിനദിയാണു് ഇവിടെ പ്രവഹിച്ചിരുന്നതെന്നേ വ്യത്യാസമുള്ളു. ആഘോഷക്കമ്മറ്റിയുടെ അദ്ധ്യക്ഷനു് ആകസ്മികമായി ഒരു ജീപ്പപകടം നേരിട്ടുകയും, അതിൽനിന്നു് അദ്ദേഹം സ്വതന്ത്രനാകുവാൻ കുറെ കാലതാമസം ഉണ്ടാവുകയും ചെയ്തു. അവിചാരിതമായി വന്നുകൂടിയ ആ വിഘ്നമാണു്, ഈ വാർഷികമഹാമഹം കൊണ്ടാടുന്നതിനു് ഇത്രയും താമസമുണ്ടാക്കിത്തീർ

ഥയുടെ. ഇതിനകംഈ പുണ്യചരിതന്റെ ചരമശതാബ്ദാഘോഷം കേരളത്തിന്റെ പല കേന്ദ്രങ്ങളിലും കൊണ്ടാടിക്കഴിഞ്ഞിരിക്കയാണ്. എന്നാൽ ആ യോഗീന്ദ്രന്റെ അന്ത്യവിശ്രമം ഏതു ദേശത്തായിരുന്നുവോ, ആ ദേശത്തുവച്ചു കൊണ്ടാടുന്ന ആഘോഷമാണല്ലൊ ഏതുകൊണ്ടും ശ്രദ്ധേയമായിട്ടുള്ളതു്. പ്രസ്തുത ആഘോഷം, കുന്നമ്മാവിലെ ഈ ചാവറനഗറിൽ ഇന്നുമുതൽ ആരംഭിക്കുകയാണു്. അതിന്റെ ആദ്യത്തെ പരിപാടികളിൽ അതിപ്രധാനമായ ഒന്നാണു് ഈ സാംസ്കാരികസമ്മേളനം.

ക്രിസ്താവ്ദം 1805 ഫെബ്രുവരി 8-ാം തീയതി കുട്ടനാട്ടിലെ കൈനകരി എന്ന ഗ്രാമത്തിൽ ജാതനായ ഒരു ശിശു, വളർന്നു വളർന്നു് ഒരു കേരളീയസന്യാസാശ്രമത്തിന്റെ സ്ഥാപകനും, പല സാമൂഹ്യസാംസ്കാരികപ്രവർത്തനങ്ങളുടെ നേതാവുമായി ഉയർന്നു് 66-ാമത്തെ വയസ്സിൽ ഈ ലോകത്തിൽനിന്നു വിടവാങ്ങുകയായി.

'മൂഢന്നും പണ്ഡിതന്നും പെരിയധനികനും
പിച്ചതെണ്ടുന്നവന്നും
പ്രൗഢന്നും പ്രാകൃതന്നും പ്രഭുവിനിടയനും
കണ്ടുനാസ്തം നരിസ്തം'

ഒക്കെത്തന്നെ ജനനവും മരണവും ഉണ്ടാകാറുണ്ടു്. അങ്ങനെയുള്ള ജീവികളിൽ ഉന്നതസ്ഥാനത്തു വർത്തിക്കുന്ന മനുഷ്യരിൽത്തന്നെ, ലക്ഷത്തിൽ ഒന്നോ രണ്ടോ പേർ മാത്രമേ ജനങ്ങളുടെ ശ്രദ്ധയെ ആകർഷിക്കുന്നവരായി, ജീവനോടുകൂടിയിരിക്കുന്നവരായി, ഗണിക്കപ്പെടാറുള്ളു. അത്തരത്തിൽ പിൻഗാമികളുടെ ശ്രദ്ധയെ പിടിച്ചുപറ്റത്തക്കവിധത്തിൽ ജീവിച്ചിരുന്ന ഒരു മഹാപുരുഷനാണു് നമ്മുടെ ഇന്നത്തെ ആഘോഷങ്ങൾക്കും അന്വേഷണങ്ങൾക്കും ആധാരഭൂതനായ ചാവറ ഏലിയാസച്ചൻ.

കഥാപുരുഷന്റെ ജീവിതത്തിൽ അദ്ദേഹം പരമപ്രധാനമായി നിർവ്വഹിച്ച ഒരു കൃത്യം ഞാനീയവസരത്തിൽ അനുസ്മരിക്കുകയാണു്. 1860-നോടടുത്തു കുന്നമ്മാവിൽ, കമ്മലീത്താ നിഷ്പാദുക മൂന്നാംസഭ—ഇതിനെ ക. നി. മൂ. സ. എന്നാണു് ചുരുക്കിപ്പറയുക—എന്ന ഒരു സന്യാസസഭയും ഒരു സന്യാസിനീസഭയും ഉടലെടുത്തു. അക്കാലത്തു വരാപ്പുഴ മെത്രാപ്പോലീത്തയായിരുന്ന ഡോക്ടർ ബർണ്ണർദീനോസിന്റെയും, അദ്ദേഹത്തിന്റെ പ്രതിനിധിയായി കുന്നമ്മാവുപള്ളിയിൽ അന്നുണ്ടായിരുന്ന ലെയോപ്പോൾദ് എന്ന മിഷ്യനറിയുടേയും പിന്തുണയോടുകൂടി ചാവറയച്ചനാണു് മേല്പറഞ്ഞ ആശ്രമങ്ങൾ സ്ഥാപിച്ചതു്. 1864 മുതൽ ജീവിതാന്ത്യംവരെ ഇവയിൽ സന്യാസസഭയുടെ ആദ്യത്തെ പ്രിയോരായിരുന്നതും സ്വർഗ്യപുരുഷൻതന്നെയായിരുന്നു.

16-ാം നൂറ്റാണ്ടുമുതൽ കേരളത്തിൽ പ്രവേശിച്ച പാശ്ചാത്യമിഷ്യനറിമാരുടെ ത്യാഗമോഹനമായ സേവനങ്ങൾ, കേരളീയക്രിസ്ത്യാനികൾക്കു വളരെയധികം ഉയർച്ചയ്ക്കു കാരണമായിട്ടുണ്ടെന്നുള്ളതിൽ സംശയമില്ല. പക്ഷേ, ഒരപകടവും അറിഞ്ഞോ അറിയാതെയോ അവർ ഇവിടെ സൃഷ്ടിച്ചു. കേരളത്തിൽ നിലനിന്നിരുന്ന ക്രൈസ്തവവിശ്വാസാചാരങ്ങളിൽ ഒരു ശുദ്ധീകരണവും നവീകരണവും വരുത്തുവാൻ അവർ മുതിർന്നു നിലവിലിരുന്ന കൽദായറീത്തിൽ ലത്തീൻവഴക്കങ്ങൾ കലർത്തി ഏകീകരിക്കുക, ക്രമേണ പോർത്തുഗീസുമെത്രാന്മാരുടെ ആധിപത്യം ഇവിടെ ഉറപ്പിക്കുക എന്നീ ലക്ഷ്യങ്ങളായിരുന്ന അവയിൽ അന്തർല്ലീനമായിരുന്നതെന്നു തോന്നുന്നു. എന്നാൽ ആ പരിശ്രമത്തിന്റെ ഫലമോ. കേരളീയക്രിസ്ത്യാനികളുടെ ഇടയിൽ പല ഭിന്നതകളും ഉണ്ടാക്കിത്തീർക്കുക എന്നുള്ളതും. 1653-ൽ കൊച്ചിയിൽവച്ചു നടന്ന കുനൻകുരിശുസത്യത്തോടുകൂടി ആ ഭിന്നത അതിന്റെ പരമകാഷ്ഠയെ പ്രാപിക്കയുംചെയ്തു. കത്തോലിക്കരിൽത്തന്നെ സുറിയാനിറീത്തു് എന്നും

ലത്തീൻറീത്തു് എന്നും രണ്ടു വിഭാഗങ്ങൾ ഇക്കാലംമുതൽ ശക്തിപ്പെട്ടുകയായി. ഈ ഇരുറീത്തുകളുടേയും പ്രവർത്തനങ്ങൾ പില്ലാ ലങ്ങളിൽ വളരെ ആപല്ക്കരമായും തീർന്നു. അവയുടെ ഗതിവിഗതികൾ കണ്ടറിഞ്ഞ സൂക്ഷ്മദൃക്കും ദീർഘദർശിയുമായ ചാവറയച്ചൻ ആ ഇരുറീത്തുകളേയും പഴയപടി സംയോജിപ്പിച്ചു് കേരളത്തിൽ ഒരു കാത്തലിക്കു് ഹയരാക്കി ഉണ്ടാക്കിത്തീർക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണു് ക്നമ്മാവിൽ മുൻപറഞ്ഞ സന്യാസമന്ദിരവും കന്യകാമന്ദിരവും സ്ഥാപിച്ചതു്. ആ രണ്ടു സ്ഥാപനങ്ങളിലും ലത്തീൻറീത്തിൽപെട്ടവരും സിറിയൻറീത്തിൽപ്പെട്ടവരുമായ വൈദികരേയും കന്യകകളേയും അഭേദബുദ്ധ്യാ അദ്ദേഹം പ്രവേശിപ്പിച്ചുതുടങ്ങിയതും ഈ ആന്തരലക്ഷ്യം വെച്ചുകൊണ്ടുതന്നെയായിരുന്നു. അത്തരത്തിൽ കേരളമൊട്ടുക്കും സ്ഥാപനങ്ങളുണ്ടാക്കി ലത്തീൻ സിറിയൻ സംയോജനം, കേരളത്തിലും ഭാരതത്തിലും പൂർണ്ണമായും വരുത്തണമെന്നു് ആ വിശാലഹൃദയൻ സ്വപ്നം കണ്ടിരുന്നു. പക്ഷേ എന്തുചെയ്യാം; ചാവറയച്ചനു് അദ്ദേഹത്തിന്റെ സ്വപ്നം സാക്ഷാൽക്കരിക്കുവാൻ കഴിയുന്നതിനുമുമ്പു്—ഫലോദയംവരെ പ്രവർത്തിക്കുവാൻ കഴിയുന്നതിനുമുമ്പു്—വിധി അദ്ദേഹത്തെ ആ രംഗത്തുനിന്നു നീക്കിക്കളഞ്ഞു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമികളായി വന്നവർ, ആ മഹാത്മാവിന്റെ മഹനീയലക്ഷ്യം മനസ്സിലാക്കാതെ പോവുകയോ വിസ്മരിക്കപ്പെടുകയോ ആണുണ്ടായതു്. അതിന്റെ ഫലമായി ഇരുറീത്തുകളിലും ഉൾപ്പെട്ടിരുന്ന സന്യാസികളും സന്യാസിനികളും തമ്മിൽ അവകാശവാദവും അധികാരമത്സരവും അധികം താമസിയാതെ ആരംഭിച്ചു. ഈ സ്ഥിതിവിശേഷം വളർന്നുവന്നപ്പോൾ റോമിലെ തിരുസംഘത്തിൽനിന്നു് സന്യാസാശ്രമം 1889-ൽ ലത്തീൻറീത്തുകാക്കും, കന്യകാമഠം 1890-ൽ സിറിയൻ റീത്തുകാക്കും വിട്ടുകൊടുക്കുവാൻ തീരുമാനവുമായി. ഇങ്ങനെ വന്നതോടുകൂടി ചാവറയച്ചന്റെ ആന്തരലക്ഷ്യം പാടേ തകർന്നു എന്നു പറയേണ്ടതില്ലല്ലൊ. ഇന്നു കേരളത്തിൽ എവിടേയും ഈ രണ്ടു റീത്തുകളും പരസ്പരം മത്സരകക്ഷികളായി കഴിഞ്ഞുകൂടുകയാണു് ചെയ്യുന്നതെന്നുള്ള പരമാർത്ഥം തുറന്നുപറയുവാൻ ആത്മാർത്ഥതയുള്ള ആരും മടിക്കുമെന്നു തോന്നുന്നില്ല.

ചാവറയച്ചന്റെ നിര്യാണശേഷം, കഴിഞ്ഞ ഈ ഒരു നൂറാണ്ടിനുള്ളിൽ ആ ഉദാരചരിതനെപ്പോലെ അപ്പസ്തോലചൈതന്യമുള്ള ഒരു മിഷ്യനറിയോ സമുദായനേതാവോ കേരളത്തിൽ ഉണ്ടാകാതെപോയി എന്നുപറയുവാൻ ഞാൻ മുതിരുന്നില്ല. എന്നാൽ ഒരേ പരമാധികാരിയുടെ കീഴിൽ ഒരേ വിശ്വാസാചാരങ്ങളിൽ കഴിഞ്ഞുകൂടിയിരുന്ന ലത്തീൻ സിറിയൻ റീത്തുകളിലെ ജനങ്ങളെ "ഹസ്തോനഹസ്തതലമാത്തസുഖം ഗൃഹീത്വാ" എന്ന മട്ടിൽ സംയോജിപ്പിച്ചു് 'സാനന്ദം സദൈക്യത്തിൽ കൊടിയാടതൻകീഴിൽ ആനയിക്കു'ന്നതിനു്—വ്യക്തിപ്രഭാവമുള്ള ഒരു ഉന്നതനേതാവു് നമുക്കില്ലാതെ പോയി എന്നു പറയാതെ തരമില്ല. അഥവാ ചിലരുണ്ടായിരുന്നു എന്നു കല്പിക്കുന്നതായാൽത്തന്നെയും അവർക്കു വിരാഗീയചിന്തയിൽനിന്നു വിട്ടുമാറുവാനുള്ള ദീഘ്ദർശിതപമുണ്ടായിരുന്നില്ലെന്നും പറയേണ്ടിവരുന്നു. അടുപ്പത്തേക്കാൾ അകൽച്ചയെ ആദരിച്ചുകൊണ്ടു മുന്നേറുവാനായിരുന്ന ഇരുഭാഗത്തുമുള്ള ഏവരുടേയും ശ്രമം. ഭാഗ്യവശാൽ നമ്മുടെ സുകൃതഫലംകൊണ്ടു് എന്നുതന്നെ പറയട്ടെ, കേരളീയർക്കായി കേരളീയനായ ഒരു കർദ്ദിനാളെ ഇന്നു നമുക്കു ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. പ്രതിഭാപ്രഭാവനും വിശാലമനസ്കനുമായ ആ മഹാപുരുഷന്റെ ഉൾക്കാഴ്ച, ചാവറയച്ചൻ സമാരംഭിച്ച സംയോജനത്തിനും, തൽഫലമായി ഉണ്ടാകാവുന്ന ഏകയോഗക്ഷേമകാം

ക്ഷണ്ണം. വഴിതെളിക്കുമെന്നു ന്യായമായും നമുക്കു പ്രതീക്ഷിക്കാം. പ്രകൃതാനുപ്രകൃതമായി വന്നുചേർന്ന ഈ അപ്രസക്തഭാഗം ഇവിടെ നിൽക്കട്ടെ.

ബഹുമാനപ്പെട്ട ചാവറയച്ചൻ സ്വജീവിതത്തിൽ നിർവ്വഹിച്ച മഹനീയ കൃത്യങ്ങൾ വിവരിക്കുവാൻ ഞാൻ മുതിരുന്നില്ല. ഒരു മാതൃകാവൈദികൻ, ആശ്രമശ്രേഷ്ഠൻ, സന്ന്യാസസഭാസ്ഥാപകൻ, സമുദായോദ്ധാരകൻ, വിദ്യാഭ്യാസപ്രവർത്തകൻ, ഗ്രന്ഥകാരൻ എന്നിങ്ങനെ വിവിധ നിലകളിൽ അദ്ദേഹം ഇന്നു പ്രകീർത്തിതനാണു്. അത്തരം കാര്യങ്ങളെപ്പറ്റിയെല്ലാം ഇന്നു മുതൽ ഇവിടെ ആരംഭിക്കുന്ന ചർച്ചകളിലും പ്രസംഗങ്ങളിലും പരാമർശിക്കപ്പെടുന്നതുമായിരിക്കും. ഇന്നത്തെ സിംപോസിയത്തിൽ, സ്മാർത്തപുരുഷന്റെ സാംസ്കാരിക പ്രവണതകളേയും പ്രവർത്തനങ്ങളേയും വിലയിരുത്തുവാനും ആധുനികഘട്ടവുമായി അവയെ ബന്ധിപ്പിക്കുവാനുമാണു് മുഖ്യമായും മുതിരുന്നതെന്നു ഞാൻ കരുതുന്നു. തൽകൃത്യനിർവ്വഹണത്തിനു സർവ്വഥാ പ്രാപ്തരായ പണ്ഡിതന്മാരാണു് ഇന്നിവിടെ സന്നിഹിതരായിട്ടുള്ളതും.

ഈ സിംപോസിയം ഉൽഘാടനം ചെയ്യുന്ന റൈറ്റു് റവ. മോൺ. ജനുവാരിയൂസു് വിചാരധീരനായ ഒരു പണ്ഡിതപ്രവരനാണു്. ദൈവദാസൻ ചാവറയച്ചന്റെ കാലടിപ്പാടുകളെ പിന്തുടർന്നു വന്നിക്കുന്ന ആ താപസേന്ദ്രനെ, ഈ സിംപോസിയം ഉൽഘാടനം ചെയ്യുവാൻ ലഭിച്ചതു് ഒരു ഭാഗ്യമായി ഞങ്ങൾ കരുതുന്നു. ഈ ചർച്ചാസമ്മേളനത്തിൽ അദ്ധ്യക്ഷം വഹിക്കുന്ന ശ്രീ സുകുമാർ അഴീക്കോടിനെപ്പറ്റി എന്താണു് ഇവിടെ പറയേണ്ടതെന്നു് ഞാൻ അറിയുന്നില്ല. അനേകം ഉത്തമവിമർശനഗ്രന്ഥങ്ങളുടെ കർത്താവും വിദഗ്ധവാഗ്മിയുമായ അദ്ദേഹം ഇന്നു കേരളത്തിൽ എല്ലാവിധത്തിലും ശ്രദ്ധേയനായിത്തീർന്നിരിക്കയാണു്. ആ പ്രതിഭാപ്രഭാവനെ ഈ യോഗത്തിന്റെ അദ്ധ്യക്ഷനായി ലഭിച്ചതിൽ ഞങ്ങൾ അഭിമാനം കൊള്ളുകയാണു്.

ചാവറക്കവിത, ചാവറകൃതികളുടെ ഉൾക്കാഴ്ച, ചാവറയച്ചന്റെ ജീവിതവീക്ഷണം, ചാവറയച്ചനും പ്രസിദ്ധീകരണവും എന്നിങ്ങനെ ചാവറയച്ചനെ മുൻനിറുത്തിയുള്ള നാലു പ്രസംഗങ്ങളാണു് അദ്ധ്യക്ഷപ്രസംഗത്തെത്തുടർന്നു നടക്കുവാൻ പോകുന്നതു്. ചാവറക്കവിതയെപ്പറ്റി പ്രസംഗിക്കുന്ന ശ്രീ സി. പി. ശ്രീധരൻ, ആയിരത്തി അഞ്ഞൂറോളം പേജുകൾ വരുന്ന ''ഇന്നത്തെ സാഹിത്യകാരന്മാർ'' എന്ന ബൃഹൽഗ്രന്ഥം ഒന്നുകൊണ്ടുതന്നെ മലയാളസാഹിത്യത്തിൽ പ്രതിഷ്ഠിതനായി കഴിഞ്ഞിരിക്കയാണു്. ചാവറകൃതികളുടെ ഉൾക്കാഴ്ചയെപ്പറ്റി പ്രസംഗിക്കുന്ന പ്രഫസർ കെ. എം. തരകൻ നോവൽ തുടങ്ങി മലയാളസാഹിത്യത്തിലെ അനേകം ശാഖകളിൽ ഗ്രന്ഥങ്ങൾ നിർമ്മിച്ചിട്ടുള്ള ഒരു പ്രതിഭാവിലാസചതുരനാണു്. എന്റെ ചിരന്തനസുഹൃത്തായ മഹാകവി, പുത്തൻകാവു മാത്തൻതരകന്റെ പുത്രനുമാണു് അദ്ദേഹമെന്നു പറയുവാൻ എനിക്കു വളരെ സന്തോഷമുണ്ടു്. അടുത്ത പ്രാസംഗികൻ തേവര കോളേജിലെ മലയാളം പ്രാസംഗികനും കൂടംബദീപം പത്രാധിപരുമായ റവ. ഫാ. ഡൊമീഷ്യനാണു്. ഏതു വിഷയവും വസ്തുനിഷ്ഠമായപഗ്രഥിച്ചു ചർച്ച ചെയ്യുവാനുള്ള അദ്ദേഹത്തിന്റെ പാടവം ഇതുപോലെയുള്ള ഒന്നിലധികം യോഗങ്ങളിൽവച്ചു് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ടു്. എന്റെ പ്രിയസുഹൃത്തായ പ്രഫസർ മാത്യു ഉലകംതറയാണു് അടുത്ത പ്രാസംഗികൻ. വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ ഒരു കവിയായി സാഹിത്യജീവിതമാരംഭിച്ച അദ്ദേഹം, ഇന്നു് നല്ലൊരു നിരൂപകനും സരസവാഗ്മിയുമായി മാറിയിരിക്കുകയാണു്. ഗദ്യ

പദ്യങ്ങളായി അരഡസനിലധികം കൃതികൾ ഇതിനകം അദ്ദേഹം കൈരളിക്കു കാഴ്ചയർപ്പിച്ചിട്ടുണ്ട്. ഉൽഘാടകൻ, അദ്ധ്യക്ഷൻ, എന്നിവരോടൊപ്പം ഈ നാല്പ പ്രാസംഗികരേയും ആഘോഷക്കമ്മറ്റിയുടെ നാമധേയത്തിൽ ഞാൻ ഹാർദ്ദമായി സ്വാഗതം ചെയ്യുകൊള്ളുന്നു.

ചാവറനഗറിലെ ദേവാലയത്തിനുള്ളിൽവച്ചു നടത്തുന്ന ഈ മഹാസദസ്സിൽ അണിനിരന്നിരിക്കുന്ന വന്ദ്യരും അഭിവന്ദ്യരും മാന്യരും ബഹുമാന്യരുമായ സദസ്യരെ എങ്ങനെയാണു് ആദരിക്കേണ്ടതെന്നു് അറിയുന്നില്ല. ഈ സമ്മേളനത്തിന്റെ ശക്തിയും പ്രൗഢിയും നിങ്ങളിലാണു് നിലകൊള്ളുന്നതു് എന്ന വാസ്തവം ഞങ്ങൾക്കു നല്ലപോലെ അറിയാം. നിങ്ങളുടെ സാന്നിദ്ധ്യവും സഹകരണവും ഞങ്ങളെ തികച്ചും ഉന്മേഷഭരിതരാക്കിത്തീർത്തിരിക്കയാണു്. ആഘോഷക്കമ്മറ്റിയുടെ പേരിൽ നിങ്ങളേവരേയും ആദരപൂർവ്വം ഞാൻ സ്വാഗതംചെയ്യുകൊള്ളട്ടെ !

Best Compliments From :

DON BOSCO TECH

VADUTHALA — COCHIN-23.

Phone : 33584

(Industrial Training Centre Affiliated to the N. C. T. V. T. of the Govt. of India)

I. T. C. Training for FITTER & TURNER

(Two year Course)

FOR

PRECISION MECHANICAL WORKS
& QUALITY FURNITURES

Greetings

from

Thomas Palathingal

Kongorpilly, Koonammavu

&

Baby Thaliyath

Puthenpally, Koonammavu

BUILDERS & CONTRACTORS

* * * * *


I. T. C. KOONAMMAVU

Built in

1964

ചാവറയച്ചൻ

ഒരു യുഗകർത്താവ്



ശ്രീ സുകുമാർ അഴീക്കോട്,
എം. എ., ബി. ടി., ബി. കോം.,
പ്രൊഫ. കാലിക്കറ്റ് യൂണിവേഴ്സിറ്റി

19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരിൽ കേരളത്തിൽ ഇന്നത്തെ മനുഷ്യരിക്കപ്പെടുന്നവരുണ്ടെങ്കിൽ 19-ാം നൂറ്റാണ്ടു മാത്രമല്ല 20-ാം നൂറ്റാണ്ടുകൂടെയും സൃഷ്ടിച്ചവരാണ് അവരെന്നു നാമോർക്കണം. ചാവറയച്ചൻ അത്തരം പൂർവ്വയുഗകർത്താക്കളായ മഹാന്മാരിൽ ഒരാളാണ്. ജീവിതത്തിന്റെ സമഗ്രതയുടെ, അവിഭാജ്യതയുടെ, പരിപൂർണ്ണതയുടെ ആചാര്യൻ എന്ന നിലയ്ക്ക് ദിവ്യനാണ് അദ്ദേഹം.

വൈദികരും കന്യാസ്ത്രീകളും ജനങ്ങളും നിറഞ്ഞ ഈ സദസ്സിനു് എന്റെ വിനീതമായ കൂപ്പുകൈ!

ഈ സദസ്സ് എനിക്കു് സാധാരണയിൽ കവിഞ്ഞ ആനന്ദം നല്കുന്നു. ഈ സമ്മേളനത്തിന്റെ ഉദ്ദേശം, ഇതിന്റെ ആസ്ഥാനം, ഈ സമ്മേളനത്തിൽ പങ്കെടുക്കുന്ന വ്യക്തികൾ ഇങ്ങനെ എല്ലാ നിലകളിലും വച്ചുനോക്കുമ്പോൾ സാധാരണ ഉണ്ടാകാത്ത ഒരനുഭവം ഈ യോഗം എനിക്കു് പ്രദാനം ചെയ്യുന്നു. ഒന്നാമതായി എന്റെ മനസ്സിനെ ആവർജ്ജിയ്ക്കുന്നതു് ദേവാലയത്തിൽവച്ചു നടക്കുന്ന ഈ സദസ്സാണ്. ഇതിനുമുൻപു് ഒരിക്കലും അനുഭവപ്പെട്ടിട്ടില്ലാത്ത ഒരു ചിത്രമാണ് അതു് എനിക്കു് നല്കുന്നതു്. സത്യത്തിൽ ഇന്നു് മൂന്നു മണിക്കു് പെയ്ത മഴ എന്തെല്ലാം കുഴപ്പങ്ങൾ സൃഷ്ടിച്ചെങ്കിലും ഞങ്ങളെപ്പോലെയുള്ളവർ ഒരു ദേവാലയത്തിൽ പ്രവേശിച്ചു എന്നുള്ള ഒരു ചാരിതാർത്ഥ്യം നകുവാനെങ്കിലും ഉപകരിച്ച നിലയ്ക്ക്, എന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സംഭവമാണ് ഇതു്. ഞാൻ ആയിരക്കണക്കിനു് പ്രസംഗങ്ങൾ ചെയ്താലും അവയിൽ തൊണ്ണൂറു് ശതമാനം മറന്നുപോയാലും ആ പ്രസംഗങ്ങളുടെ കൂട്ടത്തിൽ ഇന്നത്തെ ഈ സമ്മേളനത്തിൽ ചെയ്യപ്പെ

ട്ടത്ത പ്രസംഗങ്ങൾ ഞാൻ മറക്കുകയില്ല. അതു് സാഹചര്യത്തിന്റെ അസാധാരണതകൊണ്ടും മാഹാത്മ്യംകൊണ്ടുമാണു്.

രണ്ടാമതു് ഈ സമ്മേളനത്തിന്റെ ഉദ്ദേശവും ലക്ഷ്യവും എന്നെ വളരെയധികം ആകർഷിയ്ക്കുകയുണ്ടായി. ശതാബ്ദിയാഘോഷം എന്നു് നാം പത്രങ്ങളിൽ അടുത്ത കാലത്തു് പലപ്പോഴും വായിയ്ക്കാറുണ്ടു്. അതു കേട്ടുകേട്ടു് ആളുകൾ അതിന്റെ അർത്ഥം മനസ്സിലാക്കാറുണ്ടോ എന്നു് ഞാൻ സംശയിയ്ക്കാറുണ്ടു്. അബ്ദി എന്നാൽ കടൽ എന്നർത്ഥം. ശതാബ്ദി എന്നാൽ നൂറുകടൽ എന്നർത്ഥംവരും. ഇത്തരം വാക്കുകൾ ഉപയോഗിച്ചു് കുറെ കഴിയുമ്പോൾ ശ്രദ്ധയില്ലാതെ അതിന്റെ പ്രാഥമിക ലക്ഷ്യത്തിൽ നിന്നു് നാം അകന്നുപോകും. എഴുത്തിന്റെ അപ്പുറത്തും ഈ ശ്രദ്ധക്കുറവു് ഉണ്ടാകുന്നുണ്ടു്. ശതാബ്ദം എന്നാൽ ഒരു നൂറുകൊല്ലം. ഇവിടെ ഇപ്പോൾ പത്തഞ്ഞൂറുപേരുണ്ടു്. ഈ മുൻപിലെ നിരയിൽതന്നെ നൂറുപേരുണ്ടു്. ഇതൊരു ചെറിയ സംഖ്യയാണു്. പക്ഷെ കൊല്ലക്കണക്കിൽ പരിഗണിയ്ക്കുമ്പോൾ ഒരു ജനതയുടേയും രാഷ്ട്രത്തിന്റെയും ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാലഘട്ടമാണു്. ജനങ്ങൾ പല പരിവർത്തനങ്ങൾക്കും വിധേയമാകുന്ന ഒരു വസരം കൂടിയാണു് അതു്. അത്തരമൊരു കാലഘട്ടത്തിൽ പ്രവർത്തിച്ച ഒരു മഹാമനുഷ്യൻ എന്ന നിലയിലാണു് ചാവറയച്ചനെ നാം അനുസ്മരിക്കുന്നതു്. 1971 ആണു് ഇക്കൊല്ലം എന്നു് നാം മറക്കരുതു്. അതു മറന്നാൽ ശതാബ്ദാഘോഷത്തിനു് അർത്ഥമില്ല. 1971-നു് നൂറുകൊല്ലം മുൻപു് 1871-ൽ അദ്ദേഹം ദിവംഗതനായി. 1805-ലാണു് അദ്ദേഹം ഭൂജാതനായതു്. 19-ാംനൂറ്റാണ്ടിന്റെ ആരംഭത്തിൽ ജനിച്ചു് 19-ാംനൂറ്റാണ്ടിന്റെ മുക്കാൽ ഭാഗം കഴിയുന്ന ഘട്ടത്തിൽ അദ്ദേഹം ഭൂലോകത്തിൽനിന്നു് തിരോധാനം ചെയ്യുകയാണു് ചെയ്തതു്. നാം ഇരുപതാം നൂറ്റാണ്ടിന്റെ മുക്കാൽ ഭാഗം അവസാനിയ്ക്കുന്ന ഘട്ടത്തിൽ എത്തിച്ചേർന്നിരിയ്ക്കുന്നു. ഇന്നത്തെ ലോകം, ഭൂമിയെ മാത്രം ചുറ്റിക്കറങ്ങുന്ന ഒരു ലോകമല്ലാതെ, ആകാശത്തിലെ പ്രകാശഗോളങ്ങളെപോലും പരിരംഭണം ചെയ്യുന്ന ശാസ്ത്രത്തിന്റെ സജീവമായ വികാസംകൊണ്ടു് സമ്പന്നമായ ഒരു ലോകമാണു്. 1971-നെ സ്പർശിയ്ക്കുന്ന ഈ ലോകം 1871-ൽ ചരമമടഞ്ഞ ഒരു മനുഷ്യനെക്കുറിച്ചു് അനുസ്മരിയ്ക്കുന്നതു് ശാസ്ത്രീയമാണോ, അതു് ആധുനിക ലോകത്തിനു് യോജിച്ചതാണോ എന്നൊക്കെയുള്ള ശങ്കകൾ ഉണ്ടായിരിയ്ക്കാം. ഇരുപതാം നൂറ്റാണ്ടിലെ മനുഷ്യൻ ജീവിയ്ക്കുന്ന മനുഷ്യനായി നിലനില്ക്കണമെന്നുണ്ടെങ്കിൽ അവൻ 21-ാംനൂറ്റാണ്ടിനെപ്പറ്റി ചിന്തിയ്ക്കാതെ ഒക്കുകയില്ല. 21-ാംനൂറ്റാണ്ടിനെപ്പറ്റി മാത്രം ചിന്തിച്ചാൽത്തന്നെ മതിയാകുമോ എന്നെനിക്കു് സംശയമാണു്. അങ്ങനെ ഇരിയ്ക്കുന്ന മനുഷ്യൻ 19-ാംനൂറ്റാണ്ടിലേയ്ക്കു് തിരിഞ്ഞുനോക്കുന്നതു് യുക്തമാണോ എന്നുള്ളതു്, ചാവറയച്ചന്റെ ചരമത്തിനുശേഷം നൂറുകൊല്ലം കഴിഞ്ഞു് അദ്ദേഹത്തെ അനുസ്മരിയ്ക്കുവാൻ ഇവിടെ കൂടിയിരിയ്ക്കുന്ന ആളുകളെ നേരിട്ടുന്ന പ്രബലമായ ഒരു പ്രശ്നമാണു് എന്നു് നാം ഓർക്കേണ്ടിയിരിയ്ക്കുന്നു. അതിനെപ്പറ്റി ഉപക്രമമായി അല്പം ചില കാര്യങ്ങൾ പറഞ്ഞശേഷം തുടർന്നുവരുന്ന പ്രൗഢന്മാരായ നാല്വ ഉപന്യാസകന്മാരെ നിങ്ങളുടെ മുൻപിൽ അവതരിപ്പിക്കുകയാണു് എന്റെ ഉദ്ദേശം.

20-ാംനൂറ്റാണ്ടു് ജന്മമെടുത്തതിനുള്ള ചില കാരണങ്ങൾ ഉണ്ടു്. 19-ാംനൂറ്റാണ്ടു് കഴിയുന്നതുകൊണ്ടു് 20-ാം നൂറ്റാണ്ടു് വരുന്നു എന്നല്ല, 19-ാംനൂറ്റാണ്ടിൽ 20-ാം നൂറ്റാണ്ടു് സൃഷ്ടിക്കത്തക്ക സൃഷ്ടിപരമായ കഴിവുകൾ ഉള്ള കുറെ വ്യക്തികൾ ജനിച്ചതുകൊണ്ടു് 20-ാം നൂറ്റാണ്ടു് ഉണ്ടായി എന്നുള്ളതാണു് ശരി. 19-ാംനൂറ്റാണ്ടു്

ഇൻഡ്യയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമുള്ള ഒരു നൂറ്റാണ്ടായിരുന്നു. 19-ാംനൂറ്റാണ്ടും അതിനു മുൻപുള്ള നൂറ്റാണ്ടുമാണ് ലോകത്തിലെ പരിഷ്കൃതങ്ങളായ രാഷ്ട്രങ്ങളുടെ മുൻപിൽ, സ്വാതന്ത്ര്യം നേടിയെടുത്തിട്ട് ചങ്കൂറ്റത്തോടെ നില്ക്കുവാൻ ഇൻഡ്യയെ ശക്തമാക്കിത്തീർത്തത്. 18-ം, 19-ം നൂറ്റാണ്ടുകളിൽ ഈ രാജ്യത്തു് ഹിമാലയപർവ്വതവും മൂന്നു കടലുകളും കടന്നിട്ട് ഇവിടെ സംഭവിച്ചിരിക്കുന്ന പരിവർത്തനത്തിന്റെ ഫലമായിട്ടാണ് ഇതെല്ലാം ഉണ്ടായതെന്നു് നാം ഓർക്കണം. ഹിമാലയപർവ്വതവും കടലുകളും ലോകാരംഭംമുതൽതന്നെ ഇൻഡ്യയ്ക്കു ചുറ്റും ഉണ്ടായിരുന്നു. മാറിവരുന്നതു് ഇവിടത്തെ മനുഷ്യരായിരുന്നു. ഇൻഡ്യയിൽ കുറെ മനുഷ്യർ ഒരു പുതിയ യുഗം വരത്തക്കവിധത്തിൽ ഹൃദയത്തേയും മനസ്സിനേയും രൂപപ്പെടുത്തിയതുകൊണ്ടാണു് 20-ാം നൂറ്റാണ്ടു ജന്മമെടുത്തതു് എന്നു് നാം ഓർക്കേണ്ടിയിരിക്കുന്നു. 19-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നവരിൽ, കേരളത്തിൽ ഇന്നു് അനുസ്മരിക്കപ്പെടുന്ന വ്യക്തികൾ ഉണ്ടെങ്കിൽ, 19-ാം നൂറ്റാണ്ടു് മാത്രമല്ല, 20-ാംനൂറ്റാണ്ടുകൂടേയും സൃഷ്ടിച്ചവരാണു് അവരെന്നു് നാം ഓർമ്മിക്കണം. ചാവറയച്ചൻ കേരളത്തിലെ അത്തരം അപൂർവ്വയുഗകർത്താക്കളായ മഹാന്മാരിൽ ഒരാളാണു് എന്നു് അദ്ദേഹത്തെ അനുസ്മരിക്കുന്നതുകൊണ്ടുതന്നെ തെളിയിക്കപ്പെട്ടിരിക്കുകയാണു്. നമ്മളെല്ലാം ഇന്നു് ജീവിക്കുന്നുണ്ടു് എന്നു് നാം അഭിമാനിക്കുന്നുണ്ടല്ലോ. പക്ഷെ നമ്മുടെ ഈ അഭിമാനിക്കപ്പെടുന്ന ജീവിതത്തിന്റെ വിജയമാനദണ്ഡം വാസ്തവത്തിൽ നമ്മുടെ ഇന്നത്തെ ജീവിതമല്ല; അടുത്ത നൂറ്റാണ്ടിൽ നമ്മെ ആരെങ്കിലും അനുസ്മരിക്കുന്നുണ്ടോ, നമ്മുടെ കുടുംബത്തിൽ ആരെങ്കിലും അനുസ്മരിക്കുന്നുണ്ടോ എന്നുള്ളതിനെ ആശ്രയിച്ചിരിക്കുന്നു നമ്മുടെ ജീവിതത്തിന്റെ ഈ നൂറ്റാണ്ടിലെ നിലനിൽപ്പു് എന്നു് നാം ഓർക്കേണ്ടിയിരിക്കുന്നു. ചാവറയച്ചന്റെ ജീവിതം വളരെ ധന്യമായ ഒന്നാണു് എന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ഇക്കാലത്തു് മനുഷ്യരുടെ പടം പത്രത്തിൽ വരാറുണ്ടു്. പോലീസ് പിടിച്ചാലും പടം പത്രത്തിൽ വരാതിരിക്കില്ല. പടം വരാതിരിക്കണമെങ്കിൽ, പേരു് അച്ചടിക്കപ്പെടാതിരിക്കണമെങ്കിൽ അതു് നിങ്ങളുടെ മാഹാത്മ്യംകൊണ്ടു മാത്രമാണു്. ഇതിന്റെയൊക്കെ നടുവിലും ഈ പ്രകാശത്തിന്റെ നടുവിലും നിങ്ങൾ ഈ പ്രകാശത്തിനു് വിധേയരാകാതെ നില്ക്കുന്നതു് നിങ്ങളുടെ അത്ഭുതകരമായ മനസ്സാന്നിദ്ധ്യംകൊണ്ടും മഹിമകൊണ്ടും ആണു്. ചാവറയച്ചന്റെ കാലം അങ്ങിനെയുള്ള ഒരു കാലമായിരുന്നില്ല. അന്നു് അധികം വെളിച്ചം ഉണ്ടായിരുന്നില്ല. കാണപ്പെടാതെയുള്ള ജീവിതങ്ങൾ അന്നു് അധികമായിരുന്നു. അങ്ങനെയുള്ള ഒരു കാലഘട്ടത്തിൽ ജീവിച്ച അദ്ദേഹത്തെ 19-ാംനൂറ്റാണ്ടു മാത്രമല്ല 20-ാംനൂറ്റാണ്ടും ശ്രദ്ധയോടെ നിരീക്ഷിക്കുന്നു, പ്രതീക്ഷിക്കുന്നു എന്നുള്ളതു് അദ്ദേഹത്തിന്റെ മഹിമ തെളിയിക്കുകയാണു്. അന്നു് കേരളത്തിൽ ഒരു പ്രത്യേക പരിവർത്തനത്തിന്റെ പ്രവർത്തനം നടക്കുകയായിരുന്നു. 19-ാംനൂറ്റാണ്ടു് ഭാരതത്തെ സൃഷ്ടിക്കുന്ന മഹത്തായ ചരിത്രപരിവർത്തനം നടക്കുന്ന കാലമായിരുന്നു. ഇൻഡ്യ, ഇൻഡ്യക്കപ്പുറത്തു് മഹത്തായ ഒരു ലോകം ഉണ്ടെന്നു് ഇടക്കാലത്തുവച്ചു് മറന്നുപോയി. ഇടക്കാലത്തു് എന്നുവച്ചാൽ എ. ഡി. 18-ാംനൂറ്റാണ്ടിനു ശേഷം എന്നുപറയാം. അതു് പതുക്കെ പതുക്കെ ഇൻഡ്യയുടെ ഓർമ്മയിൽ വരുത്തിയതു് രണ്ടുമൂന്നു നൂറ്റാണ്ടിനുശേഷം ഇവിടെ നടന്ന ചില സംഭവങ്ങളാണു്. സുപ്രസിദ്ധ ചരിത്രകാരനായ കെ. എം. പണിക്കർ പറയുന്നതുപോലെ 1498 എന്ന കൊല്ലത്തിലാണു് ഈ മഹത്തായ ബോധം ഇൻഡ്യയിൽ ഉണ്ടാക്കിയ ആപ്രാത:സ്മരണീയമായ സംഭവം ഉണ്ടായതു്. 1498-ൽ ഒരു യൂറോപ്യൻ അറബി

KOONAMMAVU

GREETINGS FROM :-

Friends Association

K. C. M. Buildings
Hospital View

Jai Hind Medical Stores

Church View

Bright Industries

Specialists in:

Religious articles—Various kinds of medals, lockets, crucifixes, Rosaries, scapulars, host baking and cutting machines.

VALLUVALLY

CHAKIETH STORES

For religious articles
&
Stationary goods

Market & Hospital Roads

St. Mary's Oil, Flour & Rice Mills

T. J. Varghese & Sons

Thekkinedath,
Market Road.

KERALA TEXTILES

നവീന
തുണിത്തരങ്ങൾ
മിതമായവിലയ്ക്ക്
നല്കുന്ന
മികച്ച സ്ഥാപനം.


MARKET ROAD

ക്കടലിലൂടെ ധൈര്യത്തോടെ കപ്പലോടിച്ച് കേരളക്കരയിൽ വന്നു് ഇവിടത്തെ മനുഷ്യരുമായി ബന്ധപ്പെട്ട. അദ്ദേഹം ഒരു ചെറിയ വഴികാട്ടിയായിരുന്നു. എല്ലാം അടച്ചിട്ടിരുന്ന ഒരു കെട്ടിടത്തിൽ എങ്ങിനെയോ ഭിത്തിയിൽ ഒരു വിള്ളലുണ്ടായി. വെളിച്ചം കാണാതെ വിഷമിച്ചിരുന്ന ഒരു കൊച്ചുകുഞ്ഞു് ഭിത്തിയിൽ ഉണ്ടായ ആ വിള്ളലിലൂടെ എങ്ങിനെ ശ്വാസവും വെളിച്ചവും ആവേശത്തോടെ വലിച്ചെടുക്കുമോ, അങ്ങിനെ ചരിത്രഭിത്തിയിൽ ഉണ്ടായ വിള്ളലിലൂടെ ഇൻഡ്യ പുതുജീവൻ, പുതിയ വായു, പുതിയ വെളിച്ചം, പുതിയ ചൈതന്യം ഉൾക്കൊണ്ട. അതിൻെറ ഫലമായി വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. 100 കൊല്ലം കഴിഞ്ഞപ്പോൾ വമ്പിച്ച പരിവർത്തനങ്ങൾ ഉണ്ടായി. അതോടെ കേരളത്തിലെ ക്രിസ്ത്യാനികളും പരിവർത്തനങ്ങൾക്കു് വിധേയരായി. ഉദയംപേരൂർ സൂനഹദോസു് വിളിച്ചുകൂട്ടി. ക്രിസ്ത്യാനികളുടെ ആചാരങ്ങളിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുക എന്ന ഉദ്ദേശമാണു് ആ സമ്മേളനത്തിൽ നടന്നതെങ്കിൽ, 16-ാം നൂറ്റാണ്ടിൽ അതിനു് മറെറാരു ഫലമുണ്ടായി. പാശ്ചാത്യഭാഷയിൽ എഴുതപ്പെട്ട ആ ആചാരങ്ങൾ മലയാളത്തിൽ വിവർത്തനം ചെയ്യപ്പെട്ട. അതു് മലയാളഗദ്യത്തിലായിരുന്നു. ഇന്നു കേൾക്കുന്നതും സംസാരിക്കുന്നതുമായ ഗദ്യഭാഷയുണ്ടല്ലോ, അതിന്റെ പ്രാഥമികരൂപം ആ ഗദ്യമാണു്. ഞാൻ ഈ സൂചിപ്പിക്കുന്നതു് വിദേശങ്ങളുമായുണ്ടായ സമ്പർക്കം പതുക്കെ ചൈതന്യത്തിൻെറ പല ഒഴുക്കുകൾക്കും കാരണമായി എന്നാണു്. അതിൽ അതിപ്രധാനമായ ഒരു ഒഴുക്കാണു് നാം സംസാരിക്കുന്ന ഗദ്യഭാഷ. ഈ ഗദ്യത്തെ പോഷിപ്പിക്കുവാൻ 17-ാം, 18-ാം, 19-ാം നൂറ്റാണ്ടുകളിൽ ശക്തമായ പ്രവർത്തനം ഇവിടെ നടക്കുകയുണ്ടായി. ഈ പ്രവർത്തനങ്ങളുടെ നേതൃത്വം ആരുടെ കൈയിലാണെന്നു് ചോദിച്ചാൽ എന്തെല്ലാം പക്ഷപാതങ്ങളും സങ്കുചിതങ്ങളുമായ മറുപടികൾ 20-ാം നൂറ്റാണ്ടിലെ കേരളീയർക്കു് ഉണ്ടായാലും, കേരളക്രൈസ്തവവൈദികരാണു് ഇതിനു് മഹത്തായ നേതൃത്വം. സാരഥ്യം, കൊടുത്തതെന്നുള്ളതു് നിഷേധിക്കാൻ പററാത്ത ചരിത്രസത്യമാണു്. അക്ഷരത്തിൽ അനേകം അനുസ്മരിക്കപ്പെടേണ്ട വ്യക്തികൾ ഉണ്ടായി. പണ്ടു് ഒരു കവി പറയുകയുണ്ടായി ''നീയാം തൊട്ടകുറികളകായ്ക്കുന്ന മേഘാങ്കുളിക്കുന്നേരത്തിന്നിപ്പുറം വിക്രമന്മാവര, ധരാഹന്തകല്പാന്തതോയേ'' എന്നു്. പ്രളയകാലത്തു് ഈ ഭൂമി മുങ്ങുന്ന അവസരത്തിൽ അല്ലാതെ അങ്ങാകുന്ന ഈ തൊട്ടിരിക്കുന്ന തിലകം മാഞ്ഞുപോകാതിരിയ്ക്കട്ടെയെന്നു്. അത്തരം സൂതികൾക്കു് ഏററവും യോജിക്കുന്ന വ്യക്തികൾ ഈ വൈദേശികപ്രാദേശികവൈദികരിലുണ്ടായി. ഒന്നു് ഹെർമൻ ഗുണ്ടർട്ടു്. അദ്ദേഹത്തിൻെറ നിഘണ്ടുവാണു് എന്നെപ്പോലെയുള്ള വിനീതരായ സാഹിത്യകാരന്മാർക്കു് സംശയനിവാരണത്തിനു് ഉപകരിക്കുന്നതു്. ബെയ്ലി മറെറാരു നിഘണ്ടു നിർമ്മിച്ചു. അതിനുവേണ്ടി വിദേശയന്ത്രങ്ങൾ ഇറക്കുമതിചെയ്തതുകൂടാതെ അദ്ദേഹം മരത്തിൻെറ അച്ചുണ്ടാക്കി. എന്തൊരു അവിസ്മരണീയമായ സംഭവം എന്നു് ഓർമ്മിക്കണം. എനിക്കു് ഈ ചരിത്രസംഭവങ്ങൾ അനുസ്മരിക്കുമ്പോൾ ഓർമ്മവരുന്നതു് രാമായണത്തിലുള്ളൊരു കഥയാണു്. ശ്രീരാമൻെറ പടയ് സീതാന്വേഷണത്തിനായി ലങ്കയിലേയ്ക്കു് കടന്നുപോകേണ്ടിവന്നപ്പോൾ, ഒരു സേതു പണിയേണ്ട അവസരം ഉണ്ടായി. അപ്പോൾ കൊച്ചുജീവികളായ അണ്ണാറക്കണ്ണന്മാർ മണലിൽ പോയി ഇരുന്നിട്ടു് സേതു പണിയുന്നിടത്തു ചെന്നു് കൂഞ്ഞു് തങ്ങൾക്കു ചെയ്യാവുന്ന സഹായം ചെയ്യ എന്നു പറയുന്നു. ഇതൊരു കഥയാണു്. നൂറു കൊല്ലംകൊണ്ടു് ഇത്തരം കഥ ഇവിടെ നടക്കുകയുണ്ടായി. ഇവിടെ ഈ വ്യക്തി

കൾ ഈ അണ്ണാറക്കണ്ണന്മാരെപ്പോലെ വളരെ വിനീതമായി, വളരെ നിരന്തരമായി ആത്മവിശ്വാസത്തോടെ പ്രവർത്തിച്ചു. മരത്തിൽ അച്ചുകൾ ഉണ്ടാക്കിയിട്ട് ഗ്രന്ഥങ്ങൾ അച്ചടിക്കാൻ ശ്രമിച്ചു എന്നുപറഞ്ഞാൽ നമുക്ക് ചിന്തിക്കവയ്യ. ഇന്നത്തെ വലിയ പ്രസ്സുകൾ, മണിക്കൂറിൽ 6000-ത്തോളമോ, 8000-ത്തോളമോ വലിയ പത്രങ്ങൾ അച്ചടിയ്ക്കുന്ന മാതൃഭൂമിയുടേയും മനോരമയുടേയും കുറ്റൻ റോട്ടറി പ്രസ്സുകൾ ഇരമ്പുന്ന കേരളത്തിലെ, 1971-ന്റെ അന്തരീക്ഷത്തിൽ, കോട്ടയത്ത് ഒരു ചെറിയ മുദ്രണാലയം ഉണ്ടാക്കാൻ ജീവിതം മുഴുവൻ ഒരു മഹാതപസ്യ അനുഷ്ഠിച്ചു എന്നുള്ളതു് 100 കൊല്ലങ്ങൾക്കിപ്പുറത്തു് വിശ്വസിക്കാൻ കഴിയാത്ത തരത്തിൽ അവിസ്മരണീയമായ ഒരു ഇതിഹാസമായി രൂപാന്തരപ്പെട്ടിരിക്കുകയാണു്. നാം ഇന്നു് അനുസ്മരിക്കുന്ന ചാവറയച്ചൻ ഏതാണ്ടു് അതിനോടു് കിടനില്ക്കുന്ന പ്രവർത്തനങ്ങൾ ചെയ്ത ഒരു വ്യക്തിയാണു്. അദ്ദേഹം ഇവിടെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളും അതുപോലുള്ള ക്രൈസ്തവവൈദികതത്വങ്ങളും ഉൾക്കൊള്ളുന്ന ഗ്രന്ഥങ്ങളും പ്രസിദ്ധീകരിക്കുവാൻ ശ്രമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ജീവിതം നിരന്തരമായ ഒരു കർമ്മസാധനയായിരുന്നു. എങ്ങനെ ഒരു മനുഷ്യനു് നിരന്തരമായ കർമ്മസാധനയായി ജീവിതത്തെ രൂപാന്തരപ്പെടുത്തി പ്രവർത്തിക്കുവാൻ സാധിക്കും. ഒരു മനുഷ്യൻ നിരന്തരമായി പ്രവർത്തിക്കണമെങ്കിൽ അവനു് മഹത്തായ ഒരു ലക്ഷ്യം വേണം. ഒരു കൂമി ലക്ഷ്യമില്ലാതെ ആവേശത്തോടെ ഉരുളുന്നതുപോലെയുള്ള പ്രവർത്തനമല്ല അതു്. ഉദാഹരണത്തിനു് അച്ചുകൂടത്തിന്റെ കാര്യം എടുക്കാം. 19-ാംനൂറ്റാണ്ടിൽ മരത്തിൽ അച്ചുവാർത്തു് അച്ചുകൂടമുണ്ടാക്കി. ഇന്നാകട്ടെ ഞാൻ മുൻപ്രസ്താവിച്ചതുപോലെ മണിക്കൂറിൽ 6000, 8000 കോപ്പികൾ അടിച്ചു് മടക്കി വീട്ടിലെത്തിക്കുന്നു. മനുഷ്യൻ നിരന്തരമായി ലക്ഷ്യബോധത്തോടെ പ്രവർത്തിക്കണമെങ്കിൽ ഒരു കാര്യം ആവശ്യമാണു്. മനുഷ്യനു് അതീതമായ ഒന്നിൽ വിശ്വസിക്കാതെ സാദ്ധ്യമല്ല. ഇതു് ലോകത്തിലെ വലിയ ചിന്തകന്മാർ, നാസ്തികരായ ചിന്തകന്മാർ പോലും, സമ്മതിച്ചിട്ടുള്ള കാര്യമാണു്. മനുഷ്യൻ മനുഷ്യനിൽ മാത്രം വിശ്വസിച്ചുകൊണ്ടു് അവനെ രക്ഷിക്കുക സാദ്ധ്യമല്ല. മിക്കവാറും നാസ്തികനായ ബർട്രാൻറ് റസ്സൽ, മനുഷ്യൻ ഈ ലോകത്തിൽ പ്രയോജനപ്പെടത്തക്കവിധത്തിൽ എന്തെങ്കിലും ചെയ്യണമെങ്കിൽ തന്നെ വിസ്മരിക്കാതെ ആവില്ല എന്നുപറയുന്നു. നമ്മുടെ ജീവിതത്തിന്റെ വലിയ തടസ്സം ജീവിതത്തിന്റെ പരിമിതിയാണു്. അതിന്റെ ഉപകരണം എന്നുള്ളതാണു്. ജീവിതത്തിന്റെ ഉകരണംതന്നെ ജീവിതത്തിന്റെ പരിമിതിയും ആണു്. ഇതാണു് മനുഷ്യജീവിതത്തിന്റെ ഏറ്റവും വലിയ ദുരവസ്ഥ. ജീവിതമാകുന്ന ഉപകരണത്തെ ജീവിതത്തിന്റെ പരിമിതിയല്ലാതെ ആക്കിമാറ്റുവാൻ ചാവറയച്ചനു് കഴിഞ്ഞു. എല്ലാ മഹാന്മാരും മഹത്വത്തിലേയ്ക്കു് ഉയരുന്നതു് ഇങ്ങിനെയാണു്. മഹാത്മാഗാന്ധി, ഫ്രാൻസിസ് അസീസ്സി തുടങ്ങിയവരെ ഉദാഹരണമായി എടുക്കാം. ഈ പ്രവർത്തനത്തിന്റെ വൈദികാംഗീകാരമാണു് ചാവറയച്ചന്റെ ദൈവദാസൻ എന്ന പദവി. എല്ലാത്തിന്റെയും പരമദാസ്യത്തിന്റെ പേരാണു് ദൈവദാസ്യം. ഇതിനു് പുതിയ തത്വശാസ്ത്രത്തിൽ ദൈവത്തിന്റെ ദാസനാണു് മനുഷ്യരുടെയല്ല എന്നു പറയുന്നുണ്ടു്. എന്നാൽ മനുഷ്യരുടെ ദാസനാണു് ദൈവത്തിന്റെ ദാസനാവുക. അതുകൊണ്ടു് ഈ മഹത്തായ സംജ്ഞ അദ്ദേഹത്തിനു് അനുയോജ്യമാണു്. ഉപനിഷത്തുകളിൽ പറയാറുണ്ടു്: അല്ലയോ ദൈവമേ നീ വടികുത്തി വൃദ്ധനെപ്പോലെ സഞ്ചരിക്കുന്നു. 'ത്വം സ്ത്രീ, ത്വം പുമാൻ, ത്വം

കുമാരൻ, തവം കുമാരി', നീ സ്ത്രീയാണു്, നീ പുരുഷനാണു്, നീ കുമാരനാണു്, നീ കുമാരിയാണു് എന്നും മറും പറയാറുണ്ടു്. ഈശ്വരനെ മനുഷ്യരൂപത്തിൽ മാത്രമേ കാണുവാൻ കഴിയുള്ളു എന്നു് സാരം. ഈ അവസരത്തിൽ മനുഷ്യനു് വളരെയേറെ ചെയ്യുവാൻ കഴിയും. കാഴ്ചയില്ലാത്തവനു് കാഴ്ചകൊടുക്കുക, സഹായം അർഹിക്കുന്നവരെ സഹായിക്കുക. ആ അവസരത്തിലാണു് മൻപ്രസ്താവിച്ച ജീവിതത്തിന്റെ പരിമിതി നിഷ്ക്കാസനംചെയ്യപ്പെടുന്നതു്. ജീവിതത്തിൽ സമ്പൂർണമായ പ്രകാശം പതുക്കെ ഇറങ്ങിവരുകയും ദീപ്തി പരത്തുകയുംചെയ്യുന്നു. അത്തരമൊരു ജീവിതമാണു് ചാവറയച്ചന്റേതു്. വാക്കു്, മനസ്സു്, പ്രവൃത്തി എന്നീ ത്രിവിധ ഉപകരണങ്ങൾകൊണ്ടു് അദ്ദേഹം ദൈവത്തെ സ്നേഹിച്ചു—മനുഷ്യനെ സേവിച്ചു. താനിരിയ്ക്കുന്ന ഇരുട്ടുനിറഞ്ഞ ഒരു ലോകത്തിൽ പ്രഭാപൂർണ്ണമായ ഒരു ജീവിതമാണു് അദ്ദേഹം നയിച്ചതു്. മതം എന്നു പറയുന്നതു് ഇതാണു്. ഇന്നു് ആളുകൾ ജനസേവനത്തിനെന്നും പറഞ്ഞു് ഓടിനടക്കുന്ന കാലമാണു്. കക്ഷത്തിൽ ഒരു ബാഗും പിടിച്ചു് ജനസേവനത്തിനു് തിരുവനന്തപുരത്തു് പോകുന്നു. അവന്റെ വീടിനു ചുറും മനുഷ്യൻ കഷ്ടപ്പെടുകയും, അതു കാണാതെ തിരുവനന്തപുരത്തു ജനസേവനത്തിനു് പോകുകയും ചെയ്യുന്ന ഈ യുഗത്തിൽ, താനിരിയ്ക്കുന്ന ഇരുട്ടുനിറഞ്ഞ ലോകത്തിൽ പ്രകാശം കൊളുത്തുക എന്നുള്ളതാണു് ജനസേവനത്തിന്റെ ആദിയും, മദ്ധ്യവും, അന്തവും പ്രഥമവുമായ തത്വം എന്നു് നൂറുകൊല്ലത്തിന്റെ പ്രശാന്തമായ ജീവിതത്തിൽനിന്നു് നമ്മെ ഇന്നും അനുയോജ്യമായ വിധത്തിൽ അനുസ്മരിപ്പിയ്ക്കുന്ന ചാവറയച്ചന്റെ സ്മരണ, കേരളത്തിനു് സമുദായപരമായും, ജനതാപരമായും, സാഹിത്യപരമായും, ചൈതന്യപരമായും വിസ്മരിക്കാൻ സാദ്ധ്യമല്ലാത്ത പ്രഭാപൂരമായ ജീവിതമാകുന്നു എന്നു് നാം ഓർമ്മിയ്ക്കേണ്ടിയിരിയ്ക്കുന്നു. അങ്ങനെ അദ്ദേഹം സർവ്വക്കും ആരാധ്യനാണു്. അദ്ദേഹത്തിന്റെ സ്മരണയ്ക്കുമുൻപിൽ ഇവിടത്തെ വൈദികരും മറും സുഗന്ധികളായ പുഷ്പങ്ങൾ ആത്മാർത്ഥത നിറഞ്ഞ സ്വന്തം വികാരങ്ങൾകൊണ്ടു് അർപ്പിയ്ക്കുമ്പോൾ കേരളത്തിന്റെ സാഹിത്യകാരന്മാരും അദ്ദേഹത്തെ അനുസ്മരിയ്ക്കുവാൻ വന്നിരിയ്ക്കുകയാണു്. ഇന്നു് കേരളത്തിലെ സാഹിത്യകാരന്മാർ ഗദ്യമായും പദ്യമായും ഉപയോഗിയ്ക്കുന്ന സമൃദ്ധമായ അവരുടെ മലയാളഭാഷ എന്ന ഉപകരണമുണ്ടല്ലോ. ആ ഭാഷയെ ഏറാവും സമ്പന്നമാക്കാൻവേണ്ടി ദിവ്യമായ അദ്ദേഹത്തിന്റെ പ്രവർത്തനത്തിന്റെ നടവിലും ലഭിച്ച ഒഴിവുസമയം ഉപയോഗിക്കുകയും പ്രയോഗിയ്ക്കുകയും ചെയ്ത വ്യക്തിയുടെ മുൻപിൽ അവർ ആദരാഞ്ജലികൾ അർപ്പിയ്ക്കുകയാണു്. ഈ എഴുത്തുകാരൻ, എഴുത്തുകാരൻ എന്നു പറയുന്നവർ എഴുത്തുകാരായി ജനിയ്ക്കുന്നവരൊന്നുമല്ല. പാവപ്പെട്ടവനെ പരിസേവിയ്ക്കുവാൻ തുടങ്ങുന്ന അവസരത്തിൽ നിങ്ങളുടെ കാല്പാടുകൾ സാഹിത്യത്തിന്റെയും ഭാഷയുടേയും വേദിയിൽ പതുക്കെ പതിയുമ്പോൾ അതു് സാഹിത്യത്തിന്റെ രൂപമായി മാറും. അല്ലാതെ ഇതിനു് വലിയ അതിർവരമ്പൊന്നും കല്പിച്ചിട്ടില്ല. ആവിലായിലെ സെൻറു് തെരേസയെ അനുസ്മരിയ്ക്കുന്നതിനുവേണ്ടിരണ്ടുമൂന്നു മാസം മുൻപു് എറണാകുളത്തു് വമ്പിച്ച ആഘോഷങ്ങൾ നടക്കുകയുണ്ടായി. ഒരു ഇരുട്ടുനിറഞ്ഞ ദേവാലയത്തിൽ ശ്വാസോച്ഛ്വാസംപോലെ ദൈവവിശ്വാസം നടത്തിയിരുന്ന ഒരു വ്യക്തിയുടെ പ്രാർത്ഥനാകൃതികൾ ഇന്നു് അനശ്വരങ്ങളായ സാഹിത്യങ്ങളായി വാഴ്ത്തപ്പെടുകയാണു്. ജീവിതത്തിന്റെ പരിപൂർണ്ണതയിൽനിന്നു്, സമഗ്രതയിൽനിന്നു് ജീവിതത്തിനു് ഒരു സുഗന്ധമുണ്ടാകുന്ന അവസരത്തിൽ അതു് വാക്കിലൂടെ ആവിഷ്കരിയ്ക്കപ്പെടുമ്പോൾ അതു് സാഹിത്യവും കർമ്മത്തിലൂടെ ആവിഷ്കരിയ്ക്കു

പ്പെട്ടപ്പോൾ അതു് ദിവ്യതയും ആയിത്തീരുന്നു എന്നു് ഓക്കേഞ്ഞെടിയിരിയ്ക്കുന്നു. ഇവിടെ ഈ ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും വലിയ അപകടം ഡോ. രാധാകൃഷ്ണൻ പറയുന്നതുപോലെ ഇവിടെ മനുഷ്യന്റെ ആത്മാവിനെ അണുവിലേയ്ക്കു് വിഭജിച്ചിരിയ്ക്കുന്നു എന്നതാണു്. പക്ഷെ അണുവിലേയ്ക്കു് വിഭജിച്ചിരിയ്ക്കുന്നു എന്നതു് ഒരു പ്രശംസയാണെങ്കിൽ, ഇരുപതാം നൂറ്റാണ്ടു് ഒരു ചീത്ത നൂറ്റാണ്ടാണു്. എന്തുകൊണ്ടെന്നാൽ 20-ാംനൂറ്റാണ്ടു് മനുഷ്യന്റെ ആത്മാവിനെ വിഭജിച്ചിരിയ്ക്കുന്നു. എന്നുവച്ചാൽ സമഗ്രമായ ജീവിതംകൊണ്ടു് ഈ ലോകത്തു് നാം ചെയ്യേണ്ട പ്രവർത്തനങ്ങളെ കല്ലറകളായി തിരിച്ചുകൊണ്ടു് നാം രാഷ്ട്രീയ ജീവിതമെന്നും, സാമൂഹ്യജീവിതമെന്നും, സാംസ്കാരികജീവിതമെന്നും ഭിത്തികൾ കെട്ടിക്കൊണ്ടു് മനുഷ്യജീവിതത്തെ കല്ലറകളാക്കിതീർത്തതിന്റെ ഫലമായിട്ടാണു് ഇന്നു് മനുഷ്യൻ പരസ്പരം നോക്കുന്ന അവസരത്തിൽ അപരിചിതരായിതീരുന്നതു്. ജീവിതത്തിന്റെ സമഗ്രതയുടെ, അവിഭാജ്യതയുടെ, പരിപൂർണ്ണതയുടെ ആചാര്യൻ എന്ന നിലയ്ക്കു് ദിവ്യനാണു് ചാവറയച്ചൻ എന്നു് നാം അനുസ്മരിയ്ക്കുണം. അദ്ദേഹത്തിന്റെ ജീവിതത്തിലെ വർണ്ണശബളമായ വിഭിന്നതലങ്ങൾ ഇന്നും, നാളെയും, മറ്റൊരാളുമായി ഇവിടെ നടക്കുന്ന പരിപാടികളിലൂടെ പരിപൂർണ്ണമായി അനാവരണം ചെയ്യപ്പെടും. പത്തൊൻപതും ഇരുപതും നൂറ്റാണ്ടുകളുമായി ബന്ധിപ്പിച്ച അദ്ദേഹത്തിന്റെ സാമൂഹ്യമായ ജീവിതത്തെപ്പറ്റി പറയുക എന്നതിൽ കവിഞ്ഞു് ഞാൻ എന്തെങ്കിലും ഇവിടെ ചെയ്യുന്നതു് ശരിയാകുകയില്ല. പ്രത്യേകിച്ചു് ഒരു പ്രകൃതികോപം ഉണ്ടായ ഈ അവസരത്തിൽ, ഇനി മനുഷ്യകോപം ഉണ്ടാകാതെ അവസാനിപ്പിയ്ക്കുന്നതാണു് നല്ലതു്. ഇപ്പോൾ അധികം പറയാതിരിയ്ക്കുന്നതുതന്നെ, അദ്ദേഹത്തിന്റെ ജീവിതത്തോടുള്ള ആദരാഞ്ജലി അർപ്പിയ്ക്കലാവും.



The St. Antony's Union, Valluvally

S. No. ER. 3 of 1965

Kunammavu P. O.

മാസച്ചിട്ടികൾ—ചതുർമാസ ചിട്ടി—വിവാഹ സഹായനിധി—പണയ എടപാടുകൾ—സ്ഥിരം ഡിപ്പോസിറ്റുകൾ—കറന്റ് ഡിപ്പോസിറ്റുകൾ—എസ്സ്. ബി. അക്കൗണ്ടുകൾ മുതലായ എല്ലാവിധ പണ എടപാടുകൾ കൃത്യമായും വിശ്വാസയോഗ്യമായും നടത്തുന്നു. ചിട്ടികൾക്കു് അഡ്വാൻസായി പണംകൊടുക്കുകയും കൈകണക്കിന്മേൽ പണയമായി പലിശയ്ക്കു് സംഖ്യകൊടുക്കുകയും ചെയ്യുന്നു.

SECRETARY

ചാവറ കൃതികൾ

(സി. പി. ശ്രീധരൻ, കേരള സാഹിത്യ അക്കാഡമി മെമ്പർ)

മഹത്തരങ്ങളായ സാഹിത്യകൃതികൾ ഉണ്ടാകണമെങ്കിൽ മഹത്തരങ്ങളായ ജീവിതങ്ങൾ അനിവാര്യമാണു്. മലയാളസാഹിത്യം ബാഹ്യസൗന്ദര്യത്തിലും, രൂപഭംഗിയിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഒരു കാലത്തു് ആത്മസൗന്ദര്യത്തിലും ആത്മവിശുദ്ധിയിലും മികച്ച കവിതകളെ മലയാളത്തിന്റെ ജീനിയസ്സിൽ പകർത്തിക്കൊണ്ടു് രംഗപ്രവേശനംചെയ്ത ഒരു യോഗാത്മക കവിയായിരുന്ന കുര്യാക്കോസ് ഏലിയാസച്ചൻ. ജനങ്ങളെ ക്രിസ്തുമതത്തിലേയ്ക്കു് കൊണ്ടുവരിക എന്നതിൽ കവിഞ്ഞു് ക്രിസ്തുവിനെ ജനങ്ങളിലേയ്ക്കു് കൊണ്ടുവരിക എന്നതായിരുന്ന ചാവറ കൃതികളുടെ ലക്ഷ്യം.

ഒരു പള്ളിക്കുത്തുവച്ചു് പ്രസംഗം ചെയ്യുക എന്ന അനുഭവം അദ്ധ്യക്ഷൻ പറഞ്ഞതുപോലെ ഇതു് ആദ്യത്തേതാണു്. അതുകൊണ്ടു് ഒരുവൻ കാര്യത്തെക്കുറിച്ചു് പ്രസംഗിയ്ക്കുമ്പോൾ സാധാരണ ഉണ്ടാകാറുള്ള ആവേശം അപ്രസക്തവും അനാവശ്യവുമാണെന്നു് എനിയ്ക്കറിയാം. പ്രത്യേകിച്ചു് ചാവറ കുര്യാക്കോസച്ചനെപോലെ ആത്മശുദ്ധികൊണ്ടു് കേരളത്തിലെ സാംസ്കാരിക ജീവിതത്തിൽ നിത്യസ്മരണീയനായിത്തീർന്ന ഒരു പുണ്യാത്മാവിന്റെ നേട്ടങ്ങളെ—കാവ്യപരമായ സിദ്ധികളെ—വിലയിരുത്തുന്ന ഒരവസരത്തിൽ (അതു് തീരെ അപ്രസക്തമാണെന്നും പറയേണ്ടിയിരിയ്ക്കുന്നു:)

സാധാരണയായി കവിത, സാഹിത്യം എന്നൊക്കെ പറയുമ്പോൾ, ഇന്നു് പ്രത്യേകിച്ചു് (ഈ അടുത്ത കാലത്തുണ്ടായിട്ടുള്ള സാഹിത്യകൃതികളെക്കുറിച്ചു് പറയുമ്പോൾ) കേൾക്കാറുള്ള ഒരു പരാതി ഉത്തമങ്ങളായ, മഹത്തരങ്ങളായ സാഹിത്യകൃതികൾ ഉണ്ടാകുന്നില്ല എന്നതാണു്. ഈ പരാതി ഉന്നയിയ്ക്കുന്നവർ ഇക്കാലത്തു് മഹത്തരങ്ങളായ ജീവിതങ്ങൾ ഉണ്ടാകുന്നില്ല എന്ന കാര്യം വിസ്മരിയ്ക്കുന്നു. മഹാത്മാഗാന്ധിയോടു് ഒരിയ്ക്കൽ ദിലീപു് കുമാർ ചൗധരി ചോദിയ്ക്കുകയുണ്ടായി, "സ്വാമിൻ, ആരാണു് മഹാനായ കലാകാരൻ" എന്നു് അദ്ദേഹം മറുപടി പറഞ്ഞു, "ആരാണു് നിർമ്മലമായ, ഉത്തമമായ, സുന്ദരമായ ജീവിതം നയി

ുന്ന ആൾ, അദ്ദേഹമാണ് എന്റെ നോട്ടത്തിൽ മഹാനായ കലാകാരൻ'' എന്ന്. അങ്ങനെ നോക്കുമ്പോൾ സുന്ദരവും നിമ്നലവുമായ ജീവിതംകൊണ്ട് മലയാളകവികളിൽ അത്യുത്തമസ്ഥാനം അവകാശപ്പെടാവുന്ന ഒരു വ്യക്തിയത്രെ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ എന്ന് സംശയലേശമെന്യേ പറയാവുന്നതാണ്. സാധാരണയായി അലങ്കാരങ്ങളും വർണ്ണനകളും തന്റെ ആത്മാവില്ലാത്തതായ സൗരഭ്യവും സൗകുമാര്യവും മറ്റും കവിതയുടെ ബാഹ്യസ്വരൂപത്തിൽ നിന്നിച്ചുകൊണ്ടാണ് അതു് ജനാകർഷകമാക്കാൻ കവികൾ ശ്രമിക്കുന്നതു്. എന്നാൽ ചാവറ അച്ചനെപോലുള്ള ബുദ്ധിമാന്മാരായ, സിദ്ധന്മാരായ ആളുകൾ–നമുക്കവരെ മിസ്റ്റിക്കുകൾ എന്നു വേണമെങ്കിൽ വിളിക്കാം–(അങ്ങനെയുള്ളവർ) ഈ ബാഹ്യസ്വരൂപംകൊണ്ടല്ല, രൂപഭംഗികൊണ്ടല്ല, സ്വന്തം ആത്മാവിന്റെ വിശുദ്ധിയും സൗന്ദര്യവുംകൊണ്ടാണ് കവിതയെ ഹൃദ്യവങ്ങളാക്കാൻ ശ്രമിക്കുന്നതു്. അവയെ ആത്മവിശുദ്ധിയുടെ കവിതയെന്നു് വിശേഷിപ്പിക്കാം. ചാവറയച്ചൻ കാവ്യരചന നടത്തിയ 19-ാംനൂറ്റാണ്ടിൽ നമ്മുടെ സാഹിത്യരംഗത്തു് മിക്കവാറും കൊട്ടങ്ങല്ലൂർ തമ്പുരാക്കന്മാരും വെണ്മണി നമ്പൂതിരിമാരും കാവ്യവ്യാപാരം ചെയ്തിരുന്ന ഒരു കാലമായിരുന്നു. പ്രൊഫസർ മുണ്ടശ്ശേരി പറഞ്ഞതുപോലെ വെണ്മണി നമ്പൂതിരിമാരുടെ മുഖ്യതൊഴിൽ തേവാരവും ശൃംഗാരവും ആയിരുന്നു. മറ്റൊരു തരത്തിൽ പറഞ്ഞാൽ കവിതയുടെ രൂപസൗന്ദര്യത്തിലും ബാഹ്യസൗന്ദര്യത്തിലും ശ്രദ്ധ കേന്ദ്രീകരിച്ചിരുന്ന ഒരു കാലഘട്ടത്തിലാണ് ആത്മസൗന്ദര്യത്തി



മാധവ ബാലപീയൂഷം

ഗ്രഹണി, കൃഷ്ണൻ, ബാലപീഡ, കൃമിരോഗം മുതലായ എല്ലാ ബാലരോഗങ്ങളിൽ നിന്നും പരിരക്ഷ നൽകി കുഞ്ഞുങ്ങൾക്ക് ആരോഗ്യവും തേജസ്സും പുഷ്ടിയും നല്കുന്ന ഉത്തമ ടോണിക്ക്. 400 M.L. 200 M.L.

മാധവ ബാലജീവനം

ശിശുക്കൾക്ക് സുഖശോധനയും രക്തശുദ്ധിയും ഉള്ള വിശേഷ വിരേചന തൈലം. 10 M.L.

മാധവ മാഹിഷദ്രാവകം

(മഹാരാസ്നാദി മരുന്നുകൾ ചേർത്ത് തയ്യാർ ചെയ്തത്)
കൈകാൽ മരവിപ്പ്, സന്ധിവേദന, വാതക്കടുപ്പിൽ മുതലായ എല്ലാവിധ വാതരോഗങ്ങൾക്കും വിശേഷം. 600 M.L.
(എല്ലാ പ്രധാന മരുന്നുഷാപ്പുകളിൽനിന്നും ലഭിക്കുന്നു)

SREEMAN

PHONE 7267 32638 33097

മാധവ ഫാർമസ്യൂട്ടിക്കൽ ലാബറട്ടറീസ്
H.O. ജയസൌധം എറണാകുളം കൊച്ചിൻ-18
ഗവേണിംഗ് ഡയറക്ടർ: പൊരുതിയിൽ നാരായണൻ വൈദ്യർ

STOCKISTS :—M/s. രത്നം & കൊ., നടരാജൻ കൊ., സൂരാജ് മെഡിക്കൽസ്–ആലുവ, Dr. മേനോൻ ബ്രദേഴ്സ്, രാജൻ ഡ്രഗ് ഹൌസ്, ബാലു മെഡിക്കൽസ്–N. പറൂർ.

ന്റെയും ആത്മവിശുദ്ധിയുടെയും കവിതയുമായി ചാവറയച്ചൻ മലയാളസാഹിത്യവേദിയിലേയ്ക്ക് രംഗപ്രവേശം ചെയ്തതു് എന്ന വൈരുദ്ധ്യം നാം മനസ്സിലാക്കണം. അങ്ങനെ ഭാവശുദ്ധിയിൽ വളരെ അധ:പതിച്ചുകിടന്ന, ജീർണ്ണിച്ചുകിടന്ന മലയാളകവിതയെ ഉദാത്തമായ ആത്മശുദ്ധികൊണ്ടു് ഉദ്ധരിച്ച ഒരു മിസ്റ്റിക്കു് അല്ലെങ്കിൽ ഒരു യോഗാത്മക കവിയായിരുന്ന കുരിയാക്കോസ് ഏലിയാസച്ചൻ. മിസ്റ്റിക്കുകൾ സാധാരണയായി പലതരത്തിലുണ്ടു്. താൻതന്നെ ഈശ്വരനാണു്, ബ്രഹ്മാവാണു് എന്നു് സങ്കല്പിച്ചു് തന്റെ അഹന്തയെ പരമാവധി വികസിപ്പിച്ചു് വളർത്തിയെടുക്കുന്ന മിസ്റ്റിക്കുകളുണ്ടു്. മറ്റു ചിലർ ഈ പ്രപഞ്ചത്തിലെ പരമനിസ്സാരമായ ഒരു അണുവാണു് താനെന്നുറപ്പിച്ചു് തന്റെ അഹന്തയെ അലിയിപ്പിച്ചു് അലിയിപ്പിച്ചു് ഇല്ലാതാക്കിക്കൊണ്ടു് ഏറ്റവും എളിയ ഭാവത്തിൽ ഈശ്വരനുമായി യോഗം തേടുന്ന ബന്ധം സ്ഥാപിയ്ക്കുന്നവരാണു് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുക. ചാവറയച്ചനെ സംബന്ധിച്ചു് പറയുമ്പോൾ ഈ രണ്ടാമത്തെ മാർഗ്ഗത്തിൽപ്പെട്ട തന്റെ അഹന്തയെ ലയിപ്പിച്ചു്, ലയിപ്പിച്ചു് ഇല്ലാതാക്കിക്കൊണ്ടു് ഏറ്റവും ലളിതമായ ഏറ്റവും നിസ്സാരമായ ഒരു പരമാണുവാണു് താനെന്നഭാവത്തിൽ തന്റെ ജീവിതത്തെ ഈശ്വരാർപ്പണമായി കരുതിയിരുന്ന വ്യക്തിയാണു്. അദ്ദേഹത്തിന്റെ കവിതയിലും അപ്പണഭാവം കാണാം. ക്രിസ്തുവിന്റെ ജീവിതകഥയുമായി ബന്ധപ്പെടുത്തിക്കൊണ്ടു് സ്വന്തം ആത്മാവിന്റെ കഥപറയുക എന്നതാണു് ആത്മാനുതാപം തുടങ്ങിയ കൃതികളിൽ ചെയ്തിട്ടുള്ളതു്.

അന്നത്തെ കാലഘട്ടത്തിലുള്ള മലയാളകവിതകളെ പൊതുവെയും പത്തൊമ്പതാം നൂറ്റാണ്ടിലുള്ളവയെ പ്രത്യേകിച്ചും പരിശോധിച്ചാൽ ആത്മാനുതാപത്തിലും ചാവറയച്ചന്റെ മറ്റു കൃതികളിലും വേണ്ടത്ര ശ്രുപഭംഗി കണ്ടെത്താൻ കഴിഞ്ഞില്ലെന്നു് വരാം. അതിനുപകരം അതിലുള്ള ഭാവസൗന്ദര്യം— ആത്മസൗന്ദര്യമാണു് നമുക്കു കാണുവാൻകഴിയുക. അങ്ങനെ ആത്മസൗന്ദര്യത്തിന്റെ — ജീവിതവിശുദ്ധിയുടെ— ആത്മസുകുമാര്യത്തിന്റെ — കവിതയാണതെന്നു് നമുക്കു് വേണമെങ്കിൽ പറയാം. ഈ കവിതയെക്കുറിച്ചു് പ്രത്യേകിച്ചു് സ്മരിയ്ക്കാനുള്ള പ്രധാനമായ ഒരു കാര്യം ഇതാണെന്നു് തോന്നുന്നു. സാധാരണഗതിയിൽ ഏതെങ്കിലും മതത്തിൽനിന്നു് ക്രിസ്തുമതത്തിലേയ്ക്കു് ആളുകളെ ചേർക്കാറുണ്ടു്. ഇതിനെ കളിയാക്കിക്കൊണ്ടു് ബർണാഡ്ഷാ പറയാറുണ്ടു്; കാട്ടാളരായ, അപരിഷ്കൃതരായ ആളുകളെ ക്രിസ്തുമതത്തിൽ ചേർക്കുക എന്നതിന്റെ അർത്ഥം ക്രിസ്തുമതത്തെ അപരിഷ്കൃതരുടെ കാട്ടാളരുടെ മതമാക്കിത്തീർക്കുക എന്നുള്ളതാണു് എന്നു്. മതത്തിലേയ്ക്കു് ആളുകളുടെ എണ്ണം വർദ്ധിപ്പിയ്ക്കുക എന്ന ഉദ്ദേശം ചാവറയച്ചനു് ഉണ്ടായിരുന്നില്ല. ആളുകളിലേയ്ക്കു് ക്രിസ്തുമതത്തെ കൊണ്ടുവരുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം. അങ്ങനെ മലയാളികളായ ജനലക്ഷങ്ങളുടെ ഹൃദയങ്ങളിലേയ്ക്കു് ക്രിസ്തുവിനെ, ക്രൈസ്തവ ചൈതന്യത്തെ കൊണ്ടുവരുവാൻവേണ്ടി — ക്രിസ്തുമതത്തിന്റെ അന്തസ്സത്ത കൊണ്ടുവരുവാൻവേണ്ടി അദ്ദേഹം നടത്തിയ പ്രയത്നങ്ങളുടെ ഫലമാണു് അദ്ദേഹത്തിന്റെ കവിതകൾ. അദ്ദേഹത്തിന്റെ ജീവിതംതന്നെ അതാണു്. ക്രൈസ്തവസഭയെ മലയാളീകരിയ്ക്കുവാൻ, കേരളവൽക്കരിയ്ക്കുവാൻ നേതൃത്വംകൊടുത്ത ഗണനീയനായ ഒരു വൈദികനാണു് അദ്ദേഹം എന്നു് നമുക്കറിയാം. മതത്തെ—ക്രൈസ്തവചൈതന്യത്തെ ജനങ്ങളിലേയ്ക്കു് കൊണ്ടുവരുക എന്ന ഒരു പ്രക്രിയയുടെ ഭാഗമായിട്ടാണു് അദ്ദേഹം അതു് നിർവഹിച്ചതു്. അങ്ങനെ സഭാകാര്യങ്ങളെ കേരളവൽക്കരി

With best wishes

from :

Father Mathias Mundadan, C. M. I.

Provincial

Provincial House,

Rajagiri,

Kalamasserry P. O.

P. B. No. 10

Phone : 30331

സ്ഥാൻ ശ്രമിച്ച സന്ദർഭത്തിൽതന്നെ ക്രൈസ്ത വസന്ദേശത്തെ മലയാളവൽക്കരിയ്ക്കുവാൻ അദ്ദേഹം ശ്രമിച്ചതിന്റെ ഫലമാണ് ആ കവിതകൾ. അതു പറയുവാൻ കാരണം അദ്ദേഹം ഗാനവൃത്തങ്ങളിൽ കവിതയെഴുതിയതാണ്. അദ്ദേഹത്തിന്റെ കാലത്തു് സംസ്കൃതവൃത്തങ്ങൾക്കായിരുന്നു ഇവിടെ പ്രാമാണ്യം. എന്നിട്ടും അന്നു് നാട്ടിൽനടപ്പുണ്ടായിരുന്ന പതിനഞ്ചു പതിനെട്ടോ ഗാനവൃത്തങ്ങൾ ഏലിയാസച്ചൻ ഉപയോഗിയ്ക്കയുണ്ടായി. ഹൈന്ദവ ജനതയുടെ സാംസ്കാരികരീതികൾ അദ്ദേഹം കവിതയിൽ സ്വീകരിച്ചു. ഹിന്ദുക്കളുടെ സന്ധ്യാനാമത്തിലെ വരികൾ, ശ്രീകൃഷ്ണകീർത്തനങ്ങൾ, മറ്റു ഈശ്വരസ്തവങ്ങളായ ദേവികീർത്തനങ്ങൾ തുടങ്ങിയവ 'ആത്മാനുതാപ'വുമായി പൊരുത്തമുള്ളവയാണ്. അതുമാത്രം ഹൈന്ദവജനതയുടെ രൂപമാതൃകകളെ സ്വാംശീകരിയ്ക്കുകയും സ്വന്തമാക്കുകയും അവയെ മലയാളഭാഷയുടെ ജീനിയസ്സിൽ കലർത്തിക്കൊണ്ടു് പ്രയോഗിയ്ക്കുകയും ചെയ്യുവാൻ കഴിഞ്ഞു എന്നുള്ളതാണ് അദ്ദേഹത്തിന്റെ കവിതകളുടെ പ്രത്യേകത. അങ്ങനെ എല്ലാ തരത്തിലും ദേശാഭിമാനിയായ, ദേശഭക്തനായ അദ്ദേഹം നാടൻ സംസ്കാരത്തെ സ്വന്തം രക്തത്തിൽഅലിയിപ്പിച്ചുചേർത്തു് ക്രൈസ്തവചൈതന്യത്തെ ആ രക്തത്തിന്റെയും വിചാരധാരയുടേയും ഭാഷയിൽ — നാടൻ രീതിയിൽ ആവിഷ്കരിക്കുവാൻ, പ്രകാശിപ്പിക്കുവാൻ ശ്രമിച്ചു എന്നതു് ഇന്നത്തെ കാലത്തെ സംബന്ധിച്ചിടത്തോളം വലിയൊരു നേട്ടമാണ്. ഈ ചുറ്റുപാടിൽ ജീവിക്കുന്ന ജനങ്ങളുടെ സാംസ്കാരികജീവിതവുമായി ബന്ധപ്പെട്ടുത്തിക്കൊണ്ടു്, അനുരഞ്ജിപ്പിച്ചുകൊണ്ടു് ക്രൈസ്തവജനതയെ മുന്നോട്ടു നയിക്കുവാൻ അദ്ദേഹം ചെയ്ത ശ്രമങ്ങളുടെ ഫലമാണ് ആ കവിതകളിൽ കാണാൻ കഴിയുക. ഇങ്ങനെ കവിതകളുടെ ഓരോ പ്രത്യേകതകളും എടുത്തുപറയുക എന്നുള്ളതു് വളരെ പ്രയാസമേറിയതായിരിക്കും. അദ്ദേഹത്തിന്റെ കവിതയുടെ സാമാന്യമായ ചില രൂപങ്ങൾ നിങ്ങളുടെ മുമ്പാകെ സമർപ്പിക്കുക മാത്രമേ ഞാൻ ചെയ്യുന്നുള്ളൂ. ഗ്രാമീണകേരളത്തിന്റെ വിചാരധാരകൾ ആവഹിക്കുന്ന പതിനഞ്ചിൽ കുറയാത്ത ഗാനവൃത്തങ്ങൾ ചാവറയച്ചൻ പ്രയോഗിച്ചിട്ടുണ്ട്. ഈ ഗാനവൃത്തങ്ങളാകട്ടെ വീരാപദാനങ്ങളെ വർണ്ണിക്കുന്ന ഗാഥകളുടേതല്ല, നേരേമറിച്ചു് സന്ധ്യാനാമത്തിനും ഈശ്വരാരാധനയ്ക്കും ഉപയോഗിക്കുന്ന ഭാവാത്മകവൃത്തങ്ങളാണ്. പരമ്പരാഗതമായ സംസ്കാരത്തിന്റെ രക്തബന്ധമുള്ള ഹൈന്ദവജനതയുടെ ദേവസ്തവങ്ങൾ പുരുഷാന്തരങ്ങളിലൂടെ ജനഹൃദയങ്ങളിലെത്തിച്ച വൃത്തങ്ങളിലൂടെ ക്രൈസ്തവചൈതന്യം പകരാനുള്ള അദ്ദേഹത്തിന്റെ ശ്രമം രണ്ടു കാര്യങ്ങൾ വ്യക്തമാക്കുന്നു. ഒന്നു്, താൻ ജീവിക്കുന്ന സമൂഹത്തിലെ നാടൻജനതയുടെ മൗലികസംസ്കാരത്തിന്റെ അന്തഃപുരത്തിൽനിന്നു് അമൂതവാഹിനികളായ ഉപാധികൾ കൈക്കൊള്ളുവാനുള്ള സന്ദർഭം. മറെറാന്നു് ഏതൊരു മഹാകൃത്യത്തിനുവേണ്ടി ആത്മസമർപ്പണം ചെയ്തുവോ ആ ദൈവത്തെ, ക്രൈസ്തവചൈതന്യത്തെ നമ്മുടെ ജനജീവിതത്തിൽ ഉദ്ദീപിപ്പിക്കുവാനും ജനഹൃദയങ്ങളിൽ എത്തിക്കുവാനുമുള്ള വ്യഗ്രത. ജനങ്ങളെ ക്രിസ്തുമതത്തിലേയ്ക്കു കൊണ്ടുവരുന്നതിനു പകരം ക്രിസ്തുവിനെ ജനങ്ങളിലേയ്ക്കു കൊണ്ടുവരുക ഇതാണ് നാടൻവൃത്തങ്ങളിലൂടെ അദ്ദേഹം സാധിച്ച മൗലികമായ ലക്ഷ്യം.


''ഭക്തിമുക്തിദായകാ പുരന്ദരാനുജേ-
പുരന്ദരാദിസേവിത
ഭാഗ്യവാരിധേ ദയാമുകുന്ദരാമപാഹിമാം'',

''അമ്മകന്നിതന്റെ ദുഃഖരോദനങ്ങൾ
അൻപിനൊടുകേട്ടനയച്ചുമിത്രമർത്യരെ

കന്നിയമ്മേ നിന്റെ ദാസിയായ പാപി-
ഞാനിതാ
മന്നിലുള്ള നിന്റെ ശുദ്ധജീവിതത്തെയ-
ല്ലമായ്''


എന്നിങ്ങനെ ആത്മാനുതാപത്തിലെ വരികളും മറ്റും ഹിന്ദുക്കളുടെ കീർത്തനങ്ങളോട് സാമ്യം ഉള്ളവയാണ്. ഇങ്ങിനെ കിളിപ്പാട്ട്, പാന, തരംഗിണി, വഞ്ചിപ്പാട്ട് തുടങ്ങിയ നാടൻവൃത്തങ്ങളിൽ കവിതയെഴുതിയ ഈ പ്രതിഭാശാലി വായ്മൊഴിയൊക്കെ സംസ്കൃതത്തിലായിരുന്ന അക്കാലത്ത് ഒരു അത്ഭുതം സൃഷ്ടിക്കുകയായിരുന്നു. രതിപദങ്ങൾ രസപ്രദങ്ങളായിരുന്ന സമൂഹത്തിൽ വിരതിപദങ്ങളും രസോത്തരങ്ങളാണെന്നു് കാണിച്ചുകൊടുക്കുന്നതോടൊപ്പം ജനഹൃദയത്തോട്ട് സംവാദക്ഷമമായ നാടൻ ശീലുകൾക്കാണ് സംസ്കൃതചരന്ദസ്സുകളേക്കാൾ ആത്മസ്പർശത കൂടുതലെന്നു് സ്ഥാപിച്ച ഈ യോഗിവര്യൻ മലയാളകവിതയുടെ ഉടലും ഉയിരും രൂപാന്തരപ്പെടുത്തി എന്നതാണ് സത്യം.

കവിതയുടെ പുറംചട്ടയിലിരുന്നുകൊണ്ടുള്ള അന്വേഷണമാണ് നാം ഇതുവരെ നടത്തിയതു്. അന്തർഭാഗത്തേയ്ക്കു കടക്കുമ്പോഴാണ് സമഗ്രിതചേതസ്സായ ഒരു ക്രൈസ്തവഭക്തന്റെ അന്തർപ്രചോദിതങ്ങളായ വാങ്മയരൂപങ്ങൾ മനസ്സിലാകുന്നതു്. ഒരു കവിയുടെ വ്യക്തിമുദ്ര ഭാവാവിഷ്കരസ്വഭാവത്തിലാണ് പ്രകടമാകുന്നതു്. ഭാവാനുരൂപമായ പദവാക്യചരന്ദോലങ്കാരം പ്രയോഗിക്കുന്നതിൽ ചാവറയച്ചന്റെ വിരുതു് ഒന്നു വേറെതന്നെയാണ് അനസ്താസിയാ എന്ന കൂട്ടി സന്യാസം സ്വീകരിച്ചു് തോബിയായുടെ അടുത്തു് ധ്യാനനിരതയായി നില്ക്കുന്ന രംഗം അദ്ദേഹം ചിത്രീകരിച്ചിട്ടുണ്ട്. ''മരണവീട്ടിൽ ചൊല്ലുവാനുള്ള പാട്ട്'' എന്ന കൃതിയുടെ അന്ത്യഭാഗം നോക്കിയാൽ ഇതു മനസ്സിലാകും. ദുഷ്ടനായ തോബിയായുടെ ഭീഷണിക്കു വഴങ്ങാത്ത അനസ്താസിയായുടെ അക്ഷോഭ്യപ്രകൃതിയേയും അചഞ്ചലഭക്തിയേയും ചൈതന്യഭാസുരമായി ആവിഷ്കരിച്ചിരിക്കുന്നു. നിഗൂഢമായ കാവ്യസൗന്ദര്യം പദചെപ്പുകളിൽ ഉടുപ്പിച്ചു് ചേതനയുടെ സൂക്ഷ്മവും അസ്പൃഷ്ടവുമായ സ്പന്ദനങ്ങളെ അനാവരണം ചെയ്യുന്നതിൽ ചാവറയച്ചൻ വിദഗ്ധനാണെന്നു് അദ്ദേഹത്തിന്റെ 'ആത്മാനുതാപം' തുടങ്ങിയ കൃതികൾ തെളിയിക്കുന്നു.



ചാവറ കൃതികളുടെ ഉൾക്കാഴ്ച

(പ്രൊഫ: കെ. എം. തരകൻ, എം. എ.)



ചാവറകൃതികളെ സംബന്ധിച്ചിടത്തോളം ഉൾക്കാഴ്ച എന്തായിരുന്നു, ജീവിതദർശനം എന്തായിരുന്നു എന്നു് ചുരുങ്ങിയ സമയത്തിനുള്ളിൽ വ്യക്തമാക്കുക എന്നതാണു് എന്റെ പ്രധാനമായ കർത്തവ്യം. വാസ്തവത്തിൽ മോൺ. അച്ചന്റെ പ്രസംഗം എല്ലാവരും വേണ്ടവിധം ശ്രദ്ധിച്ചോ എന്നു് അറിയില്ല. അദ്ദേഹം എനിക്കു് ഒന്നും അറിയില്ല എന്ന മട്ടിൽ ആ ജീവിതദർശനത്തിന്റെ സാരാംശം മുഴുവൻ ഇവിടെ അവതരിപ്പിച്ചുകഴിഞ്ഞു. ആ

ചാവറയച്ചന്റെ ജീവിതദർശനം മുഴുവൻ നിഴലിക്കുന്നതു് അദ്ദേഹത്തിന്റെ "ആത്മാനുതാപം" എന്ന കൃതിയിലാണു്. ദൈവസ്നേഹം ക്രിസ്തുവിനോടുള്ള സ്നേഹം, പാപബോധം; അനുതാപപൂർണ്ണമായ ഹൃദയത്തിനു് സംലഭ്യമാകുന്ന ക്രിസ്തുസംയോഗം ഇതുവഴി ലഭിക്കുന്ന ഗുണത്രയങ്ങൾ, അവയിലൂടെ ലഭ്യമാകുന്ന ആദ്ധ്യാത്മികശക്തി, സഹജീവികൾക്കുവേണ്ടിയുള്ള ജീവിതാർപ്പണം — ഇതെല്ലാം ചാവറയച്ചന്റെ ജീവിതദർശനത്തെ കരുപ്പിടിപ്പിക്കുന്ന ഘടകങ്ങളാണു്.

ALWAYE

GREETINGS FROM:-

എല്ലാവിധത്തിലും തരത്തിലുമുള്ള
ഡ്രസ്സുകൾക്കും
കല്ല്യാണസാരികൾക്കും

ലക്ഷ്മണാസ്

റെയിൽവേസ്റ്റേഷനു സമീപം

കൂടാതെ
പുതിയതരം
ശീലക്കുടകൾക്ക്
സമീപിക്കുക.

THOMPSON

Medical Stores

Rly. Station Road

Taj Vessels

Various models and types
of
Aluminium, Copper & Stainless
Steel & Brass Vessels

CATHOLIC CENTRE
Rly. Station Road

S. P. Sarma

Planning & Ordering Department
F. A. C. T.,
Carmel Buildings 3 A
T. B. Road.

JAG

HARDWARES

Hardwares & Paints

C. S. I. Shopping Centre

Phone : 516

Fashion Hall

Market Road

Phone: 163

വിഷയത്തെക്കുറിച്ച് അദ്ദേഹം പറഞ്ഞതിൽക്കവിഞ്ഞ് എന്റെ അറിവു ചെല്ലുന്നിടത്തോളം മഹാപണ്ഡിതന്മാർക്കുപോലും ഒന്നും പറയുവാൻ സാദ്ധ്യമല്ല. എനിക്ക് ആ ആശയത്തെ മാത്രമാണ് ഇവിടെ അവതരിപ്പിക്കുവാനുള്ളത്. ഒന്നു രണ്ടു കാര്യങ്ങൾ മുഖവുരയായി പറഞ്ഞുകൊണ്ട് ചാവറയച്ചന്റെ കൃതികളിൽ പ്രതിഫലിച്ചു കാണുന്നവിധം ആ മഹാനുഭാവന്റെ ജീവിതദർശനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുവാനാണ് ഞാനുദ്ദേശിക്കുന്നത്. ഒന്നാമതായി ഹിപ്പിയിസവുമായി ഒരു മിസ്റ്റിക്കിന്റെ ജീവിതദർശനത്തിലുള്ള ഏകദേശസാമ്യത്തെപ്പറ്റി വിശദമാക്കുകയാണ്. പ്രത്യക്ഷത്തിൽ ഹിപ്പിയും യോഗിയും ഭ്രാന്തന്മാരെപ്പോലെയിരിക്കും. ഷേക്സ്പിയർ പറയുംപോലെ കവിയും, കാമുകനും, ഭ്രാന്തനും ഏറെക്കുറെ തുല്യരാണ്. വളരെ അധികം വിചിത്രവ്യക്തികളായി ഇവരെ തോന്നും എന്നതിൽ സംശയമില്ല. എന്നാൽ ഭ്രാന്തിൽക്കൂടി അനുഭവവേദ്യമാകുന്ന അനുഭൂതി എന്തെങ്കിലുമുണ്ടെങ്കിൽ ആ അനുഭൂതിയും യോഗാനുഭൂതിയും തമ്മിൽ വളരെ വളരെ ഗണ്യമായ അന്തരമുണ്ട്. അതു വളരെ സ്പഷ്ടമാണ്. അതുപോലെ ഒരു ഹിപ്പിയ്ക്ക് കേവലം ജിജ്ഞാസമൂലം അദ്ദേഹം നടത്തുന്ന അന്വേഷണത്തിൽനിന്നുണ്ടാകുന്ന അനുഭൂതിയും അപ്പിതമായ ജീവിതത്തിൽനിന്ന് ഒരു യോഗിക്കു ലഭിക്കുന്ന യോഗാനുഭൂതിയും തമ്മിൽ വളരെ വ്യത്യാസമുണ്ട്. പ്രത്യക്ഷത്തിൽ രണ്ടും അനുഭവത്തെ തേടലാണ്. അനുഭവത്തെ സ്വാംശീകരിക്കലാണ്. എന്നാൽ അനുഭവത്തിൽ—അനുഭവത്തിന്റെ ആഴത്തിൽ—വ്യാപ്തിയിൽ ദൂരവ്യാപകമായ പ്രയോജനത്തിൽ ഇവ തമ്മിൽ വളരെ വ്യത്യാസമുണ്ട്. ഇതു തുടർന്നുവരുന്ന പ്രസംഗകർ വ്യക്തമാക്കണമെന്നതന്നെയാണ് മോൺ. അച്ചൻ ആഗ്രഹിച്ചതെന്ന് ഞാൻ അനുമിക്കുന്നു. അതാണ് ആ ഒരു സൂചന അവിടെ നൽകിയെന്നു ഞാൻ വിചാരിക്കുന്നതു്.

സാധാരണഗതിയിൽ പറയുമ്പോൾ മിസ്റ്റിക് അനുഭൂതി ഇല്ലാത്തവർക്കും അനുഭൂതിലഭിച്ചു എന്നു പറയാറുണ്ട്. പക്ഷേ ഈ യോഗിയ്ക്കു ലഭിക്കുന്ന അനുഭൂതിയുടെ സവിശേഷത ദൈവവുമായുള്ള സാമീപ്യത്തിലും സമ്പർക്കത്തിലും ലഭിക്കുന്ന അനുഭൂതിയുടെ യഥാർത്ഥസ്വഭാവം എന്താണെന്ന് അറിവില്ലെങ്കിൽത്തന്നെ അതിന്റെ പ്രത്യേകത പ്രായോഗികതലത്തിൽ ഈ അനുഭൂതിയ്ക്കു ലോകത്തെ—മനുഷ്യജീവിതത്തെയാകമാനം രൂപാന്തരപ്പെടുത്തുവാൻ സാധിക്കും. യോഗിയുടെ ജീവിതം രൂപാന്തരപ്പെട്ടിരിക്കും എന്നുള്ളതുകൂടാതെ അദ്ദേഹവുമായി—യോഗിയുമായി ആരെല്ലാം സമ്പർക്കം പുലർത്തുമോ ആ ലോകത്തെ മുഴുവൻ പ്രഭകൊണ്ടു നിറയ്ക്കുവാൻ സാധിക്കും. ഈ അനുഭൂതിയെ വാസ്തവത്തിൽ ദൈവദാസനായ ചാവറ കുര്യാക്കോസച്ചനെ, യാതൊന്നും അറിയാത്ത ഒരാൾ വളരെ വിദൂരതയിൽനിന്നു നോക്കുമ്പോൾ അന്നത്തെക്കാലത്തു് ഒരു വലിയ വിചിത്രജീവിയായിത്തോന്നിയിരിക്കാം. എന്താണ് അച്ചന്മാർ ധ്യാനം നടത്തണമെന്നു് അദ്ദേഹം ആവശ്യപ്പെട്ടതു്? പുരോഹിതന്മാർ ദൈവത്തോടു് ഏറ്റവും അടുത്തിരിക്കുന്നവരാണ് എന്നാണ് പൊതുവായ വിശ്വാസം. ക്രിസ്ത്യാനികൾക്ക് അതു വിശ്വസിക്കാതെ നിവൃത്തിയില്ല. അങ്ങനെയുള്ള പുരോഹിതന്മാരും പുരോഹിതന്മാരായിത്തീരണമെന്നു് ഒരു പുരോഹിതൻ ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിനു ചിത്തഭ്രമം പിടിപെട്ടോ എന്നു സംശയിക്കും. എന്നാൽ പുരോഹിതന്റെ മഹത്തായ പദവിയെക്കുറിച്ചു് വളരെ അഗാധമായി—വളരെ അവഗാഢമായി ചിന്തിച്ച ചാവറയച്ചൻ, ദൈവത്തിൽനിന്നു് കൂടുതൽ കൂടുതൽ ശക്തി—

ആദ്ധ്യാത്മികചൈതന്യം സംഭരിക്കുന്നില്ലെങ്കിൽ പുരോഹിതൻ സമുദായത്തെ ദൈവത്തോടടുപ്പിക്കുവാൻ സാദ്ധ്യമാകാതെ വന്നേക്കാം എന്ന നിഗമനത്തിലാണ് ചെന്നെത്തിയതു്. അതുകൊണ്ട പുരോഹിതൻ അപ്പിതജീവിതം നയിക്കുന്നതോടൊപ്പംതന്നെ അനുധ്യാനത്തിൽക്കൂടി ദൈവത്തിൽ ചെന്നെത്തണം എന്നദ്ദേഹം ആഗ്രഹിച്ചു. ആ ആഗ്രഹത്തെ പ്രാവർത്തികമാക്കുവാനുള്ള കർമ്മപരിപാടി ആവിഷ്ക്കരിക്കുകയും ചെയ്തു. കേവലം ലോകത്തിൽനിന്നു് ഒഴിഞ്ഞുമാറി ധ്യാനനിരതനായ ഒരു യോഗിയായി മാത്രം തീരാൻ അദ്ദേഹം ആഗ്രഹിച്ചില്ല. മറിച്ചു് മറ്റുള്ള പുരോഹിതന്മാർക്കും സന്ന്യാസികൾക്കും പ്രയോജനപ്പെടത്തക്കവിധത്തിൽ ഈ പുരോഹിതന്മാരെ മുഴുവനും ആദ്ധ്യാത്മികചൈതന്യത്താൽ സജ്ജരും ധന്യരുമാക്കാൻ സന്ന്യാസസഭകൾ സ്ഥാപിക്കുവാനാണു് അദ്ദേഹം ശ്രമിച്ചതു്. അങ്ങനെ വരുമ്പോൾ ചാവറയച്ചന്റെ ജീവിതദർശനത്തിന്റെ ഓരോരോ ഭാഗങ്ങൾ പ്രത്യേകം പ്രത്യേകം എടുത്തുപറയുവാൻ വലിയ വിഷമമുണ്ടാകുകയില്ല. ഒന്നാമത്തെ പ്രധാനപ്പെട്ട കാരണം ചാവറയച്ചൻ ഒരു ക്രൈസ്തവനായിരുന്നു എന്നുള്ളതാണു്. ഇങ്ങനെ പറയുമ്പോൾ ഇതൊരു ആവർത്തനം അല്ലെങ്കിൽ പുനരുക്തിയായിത്തോന്നാം. അതായതു് അദ്ദേഹമൊരു നാമമാത്ര ക്രിസ്ത്യാനിയായിരുന്നില്ല. ക്രിസ്തുവിൽ പരിപൂർണ്ണമായി വിശ്വസിച്ച ഒരു മഹാവ്യക്തിയായിരുന്നു, എന്നു പറയുമ്പോൾ ക്രിസ്തുവിൽ സ്വയം സമർപ്പിക്കാതെ ഒരു ക്രിസ്ത്യാനിക്കു ജീവിതമില്ല എന്നു വിശ്വസിച്ചിരുന്ന ഒരു വ്യക്തി—തന്റെ ജീവിതം മുഴുവനും ക്രിസ്തുവിനു കൊടുത്തിട്ടു് ക്രിസ്തുവിൽനിന്നുതു തിരിച്ചുവാങ്ങാതെ ക്രിസ്ത്യാനിക്കു ജീവിതമില്ല എന്നുള്ള ഒരു വിശ്വാസം—ഈ വിശ്വാസം അദ്ദേഹത്തിന്റെ കൃതികളിൽ അങ്ങോളമിങ്ങോളം പ്രതിഫലിച്ചുകാണുന്നുണ്ടു്. അങ്ങനെ വേണമെങ്കിൽ അതിനോടനുബന്ധിച്ചുള്ളതായ മറ്റു പല കാര്യങ്ങളും ആ ജീവിതദർശനത്തിൽ പ്രതിഫലിക്കുന്നതായി നമുക്കു കാണുവാൻ കഴിയും. എങ്ങനെയാണു് ഒരു ക്രൈസ്തവനു് തന്നെത്തന്നെ ക്രിസ്തുവിനു് പൂർണ്ണമായി സമർപ്പിക്കാൻ സാധിക്കുക.

മനുഷ്യൻ സൃഷ്ടിയാണു്. ദൈവം സ്രഷ്ടാവാണു്. സൃഷ്ടിയും സ്രഷ്ടാവും തമ്മിലുള്ള അകലം വളരെ വലുതാണു്. വലിയൊരു വിടവാണു്. ഈ വിടവുമൂലം സൃഷ്ടിയ്ക്കു് സൃഷ്ടിയുടേതായ പോരായ്മകളുണ്ടു്. അതിൽനിന്നു് ഉളവാകുന്നതാണു് പാപങ്ങൾ പാപബോധത്തോടുകൂടി പശ്ചാത്തപിച്ചു് പാപത്തിൽനിന്നു് മുക്തിനേടിയെങ്കിൽ മാത്രമെ പാപിയും സൃഷ്ടിയുമായ വ്യക്തിക്കു്, മനുഷ്യനു്, ദൈവവുമായി സമ്പർക്കം പുലർത്തുവാൻ സാധിയ്ക്കുകയുള്ളു. തൽഫലമായി ഒരു ക്രൈസ്തവന്റെ ജീവിതത്തിൽ ഏറ്റവും അതിപ്രധാനമായി അനുഷ്ഠിക്കേണ്ട സംഗതി തന്നെപ്പറ്റിത്തന്നെ ബോധവാനാകുകയെന്നുള്ളതാണു്. ഇതു് ചാവറ കുര്യാക്കോസച്ചൻ തന്റെ ജീവിതത്തിൽ അനുവർത്തമാക്കി. താൻ പരിശുദ്ധനാണു്, ശക്തനാണു്, ശില്പിയാണു് മഹത്വമുള്ളവനാണു് എന്നിങ്ങനെയുള്ള ധാരണ ഒരു വശത്തുണ്ടെങ്കിലും മഹാമഹാ പരിശുദ്ധനായിരിയ്ക്കുന്ന അപ്രതിമപ്രഭാവനായിരിയ്ക്കുന്ന, സ്രഷ്ടാവായിരിയ്ക്കുന്ന, അനാദ്യന്തനായിരിയ്ക്കുന്ന, ജഗദീശ്വരനുമായി തുലനം ചെയ്യുമ്പോൾ താൻ നിസ്സാരനാണു് എന്നൊരു ബോധം കൂടിയും വളർത്തിയെടുക്കണം. ഈ ബോധത്തിൽനിന്നു് ഉളവാകുന്ന എളിമ, വിനയം മനുഷ്യജീവിതത്തെ ധന്യമാക്കേണ്ടതായിരുന്നു. ഈ ബോധത്തിൽനിന്നു് വേണം ഒരു ക്രൈസ്തവനു് പശ്ചാത്താപനിർഭരമായ ഒരു ഹൃദയം ലഭിയ്ക്കേണ്ടതു്. അപ്പപ്പോൾ ചെയ്തിട്ടുള്ള എല്ലാ പാപങ്ങൾക്കും ഈ പശ്ചാത്താപം തന്നെ പ്രായശ്ചിത്തം എന്നു് മഹാകവി വള്ള

ത്തോൾ പറഞ്ഞിട്ടുള്ളതു് ഇതേ ആശയത്തെ മുൻനിറുത്തിയാണു്. മനുഷ്യനെ സംബന്ധിച്ചിടത്തോളം ക്രിസ്തുവിൽ ലയിക്കുക, ദൈവത്തിൽ ലയിക്കുക എന്നുള്ളതു് സാക്ഷാത്കരിയ്ക്കണമെങ്കിൽ അവൻ പശ്ചാത്തപിച്ചേ മതിയാകൂ. അതായതു് അവൻ പാപബോധമുള്ളവനാകണം. ഗവ്വാണു് വാസ്തവത്തിൽ മനുഷ്യന്റെ എല്ലാ അധഃപതനങ്ങൾക്കും മുഖ്യമായ നിദാനം. സാത്താനെ സംബന്ധിച്ചു് പറയുമ്പോൾ അവന്റെ ഏറ്റവും വലിയദോഷം നിഗളമാണു്. താൻ വലുതാണു് Pride—Pride goes before a fall. Pride—അഹങ്കാരം എന്നു പറയുന്നതാണു് എന്റെയും നിങ്ങളുടെയും എല്ലാ അധഃപതനങ്ങൾക്കും കാരണം. ഹൈന്ദവപുരാണത്തിൽപറയുംപോലെ കാളിയന്റെ ഗവ്വു് ശ്രീകൃഷ്ണൻ എങ്ങനെ അവന്റെ മസ്തകത്തിൽ കയറിയിരുന്നു് ചവിട്ടിച്ചവിട്ടി അവനെക്കൊണ്ടു് വിഷം ഛർദ്ദിപ്പിച്ചുവോ, ഏതാണ്ടു് അതുപോലെ അതിലും ശക്തിമത്തായ തരത്തിൽ ഓരോ വ്യക്തിയും അഹന്തയാകുന്ന വിഷം മർദ്ദനം ഏറ്റിട്ടു് ഛർദ്ദിയ്ക്കപ്പെട്ടെങ്കിലേ മതിയാകൂ. ഇതു് വളരെ പ്രധാനപ്പെട്ടതാണു്.

ചാവറയച്ചന്റെ ജീവിതദർശനം മുഴുവൻ അദ്ദേഹത്തിന്റെ 'ആത്മാനുതാപം' എന്ന കൃതിയിലാണു് നിഴലിക്കുന്നതു് എന്നു് ഞാൻ വിശ്വസിയ്ക്കുന്നു. കാരണം തന്നെപ്പറ്റി — അദ്ദേഹത്തെപ്പറ്റിത്തന്നെയുള്ള അദ്ദേഹത്തിന്റെ ബോധമാണു് തന്റെ കവിതകളുടെ ഉറവിടം. അദ്ദേഹത്തിന്റെ കൃതികളുടെ മുഴുവൻ ഉറവിടം അദ്ദേഹത്തെപ്പറ്റിത്തന്നെയുള്ള ബോധമാണു്. താൻ പാപിയാണു്, താൻ നിസ്സാരനാണു് എന്ന ബോധം. ഇതു് ആത്മനിന്ദയല്ല. ആത്മനിന്ദയാണെങ്കിൽ അദ്ദേഹത്തിനു് ഇതൊന്നും ചെയ്യാൻ കഴിയില്ല. മറ്റുള്ളവരെ രക്ഷിയ്ക്കാൻ എനിക്കു് ശക്തിയുണ്ടു്, സന്യാസാശ്രമങ്ങൾ സ്ഥാപിയ്ക്കാൻ എനിക്കു് കഴിയും എന്ന ആത്മവിശ്വാസം ആത്മനിന്ദയിൽനിന്നു് ഒരിയ്ക്കലും ഉണ്ടാകുകയില്ല. ആത്മനിന്ദയല്ലാത്ത വിനയം, എളിമ, പശ്ചാത്താപം എന്നിവയാണു് ജീവിതദർശനത്തിന്റെ അടിക്കല്ലായിട്ടുള്ളതു്. അപ്പോൾ ആദ്യത്തേതു് ദൈവവിശ്വാസം, രണ്ടാമത്തേതു് ക്രിസ്തുവിൽകൂടി ദൈവത്തിൽ എത്താമെന്ന വിശ്വാസം, മൂന്നാമത്തേതു് പശ്ചാത്തപിച്ചു് ക്രിസ്തുവിനെ സ്വീകരിയ്ക്കാതെ ക്രിസ്തുവിൽ എത്താൻ സാധിയ്ക്കുകയില്ല എന്ന വിശ്വാസം. അങ്ങനെ എത്തണമെങ്കിൽ സമ്പൂർണ്ണമായി തന്നെത്തന്നെ ക്രിസ്തുവിനു് സമർപ്പിച്ചേ മതിയാകൂ എന്ന വിശ്വാസം. അങ്ങിനെ ക്രിസ്തുവിൽ സ്വയം സമർപ്പിച്ചു് സ്വന്തം ജീവിതം തിരിച്ചെടുക്കുമ്പോൾ ഒരു ക്രിസ്ത്യാനിക്കു് ലഭിയ്ക്കുന്ന സവിശേഷമായ ഗുണത്രയങ്ങളെപ്പറ്റിയുള്ള വിശ്വാസം. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിങ്ങനെ സാധാരണ രീതിയിൽ, പറയുന്ന faith, hope, and charity വിശ്വാസം, ശരണം, ഉപവി എന്നിങ്ങനെ ഈ മൂന്നു ഗുണങ്ങൾ ക്രിസ്ത്യാനിക്കു് ക്രിസ്തുവിൽനിന്നു് ലഭിയ്ക്കുന്ന എന്ന വിശ്വാസം, പറയുന്ന ഈ ഗുണത്തിൽ കൂടിയാണു് വാസ്തവത്തിൽ ഒരു ക്രൈസ്തവൻ ക്രിസ്തുവിനെ പ്രാപിയ്ക്കുക. ബുദ്ധന്റെയും മറ്റും അഷ്ടമാർഗ്ഗങ്ങൾ ഉള്ളതുപോലെ മറ്റു മതക്കാർക്കു് അവരവരുടെ ശാസനപോലെ ഈ മൂന്നു ദൈവിക നൽവരങ്ങളും പ്രാപിച്ചു് പശ്ചാത്തപിച്ചു് അനുതപിച്ചു് ക്രിസ്തുവിൽ ലയിയ്ക്കുന്ന ഒരു വിശ്വാസിയ്ക്കു് ക്രിസ്തുവിൽകൂടി ദൈവസന്നിധിയിലെയ്ക്കു് കടന്നുചെല്ലാൻ സാധിയ്ക്കുന്ന വിധംതന്നെ തന്റെ സഹജീവികളെയും ആ മഹൽസന്നിധാനത്തിലേയ്ക്കു് നയിയ്ക്കാൻ കഴിയും. അപ്പോൾ ജീവിതദർശനത്തിന്റെ നാലാമത്തെ ഭാഗം ദൈവസ്നേഹം, ക്രിസ്തുവിനോടുള്ള സ്നേഹം, പാപബോധം, പാപബോധത്താൽ അനുതപിയ്ക്കുന്ന ഹൃദയത്തിനു് സംലഭ്യമാകുന്ന ക്രിസ്തു

WITH BEST WISHES FROM:-

KERALA PHARMACY

H. O. ALWAYE — Phone: 176

Branches: KALAMASSERY, KORATTY, KODUNGALLORE, PARUR, PALLURUTHY, TRIPOONITHURA, VAIKOM & ELOOR.

പോത്തിൻദ്രാവകം പോത്തിൻ മാംസത്തിൽനിന്നും ഗ്രണക്കൂടുതലുള്ള ചില പ്രത്യേക ഭാഗങ്ങൾമാത്രം സംഭരിച്ച് വാതശമനങ്ങളും പുഷ്ടികരങ്ങളുമായ അനേകം മൂലികകളുംചേർത്ത് പ്രത്യേകമായി, ദ്രാവകരൂപത്തിൽ വാറ്റിയെടുത്ത് കേടുവരാത്തവിധം സൂക്ഷിച്ചിട്ടുള്ളതാണ് ഈ ദ്രാവകം. പലവിധത്തിലുള്ള രോഗങ്ങൾ ബാധിച്ചും അല്ലാതേയും ശരീരം ക്ഷീണിച്ചിട്ടുള്ളവക്കും തന്മൂലമുണ്ടാകുന്ന വാതരോഗങ്ങൾക്കും ഏറ്റവും ഫലപ്രദമാണിതു്.

കൂടാതെ നട്ടെല്ല്, അരക്കെട്ട് ഈ ഭാഗങ്ങളിലുണ്ടാകുന്ന വേദന, സന്ധികളിലും കൈകാലുകളിലുമുണ്ടാകുന്ന കഴപ്പ് വേദന ഇവസ്സം, കൈകാലുകൾ മടക്കുവാനും നിവർത്തനടക്കുവാനുമുള്ള പ്രയാസങ്ങൾ, സാധാരണയായി ഉണ്ടാകാറുള്ള (നീരുവീഴ്ച) ദേഹത്തിലെ വേദന തുടങ്ങിയുള്ള എല്ലാവിധ അസുഖങ്ങൾക്കും ക്ഷീണത്തിനും അനുഭവസിദ്ധമായ ഒരു ഔഷധമാണിതു്.

അമൂല്യനിമിഷങ്ങളെ അഴകുറ്റ ചിത്രങ്ങളിൽ അനശ്വരമാക്കുക

Champion Studio

Alwaye — Kerala

Phone: 394

PHOTOGRAPHERS & PHOTO GOODS DEALERS

Hajee P. A. Usman

USMANIA STORES

AUTOMOBILE DEALERS

ALWAYE

UMA SAW MILL

TIMBER MERCHANTS

Parur Junction,

Seminary Road, ALWAYE

സംയോഗം, സംയോഗത്താൽ സംലബ്ധമാകുന്ന ഗുണത്രയങ്ങൾ. ഈ ഗുണത്രയങ്ങൾ കിട്ടിക്കഴിയുന്ന വ്യക്തിക്ക് അടുത്തതായി ദൈവത്തെ മാത്രം ധ്യാനിച്ച് മനുഷ്യരെ മുഴുവൻ വിസ്മരിച്ച് കൊടുങ്കാട്ടിൽപോയി തപസ്സുചെയ്യാൻ സാദ്ധ്യമല്ല. യഥാർത്ഥത്തിൽ ക്രിസ്തു സ്വർഗ്ഗത്തിൽനിന്നും ഭൂമിയിൽ അവതരിച്ചതു് ഇങ്ങിനെയുള്ള ഒരു ഒളിച്ചോട്ടത്തിനായിരുന്നില്ല. ദൈവീകമായ അനുഭൂതിയെ ഭൂമിയിലേയ്ക്ക് ഇറക്കികൊണ്ടുവരുന്നതിനായിരുന്നു. ''നിന്റെ രാജ്യം വരേണമെ ഈ ഭൂമിയിൽ'' എന്നുള്ള പ്രാർത്ഥന നമ്മെ പഠിപ്പിച്ചതു് ഭൂമിയെ സ്വർഗ്ഗമാക്കിത്തീർക്കുന്നതിനാണു്. ഈ ഭൂമിയിലുള്ള എല്ലാ കായ്ങ്ങളെയും മനുഷ്യനെത്തന്നെയും പ്രതിനിമിഷം ആദ്ധ്യാത്മികമാക്കികൊണ്ടു് ദൈവസന്നിധാനത്തിലേയ്ക്ക് എത്തിയ്ക്കുക എന്ന കർമ്മമാണു് നമുക്കു് നിർവ്വഹിയ്ക്കാനുള്ളതു്. അതുകൊണ്ടു് പരസ്നേഹം എന്നുള്ളതു് സമൂർത്തമാക്കാൻ കഴിയുന്നില്ലെങ്കിൽ ക്രൈസ്തവന്റെ ജീവിതം ധന്യമാകുകയില്ല എന്നാണു് ചാവറയച്ചൻ അസന്നിഗ്ദ്ധമായി പറയുന്നതു്. ബ. അദ്ധ്യക്ഷൻ തന്നെ പറഞ്ഞില്ലേ, ചാവറയച്ചനെപ്പറ്റി പ്രസംഗിയ്ക്കുകയല്ല വേണ്ടതു് ചാവറയച്ചൻ എന്തു പ്രവർത്തിച്ചു എന്നു മനസ്സിലാക്കി അതു് അനുകരിച്ചു് ആ ജീവിതവുമായി സാരൂപ്യം നേടി ആ ജീവിതത്തിൽകൂടി ദൈവത്തിലേയ്ക്ക് കൂടുതൽ കൂടുതൽ അടുക്കുക എന്നുള്ളതാണു് ഈ ചരമശതാബ്ദിയുടെ മുഖ്യമായ ഉദ്ദേശ്യം. മറ്റുള്ളതെല്ലാം ഈ പടപ്പുകൾ, എല്ലാംതന്നെ ഈ ആഘോഷങ്ങൾ, ഈ നടക്കുന്ന ഘോഷയാത്രകൾ എല്ലാം ഇതിനു് നമ്മെ സജ്ജമാക്കുന്നില്ലെങ്കിൽ നാമിവിടെ കാണിയ്ക്കുന്നതെല്ലാം വ്യർത്ഥമാണു്. 'Contemplation and Solitude and Society' എന്നു് ഞങ്ങളുടെ ഭാഷയിൽ സാധാരണ പറയും. ഒരു വശത്തു് ദൈവവുമായി ഏകാന്തതയിൽ സമ്പർക്കം പുലർത്തുക, അങ്ങിനെ അവിടെനിന്നു് ലഭിയ്ക്കുന്ന ആദ്ധ്യാത്മികശക്തിയോടുകൂടി സമൂഹമദ്ധ്യത്തിൽവന്നു് കൂടുതൽ കൂടുതൽ പ്രവർത്തിയ്ക്കുക.

ചാവറയച്ചൻ ആവിലായിലെ സെന്റ് തെരേസയെപ്പറ്റി പഠിച്ചു് മനസ്സിലാക്കുകയാണു്. ചാവറയച്ചൻ മലയാളം പഠിച്ചു, സംസ്കൃതം പഠിച്ചു, ലത്തീൻ പഠിച്ചു. അവസാനം വാർദ്ധക്യകാലത്തു് പോർട്ടുഗീസു് പഠിച്ചു. അതു കഴിഞ്ഞിട്ടും അദ്ദേഹത്തിനു് ഒരു തീരാദുഃഖം ഉണ്ടായി. ആവിലായിലെ സെൻറു് ത്രേസ്യായുടെ ആഭ്യന്തരഹർമ്മ്യം സ്പാനീഷു് ഭാഷയിൽതന്നെ പഠിയ്ക്കുവാൻ വശമില്ലല്ലോ എന്നുള്ളതായിരുന്നു അതു്. എന്നിട്ടു് അദ്ദേഹം നടത്തിയ പ്രാർത്ഥന ഇങ്ങിനെയായിരുന്നു. ''അമ്മേ, അമ്മത്രേസ്യ, എനിക്കു് ഈ ഭാഷ പഠിച്ചിട്ടു് ആ മഹാഹർമ്മ്യത്തിന്റെ ശ്രീകോവിലിലേയ്ക്കു് എത്താൻ കഴിയാത്തതുകൊണ്ടു്, അവിടത്തെ ആദ്ധ്യാത്മികശക്തിയാൽ എന്റെ ഹൃദയത്തിലേയ്ക്കു് അനുഭൂതികൾ സംക്രമിപ്പിയ്ക്കണമെ. അപ്പോൾ യോഗാത്മകമായ അനുഭൂതിയിൽ ആവിലായിലെ സെൻറു് തെരേസാ ദൈവവുമായി എങ്ങിനെ സംഭാഷണം നടത്തിയോ അതേവിധത്തിൽ ധ്യാനത്തിലൂടെ, തപസ്സിലൂടെ, സമാധിയിലൂടെ ശക്തി സമ്പാദിച്ചു് ദൈവത്തെ പ്രാപിച്ചിട്ടു് ആ ശക്തി സഹജീവികൾക്കു് പ്രയോജനപ്പെടുത്തത്തക്കവിധത്തിൽ വ്യയം ചെയ്യുന്നതിനു് ആഗ്രഹിച്ചു. ഈ ദൈവീകമായ നൽവരം സമ്പാദിക്കാതെ സ്വർഗ്ഗരാജ്യത്തിലേക്കു് കടക്കുവാനാണു് ചിലരുടെ ആഗ്രഹം. ഈ നൽവരം കിട്ടിയിട്ടു് ചോന്നുപോയാൽ മറ്റാരെങ്കിലും എടുക്കുമോ എന്നു കരുതി ഒഴിഞ്ഞുമാറിസ്വീകരിയ്ക്കുന്നതും പാപമാണു്, ചെയ്യുന്നതും നോക്കുന്നതും വിചാരിക്കുന്നതും പാപമാണു് എന്നു കരുതി കാട്ടിലേയ്ക്കു് ഒളിച്ചുപോകാമെന്ന മനോഭാവം വാസ്തവത്തിൽ അപകടകരമാണു്. Why escaping mentality?

മറിച്ചു് ആ അനുഭവം സഹജീവികൾക്കും ഉണ്ടാകണം എന്നാണു് ആഗ്രഹിയ്ക്കേണ്ടതു്. കത്താവു് ഉയിർത്തെഴുന്നേറ്റ വിവരം അറിഞ്ഞപ്പോൾ അതു് താൻ മാത്രം അറിഞ്ഞാൽ മതി എന്നു കരുതാതെ ഓടിച്ചെന്നു് സർവ്വരോടും പറഞ്ഞു, എന്റെ കത്താവു് ഉയിർത്തെഴുന്നേറ്റു എന്നു്. അതുപോലെ ഒരു ആദ്ധ്യാത്മികാനുഭൂതി ലഭിച്ചാൽ അതു സ്വകാര്യസ്വത്തായി കരുതരുതു്. സ്വകാര്യസ്വത്താണെങ്കിൽതന്നെ അതു് സഹജീവികൾക്കും പകർന്നുകൊടുക്കത്തക്കവിധത്തിലുള്ളതായിരുന്നാ ബ. അച്ചന്റെ പ്രവർത്തനം മുഴുവൻ ധ്യാനത്തിലൂടെ സാദ്ധ്യമാകേണ്ട ഈ അനുഭവശക്തി മുഴുവൻ മറ്റുള്ളവർക്കുകൂടി പ്രയോജനപ്പെടുത്തണം എന്നാണു് അച്ചൻ ആഗ്രഹിച്ചതു്. അപ്പോൾ അങ്ങിനെ അവരെക്കൂടി കൂട്ടുതൽ കൂട്ടുതൽ ദൈവത്തിലേയ്ക്കു് അടുപ്പിയ്ക്കുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ ദൈവദാസൻതന്നെ ആവിഷ്കരിയ്ക്കുകയാണു് ചെയ്തതു്. അതിനുവേണ്ടി ദൈവദാസൻ

BEST WISHES FROM:-

A. & P. STORES
Chettibhagam,
Varapuzha P. O.
For STATIONARIES
CROCKERIES
PRESENTATION
ARTICLES
Tel: A & P

ALPHONSA PRESS
CHETTIBHAGAM
VARAPUZHA P. O.

POPULAR HARDWARES
CHETTIBHAGAM,
VARAPUZHA P. O.

വിതയത്തിൽ
സ്വർണ്ണാഭരണവ്യാപാരം
ചെട്ടിഭാഗം
വരാപ്പുഴ P. O.

ചെയ്ത വിവിധ പ്രവർത്തനങ്ങളെ പ്രശംസിക്കുക എന്നുള്ളതു് എന്റെ പ്രബന്ധത്തിൽപെട്ടതല്ല. അങ്ങിനെ വിശ്വാസത്തിൽക്കൂടി, ശരണത്തിൽക്കൂടി, ഉപവിയിൽക്കൂടി ലഭിക്കുന്ന ആദ്ധ്യാത്മികശക്തി കൊണ്ടു് മറ്റു മനുഷ്യരെക്കൂടി സ്നേഹിക്കണം,സേവിക്കണംഎന്നുള്ള ബോധത്തോടെ ദൈവദാസൻപ്രവർത്തിച്ചു് അങ്ങിനെ ലോകത്തെ സ്വർഗ്ഗവുമായി ബന്ധിപ്പിക്കുകഎന്നുള്ളതായിരുന്ന അവിടത്തെ ആഗ്രഹം. ക്രൈസ്തവന്റെ ജീവിതത്തിൽ നിശ്ചലമായ ഒരവസ്ഥയില്ല. അനുനിമിഷം വളർന്നുകൊണ്ടു് പ്രഭയിൽനിന്നു് പ്രഭയിലേക്കു വികസിച്ചുകൊണ്ടു് കൂടുതൽ കൂടുതൽ ദൈവതേജസ്സു് മുഖത്തു പ്രതിബിംബിച്ചുകൊണ്ടു് ദൈവസന്നിധാനത്തിലേയ്ക്കു് ഉയർന്നുയർന്നുകൊണ്ടിരിക്കുക എന്നുള്ള ഡൈനമിക്കായിട്ടുള്ള ഒരു പ്രവർത്തനമാണു്. അനുനിമിഷം സ്വർഗ്ഗരാജ്യത്തിലേയ്ക്കു ഭൂമിയിലെ സർവ്വവിധമായ പ്രവർത്തനങ്ങളും കൊണ്ടുചെന്നെത്തിയ്ക്കുന്നതിനുള്ള പ്രത്യേകപദ്ധതി നിർദ്ദേശിക്കത്തവിധമായിരുന്ന ദൈവദാസന്റെ പ്രവർത്തനം മുഴുവൻ അതുകൊണ്ടു് ദൈവദാസൻ തന്റെ ജീവിതം മുഴുവൻ തന്റെ സഹജീവികൾക്കുവേണ്ടി ഒഴിഞ്ഞുവച്ചു—എല്ലാ രംഗങ്ങളിലും അവിടന്നു ചെയ്തിട്ടുള്ള പ്രവർത്തനങ്ങളിലും. അതു വളരെ ഭംഗിയായി മോൺസിഞ്ഞോറച്ചൻ വ്യക്തമാക്കിയിട്ടുണ്ടു്, നേരിട്ടു് അനുഭവിക്കാൻ സാധിച്ച പിച്ചക്കാരന്റെ അനുഭവം, പാവപ്പെട്ടവന്റെ അനുഭവം, എന്നിങ്ങനെ എല്ലാ ദു:ഖങ്ങളും വിഷമതകളും അദ്ദേഹം നേരിട്ടു് അനുഭവിച്ചു. ഈ അനുഭവം കൊണ്ടുമാത്രം തൃപ്തനാകാതെ ഈ അനുഭവത്തിന്റെ ശക്തികൊണ്ടു് എന്നെയും നിങ്ങളേയും കേരളത്തെ മുഴുവൻ നവ്യമായ, സ്വർഗ്ഗീയമായ മേഖലയിലേയ്ക്കു നയിക്കണം എന്ന ബോധത്തിലേയ്ക്കു അദ്ദേഹം വന്നുകൊണ്ടിരുന്നു. അപ്പോൾ ഈ ഒരു ദർശനം വളരെ സ്പഷ്ടമാണു്: അദ്ദേഹത്തിന്റെ ദർശനം വളരെയധികം ശുഭാപ്തിവിശ്വാസത്താൽ നിർഭരമാണു്, പ്രസന്നമാണു്, പ്രസാദാത്മകമാണു്; പിന്നെ ത്യാഗനിർഭരമാണു് അദ്ദേഹത്തിന്റെ ജീവിതം. ഇതെല്ലാം ഈ പറയുന്ന രീതിയിലാണു് വന്നിരിക്കുന്നതു്. അങ്ങിനെയുള്ള ആ അച്ചനു് ഒരു സമയത്തുപോലും ഒരു ഏകാന്തത അനുഭവപ്പെട്ടുകയില്ല. ആ ദർശനത്തിന്റെ ഏറ്റവും വലിയ വൈരുദ്ധ്യമായി ഞാൻ കാണുന്നതു് അതാണു്. ഞാൻ വേറെ, നിങ്ങൾ വേറെ എന്നൊരു മനോഭാവം ആ വ്യക്തിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം ഒരു വലിയ കത്തോലിക്കനായിരുന്നു എന്നു് കത്തോലിക്കരെല്ലാവരും പറയും. അദ്ദേഹം ഒരു വലിയ ക്രിസ്ത്യാനിയായിരുന്നു. ഒരു വലിയ മനുഷ്യനായിരുന്നു, ഒരു വലിയ ദൈവദാസനായിരുന്നു. ദൈവദാസൻ എന്നതിൽ എല്ലാം അടങ്ങിയിരിക്കുന്നു. ദൈവദാസൻ എന്നു പറയുന്ന ആ വ്യക്തി മനുഷ്യരുടെ മുഴുവൻ സേവകനായി രൂപാന്തരപ്പെട്ടുകയാണു്. ആ മഹത്തായ പ്രഭാപൂരത്തിന്റെ— തേജസ്സിന്റെ—ശക്തി, ഒരു മണ്ഡലത്തിൽ മാത്രമല്ല, ഇന്നു് അതു എല്ലാ മണ്ഡലങ്ങളിലും വ്യാപിച്ചിരിക്കുകയാണു്.



ഒരാൾ അപരിചിതനോടു് : "എവിടാ വീടു്?"

"തലവടി"

"തൊഴിലല്ല, സ്വദേശമാ ചോദിച്ചതു്"

KOLUTHARA
SALES & SERVICES

INDIAN OIL DEALERS
TYRE DEALERS
&
CEMENT STOCKISTS

KOLUTHARA BUILDINGS,
BROADWAY – ERNAKULAM
COCHIN – 11

PETROL / HSD PUMPS
&
SERVICE STATION

AT KALOOR
ERNAKULAM – COCHIN-17


Phone : H. O. 33197
Pump 32941

With
Best Wishes
From:

The Manager,
Deepika
P. B. No. 7
KOTTAYAM - 1

ചാവറയച്ചന്റെ ജീവിത വീക്ഷണം

(ഫാ. ഡൊമീഷ്യൻ മാണിക്കത്താൻ എം. എ.,
കുടുംബദീപം, തേവര)



മനുഷ്യവ്യക്തികൾ സ്വഭാവം, സിദ്ധികൾ, താത്പര്യങ്ങൾ, വിശ്വാസം എന്നിവയിൽ വ്യത്യസ്തരാണ്. ഈ വ്യത്യസ്തതകൾതന്നെയാണ് ജീവിതവീക്ഷണങ്ങളുടെ അന്തരത്തിനുള്ള പ്രധാന കാരണം, ലോകോത്തരമഹാന്മാരുടെ ജീവിതങ്ങളിലേക്ക് ഒന്നെത്തിനോക്കിയാൽ മതി, ഈ വസ്തുത വെളിവാകുവാൻ. ഒരു മഹാനെപ്പോലെയല്ല വേറൊരു മഹാൻ; ഒരു വിശുദ്ധനിൽ നിന്നു വ്യത്യസ്തനാണു വേറൊരു വിശുദ്ധൻ. പൊതുവായ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും ഒന്നുതന്നെയെന്നിരുന്നാലും അവരുടെ സമീപനങ്ങളും സാധനകളും ഭിന്നങ്ങളെന്നു

(സ്നേഹമെന്ന ഏക പ്രമാണത്തിൽ അധിഷ്ഠിതമായ അപ്പിത ജീവിതംവഴി ഈശ്വരപ്രേമത്തിൽ വിലയംപ്രാപിക്കുക, ആ വിശ്വോത്തരപ്രേമത്തിൽ എല്ലാ മനുഷ്യരേയും പങ്കാളികളാക്കുക ഇതായിരുന്നു ചാവറയച്ചന്റെ ജീവിതവീക്ഷണം)

കാണാവുന്നതാണ്. ഇങ്ങനെ ജീവിതലക്ഷ്യത്തെയും ആ ലക്ഷ്യപ്രാപ്തിക്കു സ്വീകരിക്കുന്ന സാധനകളെയും സമീപനരീതികളെയുമൊക്കെപ്പറ്റി ഓരോ വ്യക്തിയും ഓരോ വീക്ഷണം പുലർത്തുക സ്വാഭാവികമാണ്. ഇത്തരം വീക്ഷണങ്ങൾക്കാണ്—ജീവിതത്തെപ്പറ്റിയുള്ള ഉൾക്കാഴ്ചയ്ക്കാണ്—ജീവിതവീക്ഷണമെന്ന പദം ഇവിടെ സ്വീകരിച്ചിരിക്കുന്നതു്.

ചാവറയച്ചന്റെ ജീവിതവീക്ഷണമെന്തെന്നു മനസ്സിലാക്കാൻ നമുക്കുള്ള ഉപകരണങ്ങൾ അദ്ദേഹത്തിന്റെ സാഹിത്യകൃതികളും ഡയറിക്കുറിപ്പുകളും, സർവ്വോപരി, അദ്ദേഹത്തിന്റെ കർമ്മപദ്ധതികളുമാണ്. സാഹിത്യകൃതികളും മുദ്രാലയപ്രേഷിതത്വവും പഠനവിഷയമായിക്കഴിഞ്ഞ നിലയ്ക്ക്, മറ്റുള്ളവയെപ്പറ്റി മാത്രമേ എനിക്കീ പ്രബന്ധത്തിൽ പ്രതിപാദിക്കേണ്ടതുള്ളു.

മനുഷ്യസേവനത്തിന്റെ ഇതിഹാസം

ചാവറയച്ചന്റെ കർമ്മപരിപാടികളിൽ ഏറ്റവും പ്രധാനം സന്യാസസഭാസ്ഥാപനമാണല്ലോ. ഈ രംഗത്തെ മുഖ്യസഹപ്രവർത്തകരായിരുന്ന പാലയ്ക്കലച്ചനും, പോരുക്കരയച്ചനും "വല്ലടത്തും ഒതുങ്ങിപ്പാർക്കണം, ദൈവധ്യാനം മാത്രം മതി" എന്ന ചിന്താഗതിക്കാരായിരുന്നു. "ലോകത്തു പെരുമാറിയാൽ രക്ഷപെടുകപ്രയാസം, നമുക്കു രണ്ടുപേർക്കുംകൂടി വല്ല വനവാസത്തിനും പൊയ്ക്കളയാം." എന്നു് ഒരു സഹപ്രവർത്തകനായിരുന്ന കണിയാന്തറ യാക്കോബുമായി പോരുക്കരയച്ചൻ തീരുമാനിക്കുകകൂടി ചെയ്തിരുന്നു. എന്നാൽ ചാവറയച്ചൻ ദൈവത്തെയന്വേഷിച്ചതു വനവാസത്തിലല്ല: മനുഷ്യരുടെ ഇടയിലാണ്. ഓടിരക്ഷപ്പെടേണ്ട, ഒഴിഞ്ഞുകളേണ്ട, ഒന്നായി ലോകത്തെ—മനുഷ്യരെ—അദ്ദേഹം കണ്ടില്ല. മനുഷ്യരിലൂടെ ദൈവസാക്ഷാത്കാരം സാധിക്കുകയെന്നതാണു് അദ്ദേഹത്തിന്റെ വീക്ഷണത്തിൽ സ്വീകാര്യമായിരുന്നതെന്നു തോന്നുന്നു. 1831-ൽ മാന്നാനത്തു് "അമലോത്ഭവദാസസംഘം" സ്ഥാപിതമായതോടെ ചാവറയച്ചന്റെ ഒരു ചിരകാലസ്വപ്നം സാക്ഷാത്കൃതമായി. 'പരോപകാരത്തിനായിട്ടു് ഒരു ദർശനമഠം' (സന്യാസസഭ) സ്ഥാപിച്ചതാണു് ചാവറയച്ചന്റെ ജീവിതവീക്ഷണത്തിലേക്കു വിരൽചൂണ്ടുന്ന ആദ്യത്തെ ശ്രദ്ധേയമായ സംഭവം എന്നു കാണാം. മനുഷ്യസേവനത്തിന്റെ ഇതിഹാസത്തിലെ ആദ്യഅദ്ധ്യായമായിരുന്നു അതു്.

ഈ സമൂഹത്തിന്റെ ലക്ഷ്യമെന്തെന്നു വ്യക്തമാക്കുന്ന ചില രേഖകളുണ്ടു്—അവയിൽ പ്രമുഖമാണു് ചാവറയച്ചൻ സഭാംഗങ്ങൾക്കയച്ച കത്തുകൾ. അതിലൊരിടത്തു് ഇങ്ങനെ കാണുന്നു: "നമ്മുടെ സഹോദരന്മാരുടെ നന്മയ്ക്കായിട്ടാണു് ദൈവം ഈ സഭയുടെ സ്ഥാപനത്തിനു തിരുമനസ്സായതു്.....ദൈവസ്തുതിക്കായിട്ടും പരോപകാരത്തിനായിട്ടും ആരംഭിച്ച ദർശനമഠം" ആണിതു്; (ചാവറചരമശതാബ്ദി 1871—1971, പ്രകാശം പ്രസിദ്ധീകരണം പേജു്-60)

സഭാസ്ഥാപനത്തിനു ധനസഹായം ചെയ്യാൻ കേരളീയരെ ആഹ്വാനംചെയ്തുകൊണ്ടും ഉപദേശിച്ചുകൊണ്ടും അന്നത്തെ വരാപ്പുഴ മെത്രാൻ മോൺ. മൗറേലിയൂസ് പുറപ്പെടുവിച്ച അനുവാദപത്രികയിലെ ആശയവും ഈ വസ്തുത വെളിവാക്കുന്നുണ്ടു്. 'അറിവില്ലാത്തവർക്കു സന്മാതൃക കാണിച്ചുകൊടുക്കുക, സന്മനസ്സുള്ളവരെ മാനസാന്തരപ്പെടുത്തുക, സഭയുടെതന്നെ നവോത്ഥാനത്തിനുവേണ്ടി യത്നിക്കുക, രാജ്യങ്ങളുടേയും ലോകം മുഴുവന്റെയും സമാധാനത്തിനും അഭിവൃദ്ധിക്കുംവേണ്ടി പരിശ്രമിക്കുക,

ലോകത്തിൽനിന്നു് ആദ്ധ്യാത്മികതയിലേക്കു തിരഞ്ഞെടുക്കപ്പെട്ടവരുടെ (സന്യാസികളുടെ?) വേലവഴി കണ്ണിനു കാണാവുന്ന നന്മകൾ നേടിയെടുക്കുക.....? (ചാവറ ചരമശതാബ്ദി, പേജു് 6). മൊത്തത്തിൽ, ജനങ്ങളുടെ ഏറ്റവും വലിയ നന്മയ്ക്കുവേണ്ടി യത്നിക്കുക എന്നതായിരുന്നു ഈ സന്യാസസഭാസ്ഥാപനത്തിൽ ചാവറയച്ചനൽപ്പെടെയുള്ള സ്ഥാപകപിതാക്കന്മാർക്കുണ്ടായിരുന്ന ലക്ഷ്യം.

ഉപാധികൾ പലതാണു്

ദൈവജനത്തിന്റെ പൊതുവായ നന്മ ലക്ഷ്യമാക്കിക്കൊണ്ടു മുന്നേറിയ ചാവറയച്ചൻ അതിനുതകിയ മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു. ആദ്ധ്യാത്മികനവീകരണം, മാനസികവളർച്ച, ശാരീരികപോഷണം എന്നീ ത്രിവിധ പരിപാടികളൽക്കൊള്ളുന്ന വിപുലമായൊരു പദ്ധതിയാണു് അദ്ദേഹം ആവിഷ്കരിച്ചതു്. സെമിനാരിസ്ഥാപനം, ദൈവവചനപ്രസംഗം, സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ, വിദ്യാലയങ്ങൾ, ആതുരസംരക്ഷണം, അധ:കൃതോദ്ധാരണം എന്നിവയുടെ വിശദാംശങ്ങളൽപ്പെട്ട കർമ്മമണ്ഡലം അദ്ദേഹത്തിന്റെ മുമ്പിൽ തെളിഞ്ഞുവന്നു. ആ ജീവിതം ആ വഴിക്കു തിരിഞ്ഞു.

സെമിനാരിസ്ഥാപനം

കേരളസഭയുടെ സുരക്ഷിതമായ ഭാവി സുശിക്ഷിതരും വിശ്രുദ്ധരുമായ വൈദികരിലാണു നിലകൊള്ളുന്നതെന്നു വിശ്വസിച്ച സ്ഥാപകപിതാക്കന്മാരുടേയും ചാവറയച്ചന്റെയും ശ്രുദ്ധ ആ വഴിക്കു തിരിഞ്ഞു. അങ്ങനെ സെമിനാരി സ്ഥാപനത്തിനു് അവർ മുൻകൈയെടുത്തു. ചാവറയച്ചനായിരുന്ന വലിയൊരു വിഭാഗം വൈദികരുടെ പരീക്ഷകനായും സർവ്വവൈദികശാസ്ത്രങ്ങളുടേയും മല്പാനുമായി, ഔദ്യോഗികമായി നിയമിക്കപ്പെട്ടിരുന്നതു്. കേരളസഭയുടെ കാര്യങ്ങൾ ഒരു സെമിനാരികൊണ്ടു സാധിക്കയില്ലെന്നു വന്നപ്പോൾ 1866-ൽ വാഴക്കുളത്തും, 1868-ൽ എൽതുരുത്തിലും, 1872-ൽ പുളിങ്കുന്നിലും വൈദികസെമിനാരികൾ സ്ഥാപിതമായി.

സെമിനാരിയിലെ ശിക്ഷണസമ്പ്രദായപരിഷ്കരണവും, വൈദികരുടെ ഔദ്യോഗികപ്രാർത്ഥനകളുടെ നവീകരണവും ഏകീകരണവും മറ്റും ഈ ജീവിതവീക്ഷണത്തിന്റെതന്നെ ബഹുമുഖ പ്രതിഫലനങ്ങളല്ലാതെ മറ്റൊന്നുമായിരുന്നില്ല.

ദൈവവചനപ്രസംഗങ്ങളും ആരാധനാജീവിതവും

പൊതുജനങ്ങളുടെ ആത്മീയകാര്യങ്ങളിൽ കാണിച്ച ശ്രുദ്ധയുടെ ഫലമാണു് പള്ളിതോറും നടത്താനേർപ്പാടുചെയ്ത ധ്യാനയോഗങ്ങൾ. നാലും അഞ്ചും വൈദികർ ചേർന്നു നടത്തിയിരുന്ന പ്രസ്തുത ജ്ഞാനധ്യാനയോഗങ്ങൾ വിവിധ ശ്രുദ്ധങ്ങളിലും ഭാവങ്ങളിലും ഇന്നും നിലനിന്നുപോരുന്നുണ്ടു്. പള്ളികളിൽ ഞായറാഴ്ച പ്രസംഗം ഒരു സാധാരണനടപടിയായതും ചാവറയച്ചന്റെ കാലത്തുതന്നെ.

ആരാധനക്രമനവീകരണം അദ്ദേഹത്തിന്റെ സവിശേഷശ്രുദ്ധയാകർഷിക്കുകയുണ്ടായി. 'നാല്പതുമണിയാരാധന' പ്രയോഗത്തിൽവരുത്തി. ക്രിസ്തീയാരാധനാജീവിതത്തിന്റെ കേന്ദ്രബിന്ദുവായി വർത്തിക്കുന്ന ദിവ്യബലിയും മറ്റു വിശ്രുദ്ധ കർമ്മങ്ങളും കാലോചിതമാക്കുകയും ഭംഗിയായി നിർവ്വഹിക്കുന്നതിനുവേണ്ട പദ്ധതികളാസൂത്രണം ചെയ്തുയുമുണ്ടായി അദ്ദേഹം.

സാമൂഹ്യസമ്പർക്കമാദ്ധ്യമങ്ങൾ

പ്രസിദ്ധീകരണങ്ങളോ അച്ചടിശാലപോലുമോ കേരളീയ കത്തോലിക്കാ സമൂഹ

The Ernakulam District Co-operative Bank Ltd.

P. B. No. 1786. COCHIN - 16. Phone: 31209

Branches :

ALWAYE (384), ERNAKULAM (31209), COCHIN (26300), KALADY, KOTHAMANGALAM, MUVATTUPUZHA (422), N. PARUR (246), PERUMBAVOOR (474), THODUPUZHA (100), & TRIPPUNITHURA.

Paid-up-share Capital: 76 lakhs. Deposits exceed: 246 lakhs.

THE BANK CATERS TO ALL ESSENTIAL NEEDS FOR THE INCREASED-AGRICULTURAL PRODUCTION AND DEVELOPMENT OF SMALL SCALE INDUSTRIES.

Rate of Interest on Deposits :-

Fixed Deposits : Rates varying from 5½% to 8% according to period. Savings Bank Deposit 4½ %. Current Deposits ½ %. 7 Days' Notice Deposit 4%.

DEMAND DRAFTS ARE ISSUED TO VARIOUS CENTRES AT MODERATE COMMISSION RATES

Enquiries Solicited :

M. V. JOSEPH B. A. B. L., President
K. MADHAVA MARAR, General Manager.

ത്തിനില്ലാതിരുന്ന ഒരു കാലഘട്ടത്തിലാണ് ചാവറയച്ചൻ ഈ രംഗത്തേക്കു ശ്രദ്ധതിരിച്ചതു്. അന്നത്തെ സ്ഥിതിഗതികൾവച്ചു വിലയിരുത്തുമ്പോൾ വിപ്ലവാത്മകമായ ദീർഘദൃഷ്ടിയും കർമ്മശേഷിയുമാണ് ഈ വിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്നതെന്നു സ്പഷ്ടമാവും. വാഴപ്പിണ്ടികൊണ്ടൊരു പ്രസിന്റെ മാതൃകയുണ്ടാക്കി അതിന്റെ മാതൃകയിൽ മരംകൊണ്ടു നിർമ്മിച്ച അച്ചടിയന്ത്രവുമായി 1844-ൽ മാന്നാനത്തു് അദ്ദേഹം ഒരു അച്ചടിശാല ആരംഭിച്ചു. അനേകം ആദ്ധ്യാത്മിക ഗ്രന്ഥങ്ങളുടെ ഈറ്റില്ലമായിരുന്നു — ഇന്നും ആണ് — ഈ സ്ഥാപനം.

വിദ്യാലയങ്ങൾ

വിദ്യാലയങ്ങൾ നന്നേ വിരളമായിരുന്ന, ഉണ്ടായിരുന്നവതന്നെ കത്തോലിക്കർക്കു നിഷിദ്ധമായിക്കരുതിയിരുന്ന, കാലമായിരുന്നു അതു്. ഈ പരിതഃസ്ഥിതിയിലാണ് 1846 ൽ മാന്നാനത്തു് സംസ്കൃതവിദ്യാലയം ആരംഭിച്ചതു്—മഹത്തായൊരു കർമ്മപദ്ധതിയുടെ വിനീതമായൊരു കാൽനാട്ടുകർമ്മം മാത്രമാണിതു്. പിന്നീടു്, പള്ളികൾതോറും പള്ളിക്കൂടങ്ങൾ സ്ഥാപിക്കണമെന്നു കാണിച്ചു് അദ്ദേഹം ഒരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി. സ്കൂളുകൾ സ്ഥാപിക്കാത്തപക്ഷം പള്ളിമുടക്കു കല്പിക്കുമെന്നും അതിൽ നിർദ്ദേശിച്ചിരുന്നു. 1865-ൽ വികാരി ജനറാളായിരിക്കവേയാണ് ഈ കല്പന പുറപ്പെടുവിച്ചതു്. (ചാവറ ചരമശതാബ്ദി-പേജ് 9).

ആതുരസംരക്ഷണം

ഇന്നു കേരളത്തിൽ ധാരാളം ആതുരസംരക്ഷണ കേന്ദ്രങ്ങളും അനാഥമന്ദിരങ്ങളുമുണ്ടു്. എന്നാൽ ഒരു നൂറ്റാണ്ടിനുമുമ്പു് ഇത്തരം സ്ഥാപനങ്ങളെപ്പറ്റി ഈ നാട്ടിൽ കേട്ടുകേൾവിപോലുമില്ലായിരുന്ന ആ സന്ദർഭത്തിലാണ് ഓരോ ഇടവകയിലും ഓരോ ആതുരശാല സ്ഥാപിക്കുകയെന്ന ആശയം ചാവറയച്ചന്റെ ഭാവനയിൽ പൊട്ടിവിടർന്നതു്. ഇതേപ്പറ്റി ചാവറയച്ചന്റെ അനന്തരഗാമിയായ പോത്തുക്കരയച്ചൻ ഇങ്ങനെ രേഖപ്പെടുത്തുന്നു:

"സഹോദരപ്രീയമെന്നുള്ള പുണ്യത്താലെ തന്റെ പ്രവൃത്തിയായിരിക്കുന്ന ധർമ്മശാല ഉണ്ടാക്കി പാവപ്പെട്ടവരെ പാർപ്പിച്ചു് അവരുടെ ആത്മശരീരരക്ഷയിൽ ഉത്സാഹിച്ചുവരേണ്ടുന്ന മനോഹരണ പ്രവൃത്തി എല്ലാ ഇടത്തിലും നടന്നുവരേണ്ടതിനു് ഏറ്റവും ആഗ്രഹിച്ചുകൊണ്ടു് തന്റെ ജന്മദേശമായ കൈനകരിപ്പള്ളിയിൽ ഉൾപ്പെട്ട ജനങ്ങൾക്കു നല്ല മരണത്തിന്റെ സഭയെന്ന സഹോദരക്കൂട്ടത്തെയും അതിനുള്ള ക്രമച്ചട്ടങ്ങളെയും കൊടുത്തു നടത്തുകയും ചെയ്തു!" (ചാവറ ചരമശതാബ്ദി-പേജ് 21).

അധഃകൃതോദ്ധാരണം

സമുദായത്തിലെ എല്ലായവരുടെയും — അധഃകൃതരുടെ — ഉദ്ധാരണത്തിനു് ഇന്നു പലവിധ പരിപാടികളുണ്ടു്. ഗവമ്മെണ്ടും മറ്റു സാംസ്കാരിക സംഘടനകളും കാര്യമായ സംഭാവന ഇക്കാര്യത്തിൽ ചെയ്തുകൊണ്ടിരിക്കുന്നു—അതു വിപുലീകരിക്കേണ്ടതാണെന്ന ധാരണയും ഇന്നു പരക്കെയുണ്ടു്. പക്ഷേ, ഒരു നൂറുകൊല്ലം മുമ്പോ? മനുഷ്യോചിതമായ പരിഗണനപോലും അധഃകൃതർക്കു് അന്നില്ലായിരുന്നു. വിദ്യാലയങ്ങളും ആരാധനസ്ഥലങ്ങളും മാത്രമല്ല, പൊതുനിരത്തുകൾപോലും അവർക്കു ബാലികേറാമലകളായിരുന്നു. ഇതു തിരുത്തേണ്ടതാണെന്ന ബോദ്ധ്യം ചാവറയച്ചനുണ്ടായി. സ്നേഹത്തിന്റെ കൈത്തിരിയുമായി അദ്ദേഹം അവരുടെ നടുവിലേക്കിറങ്ങിച്ചെന്നു. മനുഷ്യരുടെ സാഹോദര്യസമത്വങ്ങൾ അംഗീകരിക്കുന്ന ക്രൈസ്തവ സന്ദേശം അവർക്കെത്തിച്ചുകൊടുത്തു. വിദ്യാലയങ്ങളിൽ പ്രവേശനം

നല്ലി. അവരുടെ സാമ്പത്തിക-സാമൂഹിക പ്രശ്നങ്ങളിലും അദ്ദേഹത്തിന്റെ കണ്ണു ചെന്നു.

ഏതെങ്കിലും ഒരു സമൂഹത്തെയോ സമുദായത്തെയോ മാത്രം സ്പർശിക്കുന്നതായിരുന്നില്ല ഈ സ്നേഹവായ്പ്. ജാതിമതഭേദമില്ലാതെ, സമൂഹത്തിലെ എല്ലാ ഘടകങ്ങളേയും അദ്ദേഹം സഹായിച്ചു. ഈ ഉദ്ധാരണപ്രക്രിയയിൽ ആദ്ധ്യാത്മികവും ധാർമ്മികവുമായ ഘടകങ്ങൾക്കാണ് ചാവറയച്ചൻ പ്രാമുഖ്യം നല്കിയിരുന്നതു് എന്ന വസ്തുത അദ്ദേഹത്തിന്റെ ജീവിതവീക്ഷണത്തിലേക്കു പ്രകാശം പായിക്കുന്നതാണ്. ഈ ശരവിശ്വാസത്തിലും ധാർമ്മികമൂല്യങ്ങളിലും വേരൂന്നാത്ത യാതൊരു ഉദ്ധാരണനടപടിയും സ്ഥായിയായ ഫലം ചെയ്തയില്ലെന്നദ്ദേഹം ദൃഢമായി വിശ്വസിച്ചു. സ്ത്രീകൾക്കുവേണ്ടി പ്രത്യേകം ഉദ്ധാരണപരിപാടികൾ വേണ്ടതാണെന്നു കണ്ട അദ്ദേഹം കന്യകാമഠസ്ഥാപനത്തിലേക്കുതന്നെ ശ്രദ്ധതിരിച്ചതു് ഇവിടെ സ്മരണീയമാണ്. ''തന്നാൽ സ്നേഹിക്കപ്പെട്ട സമ്പന്നന്മാരിൽ നിന്നു പണം വരുത്തിയും പള്ളികളിൽ പരസ്യം എഴുതിക്കൊടുത്തയച്ചു് അരിവാങ്ങിയും പിടിയരിശേഖരിച്ചും'' അർഹരായവർക്കു സാമ്പത്തികസഹായം ചെയ്തുവന്നതായി അദ്ദേഹത്തിന്റെ പിൻഗാമികൾ രേഖപ്പെടുത്തിയിട്ടുണ്ട്. (ചാവറ ചരമശതാബ്ദി–പേജ് 53).

അനീതിക്കെതിരെ പടവാൾ

1861 മേയ് 9-ാംതീയതി കൊച്ചിയിൽവന്നിറങ്ങിയ റോക്കോസ് ശരിയായ അധികാരപത്രമോ മാപ്പ്രാപ്പയുടെ അനുവാദമോ കൂടാതെയാണ് കേരള സുറിയാനി സമൂഹത്തിന്റെ മെത്രാനായി സ്വയം അവകാശപ്പെട്ടതു്. ഈ അധികാരദുർമ്മോഹം ചാവറയച്ചനെ കലികൊള്ളിച്ചു. അതിനെതിരേ അദ്ദേഹം പടവാളുയർത്തി. 1862 മാർച്ചുവരെ ആ ധീരസമരം നീണ്ടുനിന്നു. അന്നു കേരളത്തിലുണ്ടായിരുന്ന 154 പള്ളികളിൽ 35 എണ്ണം മാത്രമേ റോക്കോസിനു കീഴ്പ്പെടാതുണ്ടായിരുന്നുള്ളൂ എന്നറിയുമ്പോഴാണ് റോക്കോസിന്റെ വിപ്ലവം എത്ര ശക്തിമത്തായിരുന്നു എന്നു നാം ഗ്രഹിക്കുക. ധാർമ്മികരോഷംകൊണ്ടു നിറഞ്ഞു തുളുമ്പിയ അദ്ദേഹം അന്നു് ഒരു സംഘം വൈദികരോടു ചെയ്ത പ്രസംഗത്തിലെ ഒരു ഭാഗം ഉദ്ധരിക്കട്ടെ. 'ഈ വന്ന മെത്രാൻ മാപ്പ്രാപ്പായുടെ കല്പനകൂടാതെ വന്നിരുന്നുവെന്നും അയാളിനു കീഴ്വഴങ്ങിയാൽ പെരിയ മഹറോനിൽ വീണുപോകുമെന്നും എല്ലാവരും കേൾക്കേ പരസ്യത്താലെ ഈ ത്രോണോസിലിരിക്കുന്ന തുങ്ങപ്പെട്ട രൂപംതൊട്ട് ഞാൻ സത്യംചെയ്ത ബോധിപ്പിക്കാം.....' (ശീശ്മയുടെ ചരിത്രം).

കേവലമൊരു ഹ്യൂമനിസ്റ്റല്ല

മനുഷ്യസേവനത്തിന്റെ ഒരിതിഹാസമാണ് ചാവറയച്ചന്റെ ജീവിതമെന്നു നാം കണ്ടു. പക്ഷേ, അദ്ദേഹത്തെ ഒരു സാധാരണ ഹ്യൂമനിസ്റ്റായോ (Humanist) മനുഷ്യസ്നേഹി (Philanthropist) മാത്രമായോ കാണുക ശരിയാവില്ല. എല്ലാ കാര്യങ്ങളിലും അദ്ദേഹത്തിന്റെ ആത്യന്തികലക്ഷ്യം മനുഷ്യന്റെ ആത്യന്തിക നന്മയായിരുന്നു. നന്മ ചെയ്യുവാനുള്ള ഈ ആവേശം ദൈവവുമായുള്ള ദൃഢബന്ധത്തിൽനിന്നും ഉടലെടുത്തതത്രേ: ഈശ്വരസാക്ഷാത്കാരത്തിനുവേണ്ടി ആത്മാർപ്പണം ചെയ്ത ഒരു ഭക്തയോഗിനിയെയും മനുഷ്യനു നന്മചെയ്യാനുള്ള നിരന്തരതപസ്യയിലേർപ്പെട്ടിരിക്കുന്ന ഒരു കർമ്മയോഗിയെയുമാണ് ചാവറയച്ചനിൽ നാം കാണുക.

ഈശ്വരഭക്തിപരവശനായി സ്ഥലകാലവിസ്മൃതിയിലാണ്ടുനില്ക്കുന്ന ഈ ഈശ്വരോപാസകനെ അടുത്ത നിമിഷത്തിൽ നാം കാണുക ബഹുകാര്യവ്യഗ്രനായി

ജനങ്ങളുടെയിടയിൽ പ്രവർത്തിക്കുന്നവനായിട്ടാണു്.

അങ്ങനെ ധ്യാനയോഗവും കർമ്മയോഗവും സമഞ്ജസമായി സമ്മേളിപ്പിച്ച ഒരു ജീവിതത്തിന്റെ ഉടമയായിരുന്നു ചാവറയച്ചൻ.

സന്യാസ സമർപ്പണം

ദാരിദ്ര്യം, ബ്രഹ്മചര്യം, അനുസരണം എന്നീ വ്രതങ്ങളുടെ അനുഷ്ഠാനം ഈശ്വരനും മനുഷ്യനും പൂർണ്ണമായി അർപ്പിച്ച ഒരു ജീവിതം നയിക്കാനുദ്ദേഹത്തെ സഹായിച്ചു. സമ്പൂർണ്ണമായ അർപ്പിതജീവിതം – അതായിരുന്നു ചാവറയച്ചന്റെ ലക്ഷ്യം. ഈ ലക്ഷ്യത്തിനു സഹായകമായിട്ടത്രേ ഈ വ്രതങ്ങളെ അദ്ദേഹം കണ്ടതു്. സന്യാസം അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം ദൈവത്തിനും മനുഷ്യനും വേണ്ടിയുള്ള പരിപൂർണ്ണാർപ്പണമായിരുന്നു—ലോകത്തിൽനിന്നുള്ള പലായനമായിരുന്നില്ല.

ചുരുക്കത്തിൽ, സ്നേഹമെന്ന ഏക പ്രമാണത്തിൽ അധിഷ്ഠിതമായ അർപ്പിത ജീവിതം വഴി ഈശ്വരപ്രേമത്തിൽ വിലയം പ്രാപിക്കുക, ആ വിശ്വോത്തരപ്രേമത്തിൽ എല്ലാ മനുഷ്യരെയും പങ്കാളികളാക്കുക ഇതായിരുന്നു ചാവറയച്ചനുണ്ടായിരുന്ന ജീവിതവീക്ഷണം.

ബസ്സിൽ ഇരിക്കാൻ സ്ഥലമുണ്ടായിട്ടും നിൽക്കുന്ന വല്യമ്മയോടു് കണ്ടക്ടർ :
"ഇരിക്കാൻ സ്ഥലമുണ്ടല്ലോ. എന്നിട്ടെന്താ വല്യമ്മേ ഇരിക്കാത്തതു്"
"എന്റെ കുഞ്ഞേ, സന്ധ്യയ്ക്കുമുമ്പു് വീട്ടിൽ ചെല്ലണ്ടതാ. ഇരിക്കാൻ നേരമില്ല"

* * *

നാരങ്ങാക്കച്ചവടക്കാരനോടു് ഒരാൾ: ഒരു നാരങ്ങയ്ക്കു് എന്താ വില?
കച്ചവടക്കാരൻ : പത്തു പൈസാ.
"നൂറെണ്ണം തികച്ചെടുത്താൽ എങ്ങനെ തരും ?
"കട്ടിയുള്ള കടലാസ്സിൽ പൊതിഞ്ഞു കെട്ടിത്തരും"

* * *

ക്ലാസ്സിൽ അദ്ധ്യാപകൻ സോമനോടു ചോദിച്ചു :
നീയെന്താടാ ഇന്നലെ ക്ലാസ്സിൽ ഹാജരാകാഞ്ഞതു് ?
സോമൻ: ഇന്നലെ ഞാൻ വന്നില്ല സാർ. അതുകൊണ്ടാണു് ഹാജരാകാഞ്ഞതു്.

For all your requirements in Printing please contact :-

ST. JOSEPH'S PRESS

TRIVANDRUM - 14

LETTER PRESS & OFFSET PRINTERS

&

BLOCK MAKERS


Grams: ESJEPE. Phone: 2286

ST. JOSEPH'S PRODUCTION CENTRE

ATTACHED TO K.C.M. I.T.C.

Sponsored by St. Joseph's Monastery

KOONAMMAVU, ALWAYE



STANDS FOR
FINE PRODUCTION OF


STEEL FURNITURE,
HOSPITAL GOODS,
TABERNACLES,
GATES, GRILLS, etc.

PLEASE CONTACT

THE DIRECTOR
ST. JOSEPH'S PRODUCTION CENTRE
KOONAMMAVU, ALWAYE

ചാവറയച്ചനും പ്രസിദ്ധീകരണങ്ങളും

(പ്രൊഫ. മാത്യു ഉലകംതറ, എം. എ.)



ശാരീരികജീവിതത്തിനു വായുവും വെള്ളവുമെന്നപോലെ, മാനസികജീവിതത്തിനു് പ്രസിദ്ധീകരണങ്ങൾ ഇന്നു് ഒഴിച്ചുകൂടാൻ വയ്യാത്തായിട്ടുണ്ടു്. കേരളത്തെസംബന്ധിച്ചിടത്തോളം പ്രസിദ്ധീകരണങ്ങൾക്കു ഈ വമ്പിച്ച പ്രാധാന്യം നേടിക്കൊടുത്തവരിൽ ഒരു മുന്നാടിയാണു് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. കേരളസഭയ്ക്കും കേരളീയജനതയ്ക്കും അദ്ദേഹം ചെയ്തിട്ടുള്ള ഏറ്റവും വിലപ്പെട്ട സേവനമേതെന്നു ചോദിച്ചാൽ മാന്നാനത്തെ സെന്റു് ജോസഫ്സ് പ്രസ്സിന്റെ സ്ഥാപനമാണെന്നായിരിക്കും ഞാൻ നല്കുന്ന ഉത്തരം. കേരളസഭയുടെ ആത്മീയവും വൈജ്ഞാനികവുമായ അഭിവൃദ്ധിക്കുവേണ്ടി വി

കാലത്തിന്റെ ഉപാധികളെ മുൻകൂട്ടി കണ്ടറിഞ്ഞു പ്രയോജനപ്പെടുത്തുവാനും കാലോചിതമായി മുന്നോട്ടു നീങ്ങുവാനും മാത്രമല്ല കാലത്തെത്തന്നെ നയിക്കുവാനുമുള്ള ക്രാന്തദർശിത്വം അദ്ദേഹത്തിനുണ്ടായിരുന്നു. സാവ്ത്രികസഭയുടെ ഇന്നത്തെ വിശദദർശനത്തിന്റെ ഒരു സ്ഫുലിംഗം അന്നുതന്നെ ആ വിനീതനായ സന്യാസിയുടെ മസ്തിഷ്കത്തിൽ പാറിവീണിരുന്നുവെന്നുള്ളതു് വിസ്മയാവഹംതന്നെ.

ദൂരഫലദായകങ്ങളായ അനേകം നല്ല കാര്യങ്ങൾ തുടങ്ങിവച്ച ആ പുണ്യാത്മാവിന്റെ പ്രവൃത്തികളിലൊന്നുമാത്രമായിട്ടായിരിക്കും മറെറാരാൾ ഇതിനെക്കാണുക. വാഴപ്പിണ്ടികൊണ്ടു മാതൃകയുണ്ടാക്കി മരംകൊണ്ടു നിർമ്മിച്ചതും ഇന്നു കാഴ്ചബംഗ്ലാവിലല്ലാതെ മറെറങ്ങും സ്ഥാനം നല്ലാൻ നിവൃത്തിയില്ലാത്തതുമായ ഈ അപരിഷ്കൃതോപകരണം അത്രവലിയൊരു ദൂരക്കാഴ്ചയുടെ ഫലമായെണ്ണുവാനും ചിലർക്കു പ്രയാസമുണ്ടായേക്കാം. അത്ഭുതകരമായ ഗതിവേഗത്തോടും യന്ത്രസംവിധാനങ്ങളോടുംകൂടി മുദ്രണാലയങ്ങൾ ടൺകണക്കിനു പാരായണവിഭവങ്ങൾ അടിച്ചു പുറത്തിറക്കുകയും ദിനകൃത്യങ്ങളെന്നപോലെ നാം അവയൊക്കെ വായിച്ചുതള്ളുകയും ചെയ്യുമ്പോൾ ആ മഹനീയവിദ്യ കേരളത്തിൽ ആദ്യം പിച്ചവച്ചു നടന്നതു് ഈ മരപ്പലകയിന്മേൽ പിടിച്ചുകൊണ്ടാണെന്നോർക്കുവാനും അതിന്റെ സ്ഥാപകനെ അഭിനന്ദിക്കുവാനും ആരു മെനക്കെടും?

മാന്നാനം പ്രസ്സിൽനിന്നു് അടിച്ചിറങ്ങിയ നിത്യാരാധന തുടങ്ങിയ പ്രാർത്ഥനാഗ്രന്ഥങ്ങളും മാസവണക്കങ്ങളും ജീവചരിത്രങ്ങളും കേരളീയകത്തോലിക്കരുടെ ആത്മീയജീവിതത്തിന്റെ ആരംഭവും ആലംബവുമായിത്തീർന്നു. അവ കടന്നുചെല്ലാത്ത ഭവനങ്ങളോ മംഗളകർമ്മങ്ങളോ അവക്കുണ്ടായിരുന്നില്ല. ഇന്നും ഉണ്ടായിരിക്കുകയില്ല. അനേകരെ മോക്ഷമാർഗ്ഗം കാണിച്ചതു് ആ ഗ്രന്ഥങ്ങളാണെന്നു് അതിശയോക്തികൂടാതെ പറയാം. അവരുടെ വിശ്വാസത്തിലും വിജ്ഞാനത്തിലും പ്രതിസന്ധിഘട്ടങ്ങളോ വെല്ലുവിളികളോ ഉണ്ടായപ്പോഴെല്ലാം നേർവഴി കാട്ടിക്കൊണ്ടിരുന്നതു് മാന്നാനം പ്രസ്സിൽനിന്നും, അതിന്റെ സന്തതികളോ അനന്തിരവരോ ആയ മറുകമ്മ്യൂണിസ്റ്റ്—കത്തോലിക്കാ പ്രസ്സുകളിൽനിന്നും പ്രസിദ്ധംചെയ്യുന്ന പുസ്തകമാസികകളാണു്. ഇന്നിപ്പോൾ ഒന്നിലധികം ആഴ്ചപ്പതിപ്പുകളും അരശ്ലോകം മാസികകളും വാർഷികപ്പതിപ്പുകളും കണക്കറ പുസ്തകങ്ങളും അവയിൽനിന്നിറങ്ങുന്നുണ്ടു്. രാഷ്ട്രീയവിപത്തുകളേയും ധാർമ്മികപ്രതിസന്ധികളേയും യഥാസമയം ചൂണ്ടിക്കാട്ടി ജനങ്ങളെ സുസജ്ജരാക്കുന്നതിനും, നിഷേധിക്കപ്പെടുന്ന നീതിക്കായി മുറവിളികൂട്ടുന്നതിനും കത്തോലിക്കർതന്നെ പ്രസിദ്ധീകരിക്കുന്ന ദിനപത്രങ്ങൾ ഒന്നിലേറെയുണ്ടു്. എന്നാൽ മാന്നാനത്തുനിന്നിറങ്ങിയ നസ്രാണിദീപികയ്ക്കും കർമ്മലകുസുമത്തിനുമാണു് ഇവയുടെയെല്ലാം മാതൃത്വവും നേതൃത്വവുമെന്ന വസ്തുത ആർക്കാണു നിഷേധിക്കാൻ കഴിയുക?

ഇന്നു പുതിയൊരു മാനവസമുദായത്തെ രൂപപ്പെടുത്തുന്നതിലും, വ്യക്തിസ്വാതന്ത്ര്യവും ലോകസമാധാനവും സാർവ്വലൗകികസാഹോദര്യവും സംരക്ഷിക്കുന്നതിലും പ്രസിദ്ധീകരണങ്ങൾക്കുള്ള പ്രഥമഗണനീയമായ പങ്കു് സഭതന്നെ സമ്മതിക്കുന്നുണ്ടു്. രണ്ടാം വത്തിക്കാൻ കൗൺസിൽ അതു് എടുത്തുപറയുകയും ചെയ്തിട്ടുണ്ടു്. എന്നാൽ ഇതൊന്നുമല്ലല്ലോ ചാവറയച്ചന്റെ കാലത്തെ സ്ഥിതി? സാർവ്വത്രികസഭയുടെ ഇന്നത്തെ വിശദദർശനത്തിന്റെ ഒരു സ്ഫുലിംഗം അന്നുതന്നെ ആ വിനീതനായ സന്യാസിയുടെ മസ്തിഷ്കത്തിൽ പാറിവീണിരുന്നുവെന്നുള്ളതു വിസ്മയാവഹംതന്നെ.

മാന്നാനം പ്രസ്സു സ്ഥാപിക്കുന്ന കാലത്തു കേരളത്തിൽ ആകെ രണ്ടു പ്രസ്സുകളേയുള്ളൂ. കോട്ടയത്തെ സി. എം. എസ്. പ്രസ്സും, തിരുവനന്തപുരത്തെ ഗവണ്മെൻറു പ്രസ്സും. കോട്ടയത്തുള്ള പ്രസ്സ് കാണാനനുവാദം നിഷേധിക്കപ്പെട്ടതിനെത്തുടർന്നു തിരുവനന്തപുരം പ്രസ്സിലെ ജോലിക്കാരെ സ്വാധീനിച്ചു് അകത്തുകടന്നു പ്രവർത്തനം നേരിൽക്കണ്ടു മനസ്സിലാക്കിയശേഷമാണു് വാഴപ്പിണ്ടിയുപയോഗിച്ചു മാതൃകയുണ്ടാക്കി

ആശാരിയെക്കൊണ്ടു പണിയിച്ചതു്. അതിനു മഷിയും കടലാസ്സും പെട്ടെന്നുമെല്ലാം സംഭരിക്കാൻവേണ്ടി അദ്ദേഹമനുഭവിച്ച ക്ലേശങ്ങളും സാമ്പത്തികമായ ബുദ്ധിമുട്ടുകളും നിരവധിയാണു്.

കാലത്തിന്റെ ഉപാധികളെ മുൻകൂട്ടിക്കണ്ടറിഞ്ഞുപയോജനപ്പെടുത്തുവാനും കാലോചിതമായി മുന്നോട്ടനിങ്ങുവാനും മാത്രമല്ല കാലത്തെത്തന്നെ നയിക്കുവാനുമുള്ള ക്രാന്തദർശിതവം അദ്ദേഹത്തിനുണ്ടായിരുന്നു.

അദ്ദേഹത്തിന്റെ അനുഗാമികൾ സാമാന്യം തൃപ്തികരമായി ആ ദൗത്യം തുടർന്നുപോരുന്നുണ്ടെങ്കിലും അദ്ദേഹം ചെയ്തതുപോലെ മുന്നിൽനിന്നു നയിക്കുവാനോ കാലത്തിനൊത്തു നീങ്ങുവാനോ നമുക്കു വേണ്ടിടത്തോളം കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണു്. മതവിശ്വാസത്തെ അതിന്റെ പഴയ ചട്ടക്കൂട്ടിൽത്തന്നെ കേവലപ്രബോധനത്രുപത്തിൽ പകർന്നുകൊടുത്താൽ കൈകൊണ്ടു തൊടാൻ മടിക്കുന്ന ഒരു തലമുറയാണിന്നുള്ളതു്. ജനാധിപത്യജീവിതരീതിയുടേയും, സോഷ്യലിസ്റ്റുസിദ്ധാന്തങ്ങളുടേയും, ശാസ്ത്രീയപുരോഗതിയുടേയും, യുക്തിചിന്തയുടേയും വെളിച്ചത്തിൽ മാത്രമേ മതബോധനംപോലും അവക്കു സ്വീകാര്യമാവുകയുള്ളു. അതുതന്നെയും നോവൽ, ചലച്ചിത്രം മുതലായ ആധുനികമാദ്ധ്യമങ്ങളിലായാൽ കൂടുതൽ സന്തോഷമായിരിക്കും. ക്രിസ്തീയതത്വങ്ങളുടെയോ പ്രാർത്ഥനാജീവിതത്തിന്റെയോ പ്രാധാന്യം കുറച്ചുകാണിക്കാനുള്ള ശ്രമമായി ഈ വസ്തുതാകഥനത്തെ ആരും വ്യാഖ്യാനിക്കുകയില്ലല്ലോ. കാലോചിതമായ മാദ്ധ്യമങ്ങളുപയോഗിച്ചു ജനങ്ങളെ അവയിലേക്കാകർഷിക്കണമെന്നേ പറഞ്ഞതിനർത്ഥമുള്ളു. മാറിവന്ന കാലത്തിനനുസരിച്ചു നൂതനസമ്പ്രദായങ്ങൾ സ്വീകരിച്ചതിലാണു ചാവറയച്ചന്റെ സൂക്ഷ്മബുദ്ധി പ്രകടമാകുന്നതെങ്കിൽ മാറിവരുന്ന കാലത്തിനനുസരിച്ചു് എന്നും നൂതനസമ്പ്രദായങ്ങൾ സ്വീകരിക്കാൻ അദ്ദേഹത്തിന്റെ അനുഗാമികളും കടപ്പെട്ടവരാണു്.

(പ്രസംഗസംഗ്രഹം)




മഠയനായ മത്തായിയോടു് പുരോഹിതൻ ചോദിച്ചു: നമ്മുടെ കർത്താവീശോമിശിഹാ ആർക്കുവേണ്ടിയാണു് കുരിശിൽ മരിച്ചതു് ?

ഉത്തരം പറയാതെ മിഴിച്ചുനിന്ന മത്തായിയെനോക്കി, പുരോഹിതനു മറഞ്ഞുനിന്ന കപ്യാർ, 'നമുക്കുവേണ്ടി' എന്ന അർത്ഥത്തിൽ നെഞ്ചത്തു കൈവച്ചു കാണിച്ചു. അതു കണ്ട മത്തായി ആ പുരോഹിതനോടു പെട്ടെന്നു പറഞ്ഞു: കപ്യാരു, 'ചാണ്ടി'ക്കുവേണ്ടി.


* * *

ഗുരു: ജോസേ, ഏറ്റവും എളുപ്പം പടർന്നുപിടിക്കുന്ന വസന്തയുടെ പേർ പറയുക.


ശിഷ്യൻ: കോളെജിലെ സ്റ്റൈക്കു്.



സുപ്രസിദ്ധ പിന്നണിഗായകൻ,
ശ്രീ യേശുദാസ്,
കലാപരിപാടികൾ
ഉൽഘാടനംചെയ്തുകൊണ്ട്
ഗാനങ്ങൾ ആലപിക്കുന്നു




ഫാ. മാക്കു പള്ളൻ,
ക്രിസ്തുനഗർ (വരാപ്പുഴ) പള്ളി
വികാരിയുടെ നേതൃത്വത്തിൽ
ഗായകസംഘം
ഗാനങ്ങൾ ആലപിക്കുന്നു




സമ്മേളനത്തിൽ, ഗായകസംഘം
ഫാ. കെർബിൻ സി. എം. ഐ. യുടെ നേതൃത്വത്തിൽ
ഗായകസംഘം ഗാനങ്ങൾ ആലപിക്കുന്നു

സർവ്വമതസമ്മേളനം



സർവ്വമതസമ്മേളനത്തിലെ ഒരു രംഗം



റവ. ഫാ. ലൂക്കു് സി. എം. ഐ.
പ്രൊഫസർ, ധർമ്മരാം കോളേജ്, ബാംഗ്ലൂർ
പ്രസംഗിക്കുന്നു



റവ. സി. ബൊറോമിയാ സി. എം. സി.
പ്രസംഗിക്കുന്നു

WITH BEST COMPLIMENTS FROM:

Vithayathil Fashions
Saree Department

M. G. Road,

Super Bazaar, Ernakulam

KOTTOOR DRESSES

M. G. ROAD,
SUPPER BAZAAR,
ERNAKULAM

കെ. എം. എസ്. ഗ്ലാസ് ഷോപ്പ്

ദേവാലയ ആവശ്യങ്ങൾക്കും, വൈദികരുടേയും കന്യാസ്ത്രീകളുടെയും വസ്ത്രധാരണത്തിനും ആവശ്യമായ തുണിത്തരങ്ങൾ.

Broadway, Ernakulam

Phones: Shop 32345
Resi 32435

The General Engineering & Electroplating Co.

M G. Road, Ernakulam
Cochin - 11

We undertake all kinds of Electroplating Job works, Chromium-plating a speciality

Phone: 33088

St. Mary's Industrial Mart

Ernakulam,

COCHIN - 11

ADAMJEE BROTHERS

WHOLESALE & RETAIL
PIECE GOODS MERCHANTS

Broadway, Ernakulam

Phone: 33821

★ 'ആര്യപുത്രാ ഇതിലേ' ★

(സെബാസ്റ്റ്യൻ മങ്കുഴിക്കരി, എറണാകുളം സഹായമെത്രാൻ)




പുണ്യചരിതനും സന്യാസവര്യനുമാണ് ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ. അദ്ദേഹത്തിന്റെ ചരമശതാബ്ദിയോടനുബന്ധിച്ച് കുനമ്മാവിൽ നടക്കുന്ന അനുസ്മരണസമ്മേളനം പലതുകൊണ്ടും ശ്രദ്ധേയമാണ്. അതിൽ എല്ലാവിധത്തിലും എടുത്തുപറയേണ്ട ഒന്നാണ് ഈ സർവ്വമത സിമ്പോസിയം. വിവിധ മതങ്ങൾ ഒന്നിച്ചു നില്ക്കുന്ന പലേ രംഗങ്ങളുമുണ്ട്. ഈശ്വരവിശ്വാസം, മനുഷ്യാത്മാവിന്റെ അസ്തിത്വം, ആരാധനക്രമം, ധാർമ്മികജീവിതം തുടങ്ങിയവ. എങ്കിലും, ഇവ സംബന്ധിച്ചുതന്നെ വിഭിന്ന സമീപനങ്ങളും വീക്ഷണങ്ങളും ഓരോ മതത്തിനുമുണ്ട്. വചനത്തിന്റെ വിത്തുകൾ പല നിലകളിൽ അക്രൈസ്തവ മതങ്ങളിൽ ചിതറികിടക്കുമ്പോൾ ക്രിസ്തുമതത്തിൽ അതു പൊട്ടി മുളച്ചു പച്ചയണിഞ്ഞു പൂവും കായുമായി നില്ക്കുന്നു. വൈവിധ്യം ഏറെറം കുറഞ്ഞ ഒരു മണ്ഡലത്തെപ്പറ്റി ചിന്തിക്കുവാൻ സാധിക്കുമെങ്കിൽ അതു് മതാത്മകമായ അനുഭവപരതയുടേതായിരിക്കുമെന്നു തോന്നുന്നു. സിദ്ധാന്തം ദർശനത്തിലെത്തുമ്പോൾ പരമാത്മാവും ജീവാത്മാവും വ്യതിരിക്തത കൈവെടിഞ്ഞു് ഐക്യത്തിലേക്കു നീങ്ങുകയായി. അവിടെ ഒരറ്റത്തോളം ഭാഷതന്നെ കഴിവറ്റു കുഴഞ്ഞു നില്ക്കുന്നതു കാണാം. എന്തെങ്കിലും പറഞ്ഞുവക്കുവാൻ ശ്രമിച്ചാൽത്തന്നെ അതു് സർവ്വദേവതാവാദത്തിന്റെ ചുവയുള്ളതായിരിക്കുവാൻ എളുപ്പമുണ്ടുതാനും.

'ധ്യാനംകൊണ്ടു് ആത്മാവിൽ കാണുവാനാ'ണ് സന്യാസി ശ്രമിക്കുന്നതു്. കേരളത്തിൽ വ്യവസ്ഥാപിതമായ സന്യാസജീവിതത്തിനു് അടിത്തറപാകിയ ചാവറ

യച്ചൻ ഋഷികളുടെ നാടായ ഇന്ത്യയിൽ ഈശ്വരദർശനത്തിന്റെയും ആത്മാനുഭൂതിയുടെയും സുപരിചിതസന്ദേശവുമായി കടന്നുവന്നു. നിസ്സൂലമാണ് ആ ശ്രീകോവിൽ; എങ്കിലും ഹൈന്ദവനും മുസ്ലീമിനും സിക്കുകാരനും ജൈനനും ഏതാണ്ട് സ്വന്തം ഭവനത്തിലേയ്ക്കെന്നതുപോലെ അങ്ങോട്ട കടന്നുചെല്ലുവാൻ കഴിയും. അതുകൊണ്ടാണ് ഈ സിമ്പോസിയത്തിലേക്ക് നാനാജാതിമതസ്ഥർ അനായാസേന കടന്നുവന്നതു്. ഒരു ക്രൈസ്തവ ഋഷിപുംഗവനെ അവക്ക് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിയും. അംഗീകരിക്കുവാനും ആദരിക്കുവാനും കഴിയും. ആദ്ധ്യാത്മികതയുടെ ഉദാത്തമായ ദർശനങ്ങളിലേക്കും അനുഭവങ്ങളിലേക്കും ഈ സിമ്പോസിയം നമ്മെ കൈപിടിച്ചു നടത്തട്ടെ. ദർശനവും ജീവിതവും എങ്ങനെ ഒന്നിച്ചു കൊണ്ടുപോകാമെന്നതിന്റെ മുദ്ധമാതൃകയാണ് സന്യാസവര്യനും പ്രവർത്തനധീരനുമായ ഫാദർ ചാവറ. ആര്യപുത്രാ ഇതിലേ എന്നു പറഞ്ഞു് അദ്ദേഹം നമുക്കു വഴികാണിക്കുകയാണ്.

പാലുകാരനോട്ട് മുതലാളി: എന്താടോ ഇന്നു രണ്ടു മണിക്കൂറു താമസിച്ചാണല്ലോ പാലു കൊണ്ടുവന്നതു്.

പാലുകാരൻ: 'ക്ഷമിക്കണം സാറെ! ഇന്നു 3 മണി മുതൽ 5 മണിവരെ വാട്ടർ സപ്ലൈ ഇല്ലായിരുന്നു'.



Shilpi BOB 15A/69


കേരളീയരുടെ അനിഷേധ്യനേതാവ്

(മോൺസിഞ്ഞോർ, വെള്ളാങ്കൽ)

★

ചാവറ കുര്യാക്കോ സച്ചൻ കേരളത്തി ന്റെ നേതാവായി ത്തീന്നിരിക്കു കയാ ണു്. മനുഷ്യഹൃദയ ങ്ങളുടെ നേതാവാ ണദ്ദേഹം. അദ്ദേഹ ത്തിന്റെ ഹൃദയം

★



★

ദൈവത്തിന്റെ ഹൃ ദയവുമായി അലി ഞ്ഞു ചേന്നിരിക്കു കയാണു്. അതാ ണു് ജീവിതത്തി ന്റെ ലക്ഷ്യം. എല്ലാ മതങ്ങളുടെയും മൗ ലികമായ സിദ്ധാ ന്തവും അതുതന്നെ.

★

സാമൂഹ്യബന്ധംകൊണ്ടു്, ഭാഷ്യാഭർതൃ ബന്ധംകൊണ്ടു്, സ്വത്തുകൊണ്ടു്, സ്ഥാന മാനങ്ങൾകൊണ്ടു് മനുഷ്യന്റെ ഹൃദയം തൃപ്തിപ്പെട്ടകയില്ല. എല്ലാ മതങ്ങളും മനു ഷ്യഹൃദയത്തിന്റെ അത്യൽക്കടമായ ദാഹ ത്തെ ശമിപ്പിക്കുന്നതിനുവേണ്ടി പരിശ്രമി ക്കുന്നു. ഈ ഹൃദയദാഹത്തെ വേണ്ടവിധം മനസ്സിലാക്കിയ ഒരു മനുഷ്യനാണു് ചാവറ കുരിയാക്കോസച്ചൻ. സാധാരണക്കാരേ ക്കാൾ ഉപരിയായ ഒരു ഉൾക്കാഴ്ചയോടുകൂടി മനുഷ്യജീവിതത്തെ — മനുഷ്യജീവിതത്തി ന്റെ മൗലികമായ പ്രശ്നങ്ങളെ—നിരീക്ഷി ച്ചറിഞ്ഞു് ആ പ്രശ്നങ്ങൾക്കു് പരിഹാരം കണ്ടെത്തിയ, ജീവൻ സമർപ്പിച്ച ഒരു മനു ഷ്യനാണു് ചാവറയച്ചൻ. അതുകൊണ്ടാ ണു് ഇന്നദ്ദേഹം നമ്മുടെ ഹൃദയത്തെ സ്വാ ധീനപ്പെടുത്തിയിട്ടുള്ളതു്. കുറച്ചുദിവസ ങ്ങൾക്കുമുൻപു് ഈ കേരളത്തിലേയും ഭാര തത്തിലേയും എന്നല്ല പൊതുവെയുള്ള സാമൂ ഹ്യസാമ്പത്തികരാഷ്ട്രീയ പ്രശ്നങ്ങളെക്കു റിച്ചു് സംസാരിച്ചപ്പോൾ ഒരു സ്നേഹിതൻ പറയുകയുണ്ടായി, ''നമുക്കു് ഇന്നുള്ള ഏറ്റ വും വലിയ പ്രശ്നം, പറ്റിയ നേതാക്ക ന്മാർ ഇല്ലെന്നുള്ളതാണു്. ലോകത്തെ മഹാ ന്മാരായ ആളുകൾ കടന്നുപോയി. ചത്തിൽ മരിച്ചുപോയി. ബിസ്മാക്കിനുശേഷം ജർമ്മ നി കണ്ടിട്ടുള്ളതിൽവച്ചു് ഏറ്റവും മഹാ നായ അഡനോവർ മരിച്ചുപോയി. ജോൺ

എഫ്. കെന്നഡി കടന്നുപോയി. നാസ്സർ മരിച്ചു. വലിയ നേതാക്കന്മാർ ലോകത്തിൽ നിന്നു് തിരോധാനം ചെയ്തിരിക്കുകയാണു്. രാഷ്ട്രങ്ങൾ പലതും അനാഥങ്ങളായി കിടക്കുകയാണു്.'' അദ്ദേഹം കേരളത്തിലേയ്ക്കു വന്നു; മതാത്മകമായ കായ്ങ്ങളിലേയ്ക്കു കടന്നു. വീണ്ടും പ്രശ്നം വലിയ നേതാക്കന്മാർ ഇല്ല എന്നുള്ളതാണു്. ''നമുക്കു് ഇവിടെയൊരു ശങ്കരാചാര്യർ ഇല്ല. ഒരു ശ്രീനാരായണഗുരു ഇല്ല. ധീരനായ ഒരു കാളാസ്റ്റേരി പിതാവില്ല. മഹാബുദ്ധിമാനായ ഒരു മാർ ഈവാനിയോസു് ഇവിടെയില്ല. ബുദ്ധിപ്രകർഷത്തിലും, ജീവിതവിശുദ്ധിയിലും ഉയർന്ന മാനദണ്ഡം പുലർത്തിയിരുന്ന ഷെവ. കുഞ്ഞിത്തൊമ്മനോ, ഏ. ജെ. ജോണോ, ജസ്റ്റീസു് തളിയത്തോ നമുക്കിന്നില്ല. അതുകൊണ്ടു് സമുദായം താഴ്ന്നുകിടക്കുകയാണു്. സമുദായം ഉയരണമെങ്കിൽ വലിയ നേതാക്കന്മാർ ആവശ്യമാണു്. വലിയ വാഗ്മികളെ ആവശ്യമാണു്. ജനങ്ങളെ സംഘടിപ്പിക്കുവാൻ കഴിവുള്ളവരെ ആവശ്യമാണു്.'' വാസ്തവമാണു്. നമുക്കു ശരിയായ നേതാക്കന്മാർ ഇല്ലെന്നുള്ളതു് ഒരു പോരായ്മയാണു്. പക്ഷെ, എന്താണു് ഈ നേതാവിന്റെ ആവശ്യം. എങ്ങിനെയുള്ള നേതാവിനെയാണു നമുക്കു് ആവശ്യം. ഈ നേതാവിനു് ആവശ്യമായ ഗുണഗണങ്ങൾ എന്തെല്ലാമാണു നമ്മുടെ വീക്ഷണത്തിൽ. പൊതുവെ പറഞ്ഞാൽ സാധാരണക്കാരേക്കാൾ ഉയർന്ന വ്യക്തി. സാധാരണക്കാരുടെ മനോഭാവത്തേയും ചിന്താഗതിയേയും സ്വാധീനിക്കാൻതക്ക ഈടുറ്റ ആശയങ്ങൾ ഉള്ള വ്യക്തി. ആ ആശയങ്ങൾ പ്രസംഗങ്ങളിലൂടെ, പ്രബന്ധങ്ങളിലൂടെ സൂചിപ്പിച്ചു് ആയിരങ്ങളേയും പതിനായിരങ്ങളേയും നിശ്ചിതമായ ലക്ഷ്യത്തിലേയ്ക്കു ആനയിക്കുവാൻ കഴിവുള്ള വ്യക്തി. അതുയും ശരിയാണു്. ആ അർത്ഥത്തിൽ ഹിറ്റ്ലർ ഒരു നേതാവായിരുന്നു. ''മയിൻ ക്യംഫ്'' എന്ന ഗ്രന്ഥംവഴി നാസിജർമ്മനിയിലെ ജനലക്ഷങ്ങളെ സമർത്തിനായിട്ടു് അണിനിരത്തുവാൻ അദ്ദേഹത്തിനു് കഴിഞ്ഞു. ലോകം ഭരിക്കുവാൻ തങ്ങൾക്കു അവകാശമുണ്ടു് എന്നു അദ്ദേഹം ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. അദ്ദേഹത്തിനു് ഒരു ലക്ഷ്യമുണ്ടായിരുന്നു. ലക്ഷ്യം പ്രദാനം ചെയ്തു, പ്രത്യയശാസ്ത്രം പ്രദാനം ചെയ്തു. അനേകായിരങ്ങളെ ഈ ലക്ഷ്യത്തിലേയ്ക്കു ആനയിക്കുവാൻ കഴിഞ്ഞു. പല വർഷങ്ങൾ കഴിഞ്ഞു. പക്ഷെ നമുക്കറിയാം, ഇന്നു് ഹിറ്റ്ലർ വാസ്തവത്തിൽ ഒരു നേതാവായിരുന്നില്ല എന്നു്. ഒരു കാലത്തു് സ്റ്റാലിനെ നേതാവായി ജനകോടികൾ സ്തുതിച്ചു. സ്റ്റാലിൻ മരിച്ചു. സംസ്കരിക്കപ്പെട്ടു. സ്റ്റാലിന്റെ പിൻഗാമി, സ്റ്റാലിൻ ഒരു രക്തദാഹിയായിരുന്നു, ഏതാനും വർഷം മുൻപു് സ്റ്റാലിന്റെ സ്തുതികീർത്തനങ്ങൾ ഇന്നാട്ടിൽ അലയടിച്ചിരുന്നെങ്കിൽ, അതു ജനങ്ങളുടെ തെറ്റിദ്ധാരണകൊണ്ടാണു് എന്നുപറഞ്ഞു് സ്റ്റാലിന്റെ മൃതശരീരം അവിടെനിന്നു് മാറ്റി ഇവരൊക്കെ നേതാക്കന്മാരായിരുന്ന കുറച്ചുകാലത്തേയ്ക്കു്. കുറച്ചുകഴിഞ്ഞപ്പോൾ ലോകം വിധിയെഴുതി ഇവർ നേതാക്കന്മാരായിരുന്നില്ലെന്നു്.

ചാവറ കുര്യാക്കോസച്ചൻ 19-ാംനൂറ്റാണ്ടിലെ കേരളത്തിൽ ഒരു നേതാവായി പ്രത്യക്ഷപ്പെട്ടു. അദ്ദേഹത്തിനു് അന്നത്തെ തലമുറകളേയും പിന്നീടുള്ള തലമുറകളേയും സ്വാധീനിക്കുവാനുള്ള കഴിവുണ്ടായിരുന്നു. ഈ കഴിവു് എന്തിനായിരുന്നു. അദ്ദേഹത്തിന്റെ നേട്ടങ്ങൾ ബഹുമുഖങ്ങളായിരുന്നു. നിങ്ങൾ സിംബോസിയത്തിലൂടേയും പത്രമാസികകളിലൂടേയും വായിച്ചുമനസ്സിലാക്കിയിട്ടുണ്ടു്. അദ്ദേഹം ഒരു വാഗ്മിയായിരുന്നു എന്നു ഞാൻ മനസ്സിലാക്കുന്നു; അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയിൽനിന്നു് നിഗ്ഗളിച്ച, അലയടിച്ച, മുഴങ്ങിയ ആ ശബ്ദത്തിനു് മനുഷ്യഹൃദയങ്ങളെ ഇളക്കിമറിക്കുവാൻ സ്വാധീനമുണ്ടായിരുന്നു. ശ്രോതാക്കൾ ചിലപ്പോൾ കരയുമെന്നു്

ഞാൻ അദ്ദേഹത്തിന്റെ ചരിത്രത്തിൽനിന്നു് മനസ്സിലാക്കിയിട്ടുണ്ടു്. ചാവറ കുരിയാക്കോസച്ചന്റെ വാചാലതമൂലവും തന്റെ പ്രബന്ധങ്ങൾമൂലവും ആയിരങ്ങളേയും പതിനായിരങ്ങളേയും ഇളക്കിമറിക്കുവാൻ അദ്ദേഹത്തിനു് സാധിച്ചെങ്കിൽ, നമ്മുടേതിൽനിന്നു് ഭിന്നമായ ഒരു ഹൃദയം അല്ലെങ്കിൽ ഉയർന്ന മൂല്യങ്ങൾകൊണ്ടു വളർന്ന ഒരു ഹൃദയം അദ്ദേഹത്തിനു് ഉണ്ടായിരുന്നു എന്നു് മനസ്സിലാക്കണം. ചാവറ ഏലിയാസച്ചനേക്കാൾ നന്നായി പ്രസംഗിച്ചിരുന്നവർ ഈ കേരളത്തിൽ ജീവിച്ചുമരിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ആ നേതൃത്വത്തിനു് ജനങ്ങളെ ആകർഷിക്കുവാൻ, ഒന്നിച്ചുകൂട്ടുവാൻ, മുന്നോട്ടു് ആനയിക്കുവാൻ. ചലനം സൃഷ്ടിക്കുവാൻ കഴിഞ്ഞെങ്കിൽ വെറും വാചാലതകൊണ്ടു് ആയിരുന്നില്ല അതു്. ആ വാചാലത ജീവിതത്തിന്റെ നൈർമ്മല്യത്തിൽനിന്നു് ഉടലെടുത്തതായിരുന്നു. അതാണു് വാസ്തവത്തിൽ ഇന്നു കുറവായിട്ടുള്ളതു്. നേതാക്കന്മാരുടെ കുറവുകൊണ്ടല്ല, ഇന്നു പഞ്ചായത്തുകളിലും അസ്സംബ്ളി നിയോജകമണ്ഡലങ്ങളിലും പാർലമെന്റ് കോൺസ്റ്റിറ്റ്യൂവൻസികളിലും രാഷ്ട്രങ്ങളിലും ലോകമെങ്ങും ആയിരക്കണക്കിനു് പതിനായിരക്കണക്കിനു് വാഗ്മികളുണ്ടു്. നാലും അഞ്ചും മണിക്കൂർ തുടർച്ചയായി പ്രസംഗിക്കുന്നവരുണ്ടു്. സ്ത്രീകളിലും പുരുഷന്മാരിലുമുണ്ടു്. നമുക്കും പ്രാസംഗികന്മാരില്ലേ? പക്ഷെ ഈ പറഞ്ഞതുപോലെ ഇടിമുഴക്കവുംമിന്നൽപ്പിണരും ഒരുമിച്ചുകാണുക, അതു പ്രയാസമാണു്. ജീവിതത്തിന്റെ വലിയ ബോദ്ധ്യങ്ങളിൽനിന്നു്, നൈർമ്മല്യത്തിന്റെ കൊട്ടമുടിയിൽ നിന്നുകൊണ്ടു് പ്രസംഗിക്കുവാൻ കഴിവുള്ള അത്മായരും, വൈദികരും, സന്യാസികളും ധാരാളം ഉണ്ടാകാതെ ഈ കേരളത്തിലെ കത്തോലിക്കർക്കു് ചാവറയച്ചന്റെ ശതാബ്ദി വേണ്ടവിധം ആഘോഷിക്കുവാൻ അർഹതയില്ല എന്നാണു് എനിക്കു തോന്നുന്നതു്. ചാവറയച്ചന്റെ ഈ ശതാബ്ദി ആഘോഷിക്കുമ്പോൾ ഏറ്റവും അധികം ആത്മശോധന ചെയ്യേണ്ടതു് കേരളത്തിലെ വൈദികരാണു്. അദ്ദേഹത്തിന്റെ ജീവിതം വലിയ ഒരു തത്വമാണു് കേരളസഭയ്ക്കു്, കേരളസഭയുടെ നേതാക്കന്മാരായ വൈദികർക്കു് നല്കുന്നതു്. വത്തിക്കാൻഡിക്രി സന്യാസികളെക്കുറിച്ചു പറയുന്നുണ്ടു്: "Your life is a reminder" പരലോകയാഥാർത്ഥ്യങ്ങളെക്കുറിച്ചു് ഈ ലോകത്തെ എപ്പോഴും ഓർമ്മിപ്പിച്ചുകൊണ്ടിരിക്കേണ്ട ഒരു ജീവിതമായിരിക്കണം നിങ്ങളുടേതു് എന്നു്. ഈ ലോകത്തു് എത്രയെത്ര നല്ല കാര്യങ്ങൾ ഉണ്ടെങ്കിലും അതു കടന്നുപോകുന്നതാണു് എന്നു് ലോകത്തെ അനുസ്മരിപ്പിക്കേണ്ടതു് നിങ്ങളുടെ ജീവിതമാണു്. അങ്ങിനെ ലോകത്തെ ഓർപ്പിച്ചുകൊണ്ടിരിക്കുവാനായിട്ടു് നമ്മുടെ വാക്കുകൾക്കും ലേഖനങ്ങൾക്കും കഴിവുണ്ടാകണമെങ്കിൽ, നമ്മുടെ ജീവിതത്തിന്റെ പ്രതിദ്ധ്വനിയായിട്ടു്, നമ്മുടെ ജീവിതത്തിന്റെ ഇടിമുഴക്കമായിട്ടു് തീരണമെങ്കിൽ, നമ്മുടെ വാക്കുകൾ ജീവിതത്തിന്റെ, ഹൃദയത്തിന്റെ അഗാധതയിൽനിന്നു് ഉയിരെടുക്കേണ്ടതു് ആവശ്യമാണു്, കുരിയാക്കോസച്ചനെപ്പറ്റി പറഞ്ഞപ്പോൾ അദ്ദേഹം ഒരു നേതാവാണു് എന്നു ഞാൻ പറഞ്ഞു. ആ നേതൃത്വത്തെക്കുറിച്ചാണു് ഞാൻ അല്പം സംസാരിക്കുന്നതു്. തന്റെ ജീവിതത്തിന്റെ അവസാനഘട്ടംവരെ മതവിശ്വാസിയല്ലാതെ ജീവിച്ച ഒരുമനുഷ്യൻ, വിശ്വവിശ്രുതനായ ഒരു സാഹിത്യകാരൻ ആൾഡർ ഹക്സിലി, പറയുകയുണ്ടായി, മനുഷ്യന്റെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവുമായ പ്രവർത്തനങ്ങൾകൊണ്ടു്, വിഷവാതകംകൊണ്ടു്, വായുമണ്ഡലം നിറഞ്ഞിരിക്കുകയാണു്. അതിനെ വിശുദ്ധീകരിക്കണമെങ്കിൽ ദൈവത്തെകേന്ദ്രമാക്കി, ഹൃദയം പരിപൂർണ്ണമായി ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു് ജീവിക്കുന്നവരുടെ സംഖ്യ വർദ്ധിതമാകാതെ നിവൃത്തിയില്ല എന്നു്.

With best wishes

from :

Fr. Paul Kodiyan C. M. I.

Rector

Mar Thoma Pontifical Shrine

Mar Thoma Nagar,
Azhikode Jetty P. O.
(Via) N. Parur — Cherai — Munambam
and
(Via) Kodungalur.

പക്ഷേ, ആ സംഖ്യ വലുതാകാൻ നോക്കിയിരിക്കാതെ ഏതെങ്കിലും ഒരു നാട്ടിലുള്ളവർ ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. മനുഷ്യന്റെ പ്രശ്നം സാമൂഹ്യമോ രാഷ്ട്രീയമോ സാമ്പത്തികമോ അല്ല. ചെറ്റപ്പുരയിൽ ജീവിക്കുന്നു, റോഡില്ല, വിദ്യാലയങ്ങൾ ആവശ്യത്തിനില്ല, ഇങ്ങിനെയുള്ള നൂറുനൂറു സാമ്പത്തികപ്രശ്നങ്ങളല്ല മൗലികപ്രശ്നങ്ങൾ. അതു് ഹൃദയത്തിന്റെ പ്രശ്നമാണു്. ഹൃദയത്തിൽ ദൈവത്തിനു സ്ഥാനം കൊടുക്കുക, അതാണു് എല്ലാ മതങ്ങളും ആഹ്വാനം ചെയ്യുക. തന്റെ ഈ ഹൃദയത്തിൽ ദൈവത്തിനു സ്ഥാനം കൊടുത്ത മഹാനായ മനുഷ്യൻ, 2000 കൊല്ലത്തെ ക്രൈസ്തവപാരമ്പര്യമുള്ള മനുഷ്യരിൽ ഒരുപക്ഷെ ഒന്നാംസ്ഥാനത്തു് നിൽക്കുന്ന മനുഷ്യൻ, ആയിരിക്കണം ചാവറയച്ചൻ എന്നു് ഞാൻ വിശ്വസിക്കുന്നു.

അദ്ദേഹം ഒരു കൊച്ചുകുഞ്ഞായിരുന്നപ്പോൾ മാമ്മോദീസാമുങ്ങി. ആ നൈർമ്മല്യത്തോടെ അദ്ദേഹം മരണക്കിടക്കവരെ തന്റെ തീർത്ഥാടനം നടത്തി. തന്റെ അന്തിമവിനാഴികയിൽ കുരിശിൽകിടന്ന ക്രിസ്തുവിന്റെ പ്രതീകമായി അദ്ദേഹം എന്താണു് ചെയ്തതെന്നറിയാമോ? മാന്നാനത്തുവച്ചു് ഒരു കള്ളക്കേസ്സിൽതന്നെ കുടുക്കിയ ആ മനുഷ്യനു് ഉപകാരം ചെയ്യണമേ എന്നു് ഒരു അന്ത്യശാസനം, ഒരു അന്ത്യ അഭ്യർത്ഥന, നടത്തിയിട്ടാണു് അദ്ദേഹം ജീവൻ വെടിഞ്ഞതു്. ശത്രുക്കൾക്കു വേണ്ടിയുള്ള പ്രാർത്ഥന. ഹൃദയനൈർമ്മല്യമുള്ള ഒരു വ്യക്തിക്കു്, ക്രിസ്തുവിനു് പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ഒരു വ്യക്തിക്കു്, മാത്രമേ അതു് സാധിക്കുകയുള്ളൂ. വർഷങ്ങൾക്കു മുൻപു് ബ്രിട്ടീഷു് പാർലിമെന്ററിൽ മഹാനായ ഒരു വാഗ്മിയുടെ പ്രസംഗം അലയടിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഒരു സുഹൃത്തു പറഞ്ഞു താങ്കളുടെ പ്രസംഗത്തിൽ അല്പം തെറ്റുവന്നു എന്നു്. സമ്മേളനം കഴിഞ്ഞു് പുറത്തിറങ്ങിയ ആ മഹാൻ ആ സുഹൃത്തിനോടു് മിണ്ടിയില്ല "എന്റെ ജീവിതകാലത്തു് എന്റെ പ്രസംഗത്തിനു് അഭിനന്ദനങ്ങളും കൈയ്യടികളും അല്ലാതെ ഉണ്ടായിട്ടില്ല, താങ്കൾ എന്നെ അപമാനിക്കുകയാണു ചെയ്തതു്. എനിക്കു് ഇതു് പൊറുക്കുവാൻ കഴിയില്ല'' അദ്ദേഹം പറഞ്ഞു. ആ വിരോധം നീണ്ടനിന്നു. മരണക്കിടക്കയെ സമീപിച്ചു് ആ സുഹൃത്തു് ക്ഷമിക്കുക എന്നു പറഞ്ഞു. ക്ഷമിക്കുകയുണ്ടായില്ല. തന്റെ മുഖം തിരിച്ചുകൊണ്ടു് ആ മനുഷ്യൻ മരിച്ചു എന്നു പറയുന്നു. ഒരു പക്ഷേ, ശരിയായിരിക്കാം. എന്നാൽ ചാവറയച്ചന്റെ അരുപി ഇതായിരുന്നില്ല. ഇതു ഞാൻ പറഞ്ഞതു് നമുക്കു് പണ്ഡിതന്മാരില്ല. സാഹിത്യകാരന്മാരില്ല, സംഘടിപ്പിക്കുവാൻ നേതാക്കന്മാരില്ല എന്നുള്ളതല്ല നമ്മുടെ പോരായ്മ എന്നു് സൂചിപ്പിക്കുവാനാണു്. നമ്മുടെ സമുദായത്തിന്റെയും മറ്റു സമുദായങ്ങളുടെയും ഈ നാട്ടിന്റെയും പോരായ്മ ക്രിസ്തുവിന്റെ പ്രതിരൂപം കണ്ടുകൊണ്ടു്, ഗാഗുൽത്തായിൽ ആണിയിൽ തൂങ്ങിക്കിടക്കുന്ന ക്രിസ്തുവിനെ കണ്ടുകൊണ്ടു്, അതുപോലെ ശാന്തിയുടേയും സ്നേഹത്തിന്റെയും ക്ഷമയുടെയും സഹനത്തിന്റെയും കാഹളം മുഴക്കുവാൻ തയ്യാറുള്ള വൈദികരും കന്യാസ്ത്രീകളും അത്മായരും ഈ കേരളക്കരയിൽ ആവശ്യത്തിനില്ല എന്നുള്ളതാണു്.

ഇന്നു് പറയാറുണ്ടു് മനുഷ്യൻ ഇതുവരെയും ദൈവവുമായി സമ്പർക്കം പുലർത്തിയതുകൊണ്ടു് പ്രയോജനമില്ല നിറുത്തുക, മനുഷ്യൻ സഹോദരന്മാരെ നോക്കുക എന്നു്. ഇതു് ആവശ്യമാണു്. പക്ഷെ ദൈവത്തിൽനിന്നു് ഈ ഹൃദയചൈതന്യം പ്രാപിക്കാതെ സഹോദരനെ സ്നേഹിക്കാൻ കഴിയില്ല. സഹോദരൻ എന്നു് വിളിക്കാം. പക്ഷെ കുറച്ചുകഴിഞ്ഞു് സ്നേഹം തിരിഞ്ഞുമറിഞ്ഞു് സ്വാർത്ഥതയാ

യിത്തീരും. ഈശ്വരനെ സ്നേഹിക്കുന്ന ഒരു വ്യക്തി തീച്ചയായും തന്റെ സഹോദരനെ സ്നേഹിക്കുകയും സഹോദരന്റെ നന്മ ആഗ്രഹിക്കുകയും യഥാർത്ഥ നന്മയിലേക്ക് സഹോദരനെ ആനയിക്കുകയും ചെയ്യും. ചാവറ അച്ചൻ ധ്യാനത്തിലും പ്രാർത്ഥനയിലും നൊവേനയിലും ബലിയിലും, വണക്ക മാസത്തിലും മാത്രം മുഴുകി കഴിഞ്ഞിരുന്ന ഒരു വ്യക്തിയായിരുന്നില്ല. ആരാധനയിൽ നിന്നും, പ്രാർത്ഥനയിൽനിന്നും, കുർബാനയിൽനിന്നും ഭക്താനുഷ്ഠാനങ്ങളിൽനിന്നും അദ്ദേഹം ചൈതന്യം ആർജ്ജിച്ചു. ആ ചൈതന്യം അദ്ദേഹം ഇതാ ലോകത്തിനു പ്രദാനംചെയ്യു. നന്മയെ ഒതുക്കിനിർത്തുവാൻ പറ്റുകയില്ല. അതു പൊട്ടിപ്പുറപ്പെട്ട് സഹജീവികളിലേക്ക് പ്രവഹിക്കും. ചാവറ അച്ചന്റെ സ്നേഹം മനുഷ്യ ജീവികളിലേക്ക് പ്രവഹിച്ചു. നമുക്കറിയാം എല്ലാ മതങ്ങളുടെയും മൗലികസത്യമാണ് ദൈവം എന്നു. ദൈവം സച്ചിദാനന്ദ സ്വരൂപനാണു. ദൈവം അളവറ്റവിധം സൗഭാഗ്യവാനാണു. ആ ദൈവത്തിൽനിന്നാണു നാം വന്നതെങ്കിൽ, നമ്മുടെ നിർഭാഗ്യത്തിന്റെ കാരണം തിന്മയാണു, പാപമാണു. ആ യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ചാവറയച്ചൻ തന്റെ ഹ്രസ്വമായ ജീവിതത്തിൽ, ഹ്രസ്വമെന്നു ഞാൻ പറയുന്നില്ല. 66 വഷ്ത്തോളം അദ്ദേഹം ജീവിച്ചു, തന്റെ പ്രവർത്തനങ്ങളിൽ പ്രാധാന്യം കൊടുത്തിരുന്നതു ആദ്ധ്യാത്മികമായ പ്രേഷിതവൃത്തിയ്ക്കാണു. മനുഷ്യന്റെ നൈർഭാഗ്യത്തിന്റെ കാരണം തിന്മയാണു, ഏറ്റവും വലുതു പാപമാണു. ആ പാപത്തിൽനിന്നു മനുഷ്യനെ ഉദ്ധരിയ്ക്കുക, അതിനുവേണ്ടിയാണു ഞായറാഴ്ച പ്രസംഗം വേണമെന്നു നിഷ്കർഷിച്ചതു. അതിനുവേണ്ടിയാണു ഈ കേരളത്തിലുള്ള എല്ലാ പള്ളികളോടും അനുബന്ധിച്ചു സ്കൂളുകൾ വേണമെന്നു സക്കുലർ എഴുതിയതു. നമുക്കു ഇന്നു 100 ആണ്ടുകൾക്കിപ്പുറം ജീവിയ്ക്കുന്നവർക്കു ഇതു കേൾക്കുമ്പോൾ ഒരു വികാരവും ഉണ്ടാകുന്നില്ല. പക്ഷെ അന്നു അദ്ദേഹത്തിനു അതു എഴുതുവാൻ കഴിഞ്ഞെങ്കിൽ ഒരു വിപ്ലവകാരിയുടെ ചിന്താഗതിയും ധീരതയും കൂടാതെ സാധിയ്ക്കുമായിരുന്നില്ല. ഈ കേരളം ഇവിടത്തെ ആളുകൾ ഇവിടത്തെ ക്രൈസ്തവർ, ഇവിടത്തെ ഹിന്ദുക്കൾ എല്ലാം തങ്ങളുടെ സഹോദരനു എതിരെ ജാതിയുടെ പേരിൽ വലിയ കോട്ടകൾ കെട്ടിപ്പൊക്കിയിരുന്നു. ഈ കോട്ടയെ അടിച്ചമർത്തുക എന്ന സംരംഭത്തിൽ ഏർപ്പെടുന്നതിനു അസാധാരണമായ ധീരത ആവശ്യമുണ്ടായിരുന്നു. ആ ധീരത ചാവറയച്ചനു ഉണ്ടായിരുന്നു. അതുകൊണ്ടാണു ജാതിചിന്തകൂടാതെ, മതചിന്തകൂടാതെ ഇവയ്ക്കെല്ലാം അതീതമായി നിന്നുകൊണ്ടു എല്ലാവരേയും സ്നേഹിയ്ക്കുകയും എല്ലാവരുമായി സംഭാഷണത്തിലേർപ്പെടുകയും എല്ലാവർക്കും വേണ്ടി വിദ്യാഭ്യാസസ്ഥാപനങ്ങൾ സ്ഥാപിയ്ക്കുകയും ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചതു. ദൈവസ്നേഹം കുറയുമ്പോൾ മനുഷ്യൻ മനുഷ്യനെ വെറുക്കുകയാണു. ഒരു സന്യാസസഭയിൽത്തന്നെ പല വിഭാഗങ്ങൾ ഉണ്ടായിയെന്നുവരാം. ഒരു ആശ്രമത്തിൽത്തന്നെ വിഭാഗീയചിന്ത ഉണ്ടായിയെന്നുവരാം. വളരെ കുലീനതയുള്ള, അംഗസംഖ്യയുള്ള, ഒരു കുടുംബത്തിൽത്തന്നെ ഈ പിശാചു കയറിയെന്നുവരാം. കാരണം സാഹോദര്യമില്ലായ്മയാണു. മനുഷ്യനെ ഉദ്ധരിയ്ക്കുവാൻ ഒന്നാമത്തെ മാർഗ്ഗം സഹോദരസ്നേഹമുള്ള ഒരു ലോകം കെട്ടിപ്പടുക്കുകയാണെന്നു ചാവറയച്ചനു ബോദ്ധ്യമുണ്ടായിരുന്നു. ദൈവത്തിന്റെ പിതൃത്വം, മനുഷ്യന്റെ സാഹോദര്യം ഈ രണ്ടു സന്ദേശങ്ങളെയാണു അദ്ദേഹം വിമാനങ്ങളോ, തീവണ്ടികളോ, ബസ്സുകളോ ഒന്നും ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ ഈ കേരളക്കര മുഴുവൻ സഞ്ചരിച്ചു പ്രചരിപ്പിച്ചതു.

അദ്ദേഹത്തിന്റെ വാക്കുകൾക്കു ഒരു വശീകരണശക്തിയുണ്ടായിരുന്നു. അദ്ദേഹ

ത്തിന്റെ ദൗത്യത്തിനു് ഒരു വശീകരണ ശക്തി ഉണ്ടായിരുന്നു. കാരണം അദ്ദേഹം ഹൃദയം പരിപൂർണ്ണമായി ദൈവത്തിനു് സമർപ്പിച്ച ഒരു മനുഷ്യനായിരുന്നു. ജീവിതത്തിന്റെ അവസാനഘട്ടത്തിൽ അദ്ദേഹം പറയുകയുണ്ടായി, അദ്ദേഹത്തിന്റെ ചാവരുൾ എന്ന പുസ്തകത്തിലാണെന്നാണു് എന്റെ ഓർമ്മ. ''അയല്ക്കാരനു് എന്തെങ്കിലും ഉപകാരം ചെയ്യാത്ത ദിവസം നിങ്ങൾ നിങ്ങളുടെ ജീവന്റെ കണക്കിൽ ഉൾപ്പെട്ടത്താൻ പാടില്ല, നിങ്ങൾക്കതു് സാദ്ധ്യമല്ല'' എന്നു്. അയൽക്കാരനുവേണ്ടി എന്തെങ്കിലും ഉപകാരം ചെയ്യാത്ത ദിവസം, അങ്ങനെ ഒരു ദിവസം അദ്ദേഹം അദ്ദേഹത്തിന്റെ ജീവിതത്തിൽ കടത്തിവിട്ടിട്ടില്ല. അതുകൊണ്ടാണു് അദ്ദേഹം ഇന്നും 'അനുസ്മരിക്കപ്പെടുക. നമുക്കറിയാം, മനുഷ്യനെ സംബന്ധിക്കുന്ന ഒരു വലിയ യാഥാർത്ഥ്യം മനുഷ്യന്റെ ആത്മീയതയാണു്'' എന്നു്. മനുഷ്യൻ ഒരു Spiritual Generator ആണു്. മനുഷ്യനു് വിശ്വാസശക്തിയുണ്ടു്. മനുഷ്യൻ ഈ ലോകജീവിതത്തിൽ പല നേട്ടങ്ങളും കൈവരിക്കുന്നു. രണ്ടായിരം, മൂവായിരം കൊല്ലങ്ങൾക്കുമുൻപു് ഈ ലോകത്തിൽ ജീവിച്ചിരുന്ന വലിയ മൂഢത്തെക്കുറിച്ചു്, മൂഢത്തിന്റെ നേട്ടങ്ങളെക്കുറിച്ചു് ആരും പുസ്തകങ്ങൾ എഴുതിയിട്ടില്ല. എന്നാൽ ഒരു കൺഫ്യൂഷ്യസിനെക്കുറിച്ചു്, ഒരു അശോകനെക്കുറിച്ചു്, ഒരു ബുദ്ധനെക്കുറിച്ചു്, ഒരു സോക്രട്ടീസിനെക്കുറിച്ചു് എല്ലാം പുസ്തകങ്ങൾ എഴുതിയിട്ടുണ്ടു്. മനുഷ്യന്റെ ചിന്തയുടെ നേട്ടങ്ങൾ സ്ഥലത്തിനും കാലത്തിനും അതീതമായി നിന്നിട്ടു് സ്വാധീനം ചെലുത്തുന്നു. എന്നാൽ ഈ സ്വാധീനം അങ്ങു് വിദൂരത്തിലേയ്ക്കു്, അനന്തതയിലേയ്ക്കു് കടന്നുപോകുകയാണു്. ഈ സ്വാധീനം ഒരേ സമയത്തു് മാനുഷികവും ദൈവികവുമായിതീരുന്നതാണു്. ഈ കാര്യത്തെക്കുറിച്ചു് Arnold Tolanty യും Dr. Radha Krishnan നും ഒരേ വാക്യത്തിൽ എഴുതിയിട്ടുണ്ടു്. 'നമ്മുടെ ഇവിടത്തെ പ്രവർത്തനങ്ങൾ, രാഷ്ട്രീയപ്രവർത്തനങ്ങൾ കുറച്ചുകാലം സ്മരിക്കപ്പെട്ടും, ആദരിക്കപ്പെട്ടും. മനുഷ്യന്റെ സാഹിത്യരാഗത്തെ കലാവൈഭവനേട്ടങ്ങൾ കുറെക്കാലം അനുസ്മരിക്കപ്പെട്ടും. മനുഷ്യന്റെ തത്വചിന്ത, അതും കുറെക്കാലംകൂടി നിലനില്ക്കും. എന്നാൽ ഇവയെല്ലാം ഉപരിയായിട്ടു് ഒരിക്കലും ക്ഷയമില്ലാതെ എന്നെന്നേയ്ക്കും നിലനില്ക്കുന്നതു് വിശുദ്ധന്മാരുടെ ജീവിതവും അവരുടെ നേട്ടങ്ങളും അവരുടെ സംഭാവനകളുമാണു്' എന്നു്. ചാവറയച്ചന്റെ ഭൗതികമായ നേട്ടങ്ങൾ ഞാൻ താഴ്ത്തി പറയുന്നില്ല. അദ്ദേഹത്തിന്റെ ആകാരസൗഷ്ഠവം എന്നെ ആകർഷിക്കുകയുണ്ടായി. അതും ഞാൻ താഴ്ത്തി പറയുന്നില്ല. എല്ലാറ്റിനും ഉപരിയായി ഞാൻ പറയുക അദ്ദേഹത്തിന്റെ മഹത്വം, ഇതാണു്. അദ്ദേഹം കേരളത്തിന്റെ നേതാവായിതീർന്നിരിക്കുകയാണു്. മനുഷ്യഹൃദയങ്ങളുടെ നേതാവായിതീർന്നിരിക്കുകയാണു്. അദ്ദേഹത്തിന്റെ ഹൃദയം ദൈവത്തിന്റെ ഹൃദയവുമായി അലിഞ്ഞുചേർന്നിരിക്കുകയാണു്, അതാണു് ജീവിതത്തിന്റെ ലക്ഷ്യം, എല്ലാ മതങ്ങളുടെയും മൗലികമായ സിദ്ധാന്തം അതാണു്. മനുഷ്യൻ ഈ ഭൂമിയിൽ വന്നിരിക്കുന്നു. ഈ നാടകവേദിയിൽ വന്നിരിക്കുന്നു. അവനു് ഒരു ഭാഗം അഭിനയിക്കാനുണ്ടു്. അവൻ തനിയെയിരുന്നാൽ പോരാ. അവൻ മാറിനിന്നാൽ പോരാ. അവനു് ദൈവം ആവശ്യമാണു്. എന്നു് അവൻ ദൈവത്തിൽനിന്നു് അകലുന്നുവോ അന്നു് അവൻ തകർന്നു് വീഴുന്നു. പ്രകാശരശ്മി, ദീപനാളത്തിൽനിന്നു് മുറിയുമ്പോൾ അന്ധകാരമായിതീരുന്നതുപോലെ മനുഷ്യജീവിതം അന്ധകാരമായിതീരുകയാണു് ഈശ്വരനോടു് യഥാർത്ഥമായ സമ്പർക്കം പുലർത്തുന്നില്ല എങ്കിൽ. ഒരു മത്സ്യം സ്വാതന്ത്ര്യത്തിനുവേണ്ടി വെള്ളത്തിൽനിന്നു് ചാടി ചൂടുപഴുത്ത മണ്ണിൽ കിടന്നു പിടയുമ്പോൾ എന്തു സംഭവിക്കുന്നു. സ്വാതന്ത്ര്യം എന്നു

SUPER BAZAAR

M. G. ROAD.

ERNAKULAM,

COCHIN-11

WITH BEST WISHES FROM:

Indo-Japan Trading Company

Dealers in:

BUSH RADIO

P. B. No. 1274

Gram: BRIGHT. Phone: 31197

ERKOMA Engineering Corporation

Bearings, Work shop tools
Welding rods,
Welding accessories

Phone: 31422. Gram: BEARINGS

JOS BROTHERS

Jos Brothers Junction

Phones: Shop 7509
Residence 33633

UNITED TIMBER COMBANY

Rose wood Exporters

P. B. No. 1273

Gram: LUCK. Phone: 31197

DHARMARAM COLLEGE LIBRARY
BANGALORE-29.

തോന്നും. ഏതാനും നിമിഷങ്ങൾക്കകം അതു ചത്തുപോകുകയാണു് ചെയ്യുക. ഇതാണു്, നമ്മുടെ ഈ പിടച്ചിൽ മാറുവാൻവേണ്ടി ദൈവത്തിൽനിന്നു് കൂതറി, നാം തെറിച്ചു് നമ്മിലേയ്ക്കു തന്നെ വീഴുമ്പോൾ സംഭവിക്കുക. നിർമ്മലമായ ഒരു അരുവി അതിന്റെ ഉത്ഭവസ്ഥാനത്തുനിന്നു് മുറിഞ്ഞു് ഒഴുകിയാൽ, മരുഭൂമിയിൽ അതു മണ്ണിൽ വളരെ വേഗം ലയിച്ചുപോകും. ഇതുപോലെതന്നെയാണു് നമ്മുടെ ഈ ജീവിതവും. എല്ലാ മതങ്ങളും അതു പഠിപ്പിക്കുന്നു. ഈ ജീവിതം ദൈവികമാണെന്നു്. അങ്ങനെ ദൈവികമാണെങ്കിൽ ഈ ജീവിതത്തിനു് ദൈവികസ്ഥാനം കൊടുത്തേ മതിയാവൂ. ദൈവത്തെ കേന്ദ്രമാക്കി ദൈവത്തിനു് തന്റെ ഹൃദയവും ആത്മശരീരങ്ങളും സമർപ്പിച്ചുകൊണ്ടു് ചാവറയച്ചൻ ജീവിച്ചു. അതുകൊണ്ടു് അത്ഭുതകരമായ നേട്ടങ്ങൾ അദ്ദേഹത്തിന്റെ കാലത്തുണ്ടായി. ഇന്നു നമ്മുടെ ഗ്രാമങ്ങളിൽ, ചെറുപട്ടണങ്ങളിൽ, രമ്യഹർമ്മ്യങ്ങളിൽ, നമ്മുടെ കൊവേന്തകളിൽ, മഠങ്ങളിൽ, നമ്മുടെ അരമനകളിൽ, ധനവാന്മാരുടെ കെട്ടിടങ്ങളിൽ ഒക്കെ കൈസ്സുവരുണ്ടു്. വളരെ അധികം വിശ്വാസം ഉള്ളവരുണ്ടു്. പക്ഷെ സത്യായിയായ, നിലനില്ക്കുന്ന, അനേകം തലമുറകളെ സ്പർശിക്കുന്ന എന്തെങ്കിലും സംഭാവന ചെയ്തിട്ടു് കടന്നുപോകുവാൻ കഴിയുന്നില്ലെങ്കിൽ അതിനു കാരണം നമ്മുടെ ഹൃദയങ്ങൾ പരിപൂർണ്ണമായിട്ടു് ദൈവത്തിനായി തുറന്നിട്ടവാൻ, നാം തയ്യാറായിട്ടില്ല, നാം തയ്യാറാകുന്നില്ല എന്നതാണു്. അതാണു് നമ്മുടെ പരാജയം.

നാം ദൈവവുമായിട്ടു് ഒരുമിച്ചു ജീവിക്കുക. അങ്ങനെ ജീവിക്കുമ്പോൾ നാം ഭക്തരായിതീരും ദൈവത്തിൽനിന്നു് അകന്നാൽ നാം തളർന്നുപോകും. നാം ദൈവത്തിന്റെ ഭാഗത്തേയ്ക്കു് മാറിനില്ക്കുമ്പോൾ 'God is Omnipotent' സർവ്വശക്തനാണു് ദൈവം എന്ന ബോദ്ധ്യം നമുക്കുണ്ടാകും. സ്വർഗ്ഗവാസികൾ ഉണ്ടെന്നു നാം വിശ്വസിക്കുന്നു. സ്വർഗ്ഗത്തിലെ കോടാനുകോടി സൗന്ദര്യജീവികൾ, മാലാഖമാരും പുണ്യവാന്മാരും എല്ലാം നമ്മുടെ ചേരിയിലാണു്. നാം ദൈവത്തിന്റെ ഭാഗത്താണെങ്കിൽ ലോകത്തിന്റെ നന്മയ്ക്കുവേണ്ടി നിലകൊള്ളുന്ന മറു ജീവികൾ, നമ്മുടെ ആദ്ധ്യാത്മിക ഭാഷയിലൊക്കെ, ക്രിസ്തുവിന്റെ മൗതികശരീരത്തിലെ അവയവങ്ങൾ എന്നൊക്കെ നാം പറയും. കൊള്ളാം നല്ല മനുഷ്യർ, സ്നേഹമുള്ള മനുഷ്യർ, ദൈവികാംശം പേറിച്ചു് വിശുദ്ധീകരിക്കപ്പെട്ട മനുഷ്യർ. എല്ലാവരും നമ്മുടെ ഭാഗത്താണു്. അങ്ങനെ ഈ ലോകത്തിലും സ്വർഗ്ഗത്തിലും ഉള്ള എല്ലാ മനുഷ്യരും നമ്മുടെ ചേരിയിലായിരിക്കുമ്പോൾ നാം ബലഹീനരല്ല. നാം ശക്തിയുള്ളവരാണു്. ആ ദൈവശക്തിയോടുകൂടി നമ്മുടെ ഇവിടത്തെ ജീവിതത്തിലെ ചുരുങ്ങിയ ദിവസങ്ങൾ നമ്മുടെ നാടിനുവേണ്ടി, നാട്ടുക്കുവേണ്ടി, സഹോദരർക്കുവേണ്ടി, നമ്മുടെ മതത്തിലുള്ളവർക്കുവേണ്ടി, എല്ലാ മതങ്ങളിലും ഉള്ളവർക്കുവേണ്ടി, വിശ്വാസമുള്ളവർക്കുവേണ്ടി, വിശ്വാസമില്ലാത്തവർക്കുവേണ്ടി ജീവിക്കുക. ചാവറയച്ചന്റെ ദൈവസ്നേഹം സഹോദരസ്നേഹമായി രൂപാന്തരപ്പെട്ടതിനു് തെളിവാണു് അദ്ദേഹത്തിന്റെ ആതുരാലയ പ്രവർത്തനങ്ങൾ.

തെങ്ങിൽനിന്നു വീണ ചെത്തുകാരൻ അഭിമാനത്തിനുവേണ്ടി മിണ്ടാതെ പോകുന്നതു കണ്ട വീട്ടുകാരി: 'കാര്യം വേണ്ടേ?' 'എല്ലൊടിഞ്ഞിരിക്കുമ്പോൾ കാര്യംകൊണ്ടാ വരുന്നതു്?.....
വീട്ടുകാരി: 'പിന്നെ എല്ലുംകൊണ്ടു വരണോ?'

VAZHAKULAM (VIA) MUVATTUPUZHA

WITH BEST COMPLIMENTS FROM:-

Oalickal
Jowly Stores

J. S. Oalickan

V. L. Varghese
& Brothers
General Merchants,
Fact Agents,
India Cement Stockists
Phone: 21 Shop
44 Residence

NELLIKUNNEL
STORES
STATIONERY MERCHANTS
Phone: 23


T. J. ABRAHAM
& SONS
MERCHANTS

Friends
Piece Goods

Kaimalayil
Textiles

ആദ്ധ്യാത്മികത ഹൈന്ദവവീക്ഷണത്തിൽ

(സ്വാമി മുഡാനന്ദജി, ശ്രീരാമകൃഷ്ണ ഗുരുകുലം, പുറനാട്ടുകര, തൃശ്ശൂർ)



ഒരു ആദ്ധ്യാത്മിക മഹാപുരുഷന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികളർപ്പിക്കുവാൻവേണ്ടി സംഘടിപ്പിച്ചിട്ടുള്ള ഒരു സമ്മേളനത്തിൽ ആദ്ധ്യാത്മികതയുടെ വിവിധവശങ്ങളെപ്പറ്റി ചർച്ചചെയ്യുക എന്നതു് ഏറ്റവും യുക്തമായിട്ടുള്ളതാണു്. മഹാപുരുഷന്മാരോടു് നമുക്കുള്ള ആദരം പ്രകടിപ്പിക്കേണ്ടതു്, ഏതു് ആദർശത്തിനു വേണ്ടിയാണോ അവർ ജീവിതം ബലിയർപ്പിച്ചതു് ആ ആദർശത്തെപ്പറ്റി കൂടുതൽ പഠിക്കുകയും സ്വജീവിതത്തിൽ പ്രായോ

ആത്മപരിശുദ്ധി നിറഞ്ഞ ഒരു മഹാപുരുഷനായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ.

അദ്ദേഹത്തിൽ തെളിഞ്ഞുകണ്ടിരുന്ന ആദ്ധ്യാത്മികമഹത്ത്വത്തിന്റെ ഏതാനും അംശങ്ങളെങ്കിലും പ്രായോഗികമാക്കാൻ സാധിച്ചാൽ അതായിരിക്കും നാം അദ്ദേഹത്തിനു ചെയ്യുന്ന വലിയ സാദരപൂജ.

ആധിഭൗതികം, ആധിദൈവികം, ആദ്ധ്യാത്മികം എന്നീ നിലകളിലൂടെ വളർന്നുവരുന്ന ഭാരതസംസ്കാരം തത്ത്വങ്ങളിലധിഷ്ഠിതമാണു്. ദ്വൈതം, അദ്വൈതം, വിശിഷ്ടാദ്വൈതം എന്നീ സിദ്ധാന്തങ്ങൾ ഹൈന്ദവ ആദ്ധ്യാത്മികതയുടെ മൂന്നു പടികളാണു്. ക്രിസ്തുദേവന്റെ ഉപദേശങ്ങളിലുമുണ്ടീ മൂന്നു ഘട്ടങ്ങൾ.

കുര്യാക്കോസ് ഏലിയാസന്റെ ജീവിതത്തിലും പ്രവർത്തനത്തിലും ഈ ഭാരതീയ ചിന്താഗതിയുടെ പ്രായോഗികരൂപമാണു് നാം കാണുന്നതു്.

ഗികമാക്കുകയും ചെയ്തുകൊണ്ടാണ്. ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ ആത്മപരിശുദ്ധിനിറഞ്ഞ ഒരു ആദ്ധ്യാത്മിക മഹാപുരുഷനായിരുന്നതിനാൽ അദ്ദേഹത്തിൽ തെളിഞ്ഞുകണ്ടിരുന്ന ആദ്ധ്യാത്മിക മഹത്വത്തിന്റെ ഏതാനും അംശമെങ്കിലും നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കാൻ സാധിച്ചാൽ അതായിരിക്കും നാം അദ്ദേഹത്തിന്നു ചെയ്യുന്ന സാദരപൂജ. ആ പൂജാകർമ്മത്തിൽ ഒരു എളിയ നിലയിലെങ്കിലും ഭാഗഭാക്കാകുവാൻ സാധിച്ചതിൽ എനിക്കു വലിയ ചാരിതാർത്ഥ്യമുണ്ട്. ഇങ്ങനെയൊരു ഭാഗ്യം എനിക്കു നൽകിയ ഈ സമ്മേളനഭാരവാഹികളോട് എനിക്കുള്ള കൃതജ്ഞത ആദ്യമായി രേഖപ്പെടുത്തട്ടെ,

ഹിന്ദുക്കളുടെ വീക്ഷണഗതിയിൽക്കൂടി ആദ്ധ്യാത്മികനന്മയെ നോക്കിക്കാണുവാനാണല്ലൊ എന്നോടാവശ്യപ്പെട്ടിരിക്കുന്നതു്. കുറെക്കൂടി വിശാലമായി പറയുകയാണെങ്കിൽ പൗരാണികഭാരതീയരുടെ ദൃഷ്ടിയിൽ ആദ്ധ്യാത്മികതയുള്ള പ്രാധാന്യത്തെപ്പറ്റിയാണു് ഞാൻ പ്രതിപാദിക്കേണ്ടതെന്നർത്ഥം. ഹിന്ദുക്കൾ അവരുടെ മതത്തിന്റെ പ്രമാണഗ്രന്ഥമായി കണക്കാക്കിവരുന്നതു് വേദങ്ങളെയാണു്. ഭാരതത്തിലെന്നല്ല ലോകത്തിൽത്തന്നെ ഉണ്ടായിട്ടുള്ളവയിൽ ഏറ്റവും പഴക്കംകൂടിയ ഗ്രന്ഥസമുച്ചയമാണു് വേദങ്ങൾ. ഭാരതത്തിലെ ആദ്ധ്യാത്മികതയുടെ ക്രമത്തിലുണ്ടായിട്ടുള്ള വളർച്ചയുടെ പ്രത്യക്ഷോദാഹരണങ്ങൾ ആ വേദങ്ങളിൽ നമുക്കു കാണാൻ കഴിയുന്നു. വേദങ്ങൾക്കുള്ള പ്രത്യേകത, അതു ഒരു കാലത്തു് ഒരു ദേശത്തു് ഒരു ആചാര്യനാൽ ഉപസ്ഥാപിതമായിട്ടുള്ളതല്ല എന്നുള്ളതാണു്. വിവിധ ദേശങ്ങളിൽവെച്ചു് വിവിധ കാലഘട്ടങ്ങളിൽ വിവിധജനങ്ങൾ മനുഷ്യജീവിതത്തെ അധികരിച്ചു ചെയ്തിട്ടുള്ള നിരീക്ഷണപരീക്ഷണങ്ങളുടെ ഫലമായി ക്രമേ വളർന്നുവന്നിട്ടുള്ള ഒരു ആശയഗതിയാണു് നാമതിൽ കാണുന്നതു്. അതുകൊണ്ടാണു് ഹിന്ദുമതം ഒരു മഹാത്മാവിന്റെയോ അവതാരപുരുഷന്റെയോ വ്യക്തിത്വത്തിലധിഷ്ഠിതമല്ല, തത്വസംഹിതകളിലധിഷ്ഠിതമാണു് എന്നു പറയുന്നതു്. വേദാന്തമുൾപ്പെടെയുള്ള വേദഭാഗങ്ങളെടുത്തു പരിശോധിക്കുന്നതായാൽ എങ്ങനെയാണു് ആ ആദ്ധ്യാത്മസംഹിത ആധിഭൗതികം, ആധിദൈവികം, ആദ്ധ്യാത്മികം എന്ന നിലകളിൽക്കൂടി വളർന്നുവരുന്നതെന്നു കാണുവാൻ വിഷമമില്ല, മനുഷ്യന്റെ ബുദ്ധിശക്തിക്കു് എത്തുവാൻ സാധിക്കുന്ന അത്യുന്നതതലങ്ങളിലെത്തി വിശ്രമംകൊള്ളുന്ന ആ ചിന്താഗതിയുടെ വിവിധ വശങ്ങളെപ്പറ്റി അതിസംക്ഷിപ്തമായി ഒന്നു വിശകലനംചെയ്യാൻ മാത്രമേ ഇവിടെ ശ്രമിക്കുന്നുള്ളു.

മനുഷ്യസമുദായം, അതിന്റെ ശൈശവദശയിൽ ഫലമൂലാദികൾ ഭക്ഷിച്ചു്, ആട്ടമാടുകളെ മേച്ചു്, വനാന്തരങ്ങളിൽ അലഞ്ഞുനടന്നിരുന്ന കാലത്തു് അവനു് ഉദരപൂരണത്തെപ്പറ്റിയും ശരീരരക്ഷയെപ്പറ്റിയും മാത്രമേ ആലോചനയുണ്ടായിരുന്നുള്ളു. വെറും ഭൗതികമായ കാര്യങ്ങളിൽ മാത്രം ശ്രദ്ധവെച്ചുകൊണ്ടു് ജീവിതം നയിച്ചിരുന്ന ആ കാലഘട്ടം അവസാനിക്കുന്നതു്, മനുഷ്യൻ കുറച്ചുകൂടി ആഴത്തിൽ ചിന്തിക്കുവാൻ തുടങ്ങിയതോടുകൂടിയാണു്. എല്ലാം ക്രമീകൃതമായ ഒരു നിലയിൽ നടന്നുപോകുന്ന ഈ പ്രപഞ്ചത്തിൽ നമുക്കു് അറിവാനും അനുഭവിപ്പാനും സാധിക്കുന്ന വസ്തുക്കളെല്ലാം നശിച്ചുപോകുന്നതായി കാണുന്നു. ഈ നശ്വരങ്ങളായ വസ്തുക്കളുടെ ആവിർഭാവത്തിലും നിലനില്പിലും തിരോധാനത്തിലും ഉള്ള ക്രമത്തെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ചില ശക്തികളുണ്ടാകണമെന്നു് അവനു തോന്നി. തന്റെ ബുദ്ധിശക്തിക്കതീതമായ നിലയിൽ അത്ഭുതദൃശ്യങ്ങളിൽക്കൂടി വ്യത്യസ്തനിലകളിൽ വെളിപ്പെടുന്ന ശക്തികളെ ഓരോ ദേവതകളാക്കി

സങ്കല്പിച്ച് വിവിധ നാമങ്ങളെക്കൊണ്ട് വ്യവഹരിക്കുവാനും തങ്ങളുടെ ജീവിത ഭാഗധേയങ്ങളെ നിർണ്ണയിക്കുന്നതിൽ അവക്കുള്ള പങ്കിനെ ഓർത്ത് ക്രമേണ ആരാധിക്കുവാനും ആരംഭിച്ചു. ഇങ്ങനെ ആധിഭൗതികമായ നിലയിൽനിന്നും ആധിദൈവികമായ തലത്തിലേക്ക് മനുഷ്യസമുദായം നീങ്ങിയതോടുകൂടിയാണ് രുദ്രൻ, ഇന്ദ്രൻ, വരുണൻ മുതലായ വിവിധ ദേവന്മാരുടെ സങ്കല്പം നാം വേദങ്ങളിൽ കാണുന്നത്. അതോടുകൂടിത്തന്നെ മനുഷ്യൻ ഈ ശരീരം മാത്രമല്ല എന്നും, ദേഹാതീതമായ ഒരു ശക്തി മനുഷ്യനിലുണ്ടെന്നും ഉള്ള കാര്യത്തെപ്പറ്റിയും അവൻ ബോധവാനായിത്തീർന്നു. ജീവിതം ഈ ലോകത്തിൽവെച്ച് അവസാനിക്കുന്നില്ലെന്നും നശിക്കുന്നതോടുകൂടി ജീവിതം അവസാനിച്ചുവെന്നു പറയുന്നത് ശരിയാകയില്ലെന്നും കൂടി അവനു ബോധ്യമായി. അതോടുകൂടി മരണാനന്തര ജീവിതത്തെ സുഖപ്രദമാക്കുവാനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആരായുവാൻ തുടങ്ങി. ഹിന്ദുമതത്തിലെ പ്രധാന വിശ്വാസങ്ങളിലൊന്നായ കർമ്മസിദ്ധാന്തത്തിന്റെ ആവിർഭാവം അവിടെയാണ്. നാം ചെയ്യുന്ന പ്രവൃത്തികളുടെ ഫലമായിട്ടാണ് സുഖദുഃഖങ്ങളുണ്ടാകുന്നത്. ഈ ജീവിതത്തിൽ നാം ചെയ്യുന്ന നല്ല പ്രവൃത്തികളുടെ ഫലമായി മരണാനന്തരം സ്വർഗ്ഗസുഖമനുഭവിപ്പാൻ സാധിക്കുന്നു. കർമ്മഫലദാതാക്കളായ ദേവന്മാരെ നമ്മുടെ കർമ്മങ്ങളെക്കൊണ്ട് പ്രസാദിപ്പിക്കേണ്ടതു് ആവശ്യമാണ്. അതിനു വേണ്ടി ചെയ്യേണ്ട യാഗാദികർമ്മങ്ങളെപ്പറ്റിയാണ് വേദങ്ങളുടെ ആദ്യഭാഗത്തു് വിസ്തരിച്ചു പ്രതിപാദിക്കുന്നത്. വളരെക്കാലം മനുഷ്യൻ ഈ കർമ്മമണ്ഡലത്തിൽതന്നെ സ്ഥിതിചെയ്തിരുന്നുവെന്നാണ് ദേവതാസ്തുതികൾക്കുടി അടങ്ങുന്ന കർമ്മവിധായകശാസ്ത്രങ്ങളുടെ ബാഹുല്യം തെളിയിക്കുന്നതു്.

പക്ഷേ, മനനശീലനായ മനുഷ്യന്റെ ചിന്താശക്തി അതിൽ സമാധാനം കാണുന്നില്ലായിരുന്നു. അവനാലോചിച്ചു: "കർമ്മത്തിന്റെ ഫലമായിട്ടുണ്ടാകുന്ന ഏതൊന്നും നശ്വരമായിരിക്കണം. നശ്വരമായ ഭൗതിക പ്രപഞ്ചത്തിലുള്ള കർമ്മങ്ങളെക്കൊണ്ടു നേടുന്ന പുണ്യവും പാപവും നശ്വരമായിരിക്കാനേ വഴിയുള്ളു. അതുകൊണ്ട് നാം നേടുന്ന പുണ്യം ക്ഷീണമാകുമ്പോൾ വീണ്ടും ക്ലേശഭൂയിഷ്ഠമായ ഈ സംസാരത്തിലേക്കുതന്നെ മടങ്ങേണ്ടിവരും. അതുകൊണ്ട് നിത്യമായ സുഖം നേടുവാനുള്ള മാർഗ്ഗമാണ് നാം ആരായേണ്ടതു്." ഈ വഴിക്കുള്ള ഗവേഷണം ധ്യാനമണ്ഡലത്തിൽകൂടി പുരോഗമിച്ചപ്പോഴാണ് ഈശ്വരസങ്കല്പത്തിൽ അവർ എത്തിച്ചേർന്നതു്. വിവിധ ദേവന്മാരായി സങ്കല്പിച്ചിരുന്നതെല്ലാം ഒരേ ശക്തിയുടെ, ഒരേ ഈശ്വരന്റെ, വിവിധ ഭാവങ്ങളായിരുന്നുവെന്നു് അവർ മനസ്സിലാക്കി. ആധിഭൗതികമായും ആധിദൈവികമായും ഉള്ള വൈവിധ്യങ്ങളുടെയെല്ലാം പശ്ചാത്തലത്തിലുള്ള ഐശ്വരശക്തിയുടെ ബോധത്തോടുകൂടിയാണ് ഭാരതീയ ചിന്താഗതി ആദ്ധ്യാത്മിക മണ്ഡലത്തിലേക്കു പ്രവേശിക്കുന്നതു്. ആ അനുഭൂതി മണ്ഡലത്തിൽനിന്നുകൊണ്ടാണ് "ഏകംസത് വിപ്രബഹുധാ വദന്തി" എന്ന യാഥാർത്ഥ്യം അവർ വിളംബരം ചെയ്തതു്.

ആദ്ധ്യാത്മിക ചിന്താഗതിയിൽ ഭാരതത്തിനുണ്ടായിട്ടുള്ള പുരോഗതിയാണ് ദർശനലോകത്തിൽ ഭാരതത്തിനുള്ള പ്രത്യേകത. വൈവിധ്യപൂർണ്ണമായ ഭൗതികമണ്ഡലത്തിൽ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മനസ്സിന്റെ അചഞ്ചലമായ ഏകാഗ്രതയുടെയും വിവിക്ത ദേശങ്ങളിൽവെച്ചുള്ള വിക്ഷേപരഹിതവും ഏകാന്തവുമായ ധ്യാനത്തിന്റെയും മാർഗ്ഗത്തിലൂടെയാണ് ആദ്ധ്യാത്മലോകത്തിൽ ഭാരതീയാചാര്യന്മാർ സഞ്ചരിച്ചതു്. അവിടെ അവർ പടിപടിയായി

WITH BEST WISHES FROM:-

M. C. KURIAN,

MUNDACKAL STORES

Dealers in:

STATIONERY, HARDWARES, ASBESTOS, SANITARY WARES, GLASSES, MIRRORS & PHOTO FRAMES

Stockists for:

KOTTAYAM CEMENTS & HINDUSTAN LEVER PRODUCTS

Vazhakulam (Via) MUVATTUPUZHA

Phone: 24

BABY THOMAS

NAMPIAPARAMBIL JOWLY STORES

VAZHAKULAM (VIA) MUVATTUPUZHA

JOSE SOUNDS & ELECTRICALS

VAZHAKULAM [VIA] MUVATTUPUZHA

C. C. Ulahannan & Sons

Contractors, Cement Stockist, Tiles & Bricks

KOTHAMANGALAM Phone: 61

മുന്നേറുന്നതിന്റെ ചരിത്രമാണ് വേദാന്തത്തിൽ, ഉപനിഷത്തുകളിൽ, നാം കാണുന്നത്. ഈ ആദ്ധ്യാത്മിക ഭാവന വന്നതോടുകൂടി സ്വർഗ്ഗാദിലോകങ്ങളെക്കുറിച്ചുള്ള ഭാവനകളെല്ലാം രണ്ടാംകിടയിലേക്കു തള്ളപ്പെട്ടു. അതുകൊണ്ട് വേദങ്ങളുടെ അവസാനഭാഗങ്ങളിൽ ആ വക ഭാവനകളെപ്പറ്റി അധികമൊന്നും കാണുകയില്ല. ഏകദൈവവിശ്വാസം അല്ലെങ്കിൽ ഏകേശ്വരസങ്കല്പം ദൃഢപ്രതിഷ്ഠമായതോടുകൂടി ഈശ്വരനും ജഗത്തും ജീവനും തമ്മിലുള്ള ബന്ധത്തെപ്പറ്റിയായി പിന്നെയുള്ള ഗവേഷണങ്ങളെല്ലാം. തത്ത്വദർശനങ്ങളുടെയെല്ലാം ആരംഭം ഇവിടെനിന്നാണ്. ത്രിത്വവും ഏകത്വവും തമ്മിലുള്ള വൈരുധ്യത്തിനു പരിഹാരം കാണുവാനാണ് ആദ്യം അവർ ശ്രമിച്ചതു്. അത്യന്തമായ ഒരു സ്ഥാനത്തിരുന്നുകൊണ്ട് ലോകത്തെ സൃഷ്ടിക്കുകയും രക്ഷിക്കുകയും സംഹരിക്കുകയും ചെയ്യുന്ന മൂന്നു ഭാവങ്ങളെയാണ് ത്രിത്വംകൊണ്ടുദ്ദേശിക്കുന്നതു്. ഈശ്വരൻ ലീലയാ ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു; സൃഷ്ടിക്കുശേഷം മനുഷ്യൻ, ജീവാത്മാവു്, തന്റെ കർമ്മഫലാനുഭവങ്ങൾക്കധീനനായി ഈ ലോകത്തിൽ സുഖദുഃഖാദിദ്വന്ദ്വങ്ങൾക്കിടയിൽ ചാഞ്ചാടിക്കൊണ്ടു ജീവിക്കുന്നു. ദുഃഖാനുഭവംകൊണ്ട് മനസ്സുമടുക്കുന്ന ജീവൻ അതിന്നൊരു പരിഹാരം കാണുവാനായി ഈശ്വരനിലേക്കു തിരിയുന്നു. കരുണാനിധിയായ ഈശ്വരന്റെ അനുഗ്രഹംകൊണ്ട് അവസാനം അവന്നു് മോക്ഷം നേടുവാൻ കഴിയുന്നു. ബന്ധമോക്ഷങ്ങളുടെ ദാതാവു് ഈശ്വരൻ തന്നെ. ഈശ്വരന്റെ അനന്തതയോടു ബന്ധപ്പെട്ടനിൽക്കുന്ന ജീവനും പ്രകൃതിയും അനന്തങ്ങൾതന്നെയാണു്. ഈ ഒരേ ഈശ്വരനെത്തന്നെ സൃഷ്ടികാലത്തു് ബ്രഹ്മാവെന്നും, രക്ഷകനെന്ന നിലയിൽ വിഷ്ണുവെന്നും, സംഹാരപ്രക്രിയയിൽ ശിവനെന്നും വ്യവഹരിക്കുന്നുവെന്ന വിശ്വാസത്തിൽ ആ വൈരുധ്യത്തിനു പരിഹാരം കണ്ടു. ഇങ്ങനെ തന്നിൽനിന്നന്യനായി ലോകഗതിയെയെല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്ന ഒരീശ്വരനെപ്പറ്റി വിശ്വസിക്കുന്ന ദൈതമണ്ഡലമാണ് ഹിന്ദുക്കളുടെ ആദ്ധ്യാത്മികചരിത്രത്തിലെ ആദ്യത്തെ പടി.

തത്ത്വജ്ഞാനികളായ ചിന്തകന്മാർ ആദ്ധ്യാത്മിക ഗവേഷണത്തിൽ കുറെക്കൂടി ഉയർന്ന നിലയിലെത്തിയപ്പോൾ അവക്കു ഈ ദൈതഭാവനകളെ നിഷേധിക്കേണ്ടിവന്നു. ഈശ്വരനും ജീവനും പ്രകൃതിയും വ്യത്യസ്തങ്ങളായ അനന്തസത്തകളാണെന്നു പറയുന്നതു് യുക്തിക്കു നിരക്കാത്തതാണെന്നു് അവർ കണ്ടു. അതുകൊണ്ട് അവർ അഭിപ്രായപ്പെട്ടു, ഈശ്വരൻതന്നെയാണു് ഈ പ്രപഞ്ചത്തിന്റെ നിമിത്തകാരണവും ഉപാദാനകാരണവുമെന്നു്. ജീവനും പ്രകൃതിയുമടങ്ങുന്നതാണല്ലൊ പ്രപഞ്ചം. ഈശ്വരൻ തന്നിൽനിന്നുതന്നെ ഈ ലോകത്തെ സൃഷ്ടിക്കുന്നു. അങ്ങനെ ഈശ്വരനിൽനിന്നു ഭിന്നമല്ല പ്രകൃതിയും ജീവനും. ഉദാഹരണത്തിനു് എനിക്കു് ഒരു ശരീരമുണ്ടു്. ഒരു നിലയ്ക്കു് ഈ ശരീരം എന്നിൽനിന്നു ഭിന്നമല്ലെങ്കിലും യഥാർത്ഥത്തിൽ ശരീരമല്ല ഞാൻ. ജീവിതകാലത്തു ശരീരത്തിനു പല മാറ്റങ്ങളും വന്നുകൊണ്ടിരിക്കും. എന്നാൽ ആത്മാവു് യാതൊരു മാറ്റവും കൂടാതെ എന്നും ഒരുപോലെയിരിക്കുന്നു. അതുപോലെ പ്രകൃതിയും ജീവനും ചേർന്നു് ഈ ജഗത്തു് ഈശ്വരന്റെ ശരീരംപോലെയാണു്. ഈശ്വരൻ ഒരു മാറ്റവും കൂടാതെ ഇതിലെല്ലാം വ്യാപിച്ചു് അന്തര്യാമിയായി സ്ഥിതിചെയ്യുന്നു. പ്രകൃതിയിൽ കാണുന്ന മാറ്റങ്ങളൊന്നും അവനെ ബാധിക്കുകയില്ല. അങ്ങനെ ജീവജഗത്തുകളാകുന്ന ശരീരവും ഈശ്വരനാകുന്ന ആത്മാവും ചേർന്ന ഒരു സത്തയേ ഉള്ളു. അതായതു് ചിദചിദ്വിശിഷ്ടമായ അനന്തസത്തയാണു് ഈശ്വരൻ എന്ന നിഗമനത്തിലെത്തുന്ന വിശിഷ്ടാദ്വൈതമാണു്

കണ്ണുകളുടെ ആദ്ധ്യാത്മിക ദർശനത്തിലെ രണ്ടാമത്തെപടി.

ഇവിടംകൊണ്ടും ആദ്ധ്യാത്മിക ചിന്തകന്മാർ തൃപ്തരായില്ല. അവർ പിന്നെയും മുന്നോട്ടുപോയി. ഈശ്വരൻ ആത്മാവാണെന്നും ജഗത്തു് ഈശ്വരശരീരമാണെന്നും ആ ശരീരത്തിനുമാറ്റമുണ്ടെന്നും എന്നാൽ ഈശ്വരനു് മാറ്റമില്ലെന്നും മറ്റുമുള്ള മാനുഷികതലത്തിൽനിന്നുള്ള നിഗമനങ്ങൾ യുക്തിസഹങ്ങളല്ലെന്നു് അവർക്കു തോന്നി. ഉപാദാനകാരണം രൂപാന്തരം പ്രാപിച്ചിട്ടാണു് കാര്യമായിത്തീരുന്നതു് എന്നിരിക്കെ, ഈശ്വരൻ ജഗത്തിന്റെ ഉപാദാനകാരണമാണെന്നു പറയുന്നതും ശരിയാകുവാൻ വഴിയില്ല. വികാരം പ്രാപിക്കുന്ന ഏതൊന്നും നാശമുള്ളതായിരിക്കുമല്ലൊ. അതുകൊണ്ടു് സമാധിയുടെ അത്യുച്ചാവസ്ഥയിൽ ഈശ്വരസത്തയുമായി ഐക്യം പ്രാപിച്ചു് പ്രപഞ്ചരഹസ്യങ്ങളിലേയ്ക്കു് ആണ്ടിറങ്ങിച്ചെന്ന തത്ത്വചിന്തകന്മാർ പറയുന്നു: അനാദിയും അനന്തവും അവികാരിയും അദ്വയവുമായ ബ്രഹ്മം മാത്രമേ സത്യമായിട്ടുള്ളു. ഈ ജഗത്തു് മിഥ്യയാണു്. അതു് നിലവിലില്ലതന്നെ. അതു മുഴുവൻ ഭ്രമമാകുന്നു. ഉല്പത്തിനാശങ്ങൾക്കു വിധേയമായ ഈ പ്രപഞ്ചം മുഴുവൻ ഒരു സ്വപ്നമാകുന്നു. അനന്തമായ ഏക വസ്തുമാത്രമാണു് സത്യമായിട്ടുള്ളതു്. അനേകലക്ഷം ജലബിന്ദുക്കളിൽ പ്രതിബിംബിതനാകുന്ന ഏകസൂര്യൻ, അനേകലക്ഷം സൂര്യന്മാരായി കാണപ്പെടുന്നതുപോലെ, വിഭിന്നമനസ്സുകളിൽ പ്രതിബിംബിതമാകുന്ന ഏകസത്തതന്നെയാണു് അനേകജീവന്മാരായി കാണപ്പെടുന്നതു്. ആ ജീവൻ സ്വമനസ്സുകൊണ്ടു് ഈ ജഗത്തു മുഴുവൻ സൃഷ്ടിക്കുകയും തന്നിൽത്തന്നെ ലയിപ്പിക്കുകയും ചെയ്യുന്നു. എല്ലാം അദ്വയമായ അനന്തസത്തയുടെയാഥാത്മ്യത്തിന്റെ പശ്ചാത്തലത്തിൽ കാണുന്ന ഒരു സ്വപ്നം മാത്രം. അപ്പോൾ നാം എല്ലാവരും അനാദ്യനന്തസച്ചിദാനന്ദസ്വരൂപികളാണു്. സ്വസ്വരൂപവിസ്മൃതിയാണു് ഈ ഭ്രമത്തിന്നെല്ലാം കാരണം. ഇതിനെത്തന്നെ അജ്ഞാനമെന്നോ മായയെന്നോ വ്യവഹരിക്കാം. അജ്ഞാനം നശിച്ചു് യഥാർത്ഥജ്ഞാനമുണ്ടാകുമ്പോൾ നാം ആ അനന്തസത്തയുമായി ഏകീഭവിക്കുന്നു. അപ്പോൾ ഈ ജഗത്തില്ല, ജീവനുമില്ല. എല്ലാ സ്വപ്നങ്ങളും അന്തർദ്ധാനം ചെയ്യുന്നു. ആ സ്വസ്വരൂപത്തെ അറിയുകയും സാക്ഷാത്കരിക്കുകയുമാണു് ജീവിതലക്ഷ്യം. അവിടെ മാത്രമേ ശരിയായ സ്വാതന്ത്ര്യം കൈവരികയുള്ളൂ.'' ഇതാണു് ആദ്ധ്യാത്മിക മണ്ഡലത്തിലെ അവസാനത്തെ പടിയായ അദ്വൈതദർശനം. വേദാന്താചാര്യന്മാർ എത്തിച്ചേർന്നിട്ടുള്ള കേവലബ്രഹ്മമെന്ന ഈ ഏകതത്ത്വദർശനത്തിനപ്പുറം പോകുവാൻ ആർക്കും സാദ്ധ്യമല്ല. കാരണം ഒരു ശാസ്ത്രം ഏകതത്ത്വത്തിലെത്തിക്കഴിഞ്ഞാൽ പിന്നീടു് പുരോഗതിക്കു് യാതൊരു വിധത്തിലും പഴുതില്ലല്ലൊ.

അതിഗഹനമായ ഈ അദ്വൈതദർശനം ഉൾക്കൊള്ളുക സാധാരണക്കാർക്കു സാദ്ധ്യമല്ല ബുദ്ധികൊണ്ടു മനസ്സിലാക്കാൻപോലും വളരെ വിഷമമായ ഒന്നാണിതു്. ''ദൃശ്യതേ ത്വഗ്ര്യയാ ബുദ്ധ്യാ-സൂക്ഷ്മയാ സൂക്ഷ്മദർശിഭി.'' എന്നാണു് ശ്രുതി ഇതിനെപ്പറ്റി പറയുന്നതു്. സൂക്ഷ്മദർശികളായ ചിന്തകന്മാർക്കു് ധാരണാദ്ധ്യാനാദികളെക്കൊണ്ടു് അതിസൂക്ഷ്മമാക്കപ്പെട്ട, ഏകാഗ്രമായ, പതറാത്ത ബുദ്ധികൊണ്ടുമാത്രം ഗ്രഹിക്കാവുന്ന ഒന്നാണിതെന്നർത്ഥം. സാധാരണന്മാർക്കു് ദുഷ്പ്രാപമാണെന്നതുകൊണ്ടു് ലക്ഷ്യത്തിനോ ആദർശത്തിനോ കോട്ടമൊന്നും തട്ടുകയില്ലല്ലൊ. മനുഷ്യസമുദായം കടന്നുപോയിട്ടുള്ള പടികളിലൂടെ ഓരോ വ്യക്തിയും കടന്നുപോകേണ്ടിയിരിക്കുന്നു. അങ്ങനെ അവസാനത്തെ പടിയിലെത്തുമ്പോൾ മാത്രമേ നമ്മുടെ ജീവിതയാത്ര അവസാനി

ക്കുന്നുള്ളൂ. പക്ഷെ, ആദ്യത്തെ പടികളിൽ നിന്നു മുന്നോട്ടു കയറുവാൻ കുറച്ചു താമസം പിടിക്കുമെന്നു മാത്രം. നാം ശരീരമനസ്സുകളാണെന്നുബോധം അത്ര വേഗത്തിൽ വിട്ടു പോകയില്ല. ഈ കാണുന്ന ലോകം സ്വപ്നമാണെന്നു ധരിക്കുകയും എളുപ്പമല്ല. അതുകൊണ്ട് ഈ ലോകവും ലോകനിയാമകനായ ഒരീശ്വരനും ഉണ്ടെന്നുള്ള ബോധത്തിൽത്തന്നെ, സാധാരണ ജനങ്ങൾക്കു കഴിഞ്ഞുകൂടേണ്ടിയിരിക്കുന്നു. ആ നിലയിൽ പ്രായോഗികമായിട്ടുള്ള ആദ്ധ്യാത്മിക ജീവിതത്തെപ്പറ്റി ഹൈന്ദവാചാര്യന്മാർ എന്തു പറയുന്നുവെന്നാണ് നമുക്കിവിടെ അവസാനമായി ചിന്തിക്കാനുള്ളതു്.

ഹൈന്ദവദർശനങ്ങളിലെ ഏറ്റവും പ്രധാനമായ ആശയം മനുഷ്യാത്മാവിന്റെ ദിവ്യത്വമാണ്. ജീവാത്മാവു് യഥാർത്ഥത്തിൽ ബോധസ്വരൂപനും നിത്യനും അജനും അമരനും പൂർണ്ണനും അനന്തനുമാണ്. ''ഈശ്വരാ, സർവ്വഭൂതാനാം ഹൃദ്ദേശേഽർജ്ജുന തിഷ്ഠതി.'' എന്നു ഗീതാചാര്യനുപദേശിക്കുന്ന ഈശ്വരസ്വരൂപൻ തന്നെയാണ് ജീവൻ. പക്ഷെ, അതു് ജഡത്തിന്റെ കെട്ടിൽപ്പെട്ടുപോയതുകൊണ്ട് ഭ്രമം നിമിത്തം സ്വസ്വരൂപം മറന്നു് ബന്ധനത്തിൽ കഴിയുന്നു. ആ ബന്ധനം പൊട്ടിച്ചെറിയുക, നാം സ്വതന്ത്രരായി. ഈ പൂർണ്ണത്വവും ദിവ്യത്വവും നേടുക, ജീവാത്മപരമാത്മൈക്യത്തെ അറിയുകയും പ്രാപിക്കുകയും ചെയ്യുക ഇതാണു് ഹൈന്ദവദർശനങ്ങളുടെയെല്ലാം ലക്ഷ്യം. അതായതു് ഭൗതിക മനുഷ്യൻ ആദ്ധ്യാത്മിക മനുഷ്യനായി ഉയരേണ്ടിയിരിക്കുന്നു. അതിനുള്ള തയ്യാറെടുപ്പും പരിശ്രമവുമാണു് മനുഷ്യജീവിതം മുഴുവൻ. അതിനു് അവൻ ചെയ്യേണ്ടതെന്താണു്? തന്റെ ജീവിതത്തെ മാത്രമല്ല, ഈ ലോകത്തെ മുഴുവൻ ആദ്ധ്യാത്മികമാക്കി മാറ്റുകയാണു്. ഭൗതികമൂല്യങ്ങളെ അവഗണിച്ചു് ആദ്ധ്യാത്മികമൂല്യങ്ങൾക്കു് പ്രാധാന്യംകൊടുത്തുകൊണ്ടുള്ള ഒരു ജീവിതരീതി സ്വീകരിക്കുക, ഇതാണു് ഒന്നാമത്തെ ഉപനിഷത്തിലെ ഒന്നാമത്തെ മന്ത്രംകൊണ്ടു് ആചാര്യൻ ഉപദേശിക്കുന്നതു്: ''ഈശാവാസ്യമിദം സർവ്വം യത്കിഞ്ച ജഗത്യാം ജഗത്. തേനത്യക്തേന ഭുഞ്ജീഥാ.....'' ഈ ലോകത്തിലുള്ളതെല്ലാം ഈശ്വരനാൽ മറയ്ക്കപ്പെടേണ്ടതാണു്. ലോകത്തിലെ ഭൗതികവശങ്ങളെപ്പറ്റി ചിന്തിക്കുന്നേടത്തോളം നമ്മുടെ ബന്ധനം സുദൃഢമായിത്തീരുകയാണു് ചെയ്യുന്നതു്. എല്ലാം ഈശ്വരനാണെന്ന ആദ്ധ്യാത്മിക ചിന്തയോടുകൂടി ജീവിക്കുന്നതായാൽ ബന്ധനം ശിഥിലമായിത്തീരുന്നു. അതുകൊണ്ടു് ഐഹികസുഖങ്ങളിൽ ഭ്രമിപ്പിച്ചു് ബന്ധനം സുദൃഢമാക്കിത്തീർക്കുന്ന ഭൗതികമൂല്യങ്ങളെ ത്യജിച്ചു് നിത്യജീവിതം നേടി ആത്മാവിനെ രക്ഷിക്കുവാനാണു് ആചാര്യൻ നമ്മോടുപദേശിക്കുന്നതു്.

ഈശ്വരൻ നമ്മിൽനിന്നെല്ലാം എത്രയോ ദൂരെ സ്ഥിതിചെയ്യുന്ന ഒരു ശക്തിയല്ലെന്നും, ഓരോ ജീവിയുടേയും ഉള്ളിലും അന്തര്യാമിരൂപേണ സ്ഥിതിചെയ്യുന്നുണ്ടെന്നും ഉള്ള വിശ്വാസമാണു് ഒരു ഹിന്ദുവിനെ ആദ്ധ്യാത്മികജീവിതത്തിനു പ്രേരിപ്പിക്കുന്നതു്. നമ്മുടെ മുമ്പിൽ കാണുന്ന സകല ജീവികളിലും ഈശ്വരത്വമുണ്ടെങ്കിൽ അവരോടുള്ള നമ്മുടെ പെരുമാറ്റം എത്ര ഭവ്യമായിരിക്കണം. ഇങ്ങനെ ഈശ്വരാർപ്പണബുദ്ധിയോടുകൂടിയുള്ള സേവനം, ഈ ആദ്ധ്യാത്മികതയുടെ ഒരു പ്രത്യേകതയാണു്. ആദ്ധ്യാത്മികജീവിതത്തിന്റെ ആദ്യത്തെ വാതിലായി ആചാര്യന്മാർ പറയുന്നതു് ചിത്തശുദ്ധിയാണു്. നമ്മുടെ ഹൃദയം കാമക്രോധലോഭാദികളായ അഴുക്കുകൾ നിറഞ്ഞു് മലിനമായിരിക്കയാണു്. അഴുക്കുള്ള കണ്ണാടിയിൽ മുഖത്തിന്റെ പ്രതിബിംബം കാണാത്തതുപോലെ മലിനമായ ഹൃദയത്തിൽ ഈശ്വരന്റെ പ്രതിഫലനവും കാണാൻ സാധിക്കയില്ല. അതുകൊണ്ടു്

With best wishes from:

INTERNATIONAL LUXURY LIVING AND FINEST INDIAN HOSPITALITY

AT

GRAND HOTEL

M. G. ROAD, COCHIN-11.

Deluxe Rooms, Special Suites and Double Rooms, Exquisitely Furnished and Air Conditioned.

Grand Bar And Residents' Restaurant of High Standard, Centraly Air Conditioned.

Colourfully Illuminated Lawn and Garden Service with Four Channel Music in all Rooms and Garden.

Step into Grand Restaurant for Sumptuous Continental, Chinese, Tasty Indian and Mughalai Food–Superb Service amidst Homely surroundings everywhere. (Parking & Garage Facilities)

Grand is centrally situated for Air and Sea Ports, Railway Station & Roadway.

Phone: 33211 (3 lines) Gram: GRAND.

C. K. Kurian & Brother

MERCHANTS

ERNAKULAM, COCHIN – 11

വിശ്വസ്തസ്ഥാപനം

കണ്ണടകൾക്ക്

എറണാകുളത്തെ വിശ്വസ്തസ്ഥാപനം

വിതയത്തിൽ ഓപ്ടിക്കൽസ്

ബോട്ടുജെട്ടി കിഴക്കുവശം

C. S. Road, COCHIN – 11. Phone: 7393

ഒന്നാമതായി വേണ്ടതു് ചിത്തം ശുദ്ധമാക്കുകയാണു്. ''ഹൃദയശുദ്ധിയുള്ളവർ അനുഗ്രഹീതർ, എന്തെന്നാൽ അവർ ഈശ്വരനെ കാണും.'' എന്ന വാക്യത്തിൽ ക്രിസ്തുദേവൻ വ്യക്തമാക്കുന്നതും ഇതുതന്നെയാണു്.

എല്ലാ മതാചാര്യന്മാരുടെയും ആദ്ധ്യാത്മിക സന്ദേശം അപ്രധാനാംശങ്ങളിൽ വ്യത്യാസമുണ്ടെന്നിരുന്നാലും, സാരാംശത്തിൽ ഒന്നുതന്നെയായിരിക്കും. ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്ന ആദ്ധ്യാത്മിക സാക്ഷാത്കാരത്തിന്റെ മൂന്നു ഘട്ടങ്ങൾ സൂക്ഷിച്ചു പരിശോധിച്ചാൽ ക്രിസ്തുദേവന്റെ ഉപദേശങ്ങളിലും അവ കാണുവാൻ സാധിക്കും. അദ്ദേഹം 'നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവു്'' എന്നു പറയുന്നതു് ആദ്ധ്യാത്മികതയുടെ ആദ്യത്തെ പടിയായ ദ്വൈതത്തിൽ നില്ക്കുന്ന ആളുകളെ ഉദ്ദേശിച്ചാണു്. അവക്കു് പിതാവിനെ, നമ്മുടെ ഭാഗധേയങ്ങളെ നിർണ്ണയിച്ചുകൊണ്ടു് അത്യുന്നതസ്ഥാനത്തിരിക്കുന്നതായിട്ടേ സങ്കല്പിക്കുവാൻ സാധിക്കയുള്ളു. ആദ്ധ്യാത്മികതയിൽ കുറെക്കൂടി പുരോഗമിച്ചു് വിശിഷ്ടാദ്വൈതികളുടെ നിലയിലെത്തിയിട്ടുള്ള ആളുകളെ ഉദ്ദേശിച്ചാണു് അദ്ദേഹം, ''സ്വർഗ്ഗരാജ്യം നിങ്ങളുടെ ഉള്ളിൽത്തന്നെയാണു്'' എന്നു പറയുന്നതു്. അതായതു് ഈശ്വരനെ ബാഹ്യലോകത്തു് തേടിയിട്ടു് ഒരു കാര്യവുമില്ല. നമ്മുടെ ഹൃദയമാകുന്ന സ്വർഗ്ഗലോകത്തു് അന്തര്യാമിരൂപേണ വിരാജിക്കുന്ന ഈശ്വരനെയാണു് തേടേണ്ടതു് എന്നർത്ഥം. അങ്ങനെ തേടി ആദ്ധ്യാത്മികമായി ഉയർന്നുപോകുന്ന ഒരു മനുഷ്യൻ സാക്ഷാത്കരിക്കുന്നതോ, 'ഞാനും എന്റെ പിതാവും ഒന്നാണു്'' എന്നുള്ള അദ്വൈതാനുഭൂതിയാണു്. അവിടെ, താൻ ഈശ്വരൻതന്നെയെന്നു തന്റെ ആത്മാവിൽ അനുഭൂതമാകുന്നു. ഈശ്വരനും മനുഷ്യനും തമ്മിലുള്ള വിടവു് ഇങ്ങനെ നികത്തപ്പെട്ടിരിക്കുന്നു. ഇപ്രകാരം ഈശ്വരനെ അറിയുന്നതുമൂലം ഈശ്വരൻ നമ്മിൽത്തന്നെയായിരിക്കുന്നതു് എങ്ങനെയെന്നും നമുക്കു മനസ്സിലാകുന്നു.

ഈ ആദ്ധ്യാത്മികതയാണു്, മനുഷ്യരാശിയുടെ വിജ്ഞാനസമാഹാരത്തിലേയ്ക്കു് ഭാരതം നല്കിയിട്ടുള്ള സംഭാവന. ഭൗതിക വിജ്ഞാനം, സംഘടനാപ്രഭാവം മുതലായ ലൗകിക കാര്യങ്ങളിൽ ഭാരതത്തിനു് അന്യരാഷ്ട്രങ്ങളിൽനിന്നു് പലതും പഠിക്കുവാനുണ്ടു്. എന്നാൽ അതിനു പകരമായി ഭാരതത്തിനു നല്കുവാനുള്ളതു് ഈ ആദ്ധ്യാത്മികതയൊന്നു മാത്രമാണു്. പൗരാണികരായ ഋഷിപുംഗവന്മാർതലമുറകളിലൂടെഅനന്തരജനതക്കായി നൽകിയിട്ടുള്ള ഒരു അനർഘനിധിയാണു് ഈ ആദ്ധ്യാത്മികത. അതിനെ മുറുകെ പിടിക്കുന്നതുകൊണ്ടേ ശാന്തിയും സമാധാനവും രക്ഷയും ലഭിക്കുകയുള്ളു. ദർശനങ്ങളുടെയും ആദ്ധ്യാത്മികതയുടെയും മാതൃഭൂമിയായ ഭാരതം വളർത്തിയെടുത്ത സംസ്കാരമാണു് ഹൈന്ദവസംസ്കാരം. അതുകൊണ്ടു്, മനുഷ്യൻ മനുഷ്യനായിത്തീരണമെങ്കിൽ, അവനു് ജീവിതലക്ഷ്യം പ്രാപിക്കണമെങ്കിൽ, ഭൗതികമായ പരിഷ്കാരത്തിൽ ഭ്രമിക്കാതെ ആദ്ധ്യാത്മികമായ സംസ്കാരത്തിൽ അടിയുറച്ചുകൊണ്ടുതന്നെ മുന്നോട്ടുപോകണമെന്നാണു് ഹൈന്ദവവിശ്വാസം പഠിപ്പിക്കുന്നതു്.

ആരുടെ സ്മരണയെ ആദരിക്കാനാണോ നാം ഇന്നിവിടെ സമ്മേളിച്ചിട്ടുള്ളതു് ആ മഹാത്മാവിന്റെ ജീവിതത്തിലും പ്രവർത്തനങ്ങളിലും ഈ ഭാരതീയ ചിന്താഗതിയുടെ പ്രായോഗികരൂപംതന്നെയാണു് നാം കാണുന്നതു്. അദ്ദേഹം സ്ഥാപിച്ചിട്ടുള്ള സന്യാസികൾക്കും സന്യാസിനികൾക്കുമായുള്ള മഠങ്ങളിലെ ജീവിതരീതികളിലും പ്രവർത്തനപരിപാടികളിലും ഈ ആദ്ധ്യാത്മിക ചിന്താഗതിതന്നെയല്ലേ പ്രതിഫലിച്ചു കാണുന്നതു്. അതുകൊണ്ടു് എല്ലാ മതങ്ങളി

ലെയും ആചാര്യന്മാരും മഹാന്മാരും ചിന്തിക്കുന്നതു് ഒരേ തരത്തിൽത്തന്നെയാണെന്നും, അവരുടെയെല്ലാം ആദർശം ഒന്നുതന്നെയാണെന്നും ഉള്ള യാഥാർത്ഥ്യം മനസ്സിലാക്കി, മതമത്സരങ്ങളും കലഹങ്ങളും ഒഴിവാക്കി, ദൈവവിശ്വാസികളെല്ലാം ഏകതാഭാവനയോടുകൂടി പരിശ്രമിച്ചാലേ മനുഷ്യസമുദായത്തിന്റെ ഭാവി ശോഭനമായിത്തീരുകയുള്ളു. അതിനു് ദൈവം നമ്മെയെല്ലാം അനുഗ്രഹിക്കട്ടെ.



It is fitting that at this solemn moment we take the pledge of dedication to the service of India and her people and to the still larger cause of humanity ..... Freedom and power bring responsibility.....We have to labour and to work and work hard, to give reality to our dreams. *(From the speech of Jawaharlal Nehru on August 14th, 1947 in the Assembly before midnight)*

HINDUSTAN INSECTICIDES LIMITED

(A Government of India Enterprise)

Regd. Office: New Delhi

We manufacture:

* TECHNICAL DDT	* FORMULATED DDT
* PARA DCB	* MONOCHLOROBENZENE
* ORTHO DCB	* CHLORAL

And now BHC—a wide-spectrum insecticide for use against


Aphids, Stemborer worms, Beetles and Grasshoppers in the cultivation of Paddy, tobacco, potato, vegetables etc.

Factories :

NEW DELHI & UDYOGAMANDAL, KERALA

ആദ്ധ്യാത്മികത ഇസ്ലാം വീക്ഷണത്തിൽ

ഹാജി, കെ. പി. അലിക്കുഞ്ഞ്,
എം. എ., എൽഎൽ. ബി.



ആദ്ധ്യാത്മികത ഇസ്ലാമിന്റെ വീക്ഷണത്തിൽ എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കുവാനാണ് എനോടാവശ്യപ്പെട്ടിട്ടുള്ളത്. മഹാനായ ചാവറയച്ചന്റെ ചരമശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ ഈ ആഘോഷപരിപാടിയുമായി ബന്ധപ്പെട്ടനിലയിൽ ഇവിടെ കൂടിയിരിക്കുന്ന ദൈവഭക്തരായ ഒട്ടനേകം സഹോദരീസഹോദരന്മാരെ ഒരുമിച്ച് കണ്ട് സംസാരിക്കുന്നതിനും അവസരം ലഭിച്ചതിൽ എനിക്ക് അളവറ്റ സ

ഇസ്ലാം എന്ന പദത്തിന്റെ അർത്ഥംതന്നെ 'ദൈവത്തിനു് സംപൂർണ്ണമായി കീഴ്വഴങ്ങുക' എന്നാണ്.

ഇന്നു് ലോകത്തിൽ അസ്വസ്ഥതയും അസമാധാനവും വളർന്നുവരികയാണ്. ഈ ദുസ്ഥിതിക്കു് പരിഹാരം കാണാൻ നാം ദൈവത്തിലേയ്ക്കു് തിരിയണം. 'എന്റെ ജീവിതവും എന്റെ മരണവും, എന്റെ സർവ്വവും ഞാൻ ദൈവത്തിൽ അർപ്പിച്ചിരിക്കയാണ്' എന്ന പ്രതിജ്ഞ ഓരോ മനുഷ്യനും പ്രായോഗികമാക്കണം. സ്വർഗ്ഗോന്മുഖനായി അവൻ ജീവിക്കണം.

ആദ്ധ്യാത്മികതയുടെ ഉന്നതതലത്തിൽ വ്യാപരിച്ചിരുന്ന ഒരു മഹാപുരുഷനായിരുന്നു ചാവറയച്ചൻ.

ന്തോഷമുണ്ട്. ഈ സന്ദർഭം ഉണ്ടാക്കിത്ത ന്ന ഇതിന്റെ ഭാരവാഹികളോട് കൃത ജ്ഞത പ്രകാശിപ്പിക്കുന്നു.

ഇസ്ലാമിന്റെ വീക്ഷണത്തിൽ ആദ്ധ്യാ ത്മികതയെക്കുറിച്ച് സംസാരിക്കുമ്പോൾ, ആദ്യമായിത്തന്നെ ഇസ്ലാം എന്താണ് എ ന്ന് വളരെ സംക്ഷിപ്തമായി പറയേണ്ടി യിരിക്കുന്നു. ഇസ്ലാം എന്ന പദത്തിന്റെ അർത്ഥം, ദൈവത്തിന് സമ്പൂർണ്ണമായി കീ ഴ്വഴങ്ങുക എന്നാണ്. മുസ്ലീം സമുദായ ത്തിന് ആ പേരു നൽകിയതുതന്നെ പരി പൂർണ്ണമായി ദൈവത്തിന് വിധേയരായി ജീവിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തി ലാണ്. അതുകൊണ്ടാണ് മുഹമ്മദുനബി അള്ളാഹുക്കുത്തരവാർ അവസാനമായി ഇസ്ലാ മിനെ പഠിപ്പിച്ചതെങ്കിൽകൂടി മുഹമ്മദു നബിയുടെ പേരുമായി ബന്ധപ്പെട്ടത്തി ഇസ്ലാം മതം അറിയപ്പെടുവാൻ ഇടയായതും.

ഇസ്ലാമിക വീക്ഷണത്തിൽ, ലോകം ഉണ്ടായകാലം മുതൽതന്നെ ഇസ്ലാം ഉണ്ടാ യി. ആരെല്ലാം ദൈവത്തിൽ വിശ്വസി ക്കുകയും അനുസരിക്കുകയും ചെയ്തുവോ അവ രെല്ലാംതന്നെ മുസ്ലീങ്ങൾ ആയിരുന്നു എ ന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. അങ്ങ നെ ആദാമും എബ്രഹാമും മോസസും ക്രി സ്തുവും എല്ലാവരുംതന്നെ, മുസ്ലീങ്ങളായിരു ന്നു എന്ന് ഞങ്ങൾ വിശ്വസിക്കുകയാണ്. ഇസ്ലാമിനെ കഴിഞ്ഞ 14 നൂറ്റാണ്ടുകൾ മുൻപ് സമഗ്രമായി, സമ്പൂർണ്ണമായി പ്രവ ത്തിച്ചു ലോകത്തെ അറിയിച്ചതു മുഹമ്മദു നബിയാണെന്ന കാര്യത്തിൽ സംശയമില്ല. ഈ ലോകത്തിന്റെ സൃഷ്ടി നിർവ്വഹിച്ച ദൈവം മനുഷ്യനെ ഒന്നു പ്രത്യേകമായി സൃഷ്ടിച്ചു. എന്താണെന്നു ചോദിച്ചാൽ സൃഷ്ടികർത്താവു എന്ന നിലയിൽ ലോക ത്തിന്റെ മുഴുവൻ ആധിപത്യം സ്വയം കൈവന്ന ദൈവത്തിനു സൂര്യചന്ദ്രന്മാരെ യും ഭൂമിയിലുള്ള എല്ലാ വസ്തുക്കളെയും സംര ക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും കഴി ഞ്ഞതോടുകൂടിതന്നെ മനുഷ്യനെ സൃഷ്ടിച്ചു കൊണ്ട് അവനു പ്രത്യേക സ്വാതന്ത്ര്യവും ബുദ്ധിശക്തിയും നല്കി. ഇതിന്റെ ഫല മായി ശരിയും തെറ്റും വേർതിരിച്ച് അറി ഞ്ഞു പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യവും അവനു കൈവന്നു. ഈ സ്വാതന്ത്ര്യത്തോട്ട കൂടി ചില ഗുണങ്ങളും ദോഷങ്ങളും മനു ഷ്യനു ഏറ്റെടുക്കേണ്ടിവന്നു. ദൈവ കല്പനകൾ അനുസരിച്ച് ജീവിക്കുന്നതു ആരാണോ അവനു ഹ്രസ്വമായ ഈ ഭൗ തിക ജീവിതത്തിനുശേഷം സൽപ്രവൃത്തി കളെ ആധാരമാക്കി അനന്തമായ സ്വർഗ്ഗ മുഖം വാഗ്ദാനംചെയ്തു. അതുപോലെ നന്മ യും തിന്മയും വേർതിരിച്ചറിഞ്ഞു പ്രവ ർത്തിക്കുൻ കഴിവുള്ള മനുഷ്യൻ തിന്മയിലേ യ്ക്കാണ് പോകുന്നതെങ്കിൽ മരണശേഷം ശാശ്വതമായ നരകശിക്ഷ അവനു നല്കുമെ ന്നും ദൈവം പ്രഖ്യാപിച്ചു. ഇതോടുകൂടി വലിയ ഒരു ഉത്തരവാദിത്വവും അവനിൽ വന്നുകൂടി. ഈ ഉത്തരവാദിത്വം നിർവ്വഹി ക്കുന്നതിനു, ഇന്നതാണ് ശരിയെന്നും ഇന്ന താണ് തെറ്റെന്നും മനുഷ്യൻ അറിയേണ്ട തുണ്ട്. ഇതു പഠിപ്പിയ്ക്കേണ്ട ഉത്തരവാദി ത്വം ദൈവത്തിനുള്ളതു കൂടിയാണ്. അതു കൊണ്ട് ലോകത്തിന്റെ നാനാഭാഗങ്ങളി ലായി പല കാലഘട്ടങ്ങളിലായി ദൈവം ഇന്നതാണ് ശരിയെന്നും തെറ്റെന്നും പഠി പ്പിക്കുവാൻവേണ്ടി പ്രവാചകന്മാരെ നി യോഗിച്ചു. അങ്ങനെ സ്പെയിനിലായാലും അറേബ്യയിലായാലും ഇൻഡ്യയിലായാലും ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലായാലും പ്രവാചകന്മാർ ചെന്നെത്തി ഒരു ലക്ഷ ത്തി ഇരുപത്തിനാലായിരം പ്രവാചകന്മാർ ലോകത്തിന്റെ പല ഭാഗങ്ങളിലായി ഉണ്ടാ യി. അവർ എല്ലാംതന്നെ മനുഷ്യസമുദായ ത്തോടായി ദൈവം ഒന്നേയുള്ളുവെന്നും ആ ദൈവത്തെ അറിയുക എന്നും അനുസരിക്കുക എന്നും ഉപദേശിക്കുകയുണ്ടായി. അവസാ നമായി ഈ ഉപദേശം ഏറ്റവും ശക്തിമ

ത്തായഭാഷയിൽ നല്കിയതു് മുഹമ്മദുനബി തിരുമേനിയായിരുന്നു.

മുഹമ്മദുനബി (അദ്ദേഹം) മനുഷ്യസമുദായത്തോടായി "ലാ ഇല്ലാഹ ഇല്ലള്ളാഹ" എന്നു് പ്രഖ്യാപിച്ചു. അള്ളാഹ അല്ലാതെ ആരാധനയ്ക്കർഹൻ ആരും ഇല്ല എന്നു് പറഞ്ഞു. എല്ലാ പ്രവാചകന്മാരും ഉപദേശിച്ച അതേ ഉപദേശംതന്നെ നബി തിരുമേനിയും ആവർത്തിച്ചു. പക്ഷേ നബി തിരുമേനി ഉപദേശിച്ചപ്പോൾ അതിനു് ശക്തിയുണ്ടായി. ഇവിടെ അദ്ധ്യക്ഷപ്രസംഗത്തിനിടയിൽ ചില പ്രസംഗങ്ങളെ പരാമർശിച്ചു് പറഞ്ഞതുപോലെ നബി തിരുമേനിയുടെ പ്രസംഗത്തിനു് ഇടിമിന്നലിന്റെ പ്രകാശമുണ്ടായിരുന്നു. അതുകൊണ്ടു് അദ്ദേഹം ഒരു ദൈവത്തെ മാത്രം ആരാധിക്കുണമെന്നു് പറഞ്ഞതോടുകൂടി മറ്റൊന്നിനെ ആരാധിക്കരുതെന്നും മറ്റൊന്നിന്റെയും മുൻപിൽ തലകുനിക്കരുതെന്നും നിശ്ചയിച്ചു. നബി തിരുമേനി ഉറപ്പിച്ചു പറഞ്ഞു: "ഞാൻ മരണപ്പെട്ടശേഷം നിങ്ങൾ എന്നോടുള്ള ഭക്തിയുടെ കൂട്ടത്തൽകൊണ്ടു് നിങ്ങൾ എന്റെ ശവകുടീരത്തെ ആരാധിച്ചേക്കരുതു്. ഞാൻ ദൈവത്തിന്റെ ഒരു പ്രവാചകൻ മാത്രമാണു്. ദൈവത്തിനുള്ള മഹത്വം മറ്റാർക്കും കൊടുക്കരുതു്." ദൈവത്തിന്റെ മഹത്വത്തിൽ ആരെയുംതന്നെ പങ്കുചേർക്കരുതെന്നു് കർക്കശമായ ഭാഷയിൽ നബി തിരുമേനി ഉപദേശിച്ചു. ആ ഉപദേശം ഉൾക്കൊണ്ടുകൊണ്ടു് ജീവിച്ച സമുദായത്തോടായി മനുഷ്യൻ എങ്ങിനെ ജീവിയ്ക്കണമെന്നുള്ളതിനെ സംബന്ധിച്ചു് നബി തിരുമേനി മുഖേന കല്പിച്ച നിർദ്ദേശങ്ങൾ അടങ്ങിയ വിശുദ്ധ ഖുർ-ആൻ-ന്റെ ആറായിരത്തി അറുനൂറ്റി അറുപത്തി ആറു് വാക്യങ്ങളിലൂടെ കടന്നുപോകുന്ന ആ തത്വസംഹിത നബി തിരുമേനി പഠിപ്പിച്ചു. ആ തത്വസംഹിതയിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള ഒന്നോ രണ്ടോ കാര്യങ്ങൾ മാത്രമാണു് ആദ്ധ്യാത്മികത എന്ന വിഷയത്തിന്റെ പരിധിയ്ക്കുള്ളിൽ ഒതുക്കികൊണ്ടു് നിങ്ങളുടെ മുൻപിൽ അവതരിപ്പിയ്ക്കാൻ ഞാൻ ആഗ്രഹിയ്ക്കുന്നതു്.

ഒന്നു്, മനുഷ്യന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വം വി. ഖുർ-ആൻ-ൽ അള്ളാഹ പറഞ്ഞിട്ടുണ്ടു്. "ദൈവത്തിനു് തുല്യനായി ആരുമില്ല. ആരുടെയും ആവശ്യമില്ലാത്ത ഒന്നാണു് ദൈവം. അതുകൊണ്ടു് സൃഷ്ടികർത്താവായ ദൈവത്തോടു് മനുഷ്യൻ അവന്റെ കർത്തവ്യം നിർവ്വഹിയ്ക്കുക. തങ്ങളെ രക്ഷിയ്ക്കുന്ന ഈ ലോകത്തുള്ള വിഭവങ്ങൾ എല്ലാംതന്നെ തന്നു് അനുഗ്രഹിയ്ക്കുന്ന ആ ദൈവത്തെ വാഴ്ത്തുക. ദൈവത്തെ ആരാധിയ്ക്കുക എന്നുള്ളതു് മനുഷ്യന്റെ കർത്തവ്യമാണു്. അതിനായിക്കൊണ്ടുതന്നെയാണു് മനുഷ്യൻ ജീവിയ്ക്കുന്നതു്. അതുകൊണ്ടു് മനുഷ്യൻ എപ്പോഴും ദൈവത്തെക്കുറിച്ചു് ചിന്തിയ്ക്കുന്നവനും അവിടത്തെ ആരാധിയ്ക്കുന്നവനും അനുസരിയ്ക്കുന്നവനും ആകണം. അതിനായി വനാന്തരങ്ങളിൽ പോകണമെന്നില്ല. എവിടെയും ആകാം. കാരണം ഇസ്ലാമിന്റെ വീക്ഷണത്തിൽ ദൈവം അടുത്തുമുണ്ടു്, അകലെയുമുണ്ടു്, ഹൃദയത്തിന്റെ ഉള്ളിലുമുണ്ടു്, ഏഴാകാശത്തിന്റെ മുകളിലുമുണ്ടു്. അതുകൊണ്ടു് അള്ളാഹുവിനെ സ്മരിയ്ക്കുന്നതു് എവിടെയുമാകാം, എപ്പോഴുമാകാം. ഖുർ-ആൻ പറയുന്നു, "നിങ്ങൾ എന്നെ സ്മരിയ്ക്കുക. ഞാൻ നിങ്ങളെയും സ്മരിയ്ക്കുന്നതാണെന്നു്." നിങ്ങൾ എവിടെ നോക്കിയാലും ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടു്. ആ വിശ്വാസത്തോടുകൂടി നിങ്ങൾ എപ്പോഴും ഇരിയ്ക്കുമ്പോഴും നടക്കുമ്പോഴും ദൈവത്തെ സ്മരിക്കുക എന്നു് ഇസ്ലാം പഠിപ്പിച്ചു. പക്ഷേ ഇന്നു് ചില പ്രത്യേകരീതിയിലുള്ള പ്രാർത്ഥനകൾ മനുഷ്യനെ പഠിപ്പിച്ചുകൊണ്ടു്, അവൻ ദൈവസ്മരണയിൽ അവന്റെ ജീവിതം ഉറപ്പിയ്ക്കുവാനുള്ള കരുത്തു് അവനു് നല്കുന്നു. അതാ

WITH BEST COMPLIMENTS FROM:-

George Maijo

Chullikal,

COCHIN - 5

G. K. INDUSTRIES

Sea Food Exporters

P. B. 23, COCHIN - 1

Phones: 25521, 27069, 25698, 26659

PEEYEX PRESS

Pullupalam Road,

COCHIN – 1

Phone: 25485

The Cochin Electrical Company Ltd.

COCHIN - 2

ണ്ണ് ഇസ്ലാമിന്റെ പ്രധാന ലക്ഷ്യം. അതിനുള്ള പരിപാടി മുഹമ്മദു തിരുമേനി ആവിഷ്കരിച്ചു. ഒന്നാമതായി നിങ്ങൾ എപ്പോഴും ദൈവത്തെ സ്മരിക്കണം. എപ്പോഴും ദൈവത്തിന്റെ മഹത്വം പ്രതീക്ഷിച്ചുകൊണ്ടേയിരിക്കണം എന്നു് പഠിപ്പിച്ച മുഹമ്മദു് തിരുമേനിതന്നെ വളരെ വ്യക്തമായ ഭാഷയിൽ പ്രാർത്ഥനയെപ്പറ്റി പറഞ്ഞിട്ടുണ്ടു്. ദിവസം അഞ്ചു പ്രാവശ്യം അഞ്ചുമിനിട്ടു സമയം ആചരിച്ചുകൊണ്ടു് ശരീരശുദ്ധിയും മനഃശുദ്ധിയും വരുത്തി ഒരു സ്ഥലത്തുനിന്നുകൊണ്ടു് നമസ്കാരം എന്ന പുണ്യകർമ്മം അനുഷ്ഠിക്കണം എന്നാണു് നബി തിരുമേനി ഉദ്ബോധിപ്പിച്ചിരിക്കുന്നതു്. മറ്റെല്ലാ ചിന്തകളും കളഞ്ഞുകൊണ്ടു് സൂര്യോദയത്തിനുമുൻപു് ഒരേ ദൈവത്തെ സങ്കല്പിച്ചു് ആ ദൈവത്തിലേയ്ക്കു് ശ്രദ്ധ കേന്ദ്രീകരിച്ചുനിന്നുകൊണ്ടു് ''എന്റെ ജീവിതവും എന്റെ മരണവും എന്റെ സർവ്വവും ഞാൻ ദൈവത്തിൽ അർപ്പിച്ചിരിക്കുകയാണു്'' എന്നു് പ്രതിജ്ഞയെടുക്കുന്നു. ഇങ്ങനെ പ്രതിജ്ഞചെയ്തുകൊണ്ടാണു് ഓരോ മുസൽമാനും ജീവിതവ്യാപാരത്തിൽ പ്രവേശിക്കുന്നതു്. അങ്ങനെ പ്രവേശിക്കുന്ന ഒരു മനുഷ്യനു് ഒരു തെറ്റും ചെയ്യുവാൻ നിവൃത്തിയില്ല. ഒരു ഭിക്ഷക്കാരനു് ഭിക്ഷ നിഷേധിക്കുവാൻ കഴിയില്ല. വിഷമിക്കുന്ന അയൽക്കാരനു് പണം കടം കൊടുക്കുമ്പോൾ പലിശ വാങ്ങാൻ കഴിയില്ല. കള്ളുകുടിച്ചു് മദിച്ചു് ലഹരിപിടിച്ചു് നടക്കുവാൻ അവനു് കഴിയില്ല. മോഷ്ടിക്കുവാൻ കഴിയുകയില്ല. വഞ്ചിക്കുവാൻ കഴിയുകയില്ല. എല്ലാവിധ തെറ്റുകളിൽനിന്നും അകന്നു് സംശുദ്ധമായി ജീവിക്കുവാനുള്ള പ്രേരണ ഈ നമസ്കാരത്തിൽനിന്നു് ലഭിക്കുന്നു. അതുകൊണ്ടു് വി. ഖു-ആൻ- പറയുന്നു: "തീച്ചയായും കൃത്യമായ നമസ്കാരം ചീത്തപ്രവൃത്തികളിൽനിന്നു് മനുഷ്യനെ വേർതിരിക്കുന്നു."

അങ്ങനെ സൂര്യോദയത്തിനുമുൻപു് നടത്തുന്ന ഈ പ്രാർത്ഥന, അതോടൊപ്പം ഉള്ള സത്യപ്രതിജ്ഞ, അതു് അല്പം മറക്കുന്നതിനു മുൻപു്, പല ദൈനംദിനവ്യാപാരത്തിൽ ഏർപ്പെട്ടു് ഒരു ചെറിയ മറവി വരുന്നതിനു മുൻപു്, ഉച്ചയ്ക്കു വീണ്ടും അഞ്ചുമിനിട്ടു സമയം എല്ലാ ലോകവ്യാപാരങ്ങളും മാറ്റിനിർത്തിക്കൊണ്ടു് പ്രാർത്ഥിക്കുകയാണു്. കോടതിയിൽ വ്യവഹരിച്ചിരിക്കുന്ന ഞാനും വലിയ കേസ്സിന്റെ നൂലാമാലകളെപ്പറ്റി ചിന്തിച്ചുകൊണ്ടു് അതിനുള്ള നിയമപഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുമ്പോഴും ഉച്ചയ്ക്കു കിട്ടുന്ന ഈ സമയം മാറ്റി മാറ്റി വച്ചു് അല്ലാഹുവിനെ മാത്രം, ദൈവത്തെ മാത്രം, സ്മരിച്ചു് മറ്റെല്ലാ ചിന്തകളും മാറ്റിവച്ചുകൊണ്ടു് അഞ്ചുമിനിട്ടുനേരം തപസ്സുചെയ്യുകയാണു്. ആ ഏകാഗ്രമായ തപസ്സിലൂടെയാണു് ദൈവവുമായുള്ള സാക്ഷാത്ക്കാരം ലഭിക്കുന്നതു്. ഈ സാക്ഷാത്ക്കാരം നബി തിരുമേനി ഉപമിച്ചിരിക്കുന്നതു് നബി തിരുമേനിയുടെ ജീവിതത്തിൽ ലഭിച്ച മഹത്തായ ഒരു അനുഭൂതിയോടെയാണു്. ആ അനുഭൂതികൊണ്ടു് ദൈവത്തെക്കുറിച്ചു് നേരിട്ടറിയുവാനുള്ള പ്രത്യേകമായ ചില സാഹചര്യങ്ങൾ നബി തിരുമേനിയ്ക്കുണ്ടായി. അതു് ജനങ്ങളിലേയ്ക്കു് പകരുന്ന ഒരു പ്രക്രിയയാണു് നമസ്കാരത്തിൽകൂടി നിർവ്വഹിക്കുന്നതെന്നു് നബി തിരുമേനി പഠിപ്പിച്ചു. നമസ്കാരത്തിൽ വ്യാപൃതനായിരിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം അയാളുടെ ശ്രദ്ധ മുഴുവൻ മറ്റെല്ലാം മറന്നിട്ടു് ദൈവത്തിൽ മാത്രം അർപ്പിച്ചിരിക്കുകയാണു്. എന്നിട്ടു് ദൈവത്തോടു് നാളത്തെ അപ്പം ചോദിക്കുകയാണു്. ഇന്നു് ഇവിടെ ഇപ്പോൾ നടത്തിയ പ്രാർത്ഥനയിൽ എല്ലാ പ്രാർത്ഥനകളും അടങ്ങിയിരിക്കുന്നു. ഇങ്ങിനെ പ്രാർത്ഥനകൾ പല രീതിയിലും പല സമയങ്ങളിലും നടക്കുകയാണു്. മുൻപു് പറഞ്ഞുവന്നതുപോലെ ഉച്ചയ്ക്കുശേഷം നാലുമണിയ്ക്കും സന്ധ്യയ്ക്കുമായി വീണ്ടും മുസൽമാൻ പ്രാർത്ഥിക്കുന്നു. ഇങ്ങനെ അഞ്ചു പ്രാവശ്യം ആത്മീയമായി സമ്പൂർണ്ണമായി

ദൈവത്തിലേയ്ക്ക് അടുക്കുന്ന ഒരു പ്രക്രിയയാണ് മുസൽമാന്റെ പ്രാർത്ഥന. പോരാ, ഇതു് ദിവസത്തിൽ അഞ്ചു പ്രാവശ്യം നടത്തുന്നതു് ആദ്ധ്യാത്മികമായ ഒരു പരിശീലനമാണെങ്കിൽ കൂച്ചുകൂടി ചിട്ടയോടുകൂടിയ ആദ്ധ്യാത്മിക പരിശീലനം ആഴ്ചയിൽ ഒരു ദിവസം നടത്തുവാനുള്ള പ്രക്രിയ ഇസ്ലാമിനു് ഉണ്ടു്. അതു് വെള്ളിയാഴ്ച ദിവസമാണു്. ഒരു മണിക്കൂർ സമയം. അതിനു മുൻപു് ഒരു പ്രസംഗം ഉണ്ടു്. രണ്ടും കൂടി ചേർന്നാൽ കൂച്ചുകൂടി വിപുലമായ ഒരു ആദ്ധ്യാത്മിക പരിശീലനമാകും. പോരാ, കൂച്ചുകൂടി വിപുലമായ തോതിൽ വേണം എന്നു വച്ചിട്ടു് ആണ്ടിൽ ഒരു മാസക്കാലം മുഴുവൻ പച്ചവെള്ളംപോലും കുടിയ്ക്കാതെ വിശപ്പും ദാഹവും സഹിച്ചുകൊണ്ടു് ദൈവത്തെ ധ്യാനിച്ചുകൊണ്ടു് കഴിഞ്ഞുകൂടണമെന്നു് നിബ്ബന്ധമുണ്ടു്. അങ്ങനെ ആദ്ധ്യാത്മികമായ പരിശീലനം കൂച്ചുകൂടി ഉയരണം എന്ന ചിന്തയോടുകൂടിയാണു് ദാനധർമ്മാനുഷ്ഠാനങ്ങളും വേണമെന്നു് ഇസ്ലാം ഉപദേശിച്ചതു്.

നാം ഇന്നു് ലോകത്തു് എല്ലാ ഭാഗത്തും പ്രസംഗിയ്ക്കാൻ പ്രാപ്തിയും താല്പര്യവും ഉള്ള ആളുകളെ കാണാറുണ്ടു്. പക്ഷെ അവരുടെ പണത്തോടടുക്കുമ്പോഴാണു് പ്രസംഗങ്ങളുടെ മെച്ചവും ഉള്ളുകള്ളികളും അറിയുന്നതു്. തന്റെ വസ്തുവിന്റെ ഭാഗം 2½ ശതമാനം കണക്കുവച്ചു് സാധുക്കൾക്കു് ദാനമായും സക്കാത്തായും കൊടുക്കുക. അതു് മുസൽമാന്റെനിർബ്ബന്ധമായമതപരമായകർത്തവ്യമാണു്. അതുകൊണ്ടുമായില്ല നിങ്ങളുടെ സ്വത്തിന്റെ ഒരംശം അയൽക്കാർക്കു് കൊടുക്കണം. അയൽക്കാരൻ ഏതു സമുദായത്തിൽപെട്ടവനായാലും കൊള്ളാം അയാൾ പട്ടിണികിടക്കുമ്പോൾ നാം സുഭിക്ഷമായി കഴിയുന്നതു് ശരിയല്ല. നിങ്ങളുടെ സ്വത്തു് മറ്റുള്ളവർക്കായി വിതരണം ചെയ്യുകൊണ്ടു് ജീവിയ്ക്കണം എന്നു് മുഹമ്മദു് തിരുമേനി പഠിപ്പിയ്ക്കുന്നു. അങ്ങനെ ആത്മീയമായ, ആദ്ധ്യാത്മികമായ പരിശീലനവേദിയിൽ മറെറാരു പരിപാടി.

അവസാനത്തെ പരിപാടിയായിട്ടാണു് ഹജ്ജു് എന്നൊരു കർമ്മംകൂടി പഠിപ്പിയ്ക്കുന്നതു് അതു് ജീവിതത്തിൽ ഒരു പ്രാവശ്യം നിർവ്വഹിച്ചാൽമതി. അതു് എപ്പോഴാണെന്നില്ല. എന്നായാലുംമതി. ഹജ്ജിനു പോകുന്ന ആൾ എവിടെയായാലും ശരി അയാൾ ജീവിതത്തിലുള്ള എല്ലാ ബാദ്ധ്യതകളും അവസാനിപ്പിയ്ക്കണം. ഏതെങ്കിലും തരത്തിൽ മറുള്ളവരെ വേദനിപ്പിച്ചിട്ടുണ്ടെങ്കിൽ അവരോടെല്ലാം മാപ്പു ചോദിച്ചുകൊണ്ടു് ഭ്രതാംശങ്ങളെ എല്ലാം അവസാനിപ്പിച്ചുകൊണ്ടു് എല്ലാ കടങ്ങളും പൊറുത്തുകൊണ്ടു് ഹജ്ജിനായി ദൈവസന്നിധിയിലേയ്ക്കു് തിരിയ്ക്കുന്നു. അവിടെ പോകുമ്പോൾ വെള്ളവസ്ത്രമാണു് ധരിയ്ക്കേണ്ടതു്. ഞാൻ ഹജ്ജിനുപോയി. രണ്ടു കൊല്ലം മുൻപാണു്. അതിനാൽ എനിക്കു് അനുഭവമുണ്ടു്. പോകുന്നവഴിയിൽ അല്ലാഹുവിനെ മാത്രം സ്മരിക്കുന്നു. മറെറാന്നും ഉണ്ടാവില്ല. രണ്ടു മൂന്നു ദിവസം ഊണിലും ഉറക്കത്തിലും 'ദൈവമെ നിന്റെ സന്നിധിയിലേയ്ക്കു് ഞാൻ വരുന്നു' എന്ന ചിന്തയാണു് ഉയരുന്നതു്. ഇങ്ങനെ വലിയ വലിയ ഉദ്യോഗസ്ഥന്മാർ, ലക്ഷപ്രഭുക്കൾ തുടങ്ങി പത്തുലക്ഷത്തോളം ആളുകൾ ഒത്തുചേർന്നു് ആ, ആചാരാനുഷ്ഠാനങ്ങളിൽ പങ്കുചേർന്നുകൊണ്ടു് ജ്ഞാനപുഷ്ടി പ്രാപിക്കുന്നു. ആദ്ധ്യാത്മികമായ ഒരു നിർവൃതിയിലേയ്ക്കു് നമ്മെ എത്തിയ്ക്കുന്നു. ദൈവമല്ലാതെ—മറെറല്ലാം, ഈ പ്രപഞ്ചം മുഴുവൻ വിസ്മൃതിയിലാണു്. ദൈവത്തെക്കുറിച്ചുള്ള സ്മരണ—ദൈവത്തിന്റെ ചൈതന്യത്തെ — എല്ലാ ചൈതന്യത്തെയും കാണുന്നതുപോലെയുള്ള പ്രതീതി മാത്രമാണു് ഉൾക്കൊള്ളുവാൻ കഴിയുന്നതു്. ആ ഒരു ചിന്തയോടുകൂടി ആ പ്രത്യേക കർമ്മം നിർവ്വഹിയ്ക്കുന്നതാണു്

ഹജ്ജ്. അതെ, സമ്പൂർണ്ണമായി ആദ്ധ്യാത്മികതയിൽ ജീവിയ്ക്കുന്ന ഒരു ശക്തി—ഇതും ഉൾക്കൊള്ളുന്ന പരിപാടി—ഇതാണ് ഹജ്ജ്.

എന്താണിതിന്റെ ലക്ഷ്യം എന്നു ചോദിച്ചാൽ ഉത്തരം തീർച്ചയായും സ്പഷ്ടമാണ്. എത്ര ജീവിച്ചാലും നമ്മൾ ഒരു പക്ഷെ ഒരു നൂറോ നൂറ്റി ഇരുപതോ കൊല്ലമേ ജീവിയ്ക്കയുള്ളൂ. ഈ ജീവിതത്തിനു ശേഷം പരലോകമുണ്ട് എന്നു് ഇസ്ലാം പൂർണ്ണമായും വിശ്വസിയ്ക്കുന്നു. ഈ ലോകത്തിൽ ജീവിയ്ക്കുന്ന ജീവിതത്തിൽ നന്മ ചെയ്തവർക്ക് പരലോകത്തിൽ സ്വർഗ്ഗവും തിന്മചെയ്തവർക്ക് പരലോകത്തിൽ നരകവുമാണ് ദൈവം പ്രതിജ്ഞ ചെയ്തിരിയ്ക്കുന്നതു്. അതു് കേവലം സങ്കല്പമോ ഭാവമോ മനസ്സിന്റെ പ്രക്രിയയോ ഒന്നും അല്ല ഇസ്ലാമിന്റെ വിശ്വാസത്തിൽ. മറിച്ചു് ദൈവം സ്വർഗ്ഗവും നരകവും ഇങ്ങനെ ഒരുക്കിവച്ചിരിയ്ക്കുകയാൽ അതിനെ ചോദ്യം ചെയ്യേണ്ട ആവശ്യവുമില്ല. എന്തുകൊണ്ടെന്നാൽ വേണമെങ്കിൽ യുക്തിവാദത്തിലേയ്ക്ക് കടന്നാൽത്തന്നെ അതു് യുക്തിയ്ക്ക് വിരുദ്ധമായ ഒരു കാര്യമല്ല. യുക്തിയ്ക്ക് വിധേയമായ കാര്യമാണ്. ചെറിയ പ്രവൃത്തികൾ ഈ ലോകത്തിൽത്തന്നെ കാണാം. ഒരു ചെറിയ പ്രവൃത്തിയുടെ ഫലമായി അനേകകൊല്ലത്തെ അനുഭവങ്ങളുണ്ടാകാറുണ്ട്. ഒരു പരീക്ഷയ്ക്ക് ഒരു മാർക്ക് കുറഞ്ഞതിന്റെ ഫലമായി ഒരു വ്യക്തി ഐ. എ. എസ്. നു് തോറ്റുപോയി വളരെ നാൾ കഷ്ടപ്പെട്ട. കൂട്ടുകാരനു് ഒരു മാർക്ക് കൂടുതൽ കിട്ടിയതിന്റെ ഫലമായി ഐ. എ എസ്. പാസ്സായി. വലിയ ഉദ്യോഗസ്ഥനായി സുഭിക്ഷമായി ജീവിച്ചു. അതുപോലെതന്നെ ഈ ലോകത്തിൽ ഒരു വ്യക്തി മാന്യമായി ജീവിയ്ക്കുന്നപക്ഷം—ദൈവത്തിലും പരലോകത്തിലും വിശ്വസിച്ചു് ദൈവകല്പനകൾ അനുസരിച്ചു് ജീവിയ്ക്കുന്നപക്ഷം അയാളുടെ മരണാനന്തരം കാലാന്തകാലത്തേയ്ക്ക് സ്വർഗ്ഗീയ പദവി അയാൾക്ക് ലഭിയ്ക്കുകയാണ്.

അതുപോലെതന്നെ ദൈവകല്പനകളെ നിഷേധിച്ചും ദൈവത്തെ ധിക്കരിച്ചും ജീവിയ്ക്കുന്ന ഒരുവനു് എന്നെന്നേയ്ക്കുമുള്ള നരകശിക്ഷ കല്പിച്ചിരിയ്ക്കുന്നു. വി ഖുറാനിൽ നരകത്തെ വർണ്ണിച്ചുകൊണ്ടുള്ള ഒരു പാട്ടിൽ അള്ളാഹു ഇങ്ങിനെ പറയുന്നു. ''അവരുടെ ദുഃഖങ്ങൾ വളരെ വികസിയ്ക്കും. അവർക്ക് നരകത്തിൽ നല്ല ചൂടുള്ള ആഹാരപാനീയങ്ങളാണ് കൊടുക്കുന്നതു്. എല്ലാവിധത്തിലുമുള്ള ദുരിതങ്ങളുടെ സമ്പൂർണ്ണതയായിരിയ്ക്കും അവരുടെ അനുഭവം. അവർ എല്ലാക്കാലവും ആ നരകശിക്ഷ അനുഭവിയ്ക്കും.'' അതുപോലെതന്നെ സ്വർഗ്ഗത്തെയും വർണ്ണിക്കുന്നുണ്ട്. ''അവിടെ ചീത്തവാക്കുകൾ കേൾക്കുകയില്ല. സമാധാനം മാത്രമാണവിടെ സർവ്വത്ര വിളയാടുന്നതു്. നല്ല കട്ടിലുകൾ, നല്ല വിരിപ്പുകൾ, നല്ല ഉദ്യാനങ്ങൾ, നല്ല അരുവികൾ തുടങ്ങി എല്ലാവിധ ജീവിത സൗകര്യങ്ങളുടെയും എല്ലാവിധ സുഖങ്ങളുടെയും സമ്പൂർണ്ണമായ ഒരു പ്രതിച്ഛായയാണ് അവിടെയുള്ളതു്.'' വി. ഖുറാനിൽ സ്വർഗ്ഗത്തെയും നരകത്തെയും കുറിച്ചുള്ള പല വർണ്ണനകളും ഉണ്ട്. ദൈവം മനുഷ്യനെ സൃഷ്ടിച്ചുകൊണ്ട് നന്മതിന്മകൾ തിരിച്ചറിയുവാനുള്ള കഴിവുകൾ നല്കി ആ കഴിവുകൾ ലഭിച്ചുകഴിഞ്ഞപ്പോൾ അതുപയോഗിച്ചു് നന്മയെ വേർതിരിച്ചറിഞ്ഞു് പ്രവർത്തിയ്ക്കുവാനുള്ള ചുമതലകളും ഉണ്ടായി, ആ ചുമതലകൾ ധിക്കരിയ്ക്കുന്നവർ ശിക്ഷിയ്ക്കപ്പെടുകയും അനുസരിയ്ക്കുന്നവർ രക്ഷിയ്ക്കപ്പെടുകയും ചെയ്യും. ഇങ്ങിനെ ഇസ്ലാമിന്റെ വീക്ഷണത്തിൽ ആദ്ധ്യാത്മികതയുടെ സ്ഥാനം എന്തെന്നു ചോദിച്ചാൽ ആദ്ധ്യാത്മികത മാത്രമേയുള്ള ഇസ്ലാമിനു് എന്നു് പറയാവുന്നതാണ്. മനുഷ്യൻ പരലോകയാഥാർത്ഥ്യങ്ങളെക്കുറിച്ചു് ബോധവാനാകണമെങ്കിൽ ഈ ലോകസുഖങ്ങളെ വലിച്ചെറിഞ്ഞു് ദുഃഖങ്ങളും ദുരിതങ്ങളും അനുഭവിയ്ക്കാൻ തയ്യാറാകണം എന്നു് നബി തിരുമേനി ഉപദേശിച്ചു.

ആശംസകൾ:

റോക്കറ്റ് ബ്രാൻറ് ശീലക്കുടകൾ

★ അഖിലേന്ത്യാതലത്തിൽ രജിസ്റ്റർചെയ്യപ്പെട്ടവ.
★★ ചാമ്പ്യൻ കമ്പികളാലും സെൻചറി തുണികളാലുംമാത്രം നിർമ്മിക്കപ്പെടുന്നവ.
★★★ വിദഗ്ധരായ ജോലിക്കാരാൽ നിർമ്മിക്കപ്പെടുന്നവ.
★★★★ എക്കാലവും വിശ്വസിക്കാവുന്നവ.

നിർമ്മാതാക്കൾ:–

S. T. C. അമ്പ്രലാ മാർട്ട്

വ. പറവൂർ

Gram: ROCKET. Phone: 395

മാനാടൻ ലോനപ്പൻ

ചക്കരക്കടവ്,

ചിറായി P. O.

വടക്കൻ പറവൂർ

വാളരാൻ പൗലോ ലോനപ്പൻ

തടിക്കച്ചവടം

ചിറായി P. O.

വടക്കൻ പറവൂർ

കോണത്ത്

ചുമ്മാർ റൈമണ്ട്

ഗോതുരുത്തി P. O.

വടക്കൻ പറവൂർ

കണ്ണൻപുഴ

കാളിയാടൻ

മാത്തുണ്ണി വക്കി

ഞാറക്കൽ P. O.

വടക്കൻ പറവൂർ

നബി തിരുമേനി പറഞ്ഞു. നിങ്ങൾ ഈ ലോകത്തിലുള്ള സുഖങ്ങൾ അനുഭവിച്ചേ കഴിയൂ. ആ സുഖങ്ങൾ ഒരു പരിധിവച്ചു് ദൈവകല്പനകൾക്കു് അനുസരണമായി അനുഭവിക്കുന്നപക്ഷം നിങ്ങൾക്കു് നഷ്ടമില്ല. നാശമില്ല, നിങ്ങൾ ഭയപ്പെടേണ്ടതില്ല, കഷ്ടപ്പെടേണ്ടതില്ല. വി. ഖുറാനിൽ 'ഞങ്ങളുടെ രക്ഷിതാവേ ഞങ്ങൾക്കു് ഈ ലോകത്തിൽ നന്മയെ തരേണമെ. ഞങ്ങൾക്കു് പരലോകത്തിൽ നന്മയെ തരേണമെ' എന്നൊരു പ്രാർത്ഥനയുണ്ടു്. ഈ ഭൗതികസുഖങ്ങളെ തള്ളിമാറ്റിക്കൊണ്ടു്, ഇവിടെ കഷ്ടത അനുഭവിച്ചുകൊണ്ടു്, വിഷമത അനുഭവിച്ചുകൊണ്ടു് ജീവിക്കണമെന്നല്ല ആപ്രാർത്ഥനയുടെ അർത്ഥം. ഇവിടെ എല്ലാ വിധത്തിലുള്ള ലോകസുഖങ്ങളോടുകൂടി, സന്തോഷത്തോടുകൂടി, നിങ്ങൾ ജീവിക്കുക. പക്ഷേ, അതിനെല്ലാം ഒരു പരിധി, ദൈവകല്പന എന്തെന്നു് അറിയുകയും ആ കല്പനയ്ക്കനുസൃതമായ ഒരു പരിധിയിൽ നില്ക്കുകയും ചെയ്യുക എന്നു് ഇസ്ലാം പഠിപ്പിക്കുന്നു. അതാണു് ഇസ്ലാമിന്റെ വലിയ പ്രത്യേകത. ഭൗതികവും ആദ്ധ്യാത്മികവുമായ പുരോഗതിയെ ഒരേ വിധത്തിൽ കൈകാര്യംചെയ്യുവാനുള്ള ചില പരിപാടി ആവിഷ്കരിച്ചു എന്നുള്ളതു് നബി തിരുമേനിയുടെ മഹത്വമായി കരുതാം. ഉദാഹരണത്തിനു് ഞാൻ പറഞ്ഞല്ലൊ അഞ്ചുപ്രാവശ്യം മുസൽമാൻ പ്രാർത്ഥിക്കണമെന്നു് നിർബന്ധമാണതു്. അതുകൊണ്ടുണ്ടാകുന്ന ഏറ്റവും വലിയ പ്രയോജനം സ്വർഗ്ഗം ലഭിക്കുക എന്നതുതന്നെ. ദൈവത്തെ സ്മരിക്കുന്നതുകൊണ്ടു്, ദൈവത്തെ ആരാധിക്കുന്നതുകൊണ്ടു് ദൈവത്തെ തൃപ്തിപ്പെടുത്തുന്നു. പക്ഷേ, അതോടുകൂടിത്തന്നെ എന്തെല്ലാം നന്മകളാണു് ഈ ഭൗതിക ജീവിതത്തിൽതന്നെ സമ്പാദിക്കുവാൻ സാധിക്കുന്നതു്. ഒന്നാമതായി കൃത്യമായി നമസ്കരിക്കുന്ന മനുഷ്യൻ സൂര്യോദയത്തിനു മുൻപു് ഉണരുവാൻ നിർബന്ധിതനാവുകയാണു്. അയാൾ കൃത്യനിഷ്ഠയുള്ളവനായിരിക്കും. ശുചിത്വമുള്ളവനായിരിക്കും, ആരോഗ്യമുള്ളവനായിരിക്കും. യാതൊരു സംശയവുമില്ലാത്ത കാര്യമാണതു്. ഇങ്ങനെ മതപരമായി മനുഷ്യനു് ഔന്നത്യം നല്കുന്ന കാര്യങ്ങൾ, ആദ്ധ്യാത്മികമായ പുരോഗതിക്കു് സഹായിക്കുന്ന എല്ലാ പരിപാടികളുംതന്നെ, അതേ അവസരത്തിൽ ഭൗതിക പുരോഗതിക്കും സഹായിക്കുന്നവിധത്തിൽ രൂപപ്പെട്ടുത്തിയിട്ടുള്ള നിയമസംഹിത—ഒരു ആചാരസംഹിത—ഒരു അനുഷ്ഠാനപദ്ധതി മുഹമ്മദുനബി മുസ്ലിം സമുദായസമക്ഷം സമർപ്പിക്കുകയുണ്ടായി. അതിനെ മുൻനിർത്തിക്കൊണ്ടു് ജീവിച്ചാൽ മനുഷ്യനു് ദൈവത്തെക്കുറിച്ചുള്ള വിശ്വാസം, ഭക്തി, ഭയം, സ്നേഹം എന്നിവയോടൊപ്പം അതുകൈകാര്യംചെയ്യ ജീവിക്കുന്നതിന്റെ ഫലമായി ഈ ലോകത്തിൽ സന്തോഷമായി, സമാധാനമായി ജീവിക്കാൻ കഴിയും.

ഏതായാലും നമ്മെ സംബന്ധിച്ചിടത്തോളം ഇന്നു് ലോകത്തിൽ ഒരു അസ്വസ്ഥതയും അസമാധാനവും എങ്ങും നടമാടുന്ന ഒരു കാലഘട്ടമാണു്. കാരണം എന്താണു് നമ്മുടെ ലക്ഷ്യം എന്നറിയാതെ ആളുകൾ പരക്കംപായുന്നതാണു്. ഇന്നു് അമേരിക്കയിൽനിന്നും മറ്റും പല ആളുകൾ ധാരാളം പണവും വിഭവവും ഉള്ള ആളുകൾ ഒരു പരിധിവരെ എത്തിയശേഷം ഇനിയെന്തു് എന്നറിയാതെ പരക്കംപാഞ്ഞുകൊണ്ടിരിക്കുന്നു. ഇനിയെന്തു് എന്നുള്ളതു് ദൈവത്തെ അനുസരിച്ചാൽ സ്വർഗ്ഗവും, അനുസരിച്ചില്ലെങ്കിൽ നരകവും, എന്നുള്ള ആ തത്വം—ആ സത്യം ലോകം മുഴുവനും ഉച്ചൈസ്വരം ഉദ്ഘോഷിക്കുവാൻ നിങ്ങളും ഞാനും തയ്യാറാകണം എന്നാണു് എനിക്കു് അപേക്ഷിക്കുവാനുള്ളതു്. കാരണം മഹത്തായ ഈ സത്യം—നമുക്കു് ബോദ്ധ്യമുള്ള ഈ സത്യം സ്വീകരിച്ചതിന്റെ ഫലമായി നമ്മുടെ സഹോദരങ്ങൾ രക്ഷപെടുക-മര

ണശേഷം എന്തെന്നും സ്വർഗ്ഗസുഖം അനുഭവിക്കുകയാണെങ്കിൽ അതു പറഞ്ഞുകൊട്ടക്കേണ്ട ചുമതല നമുക്കുണ്ട്.

ആ സത്യം നിഷേധിച്ചതിന്റെ ഫലമായി നമ്മുടെ സഹോദരനും സഹോദരിയും എന്തെന്നും നരകശിക്ഷ അനുഭവിക്കാനാണു പോകുന്നതെങ്കിൽ അയാളെ വിളിച്ചു് അതു പറഞ്ഞുകൊട്ടക്കേണ്ട ചുമതല നമുക്കുണ്ട്. ആ മഹത്തായ കർത്തവ്യത്തിൽ നിന്നു് ഞാനും നിങ്ങളും ഒരിക്കലും പിന്തിരിയുവാൻ പാടില്ല എന്ന കാര്യം അനുസ്മരിപ്പിക്കുവാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണു്. എനിക്കു് അനുവദിച്ചുതന്ന സമയം അവസാനിക്കുകയാണു്. അതുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു. ഈ യോഗത്തിൽ പങ്കുകൊള്ളുവാൻ അവസരംതന്ന ഭാരവാഹികൾക്കു് ഒരിക്കൽക്കൂടി കൃതജ്ഞത പറയുന്നു.



അദ്ധ്യാ: മാതൃ, ലോകത്തിൽവച്ചു് ഏറ്റവും വലിയവർ ആരെല്ലാമാണു്.
മാതൃ: കള്ളന്മാരും മന്ത്രിമാരും, സാർ
അദ്ധ്യാ: (അത്ഭുതപ്പെട്ടു്) അതെന്താണു്?
മാതൃ: കള്ളന്മാർക്കും പോലീസുകാവലുണ്ടു്. മന്ത്രിമാർക്കും പോലീസുകാവലുണ്ടു്.

* * *

ക്ഷയരോഗം പിടിപെട്ട ഭർത്താവു് ചുമയ്ക്കുന്നതു കേട്ടിട്ടു് ഭാര്യ തലയിൽ കൈ വച്ചിട്ടു പറഞ്ഞു. "എന്റെ കർത്താവേ എനിക്കിതു കേൾക്കാൻ വയ്യാ."
ഇതുകേട്ട ഭർത്താവു്: "കേൾക്കാൻ മേലങ്കിൽ കേൾക്കണ്ട." ഇതിനെക്കാൾ ഉച്ചത്തിൽ ചുമയ്ക്കാൻ എന്നെകൊണ്ടാവില്ല.

* * *


തേങ്ങാ പൊതിച്ചുകൊണ്ടിരിക്കുന്ന അമ്മയോടു്
പരിഷ്കാരിയായ മകൻ: "അമ്മേ വാട്ടർ, വാട്ടർ.....
അമ്മ: വാട്ടലല്ല മോനേ, നല്ല ഒന്നാംതരം ഉണക്കതേങ്ങയാ.....

* * *

മലയാളം ക്ലാസ്സിൽ അദ്ധ്യാപകൻ: 'പൂജ്യപാദൻ' രാമൻകുട്ടി അർത്ഥം പറയൂ.
പാദം പൂജ്യമായവൻ—അതായതു്, കാലില്ലാത്തവൻ എന്നർത്ഥം.

ആദ്ധ്യാത്മികത ക്രിസ്തീയവീക്ഷണത്തിൽ

ഫാദർ ജോസഫ് പൂവത്തിങ്കൽ,
Vicar, St. Mary's Church, Broadway, Ernakulam



''സ്വർഗ്ഗരാജ്യം നല്ല മുത്തു് അന്വേഷിക്കുന്ന ഒരു വ്യാപാരിയോടു സദൃശം. അവൻ വിലയേറിയ ആ മുത്തു കണ്ടെത്തിയാറെ ചെന്നു് തനിക്കുള്ളതെല്ലാം വിറ്റു് അതു വാങ്ങി.'' (വി. മത്തായി 13:45) എന്നു് യേശുക്രിസ്തു ഒരിക്കൽ അരുളിച്ചെയ്കയുണ്ടായി. ആദ്ധ്യാത്മികതത്തിന്റെ അഗാധതയിലേക്കു് ഇറങ്ങിച്ചെന്നു് അതിൽ ദിവ്യരത്നങ്ങളെ കണ്ടെത്തി അവയെ സ്വായത്തമാക്കുവാൻവേണ്ടി ലോകത്തിൽ തനിക്കുള്ളതെല്ലാം ഉപേക്ഷിച്ചു് കുരിശു് എടുത്തുകൊണ്ടു് തന്റെ രക്ഷകന്റെ പിന്നാലെ ആ മുത്തു സമ്പാദിക്കുവാനായി ഇറങ്ങിപ്പുറപ്പെട്ട ദൈവരാജ്യത്തിന്റെ മകനായ പുണ്യാത്മാവാണു് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ. അദ്ദേഹത്തിന്റെ പരിപാവനമായ സ്മരണ ജനഹൃദയങ്ങളിൽ കുടിയിരുത്തുവാൻ പര്യാപ്തമായ ഈ സംരംഭം എത്രയും ഉചിതമായിട്ടുണ്ടു് എന്നതിൽ തെല്ലും സംശയമില്ല. അക്കാര്യത്തിൽ ഇതിന്റെ സംഘാടകരെ വളരെയേറെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു. ഈ സംരംഭത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന ഈ പ്രസംഗപരമ്പരയിൽ ആദ്ധ്യാത്മികതം ക്രിസ്തീയവീക്ഷണത്തിൽ എന്നുള്ള വിഷയത്തെ ആസ്പദമാക്കി ചുരുക്കം ചില കാര്യങ്ങൾ അവതരിപ്പിക്കുവാനാണു് ഞാനിവിടെ ഉദ്ദേശിക്കുന്നതു്.

വിഷയംതന്നെ വളരെ ഗഹനമാണു്. വളരെ വ്യാപകമായ ഒരു വിഷയം. വളരെ കുറഞ്ഞ സമയംകൊണ്ടു് ശ്രോതാക്കളുടെ ഹൃദയങ്ങളിൽ പകർത്തിക്കൊടുക്കുക എന്നുള്ളതു് വളരെ ശ്രമകരമായ ഒരു കാര്യം തന്നെയാണു്. എന്നിരുന്നാലും ഈ എളിയ സംരംഭം അതിനൊരായ നല്ല ഫലം നൽകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ക്രിസ്തീയവീക്ഷണത്തിൽക്കൂടി ആദ്ധ്യാത്മികതത്തെപ്പറ്റി ചിന്തിക്കുമ്പോൾ ആ

KERALA FINANCIAL CORPORATION

TRIVANDRUM

We give loan to medium and small scale Industries

Purpose :	Starting new Industries or— Developing existing Industries
Interest :	3½% up to Rs. 50,000
(Small Scale)	5½% up to Rs. 3,00,000
	8½% above Rs. 3,00,000
Medium Scale :	9½%
Margin	50% for medium scale and 25% for Small Industries.
Repayment period :	10 years (This is extended to 15 years for backward districts)

We also give 75% of the value of machinery for retirement of Bills.
Assistance granted till now exceed Rs. 9 crores for 390 units.

For further particulars Contact:—

THE KERALA FINANCIAL CORPORATION

(Telegram: KERFINCORP.)

Head Office: **VELLAYAMBALAM, TRIVANDRUM-1.**
Phones: M. D. 5237, Office 3039

Branch Offices: **CHITTOOR ROAD, ERNAKULAM.** Phone: 33745

9/402 CHEROOTTY ROAD, CALICUT. Phone: 6719

ദ്യമായി നമുക്കു മനസ്സിലാക്കുവാനുള്ളതു് അതു യേശുക്രിസ്തുവിന്റെ ആളത്വത്തെ കേന്ദ്രമാക്കി നില്ക്കുന്നു എന്നുള്ളതാണു്. ക്രിസ്തുവിന്റെ രക്ഷാകരപ്രവർത്തനങ്ങളാണു് ക്രിസ്തീയ ആദ്ധ്യാത്മികത്വത്തിന്റെ ആരംഭവും മാദ്ധ്യമവും അന്ത്യവുമായി നിലകൊള്ളുന്നതു്.

''മുന്തിരിച്ചില്ലിക്കു അതിന്റെ തണ്ടിൽ വസിച്ചിട്ടല്ലാതെ സ്വയമായി കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴികയില്ല.'' എന്നു് അവിടുന്നു അരുളിച്ചെയ്തിരിക്കുന്നു. അതിൽ നിന്നും മനസ്സിലാക്കേണ്ടതു് പരമപ്രധാനമായും ക്രിസ്തുവിനോടുള്ള ആളത്വപരമായ ബന്ധമാണു് ആദ്ധ്യാത്മികത്വത്തിന്റെ മൂലക്കല്ലായി സ്ഥിതിചെയ്യുന്നതു എന്നുള്ള വസ്തുതയാണു്. ആ ആളത്വപരമായ ബന്ധത്തിന്റെ ഫലമായി താഴെ വരുന്ന അനുഭവങ്ങളാണു് അവിടുന്നു നമുക്കു വാഗ്ദാനം ചെയ്തിരിക്കുന്നതു്.

പിതാവേ! ഞങ്ങളും നീയും ഒന്നായിരിക്കുന്നതുപോലെ ഇവരും തമ്മിൽ ഒന്നായിരിക്കണം.

ഞാൻ ഇരിക്കുന്നിടത്തു് നിങ്ങളും ഇരിക്കും.

ഞാൻ ജീവിക്കുന്നതുകൊണ്ടു് നിങ്ങളും ജീവിക്കും.

നീ എനിക്കു തന്നിട്ടുള്ളവർ എന്നോടുകൂടെയിരുന്നു നീ എനിക്കു തന്നിട്ടുള്ള മഹത്വം കാണണം.

അവർ എന്നിലും ഞാൻ അവരിലും വസിക്കുന്നതിനാൽ അധികഫലം കായ്ക്കും

നിങ്ങൾ അധികഫലം കായ്ക്കുന്നതിനാൽ പിതാവു് മഹിമയുള്ളവനായിത്തീരുന്നു.

ഇതിൽനിന്നെല്ലാം വ്യക്തമായി കാണുന്നതു് നമ്മെ തന്നോടുള്ള ഐക്യത്തിൽ കൊണ്ടുവന്നിട്ടു് തന്റെ ദിവ്യജീവിതത്തിന്റെ പങ്കാളികളാക്കുന്നു എന്നുള്ളതാണു്. ക്രിസ്തുവിനോടുകൂടിയുള്ള അധിവാസത്തിനും താൻ ജീവിക്കുന്ന ജീവിതത്തിനും, പിതാവു് അവിടത്തേയ്ക്കു നൽകിയിട്ടുള്ള മഹത്വത്തിനും അവിടത്തേയ്ക്കു പിതൃസന്നിധിയിലുള്ള അവകാശത്തിനും താൻ വഴിയായി മക്കളെന്നനിലയിൽ നമ്മെ പങ്കാളികളാക്കുകയാണു ചെയ്യുന്നതു്. (വി. പത്രോസ് 1-4)

ഈദൃശമായ പങ്കാളിത്വത്തിന്റെ ഫലമായി, കർത്താവിന്റെ തേജസ്സിനെ കണ്ണാടിയിലെന്നപോലെ പ്രതിബിംബിപ്പിക്കുന്നവരായി നാം എല്ലാവരും ആത്മാവായ കർത്താവിന്റെ ദാനമായി തേജസ്സിന്മേൽ തേജസ്സു് പ്രാപിച്ചു് അതേ പ്രതിരൂപമായി രൂപാന്തരപ്പെടുന്നു

അങ്ങനെ ക്രിസ്തുവിനോടുള്ള പങ്കാളിത്വത്തിൽ നിലനിന്നു് ദൈവപ്രതിരൂപമായി രൂപാന്തരം പ്രാപിച്ചു് പ്രശോഭിതരാകുന്നതിനു പ്രേരകമായി നിലകൊള്ളുന്ന അടിസ്ഥാനപരമായ കാര്യം മനുഷ്യനെ സംബന്ധിച്ചിടത്തോളം മനുഷ്യൻ ദൈവാധിഷ്ഠിതനാണു് എന്നുള്ള സത്യമാണു്. ദൈവരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യൻ സ്രഷ്ടാവിന്റെ സഖിയായിരിക്കുവാനുംകൂടിയാണു് സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. (സൃഷ്ടി 3-8)

കഫദോഖ്യായിലെ പരിശുദ്ധനായ മാർ ബാസ്സേലിയോസ്, മനുഷ്യനെപ്പറ്റി വിവരിക്കുന്നതു്: ''Man is a creature who has received the order to become God''—"ദൈവമാക്കുവാനായി സൃഷ്ടിക്കപ്പെട്ടിരിക്കുന്ന സൃഷ്ടി''യെന്നാണു്. മനുഷ്യൻ സ്വന്തനിലയിൽ സ്വയംപര്യാപ്തി നേടിയ ഒരു ജീവിയല്ല. പക്ഷേ, അവൻ വളരെയേറെ കഴിവുകളുടെ ഒരു കേദാരമാണു്. അവന്റെ മനുഷ്യത്വത്തിൽ ഒന്നാമതായി ഉൾക്കൊള്ളുന്നതു് സകല സമ്പൂർണ്ണനും നിത്യനുമായ

ദൈവത്തോടുള്ള അവന്റെ ഹൃദയം തുറന്ന ബന്ധം അത്രെ. രണ്ടാമതായി ഈ തുറന്ന ബന്ധത്തെ മനുഷ്യസൃഷ്ടിയിൽ സന്നിധിക്കുകയും തന്മൂലം ദൈവത്തിന്റെ ജീവിതത്തോടും മഹിമയോടും ഉള്ള ബന്ധവും പങ്കാളിത്വവും അവന്റെ നൈസർഗ്ഗിക സ്വഭാവമാക്കിത്തീർക്കുകയും ചെയ്യുക എന്നുള്ളതാണ്.

മനുഷ്യന്റെ വീഴ്ച

എന്നാൽ മനുഷ്യൻ ദൈവാധിഷ്ഠിതമായ തന്റെ ജീവിതത്തെ ആ ദിവ്യബന്ധത്തിൽനിന്നും പിഴുതെടുത്തു തന്നിൽത്തന്നെ അതു് അധിഷ്ഠിതമാക്കിത്തീർത്തു എന്നുള്ളതാണ് അവന്റെ ഏറ്റവും വലിയ വീഴ്ചയും ആപത്തും അധഃപതനവും. ഈ ലോകത്തിലുള്ള മനുഷ്യന്റെ ജീവിതം ദൈവവും അവനും തമ്മിലുള്ള ഒരു സമ്പൂർണ്ണപരിവാഹം (Complete Circuit) ആയിരിക്കുവാനാണ് ഉദ്ദേശിക്കപ്പെട്ടിരുന്നതു്. അതിനു വിപരീതമായി സ്വയാധിഷ്ഠിതമായി ആക്കിത്തീർത്തതിന്റെ ഫലമായി ആ ജീവിതം ഒരു അപൂർണ്ണപരിവാഹം (Incomplete Circuit) ആയി മാറിയതോടെ അവന്റെ ദൈവസാദൃശ്യത്തിനും സാദൃശ്യത്തിനും കോട്ടം സംഭവിക്കുകയും അവനിലുള്ള വെളിച്ചം കെട്ടുപോവുകയും ചെയ്തു മാത്രമല്ല ദിവ്യവെളിച്ചത്തെ ഉൾക്കൊണ്ടു് തന്നിൽ ആ വെളിച്ചത്തെ നിലനിർത്തിയിട്ടു് മറ്റുള്ളവക്കു് പകർന്നുകൊടുക്കുവാനും പ്രകാശിപ്പിക്കുവാനുമുള്ള കഴിവു നഷ്ടപ്പെട്ടു. അവൻ ഘനീഭവിച്ചു് പ്രകാശത്തെ കടത്തിവിടാൻ കഴിവില്ലാത്ത ഒന്നായി മാറി.

ഇതിനു പരിഹാരമായി ദൈവപുത്രൻ മനുഷ്യനായിജനിച്ചുകൊണ്ടു് പഞ്ചഭൂതാത്മകമായ ഈ ലോകത്തെ തന്നിലേയ്ക്കു എടുത്തു് അതിനെ തന്റെ സ്വന്തമാക്കി തീർത്തിട്ടു് പൂർണ്ണദൈവവും പൂർണ്ണമനുഷ്യനും എന്ന അവസ്ഥയെ നിലനിർത്തിക്കൊണ്ടുള്ള ജീവിതത്താലും കഷ്ടാനുഭവത്താലും മരണത്താലും ഉയർത്തെഴുന്നേല്പിനാലും സ്വർഗ്ഗാരോഹണത്താലും മനുഷ്യനിൽ കുടികൊണ്ടിരുന്ന അന്ധകാരാവസ്ഥയും ഘനീഭാവവും മാറ്റി. മനുഷ്യാവതാരം എടുത്ത സ്വശരീരം മുഖേന സ്വാതന്ത്ര്യം നൽകി പിതൃസന്നിധിയിൽ പ്രകാശപൂർണ്ണനായി പ്രവേശിപ്പിച്ചു. അതുവഴിയായി മനുഷ്യജീവിതം ആദിയിൽ എങ്ങിനെ പ്രകാശപൂരിതമായിരുന്നോ അതുപോലെയായി. ജീവിതത്തിന്റെ പൂർണ്ണത പുനഃസ്ഥാപിച്ചു.

ദൈവപുത്രന്റെ മനുഷ്യാവതാര ജീവിതത്തിന്റെ തുടർച്ചയാണ് നമ്മുടെ ജീവിതം

മനുഷ്യനായിത്തീർന്ന ദൈവപുത്രന്റെ ജീവിതത്തിന്റെ തുടർച്ചയാണ് തന്നോടു ബന്ധപ്പെട്ടുനില്ക്കുന്ന ഓരോരുത്തരുടേയും ജീവിതം. തന്മൂലം മനുഷ്യന്റെ ജീവിതം ലോകമാകുന്ന വലിയ ഭദ്രാസന ദൈവാലയത്തിൽ നടക്കുന്ന ഒരു കൂദാശയും ആരാധനയും അർപ്പണവും സ്തോത്രവും ദിവ്യജീവിതത്തിലുള്ള പങ്കാളിത്വവും ആയിത്തീർന്നിരിക്കുന്നു.

കൂദാശാപരമായ മനുഷ്യജീവിതത്തിന്റെ ആദ്യന്തികമായ ഉദ്ദേശം ദൈവവുമായി സംയോജിച്ചു് ദൈവതുല്യരാവുക എന്നുള്ളതാണ്. അതായതു് ദൈവം മനുഷ്യരിൽ വസിക്കുകയും മനുഷ്യർ ദൈവത്തിൽ വസിക്കുകയും ചെയ്തുകൊണ്ടു് ദൈവത്വത്തിലെ ആളത്വങ്ങളിൽ പരിവാഹംചെയ്തുകൊണ്ടിരിക്കുന്ന സ്നേഹത്തിൽ നിലനില്ക്കുക. അങ്ങിനെ ആ ദിവ്യജീവിതത്തിന്റെ പങ്കാളികളാകുന്നു. തൽഫലമായി ദൈവീകരണമാണ് നടത്തുന്നതു്. അരുളപ്പാന്ത്യയായിലെ പരിശുദ്ധനായ അത്തനാ

സിയോസ് പറയുന്നതു് 'മനുഷ്യൻ ദൈവമായിത്തീരുവാൻ ദൈവം മനുഷ്യനായിത്തീർന്നു' എന്നാണു്. ദൈവവുമായി യോജിക്കപ്പെട്ടുന്നു എന്നു പറയുമ്പോൾ നാം മനസ്സിലാക്കേണ്ടതു് ദൈവത്തിന്റെ ശക്തികളുമായിട്ടാണു്, അല്ലാതെ തന്റെ സാരാംശവുമായിട്ടല്ല. (With His energies and not with His essence).

ഈ സംയോജിപ്പുകൊണ്ടു് മനുഷ്യന്റെ സ്വാതന്ത്ര്യം ഒരിക്കലും നഷ്ടപ്പെടുന്നില്ല. പക്ഷേ, അവൻ സ്വയമായും സമ്പൂർണ്ണമായും ദൈവസ്നേഹത്തോടുകൂടിയും ദൈവഹിതത്തിനു് കീഴ്വഴങ്ങി ജീവിക്കുന്നു. ഇപ്രകാരമുള്ള ഒരു കീഴ്വഴക്കമാണു് വി. കന്യകാമറിയത്തിന്റെ ജീവിതത്തിലും പരിശുദ്ധന്മാരുടെ ജീവിതത്തിലും നാം ദർശിക്കുന്നതു്.

ഈ സംയോജനംകൊണ്ടു് മനുഷ്യർ മനുഷ്യനല്ലാതെയാകുന്നില്ല. അവന്റെ മനുഷ്യത്വം രൂപഭേദം കൈക്കൊള്ളുകമാത്രമേ ചെയ്യുന്നൊള്ളു. പരിശുദ്ധാത്മാവുകൊണ്ടു് നിറഞ്ഞ ഈശോ താബോർമലയിൽ മറുരൂപംപ്രാപിച്ചതുപോലെ, ആകയാൽ നമ്മുടെ രൂപാന്തരത്തിന്റെ തുടർച്ചയാണു്.

ആദ്ധ്യാത്മികജീവിതമെന്നു പറഞ്ഞാൽ ദൈവകൃപയിൽ വളർന്നു് പ്രകാശത്തിന്റെ മക്കളായി പ്രകാശിതമാക്കപ്പെടുന്ന ജീവിതമാണു്. വി. പൗലോസ് അപ്പോസ്തലൻ പറയുന്നു: ''മുമ്പേ നിങ്ങൾ ഇരുളായിരുന്നു, കർത്താവിനു് പ്രസാദമായതെന്തെന്നു് പരിശോധിച്ചുകൊണ്ടു് വെളിച്ചത്തിനുള്ള വരായി നടന്നുകൊള്ളുവിൻ. ഉറങ്ങുന്നവനോ ഉണർന്നു് മരിച്ചവരുടെ ഇടയിൽനിന്നു എഴുന്നേല്ക്ക. എന്നാൽ നീ പ്രകാശംകാണും''. (എഫെ. 5.8,14) നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശംകാണുന്നു. ''അന്നു് നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും എന്നു് ദിവ്യരക്ഷകനും പറയുന്നു. (മത്താ. 13 - 43).

മനുഷ്യൻ രൂപാന്തരീകരണം പ്രാപിക്കുകയും പ്രകാശിക്കുകയും മാത്രമല്ല പരിശുദ്ധാത്മാവു് അവനിൽ ദിവ്യസമാധാനം സ്ഥാപിക്കുകയും ചെയ്യുന്നുണ്ടു്. അതോടുകൂടിത്തന്നെ മനുഷ്യരിൽനിന്നു് ആരാലും എടുത്തുകളയുവാൻ പാടില്ലാത്ത ദിവ്യസമാധാനംകൊണ്ടു് അവനെ നിറയ്ക്കുന്നു. മനുഷ്യന്റെ എല്ലാ ബോധങ്ങളെയും കവിയുന്നതായ ആ ദിവ്യസമാധാനമാണു് ഉയിർത്തെഴുന്നേല്പിനുശേഷം കർത്താവു് ശിഷ്യർക്കു് കൊടുത്തതു്. ''എന്റെ സമാധാനം നിങ്ങൾക്കു് ഞാൻ തരുന്നു. ഞാൻ തരുന്നതു് ലോകം തരുന്നതുപോലെയല്ല.''

ഈ സന്തോഷവും സമാധാനവും ശാന്തിയും സ്നേഹവും വെറും സുബോധാവസ്ഥയിൽ ഉണ്ടാകുന്ന ഒരു തോന്നലോ അയഥാർത്ഥമായ മാനസിക വ്യാപാരമോ അല്ല. യഥാർത്ഥത്തിലുള്ള സുബോധാവസ്ഥയിൽ പ്രകാശത്തിൽ വസിച്ചുകൊണ്ടു് ദൈവവുമായുള്ള അനന്തമായ സഹവാസത്തിൽനിന്നും ഉൽഭവമാകുന്ന ഒരു അവസ്ഥാവിശേഷമാണതു്.

ഈ ആദ്ധ്യാത്മികതയുടെ അനുഭവത്തിലേയ്ക്കു് എത്തിച്ചേരാനുള്ള മാർഗ്ഗങ്ങളിൽ ഒന്നാണു് സന്യാസം. എന്നാൽ ആദ്ധ്യാത്മികജീവിതം സന്യാസിമാക്കും പുരോഹിതർക്കും മാത്രമായിട്ടുള്ളതാണോ? അതു ദൈവാലയത്തിന്റെ നാലു ഭിത്തികളിലോ സന്യാസാശ്രമങ്ങളുടെ മതിൽക്കെട്ടിനകത്തോ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നാണോ? നമ്മുടെ സാധാരണ ദൈനംദിനജീവിതത്തിൽ ആദ്ധ്യാത്മികജീവിതത്തിനു് സ്ഥാനമില്ലേ എന്നു് ചിന്തിക്കേണ്ടതാണു്.

മനുഷ്യജീവിതം കൂദാശാപരമാണെങ്കിൽ അതിന്റെ ഭാഗമായിരിക്കുന്ന എല്ലാ

WITH BEST COMPLIMENTS FROM:

C. G. Cletus & Co.

CONTRACTORS

BINANIPURAM P. O..
UDYOGAMANDAL, ALWAYE

Ceegeecee Engineering Works
Fabrication & Erection

CASTING, MOULDING, WELDING & ALL OTHER ENGINEERING WORKS

★

INSTALLATION
of under water pipe lines
River TRENCHING etc.

★


Ceegeecee Enterprises

Agents & Stockists:

HASTILIN PIPES

ചെയ്തികളിലും ആദ്ധ്യാത്മികത ഉൾക്കൊള്ളേണ്ടതു് അവശ്യാവശ്യമാണു്. അതർഹിക്കുന്നതായ ആദ്ധ്യാത്മികതയോടെവേണം കൈകാര്യംചെയ്യുവാൻ. നമ്മുടെ ജീവിതം മുഴുവൻ ദൈവത്തിൽ സമർപ്പിച്ചുകൊണ്ടു് ദൈവവും നാമും തമ്മിലുള്ള ബന്ധം ഒരു സമ്പൂർണ്ണപരിവാഹമാകുമ്പോൾ നമ്മുടെ സാധാരണ ജീവിതവും ആദ്ധ്യാത്മികതത്തിന്റെ മറ്റൊരു ഘടകമായിത്തീർന്നുകൊണ്ടു് അതിൽ വളച്ചുപ്രാപിച്ചു് ക്രിസ്തുവിന്റെ അളവിന്റെ പൂർണ്ണതയിൽ എത്തിച്ചേർന്നു് ആത്മാവിന്റെ ഫലത്തെ പുറപ്പെടുവിക്കുവാൻ സാധിക്കും,

അങ്ങിനെ ദൈവഹിതം ആചരിച്ചു് ദൈവതിരുനാമം മഹത്വീകരിച്ച ഒരു മഹത്വ്യക്തിയാണു് ദൈവദാസനായ ചാവറ കുര്യാക്കോസു് അച്ചൻ. ആ പരിപൂർണ്ണതയിൽ എത്തിച്ചേരുന്നതിനു് പരിശുദ്ധാത്മാവു് നമ്മെ സഹായിക്കട്ടെ എന്നു് പ്രാർത്ഥിച്ചുകൊണ്ടു് അവസാനിപ്പിക്കുകയാണു്.



If you are a bright student, lack of money need not deny your higher education.
UNION BANK will be glad to help you for your higher studies in India or abroad.
For details contact the nearest branch.

UNION BANK OF INDIA
Head Office:
66,80, Bombay Samachar Street,
Fort, Bombay - 1.

WITH BEST WISHES FROM

Mathachan
Variamparambil

Manapuram,
Poochakal,
SHERTALLAI

Dr. Joseph Antony
Neyarapilly, B.Sc., M.B.B.S.
&
Mrs. Scicily Antony M. Sc.

SHERTALLAI

V. O. Joseph
Variamparambil

Manapuram,
Poochakal,
SHERTALLAI

K. T. George
Kuttiparambil

VAIKOM

Thomas Varghese Kuttiparambil

Proprietor: **WHITE HOUSE**

VAIKOM


കൃതജ്ഞതാപ്രകാശം

സി. കെ. അജീദ്, B. Sc., B. T.

ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ശതാബ്ദിയാഘോഷത്തോടനുബന്ധിച്ചു് നടത്തുന്ന ഈ സർവ്വമത സമ്മേളനത്തിൽ സംബന്ധിച്ചു് ഇതിനെ വിജയപ്രദമാക്കിത്തീർത്ത എല്ലാവരോടും ഈ സമ്മേളനത്തിന്റെ പേരിൽ ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നതിനുവേണ്ടിയാണു് ഞാൻ ഈ സദസ്സിൻ മുൻപിൽ നില്ക്കുന്നതു്.

ഇന്നലെയാരംഭിച്ച ഈ ആഘോഷ പരമ്പരയിലെ രണ്ടാം ദിവസമായ ഇന്നത്തെ 'സർവ്വമതസമ്മേളനം' സമാപിക്കുകയാണു്. മഴയുടെ പ്രാതികൂല്യമുണ്ടായിരുന്നിട്ടും കേരളത്തിന്റെ നാനാഭാഗങ്ങളിൽ നിന്നും ജനങ്ങൾ എത്തിച്ചേർന്നു് നിറഞ്ഞുകവിഞ്ഞ ഈ സമ്മേളനം കേരളീയ ജനതയ്ക്കു് ഈ പുണ്യശ്ലോകനോടുള്ള സ്നേഹാദരവും കടപ്പാടും ഭക്തിബഹുമാനാദികളുമാണു് വിളിച്ചറിയിക്കുന്നതു്.

കേരള ചരിത്രത്തിന്റെ ഏടുകളിൽ സുവർണ്ണലിപികളിൽ രേഖപ്പെടുത്തേണ്ട ഒരു മഹാസംഭവത്തിനു് സാക്ഷ്യം വഹിക്കുകയാണു് ഈ ചരമശതവർഷാഘോഷം. ആ മഹാതേജസ്സിന്റെ ഭൗതികശരീരം ഈ ക്ലനമ്മാവിൽ അന്ത്യവിശ്രമം കൊണ്ടതു്, ഒരു നൂറാണ്ടിനുമുൻപു് 1871 ജൂൺ 3-ാം തീയതിയാണു്. അദ്ദേഹത്തിന്റെ പാദസ്പർശവും സാന്നിദ്ധ്യവുംമൂലം ധന്യയായ ക്ലനമ്മാവും പരിസരങ്ങളും ഇന്നും ആ പരിപാവനമായ ആദ്ധ്യാത്മികാന്തരീക്ഷസുഖം അനുഭവിക്കുകയാണു്. അദ്ദേഹത്തിന്റെ ആ വാസസ്ഥാനവും അന്ത്യവിശ്രമസ്ഥാനവുമെല്ലാം ഇന്നു് തീർത്ഥാടനകേന്ദ്രങ്ങളായി മാറിയിരിക്കുകയാണു്. ഒരു മാർഗ്ഗദർശി, സാമൂഹ്യപരിഷ്കർത്താവു്, പ്രശസ്തസാഹിത്യകാരൻ, വിദ്യാഭ്യാസവിചക്ഷണൻ, ദൈവദാസൻ എന്നീ നിലകളിലെല്ലാം, ജീവിച്ചിരുന്ന കാലത്തുതന്നെ അദ്ദേഹം ഉന്നതശീർഷനായിരുന്നു. ഭാരതത്തിനു് തനതായുള്ള രണ്ടു സഭകളുടെ—കർമ്മലീത്താ, സന്യാസസഭയുടേയും, സന്യാസിനീസഭയുടേയും—ഉപജ്ഞാതാവായി അദ്ദേഹം നമ്മുടെ ഈ രാജ്യത്തിലുടനീളം അത്തരം സഭകളുടെ



മഹത്തായ സേവനഫലങ്ങൾ അന്നും ഇന്നും അനുഭവവേദ്യമായിക്കൊണ്ടിരിക്കയാണു്. അതുകൊണ്ടെല്ലാമാണു് ശതാബ്ദാഘോഷം ഈ ചാവറ നഗറിൽ ജാതിമതഭേദമെന്യേ എല്ലാവരും സഹകരിച്ചു് നടത്തിവരുന്നതു്.

എല്ലാ പള്ളികളോടനുബന്ധിച്ചും പള്ളിക്കൂടങ്ങൾ തുറക്കണമെന്നു് ഉത്തരവയയ്ക്കുകയും, അതു് കർശനമായി പാലിക്കാതിരുന്ന പള്ളികളോടു് കാരണം ബോധിപ്പിക്കാൻ ആവശ്യപ്പെടുകപോലും അദ്ദേഹം ചെയ്തതായി നമ്മൾ അറിയുന്നു അങ്ങനെ സർവ്വമതസ്ഥർക്കുംവേണ്ടി, വിദ്യാഭ്യാസത്തിന്റെയും വിജ്ഞാനത്തിന്റെയും വെളിച്ചം പരത്തുന്നതിനുള്ള നീക്കത്തിനു് ബീജാവാപംചെയ്ത ഒരു മഹാത്മാവിന്റെ സ്മരണയുടെ മുൻപിലർപ്പിക്കുന്ന പുഷ്പഹാരമാണു് ഈ 'സർവ്വമതസമ്മേളനം.'

ഇനി ഞാൻ എന്റെ പ്രധാന കർത്തവ്യത്തിലേയ്ക്കു് കടക്കുന്നു. ഈ സമ്മേളനത്തിന്റെ ഉൽഘാടനകർമ്മം നിർവ്വഹിച്ച ഏറണാകുളം സഹായമെത്രാൻ സെബാസ്റ്റ്യൻ മങ്കുഴിക്കരി തിരുമേനിയെക്കുറിച്ചു് കേട്ടിട്ടില്ലാത്തവർ കേരളത്തിൽ അധികമാരും ഉണ്ടാകുമെന്നു് തോന്നുന്നില്ല. വിജ്ഞതയും, സരസഗംഭീരവും, പ്രോജ്വലവുമായ തന്റെ ഉൽഘാടനപ്രസംഗംകൊണ്ടു് ഈ സമ്മേളനം മംഗളകരമാക്കിത്തീർത്തതിനു തിരുമേനിയോടു് ഞങ്ങൾക്കുള്ള കൃതജ്ഞത രേഖപ്പെടുത്തികൊള്ളുന്നു. ഇതിൽ അദ്ധ്യക്ഷതവഹിച്ചു് യോഗനടപടികൾ നിയന്ത്രിക്കുകയും പ്രസംഗിക്കുകയും ചെയ്ത മോൺ. മാത്യു വെള്ളാങ്കലിനോടും ഈ യോഗത്തിനുള്ള കൃതജ്ഞത രേഖപ്പെടുത്തുന്നു.


ആദ്ധ്യാത്മികത, ഹൈന്ദവ വീക്ഷണത്തിൽ, ഇസ്ലാമിക വീക്ഷണത്തിൽ, ക്രൈസ്തവ വീക്ഷണത്തിൽ എന്നീ വിഷയങ്ങൾ യഥാക്രമം സ്വാമി മുദാനന്ദജി, ഹാജി അലിക്കുഞ്ഞു്, ഫാ. ജോസഫ് പൂവത്തിങ്കൽ എന്നിവർ ഏറ്റവും വിശദമായി ചുരുങ്ങിയ സമയത്തിനുള്ളിൽ അവതരിപ്പിക്കുകയുണ്ടായി. ആദ്ധ്യാത്മികത വത്തിക്കാൻ സുനഹദോസിനുശേഷം എന്ന വിഷയം റവ. സി. ബൊറോമിയോ, തന്റെ സുന്ദരമായ ഇംഗ്ലീഷു ശൈലിയിലും, ചാവറ അച്ചൻ ആദ്ധ്യാത്മിക മനുഷ്യൻ എന്ന വിഷയം, ഡോക്ടർ ജോൺസന്റെ ബോസ് വെല്ലിനെപ്പോലെ, ഫാ. ലൂക്കു് വിശദാംശങ്ങളിൽ ഊന്നിനിന്നുകൊണ്ടും, പ്രതിപാദിച്ചു. അങ്ങിനെ സദസ്സിനെ പ്രബുദ്ധമാക്കിയ എല്ലാ വിശിഷ്ടാതിഥികൾക്കും ഞാൻ സമ്മേളനപ്രവർത്തകരുടെ പേരിൽ നന്ദി പറഞ്ഞുകൊള്ളട്ടെ. ഈ സമ്മേളനത്തെ സർവ്വാത്മനാ വിജയപ്രദമാക്കിത്തീർക്കാൻ ഇവിടെ സന്നിഹിതരായിട്ടുള്ള എല്ലാ സദസ്യർക്കും അകൈതവമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊണ്ടു് ഉപസംഹരിക്കുന്നു.




ചന്തയിലേക്കു പോകാനിറങ്ങിയ ഭർത്താവു് അപ്പോൾതന്നെ തിരികെ വന്നുകയറിയപ്പോൾ ഭാര്യ ചോദിച്ചു:

"നിങ്ങളെന്താ ചന്തയിൽ പോണെന്നും പറഞ്ഞിറങ്ങിയിട്ടു് പോകാഞ്ഞതു്."

"എടീ ഞാൻ റോഡുവരെ ചെന്നപ്പോഴുണ്ടു് ഒരു ഉപദേശി നിന്നു പ്രസംഗിക്കുന്നു. നിങ്ങൾ മുമ്പോട്ടുവയ്ക്കുന്ന ഓരോ കാലും നിങ്ങളെ മരണത്തിന്റെ പടിയിലേക്കു് അടുപ്പിക്കുന്നു എന്നു്. അറിഞ്ഞോണ്ടെങ്ങനെയാടീ പോയി ചാകുന്നതു്."



ശതാബ്ദാഘോഷസ്മാരകമായി, സ്ഥലം കുന്നമ്മാവ്
വി. യൗസേപ്പിന്റെ ആശ്രമത്തിൽനിന്നും പണ്ടു്,
സാധുക്കൾക്കു് സംഭാവനചെയ്ത ഭവനങ്ങൾ
തൃശ്ശൂർ മെത്രാൻ, റൈ റവ. ഡോക്ടർ ജോസഫ് കുണ്ടുകുളം
ആശീർവദിച്ചപ്പോൾ.



ദാനംചെയ്യപ്പെട്ട വീടുകൾ

THODUPUZHA

WITH BEST WISHES FROM:-

S. R V.

Tourist Home

E. A. PARAMESWARAN NAIR

& Co.

TOBACCO MERCHANT

&

FAIR PRICE WHOLE SALER

No. 42.

CHETTIPPARAMBIL TEXTILES

Dr. M. M. Varkey

B. A., M. B. B. S.

Indian Coffee House

&

Vijaya Lakshmi

Tourist Home

★ പൊതുസമ്മേളനം ★



പൊതുസമ്മേളനത്തിന്റെ ഒരു വീക്ഷണം



റവ. സി. ഔറേലിയാ സി. എം. സി.
പൊതുസമ്മേളനത്തിൽ
കൃതജ്ഞത രേഖപ്പെടുത്തുന്നു

ആശംസകൾ:-

എം. എ. കൊച്ചുമൊയ്തീൻ

പൂതാപറമ്പിൽ,

പാനായിക്കുളം

ആലുവാ

With Best Wishes

from :

KANCHANA Medical Stores

VARAPUZHA

Branches:-

KANCHANA- Pizhala

ALAMKAR - Kunammavu

പൊതുസമ്മേളനത്തിൽ ചെയ്ത പ്രസംഗങ്ങളിൽനിന്ന്:-



പത്മവിഭൂഷണൻ,

കെ. പി. കേശവമേനോൻ

(മാതൃഭൂമി എഡിറ്റർ)

''സമുദായത്തിൽ ഒരു പുതിയ ഉണർവുണ്ടാക്കി ജീവിതത്തിനു് ആശയും ആവേശവും പകർന്ന പുണ്യപുരുഷനാണു് ചാവറയച്ചൻ. ഭാരതീയസംസ്കാരത്തിന്റെ കാതലായ സംസ്കൃതഭാഷയുടെ അഭ്യസനത്തിനു്, ഒരു നൂറ്റാണ്ടുമുമ്പു് കേരളത്തിൽ ഒരു സംസ്കൃതവിദ്യാലയം സ്ഥാപിച്ച ചാവറയച്ചന്റെ നാമധേയം ഭാഷാഭിമാനികൾ ഒരിക്കലും മറക്കയില്ല''.

[ശതാബ്ദോത്സവത്തോടനുബന്ധിച്ചു ചാവറനഗറിൽ ചേർന്ന ചാവറ സമാപനസമ്മേളനം ഉദ്ഘാടനംചെയ്തുകൊണ്ടു പ്രസംഗിക്കുകയായിരുന്നു ശ്രീ കേശവമേനോൻ.]



ബനഡിക്ട് മാർ ഗ്രിഗോറിയോസ്

തിരുവനന്തപുരം മെത്രാപ്പോലീത്ത

മനുഷ്യജീവിതത്തിന്റെ അർത്ഥം മനസ്സിലാക്കിത്തരുവാൻ ദൈവം കനിഞ്ഞേയച്ച വിശുദ്ധാത്മാവാണ് ദൈവദാസനായ ചാവറയച്ചനെന്നു് അദ്ധ്യക്ഷപ്രസംഗത്തിൽ മാർ ഗ്രിഗോറിയോസ് തിരുമേനി ചൂണ്ടിക്കാട്ടി.



ഷെവലിയർ കെ. സി. ചാക്കോ

(പ്രൊ വൈസ് ചാൻസലർ)

''ഭാവിതലമുറയെ മനസ്സിൽ കണ്ടുകൊണ്ട ജീവിതകാലത്തു കമ്മപഥങ്ങൾ ആവിഷ്കരിച്ച ദീർഘദൃഷ്ടിയുള്ള മഹാശയനായിരുന്നു ചാവറയച്ചൻ.''



ശ്രീ എസ്. കൃഷ്ണകുമാർ

എറണാകുളം കലക്ടർ

ജീവിച്ചിരിക്കുമ്പോൾത്തന്നെ വിശുദ്ധൻ എന്ന പേരിനർഹനായ ഒരു ആദ്ധ്യാത്മിക പുരുഷനും, പ്രതിഭയും ദർശനവും കവിതകളിലൂടെ എല്ലാ ജനങ്ങൾക്കും പകർന്നുകൊടുത്ത മഹാശയനുമായിരുന്ന ചാവറയച്ചനെന്നു് കലക്ടർ എസ്. കൃഷ്ണകുമാർ പ്രസ്താവിച്ചു.



ശ്രീ കെ. ടി. ജോർജ്ജ് എം. എൽ. എ.


''ചാവറയച്ചനെപ്പോലെയുള്ള മഹാപുരുഷന്മാരുടെ പ്രവർത്തനങ്ങളാണു് നാടിനെ ശ്രേയസ്സിലേയ്ക്കും അനൃനമായ പുരോഗതിയിലേയ്ക്കും നയിക്കുന്നതു്.''



ശ്രീ ഏ. ഏ. കൊച്ചുണ്ണി

(കൊച്ചിൻ മേയർ)

''മലയാളരാജ്യത്തു് മായാത്ത മുദ്രപതിച്ചിട്ടുള്ള ഒരു മഹാനേതാവാണു് ചാവറയച്ചൻ. രാജ്യത്തിന്റെ പുരോഗതിക്കായി ഒരു നൂറാണ്ടുമുമ്പു് അദ്ദേഹം ആവിഷ്കരിച്ചിട്ടുള്ള നാനാമുഖങ്ങളായ കർമ്മപരിപാടികൾ അത്ഭുതാവഹംതന്നെ.''



ശ്രീ കെ. പി. ജോൺ

(അഖിലകേരള കത്തോലിക്കാകോൺഗ്രസ് പ്രസിഡണ്ട്)


''സുധീരമായ നേതൃത്വംകൊണ്ട് അവിസ്മരണീയമായ മഹത്വം നേടിയെടുത്ത മനുഷ്യസ്നേഹിയാണ് ചാവറയച്ചൻ''



ശ്രീ ഈ. പി. ഐസക്,

ബി. എ.. എൽ. ടി.

''സാമൂഹ്യപരിഷ്കർത്താവെന്ന നിലയിൽ മായാത്ത വ്യക്തി മുദ്ര പതിച്ച ചാവറയച്ചന്റെ വിദ്യാപ്രവർത്തനങ്ങൾ കേരളീയ രിൽ ആക്കം മറക്കുവാൻ സാദ്ധ്യമല്ല.''



റവ. ഫാ. കനീഷ്യസ്, സി. എം. ഐ.

പ്രിയോർ ജനറൽ

''മാന്നാനത്തെ പുഷ്പം'', ''മലയാളത്തിന്റെ പതാക'', ''പ്രസംഗവേദിയിലെ സിംഹം,'' ''ആത്മാനുതാപത്തിന്റെ ഗുരുനാഥൻ'', ഹരിദ്മത്തിന്റെ ഖഡ്ഗം'', ''മുടിചൂടാത്ത മെത്രാൻ'' എന്നെല്ലാമുള്ള അപരനാമങ്ങൾക്ക് അർഹനായ ഒരു മഹാ വ്യക്തി—ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ—മരിച്ചിട്ട് നൂറു വർഷം പൂർത്തിയായി. അദ്ദേഹം മരണമാകുന്ന തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞതോടെ വിസ്മൃതനായില്ല. മരിച്ചിട്ടും അദ്ദേഹം സംസാരിക്കുന്നു. മറഞ്ഞുപോയിട്ടും അദ്ദേഹത്തിന്റെ ചൈതന്യം സർവ്വത്ര പ്രത്യക്ഷമാകുന്നു.

അദ്ദേഹം തന്റെ ഗ്രന്ഥങ്ങൾവഴി, പ്രത്യേകിച്ച് ''ആത്മാനുതാപം'', ''സ്നേഹ സല്ലാപങ്ങൾ'', ''നല്ല അപ്പന്റെ ചാവരുൾ'', ''മരണവീട്ടിലെ പാന'!, ''തേറുന്ന ആത്മാവിന്റെ നെടുവീർപ്പുകൾ'' എന്നിവവഴി, ഇന്നും നമ്മോട് സംസാരിക്കുന്നുണ്ട്.

അങ്ങനെ അദ്ദേഹത്തിന്റെ ആസ്തിക്യംവഴി കേരളം കുറച്ചുകൂടിവളർന്നു, കുറച്ചുകൂടി ശക്തിയാർജ്ജിച്ചു. ഇന്ന് പൂർവ്വാധികം വികസിച്ചുകൊണ്ടിരിക്കുന്നു.

ഈ വസ്തുതയെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊണ്ട്, അനേകർകൂടി അത്യന്തനെ സ്തുതിക്കുവാനും, പ്രിയംകരനായ ഈ ദൈവദാസന്റെ—ഈ മനുഷ്യസ്നേഹിയുടെ—സ്മരണ വളരുന്ന തലമുറയിൽ സജീവമായി നിലനിർത്തുവാനുംവേണ്ടി, ഒരു നൂറാണ്ടിനപ്പുറം അദ്ദേഹത്തിന്റെ പ്രവർത്തനരംഗമായിരുന്ന ഈ കുന്നമ്മാവിൽ, ഇവിടത്തെ ജനങ്ങൾ മുൻകൈ എടുത്ത്, രൂപംനൽകിയ വമ്പിച്ച പരിപാടികളും സമ്മേളനങ്ങളും അവയുടെ അവസാനഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുകയാണ്.

ഈ അവസരത്തിൽ, ആദ്ധ്യാത്മികതലത്തിൽ ദൈവദാസന്റെ ഏറ്റവും വിനീതനായ പുത്രനും, അയോഗ്യനെങ്കിലും, ഔദ്യോഗികതലത്തിൽ അദ്ദേഹത്തിന്റെ ഇപ്പോഴത്തെ പിൻഗാമിയുമെന്ന നിലയിൽ, അദ്ദേഹത്തിന്റെപേരിൽ, അദ്ദേഹത്തോട് പ്രദർശിപ്പിച്ചിരിക്കുന്ന ഈ സ്നേഹബഹുമാനാദരവുകൾക്ക് പൊതുവെ എല്ലാവരോടും പ്രത്യേകം പ്രത്യേകമായി ഓരോരുത്തരോടും കൃതജ്ഞത പ്രകടിപ്പിക്കുക എന്റെ കർത്തവ്യമായി ഞാൻ കരുതുന്നു.

നാം ഓരോരുത്തരുടെയുംമേൽ, ദൈവം അവിടത്തെ അനുഗ്രഹങ്ങൾ ധാരാളമായി വർഷിക്കുവാൻ, ദൈവദാസൻ തന്റെ മാദ്ധ്യസ്ഥശക്തി പരമാവധി ഉപയോഗിക്കട്ടെ എന്നുകൂടി ആശംസിച്ചുകൊണ്ട് ഞാൻ വിരമിക്കുന്നു. നിങ്ങൾക്കു വന്ദനം!

With Best Compliments from:

COMINCO BINANI ZINC LTD.

BINANIPURAM,
P. B. No. 7, UDYOGAMANDAL P. O.
KERALA

Gram: "COMBIZINC" Udyogamandal.
Telex: Cbizinc, Cochin 259.

Phone: Cochin 30274
30275

(Regd. Office: Binani Buildings, 38 Strand Road, Calcutta-1)


Manufacturers of:

High Grade Electrolytic Zinc,
Sulphuric Acid & Cadmium


Sole Selling Agents:

METAL DISTRIBUTORS LTD.


CALCUTTA, BOMBAY, MADRAS, NEW DELHI,
MIRZAPUR, UDYOGAMANDAL



പാലാ മെത്രാൻ, റെക്ടർ റവ. ഡോ. സെബാസ്റ്റ്യൻ വയലിന്റെ പ്രധാന കാർമ്മികത്വത്തിൽ അഭ്യർ
ക്കപ്പെട്ട സമൂഹബലിയിൽ, വിവിധ സന്യാസസമൂഹശ്രേഷ്ഠന്മാർ സഹകാർമ്മികത്വം വഹിച്ചപ്പോൾ.



ഷെവലിയർമാരായ മെ. ജോസഫ് വിതയത്തിൽ, കെ. സി. ചാക്കോ, ജോജ്ജ്
വർഗ്ഗീസ് കണ്ണന്താനം, പി. ജെ. ചെറിയാൻ എന്നിവരുടെ അകമ്പടിയോടുകൂടി,
പാലാ മെത്രാൻ ദിവ്യകാരുണ്യ പ്രദക്ഷിണം നടത്തുന്നു




ദൈവദാസൻ അന്ത്യയാത്ര
പറഞ്ഞ ഭവനം,
ഇന്ന് പ്രാപിച്ചിരിക്കുന്ന
ഷ്റയിൻ മാതൃകയിൽ,
അലംകൃതമായ വാഹനം
ദിവ്യകാരുണ്യം
വഹിച്ചുകൊണ്ട്
പ്രദക്ഷിണവേളയിൽ
ചലിക്കുന്നു.



ആലപ്പുഴ മെത്രാൻ,
റൈ റവ് റവ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം,
ചാവറ നഗറിൽ
ആഘോഷമായ ദിവ്യബലി അർപ്പിക്കുന്നു.
സഹകാർമ്മികന്മാർ, റവ. ഫാ. വിൻസന്റ് ഒ. സി. ഡി.,
റവ. ഫാ. പനയ്ക്കൽ എം. എ.



ചാവറ നഗറിൽ നടന്ന
വിവിധ പരിപാടികളിൽ
പ്രേക്ഷകർ ആനന്ദംകൊണ്ട
ഒരു സുന്ദര രംഗം.
ആദ്യമായി ദിവ്യനാഥനെ
സ്വീകരിച്ച് ആദ്ധ്യാത്മിക
മാധുര്യം നുകരുന്ന
ഓമനപിഞ്ചുപൈതങ്ങളുടെ
മദ്ധ്യേ റൈ റവ് റവ.
ഡോ. ജോസഫ് കുണ്ടുകുളം,
തൃശ്ശൂർ മെത്രാൻ.



ഗൗരവമേറിയ പരിപാടികളിൽ ആമഗ്നരായിരുന്ന സദസ്യർക്ക് അല്പം ആശ്വാസം പകർന്നുകൊടുത്തു് അവരെ ആനന്ദത്തിലേയ്ക്ക് ആനയിച്ച സുന്ദരകലകളുടെ അരങ്ങേറ്റം.



With best Empliments

From :

Mother General

Congregation of Mother of Carmel

Mt. Carmel Generalate,

Carmel Road,

THAIKKATTUKARA, ALWAYE-6.

വലിയ പ്രിയോരച്ചൻ – സ്നേഹവും ബഹുമാനവും നിറഞ്ഞ ഒരു തലമുറ, കമ്മ്യോഗിയായിരുന്ന ചാവറ കുരിയാക്കോസച്ചനെ അനുസ്മരിക്കുന്നതു് അധികവും അങ്ങനെയാണു്. കേരള സുറിയാനി കത്തോലിക്കരുടെ സർവ്വതോമുഖമായ അഭിവൃദ്ധിയ്ക്കായി അനുസ്യൂതം പ്രവർത്തിച്ചു്, വിജയിച്ചു്, ഒരു വിശുദ്ധനെപ്പോലെ ജീവിച്ചു് മരിച്ച അദ്ദേഹം അന്യാദൃശമായ ഒരു മഹാപ്രതിഭാസമായിരുന്നു. അദ്ദേഹത്തിന്റെ ശതാബ്ദി ആഘോഷിക്കുന്ന ഈ അവസരത്തിൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ ഒരു വലിയ കേന്ദ്രമായിരുന്ന കുനമ്മാവിലെ നിവാസികൾ വളരെയേറെ താല്പര്യത്തോടെ അദ്ദേഹത്തെ അനുസ്മരിക്കുന്നതു് ഏറ്റവും ഉചിതവും ന്യായവും ആകുന്നു. അദ്ദേഹത്തിന്റെ ഇംഗ്ലീഷു ഭാഷയിലുള്ള ഒരു ജീവചരിത്രം എഴുതുവാൻവേണ്ടി അദ്ദേഹം കുനമ്മാവിൽ അനുഷ്ഠിച്ച കാര്യങ്ങളൊക്കെ ഞാൻ പഠിച്ചു. അവയൊക്കെയാണു് ഈ അവസരത്തിൽ എന്റെ ഓർമ്മയിൽ വരുന്നതു്. പക്ഷേ അതെല്ലാം ഇപ്പോൾ നിങ്ങളോടു് പറയുന്നതു് അനാവശ്യവും സാഹസവും ആയിരിക്കും. അതിനു ഞാൻ മുതിരുന്നില്ല. എങ്കിലും ഈ സന്യാസാശ്രമവും, ഈ നാട്ടിൽ ഇതുപോലെ സേവനസന്നദ്ധമായി സ്ഥിതിചെയ്യുന്ന നിരവധി ആശ്രമങ്ങളും കാണുമ്പോൾ, ഭാരതത്തിൽ ഏതദ്ദേശീയമായ ഒരു സന്യാസസഭയ്ക്കു് അസ്തിത്വവും, ബലവും പ്രാമാണ്യവും നല്കാൻ കഴിഞ്ഞ ആ മഹാനുഭാവന്റെ സ്മരണയ്ക്കു് മുമ്പിൽ തലകുനിയ്ക്കാനേ കഴിയുന്നുള്ളൂ.

വലിയ പ്രിയോരച്ചൻ–

ഒരു അനുസ്മരണ

ഷെവലിയർ, കെ. സി. ചാക്കോ,
പ്രൊ-വൈസ്-ചാൻസലർ, കൊച്ചിൻ യൂണിവേഴ്സിറ്റി

ആദ്യമായി അദ്ദേഹം ഈ പരിസരങ്ങളിൽ സ്ഥാപിച്ച കന്യകാലയത്തെക്കുറിച്ചുള്ള സ്മരണകൾ ആരെയും പുളകം കൊള്ളിക്കുന്നവയാണു്. ഈ നാട്ടിലെ എല്ലാ ഭവനങ്ങളിലുംനിന്നു് ഇത്രയേറെ സന്യാസിനികളെ ലഭിയ്ക്കുമെന്നു് അദ്ദേഹം സ്വപ്നംപോലും കണ്ടു കാണുമോ എന്തോ? ഏതായാലും ഈ പ്രദേശത്തിന്റെ ആദ്ധ്യാത്മിക

വളച്ചുള്ളു് ഇതുയേറെ ഉപകരിച്ച പ്രസ്ഥാനങ്ങൾ വേറെ ഉണ്ടെന്നു് എനിക്കു തോന്നുന്നില്ല. സുറിയാനി ക്രിസ്ത്യാനികൾക്കായി തലശ്ശേരി എന്ന ഒരു പുതിയ രൂപത സ്ഥാപിച്ച കാലത്തു് ഞാൻ പറയുകയുണ്ടായി, ആ രൂപതയുടെ വളച്ചുക്കായി ചെയ്യാവുന്ന ഒരു വലിയ കാര്യം, നമ്മുടെ കമ്മലീത്താ, ക്ലാര, ആരാധനമഠങ്ങളുടെ എല്ലാം ആദ്യത്തെ ശാഖാസ്ഥാപനങ്ങൾ തലശ്ശേരി രൂപതയിലായിരിക്കണമെന്നു്. സമൂഹത്തിന്റെ ധന്യമായ വളച്ചുള്ളു് ഈ കന്യകാലയങ്ങൾ നല്കുന്ന മഹത്തായ സംഭാവനയെപ്പറ്റി എനിക്കുള്ള മതിപ്പു് ആ നിർദ്ദേശത്തിൽ അന്തർഭവിച്ചിരുന്നു. ആ വസ്തുത നൂറാണ്ടുകൾക്കു മുമ്പേ കാണാൻ കഴിഞ്ഞ ഒരു ക്രാന്തദർശിയായിരുന്നു നമ്മുടെ ഇന്നത്തെ സൂര്യപുരുഷൻ.

കത്തോലിക്കർക്കോ ക്രിസ്ത്യാനികൾക്കോ മതിപ്പുതോന്നുന്ന പ്രവർത്തനങ്ങളിൽ മാത്രം ഏർപ്പെട്ടിരുന്ന ഒരു ഇടുങ്ങിയ മനസ്ഥിതിക്കാരനോ, മതഭ്രാന്തനോ ആയിരുന്നില്ല അദ്ദേഹം എന്നതിന്റെ ഏറ്റവും വലിയ ഒരു തെളിവാണു്, ശ്രീ കെ. പി. കേശവമേനോനെപ്പോലെയുള്ള വ്യക്തികൾ ഇന്നു് ഇവിടെ സന്നിഹിതരായിരിക്കുന്നതു്. **ഈ നാട്ടിലെ വിദ്യാഭ്യാസത്തിനും, മുദ്രാലയപ്രേഷിതത്വത്തിനും, സാധുജനസേവനത്തിനും, സാമൂഹ്യപ്രവർത്തനങ്ങൾക്കും എത്ര വിലയേറിയ സംഭാവനകളാണു് അദ്ദേഹം നൽകിയിട്ടുള്ളതു് എന്നു് അദ്ദേഹത്തിന്റെ ജീവചരിത്രപഠിതാക്കൾ അത്ഭുതത്തോടെ നോക്കിക്കാണുകയും ഏറ്റു പറയുകയും ചെയ്യുന്നുണ്ടു്.** വിശ്വാസക്ഷയം വളർത്തിയേക്കാവുന്ന ശീശ്മയുടെ ഉത്ഭവത്തേയും പ്രചാരത്തേയും എത്ര ധീരമായി അദ്ദേഹം നേരിട്ട എന്നതും ഈ തലമുറയെ വിസ്മയിപ്പിക്കുന്ന ഒരു പരമാർത്ഥമാണു്.

സംഘടനാ പ്രവർത്തനങ്ങൾ എത്ര പ്രയാസമുള്ളതാണെന്നും, അംഗങ്ങൾക്കു് ത്യാഗവും സഹനവും, പ്രാർത്ഥനയും, ഉപവാസവും, തപസ്സിന്നടിസ്ഥാനമായുള്ള ജീവിതരീതിയും മാത്രം നല്ലാൻ കഴിയുന്ന ഒരു സംഘടനയുടെ കാര്യത്തിൽ അതിന്റെ സംഘടന എത്ര കൂടുതൽ ക്ലേശകരമാണെന്നും ആലോചിച്ചു നോക്കുമ്പോഴാണു്, വലിയ പ്രിയോരച്ചന്റെ നേട്ടത്തിന്റെ യഥാർത്ഥ വലിപ്പം നമുക്കു് മനസ്സിലാകുന്നതു്. സുഖവും സന്തോഷവും ഐശ്വര്യവും പ്രതാപവും നോക്കി കൂതിച്ചുപായുന്ന ചോരയും നീരും ഉള്ള യുവാക്കളെയാണു് അദ്ദേഹം അനുസരണയും ദാരിദ്ര്യവും ബ്രഹ്മചര്യവുമാകുന്ന പരുഷവ്രതവാശാനങ്ങൾക്കുള്ളിൽ ഒതുക്കിനിർത്തിയതു്.

ആയിരത്തിലധികം വരുന്ന സന്യാസികളും കോടിക്കണക്കിനു് രൂപാ വിലമതിക്കാവുന്ന സേവനസമർത്ഥമായ സ്ഥാപനങ്ങളും ഉണ്ടാക്കാനുള്ള വിത്തുകൾ പാകിയ ആ കർമ്മയോഗി, പ്രായോഗിക കുടുംബജീവിതത്തിലേർപ്പെട്ടിരിക്കുന്നവർക്കും എത്ര വിവേകപൂർണ്ണമായ ഉപദേശങ്ങൾ നല്കിയിരുന്നു. **ഈ പരിഷ്കൃതമായ തലമുറയിലെ എന്റെ കുടുംബത്തിലെ സങ്കീർണ്ണമായ പല പ്രശ്നങ്ങളിലേയ്ക്കും വെളിച്ചം വീശാൻ കഴിയുന്ന എത്ര എത്ര നല്ല ഉപദേശങ്ങൾ അദ്ദേഹം രചിച്ച "നല്ല അപ്പന്റെ ചാവരുൾ" എന്ന ലഘുപ്രബന്ധത്തിൽ ഉണ്ടു്.** ഭിന്നരുചികളോടുകൂടിയ പല സംസ്കാരങ്ങളും അടുത്തറിഞ്ഞശേഷം, എന്റെ ജീവിതത്തിന്റെ ഈ സായങ്കാലത്തിൽ എന്റെ മക്കൾക്കു് നല്ലവാൻ, വല്യച്ചൻ നല്കിയതിനേക്കാൾ പ്രായോഗികവും കാര്യക്ഷമവും, പ്രചോദനാത്മകവുമായി ഒന്നും ഇല്ല എന്നു് എനിക്കു് പലപ്പോഴും തോന്നിയിട്ടുണ്ടു്.

ഇത്തരത്തിലെല്ലാം കേരളത്തിലെ കത്തോലിക്കാ ജീവിതത്തിനു് അതുല്യമായ

സംഭാവനകൾ നല്കിയ ഒരു മഹാപുരുഷനെ പ്രത്യക്ഷമായി ആദരിക്കുവാനും അഭിനന്ദിക്കുവാനുമാണു്, തിരുസഭയിൽനിന്നും മാപ്പാപ്പാ തിരുമേനി എനിക്കു കല്പിച്ചനുവദിച്ച സ്ഥാനമാനങ്ങളുടെ വേഷഭൂഷകൾ അണിഞ്ഞു് ഞാൻ ഈ പ്രസംഗവേദിയിൽ നില്ക്കുന്നതു്. തിരുസഭയുടെ ഒരു വിനീത സേവകൻ എന്ന നിലയിൽ, കേരളസഭയുടെ ആ വീരനേതാവിനു് പരസ്യമായ ഉപചാരം അർപ്പിച്ചുകൊണ്ടു് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കുന്നു.

പൊതുസമ്മേളനം ഉൽഘാടനംചെയ്തതു് മാതൃഭൂമി ചീഫ് എഡിറ്ററർ ശ്രീ കെ. പി. കേശവമേനവനാണു്. അന്നു കോഴിക്കോട്ടു് യൂണിവേഴ്സിറ്റി പ്രോ-വൈസ്-ചാൻസലറായിരുന്ന ശ്രീ ചാക്കോ, "ഷെവലിയർ" സ്ഥാനവസ്ത്രങ്ങളണിഞ്ഞെത്തി സഭാവേദിയിൽ പ്രവേശിക്കയും പ്രസംഗിക്കയും ചെയ്തതു്.



സമ്മേളനചടങ്ങുകൾക്കു് ഇടയിൽ പിഞ്ചുപൈതങ്ങളുടെ ലീലാവിനോദം.

പത്രം വായിച്ചുകൊണ്ടിരുന്നവർ—രാജാക്കന്മാരുടെ പ്രിവിപഴ്സ് നിറുത്താക്കിയെന്നു്. "ഇക്കണക്കിനു കുറച്ചുകൂടി കഴിയുമ്പം നമ്മുടെയൊക്കെ മണിപ്പേഴ്സും ഇവരു നിറുത്തിക്കളയുമല്ലോടാ?"

ദി സർവ്വീസ് കോ-ഓപ്പറേറീവ് ബാങ്ക് ലിമിറ്റഡ്

നമ്പർ 3847

കൊങ്ങോർപ്പിള്ളി P. O.

കൃഷിയാവശ്യങ്ങൾക്കുവേണ്ട ധനസഹായം യഥാകാലം നൽകി, ഭക്ഷ്യകാര്യത്തിൽ സ്വയംപര്യാപ്തതനേടാൻ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിൽ നിങ്ങൾ നിക്ഷേപിക്കുന്ന ഓരോ രൂപയും സുരക്ഷിതമാണു്.

നിക്ഷേപങ്ങൾക്കു് ആകർഷണീയമായ പലിശനിരക്കുകൾ

സെക്രട്ടറി

N. PARUR

GREETINGS FROM:-

St. Joseph's Oil Mill

and

Engineering Works

Golden

Sounds

തെക്കിനേടത്ത്

ലാസർ

ആഭരണവ്യാപാരം

ഫോൺ: 349

മാർക്കറ്റ് റോഡ്

John Antony

Thekkenedath

and


P. J. Jacob

Bank & Jewellery Mart

Market Road

ചാവറ — സ്വപ്നമനുഷ്യൻ

(ഡോക്ടർ ആൽബർട്ട് നമ്പ്യാപറമ്പിൽ)



ബലഹീനരെ ശക്തരാക്കുന്നത് സ്വപ്നങ്ങൾതന്നെ. കഴിഞ്ഞ നൂറ്റാണ്ടിലെ കേരളസഭാചരിത്രത്തിലെ അതിമാനുഷനായ ചാവറയച്ചന്റെ സ്വപ്നങ്ങൾ ഓരോന്നായി വിരിയുകയാണിന്നു്. ഉദാഹരണങ്ങൾ എത്രയെത്ര. പ്രതീക്ഷയിലൂടെ ദൈവത്തിന്റെ സവ്വ്സമ്പത്തിൽ പങ്കുചേരുന്ന സ്വപ്നമനുഷ്യരത്രേ അതിമാനുഷർ.

ചാവറയച്ചനെന്ന വ്യക്തിയിലേയ്ക്ക് കടക്കാനുള്ള ശ്രമത്തിൽ പലരും പലവഴികൾ സ്വീകരിക്കുന്നു. ഏതു് വൻവ്യക്തിയുടെയും ചിത്രം വരയ്ക്കാൻ ശ്രമിച്ചാലും ഇതേപറ്റൂ. കാരണം, ഒരു കാഴ്ചപ്പാടിൽ ഒതുങ്ങുന്നതാവില്ല ആ വ്യക്തി. ചാവറയച്ചനിലെ സാമൂഹ്യപ്രവർത്തകനെ, മുദ്രാലയപ്രേഷിതനെ, സാഹിത്യകാരനെ, സഭാസേവനാപ്പിതനെ, ദൈവാത്മപിയാൽ നിറഞ്ഞ മനുഷ്യനെ എളുപ്പത്തിൽ കണ്ടെത്താനാവും, അല്പം ശ്രമിച്ചാൽ. എന്നാൽ ചാവറയച്ചനിലെ സ്വപ്നം കാണുന്ന മനുഷ്യനെ കണ്ടെത്തണമെങ്കിൽ, എല്ലാ വഴികളിലൂടെയും നടന്നു നീങ്ങണം.


ജീവിതത്തിൽ സഫലീകൃതങ്ങളാകാതെപോകുന്ന ആഗ്രഹാഭിലാഷങ്ങളാണ് പലപ്പോഴും സ്വപ്നങ്ങളായി മാറുന്നതെന്ന് മുനഃശ്ശ്രീ പറയും. മാനസികരോഗങ്ങൾ കണ്ടെത്താനായി സ്വപ്നങ്ങളെ വിശകലനം ചെയ്യാറുണ്ട്. ചാവറയച്ചൻ സ്വപ്നം കണ്ടിരുന്നോ എന്ന പ്രശ്നത്തിലേയ്ക്ക് കടക്കുന്നില്ല എല്ലാ മനുഷ്യരെയുംപോലെ അദ്ദേഹവും സ്വപ്നം കണ്ടുകാണും. വേറൊരർത്ഥത്തിൽ ചിലരെ സ്വപ്നമനുഷ്യർ എന്നു വിളിക്കാറുണ്ട്. ആകാശത്തിൽ കോട്ടകൾ തീർത്ത് സങ്കല്പലോകത്തിൽ ജീവിക്കുന്നവർ. ഈ അർത്ഥത്തിൽ ചാവറയച്ചനു് സ്വപ്നമനുഷ്യൻ എന്ന പേരു് ചേരില്ല. അദ്ദേഹത്തിന്റെ പാദങ്ങൾ പരുപരുത്ത വേദനയുടെയും സഹാനുഭൂതിയുടെയും മണ്ണിൽത്തന്നെയാണ് ഉറച്ചുനിന്നിരുന്നതു്. അതിന്റേതായ അനുഭവങ്ങളിൽ അദ്ദേഹം ആവോളം മുങ്ങിയെന്നതാണ് അദ്ദേഹത്തിന്റെ നേട്ടം.

''എനിക്കു് ഒരു സ്വപ്നം ഉണ്ട്'' എന്നു് പറഞ്ഞിട്ട് ആ സ്വപ്നത്തിനായി വെടിയേറ്റു വീണ ഒരു മനുഷ്യൻ ഉണ്ട്— മാട്ടിൻ ലൂതർ കിംഗ്. കുറുത്ത തൊലിയുള്ള അടിമകളുടെ മക്കളുടെ മക്കളും വെളുത്ത തൊലിയുള്ള അടിമക്കച്ചവടക്കാരുടെ മക്കളുടെ മക്കളും ഒരുമിച്ചു് ജീവിച്ചു്, ഭക്ഷിച്ചു്, പ്രാർത്ഥിക്കുന്ന ഒരു ദിവസത്തെ അദ്ദേഹം സ്വപ്നം കാണുന്നതായി മാർട്ടിൻ ലൂതർ കിംഗ് മരണത്തിനടുത്തു നടന്ന ഒരു പ്രസംഗമദ്ധ്യേ പറയുകയുണ്ടായി. ശാന്തിയുടെതായ ആ കാനാൻദേശത്തെ അകലെനിന്നു് താൻ നോക്കിക്കാണുമെന്നും തനിക്കു് പിന്നാലെ വരുന്നവർ അവിടെ പ്രവേശിക്കുമെന്നും അദ്ദേഹം പ്രത്യാശിച്ചു. ആ സ്വപ്നത്തിനായി വെടിയേറ്റു് മരിക്കുകയും ചെയ്തു. ബലഹീനരെ ശക്തരാക്കുന്നതു് ഇതുപോലുള്ള സ്വപ്നങ്ങൾതന്നെ. ഉറക്കത്തിലും മയക്കത്തിലും കഴിയുന്ന അനേകായിരങ്ങളെ സ്വാതന്ത്ര്യത്തിന്റെ കവാടത്തിലേയ്ക്ക് നയിച്ചതു് ഗാന്ധിജിയുടെ സ്വപ്നമായിരുന്നെന്നു് പറയാം. പക്ഷേ ഈ വിധ സ്വപ്നങ്ങൾ കാണുന്ന അതിമാനുഷർ ആ സ്വപ്നത്തിന്റെ സാക്ഷാത്ക്കാരത്തിനുവേണ്ടി വളരെയേറെ സഹിച്ചേ മതിയാവൂ എന്നതും ഒരു ചരിത്രസത്യം തന്നെയാണ്.

ഈ വിധ ചിന്താലോകത്തുനിന്നുകൊണ്ട് കഴിഞ്ഞ നൂറ്റാണ്ടിലെ കേരളചരിത്രം, പ്രത്യേകിച്ചു് കേരളസഭാചരിത്രം ഒന്നു് മറിച്ചുനോക്കുമ്പോൾ ഉയർന്നു നില്ക്കുന്നൊരു മനുഷ്യനെ കാണാനൊക്കും—ചാവറയച്ചനെ. അദ്ദേഹത്തിന്റെ നേട്ടങ്ങളുടെ നീണ്ട ലിസ്റ്റ് നിരത്താൻ ഇവിടെ ഒരുമ്പെടുന്നില്ല. മാന്നാനം പ്രസ്സിൽ സൂക്ഷിച്ചിരിക്കുന്ന ''മരം പ്രസ്സ്'' ഒന്നു് മാത്രം മതി—അതിൽ ചാവറയച്ചന്റെ സ്വപ്നം കാണാം. വാഴപ്പിണ്ടി കൊണ്ടു് മാതൃകയുണ്ടാക്കി അതിൽനിന്നു് രൂപം കൊടുത്തതാണല്ലോ ഈ അച്ചടിയന്ത്രം. പ്രതികൂലസാഹചര്യങ്ങളുടെ ചൂടിൽ വാടിക്കൊഴിയാതെ കൂട്ടുതൽ ശക്തിയാർജ്ജിച്ചുവളർന്ന ആ പ്രതിഭയുടെ അടയാളം ഇന്നും നമ്മോടൊത്തുണ്ട്.

മനുഷ്യന്റെ കണക്കുകൂട്ടലുകളെ പരാജയപ്പെടുത്തുന്ന പലതും ആ ജീവിതത്തിലു

ണ്ട്. ആദ്യത്തെ മഠം പണിയുന്നതിനായി— മറെറാരു സ്വപ്നം വിടരാനായി— വിയത്തൊലിക്കയാണ് ചാവറയച്ചൻ; നാനൂറ് പണം വേണം പണി നടക്കണമെങ്കിൽ. പിരിച്ചു വന്നപ്പോൾ ആകെത്തുക എണ്ണൂറ് പണമായി. ബാക്കിയുള്ള നാനൂറ് പണം എന്തു ചെയ്യും? സൂക്ഷിച്ചുവയ്ക്കാം—വിവേകം അതാണല്ലോ പറയുക. പക്ഷേ ചാവറയച്ചൻ ബാക്കി പണം തിരിച്ചുകൊടുക്കുകയാണ്: കണ്ണുകളുടലുകൾ പരാജയപ്പെടുകയാണിവിടെ. അളന്നു, എണ്ണിത്തിരിച്ചൊരു സമ്പത്തിന്റെ ഉടമയാണദ്ദേഹം — ദൈവപരിപാലനത്തിലുള്ള ആഴമേറിയ അർപ്പണം തന്നെ. പഞ്ചവത്സരപദ്ധതിക്കാരനെ പരാജയപ്പെടുത്തുന്ന ശക്തിയാണീ അർപ്പണത്തിൽനിന്നു ലഭ്യമാകുക. പ്രതീക്ഷയിലൂടെ ദൈവത്തിന്റെ സർവ്വസമ്പത്തിൽ പങ്കുചേരുന്ന സ്വപ്നമനുഷ്യരത്രേ അതിമാനുഷർ!



അധികാരത്തിനു കീഴ്വഴങ്ങുകയെന്നതാണ് ഏറ്റവും വലിയ കുറവ്. —ലിയോ XIII മാപ്പാപ്പ

* * *

നമ്മൾ പരസ്പരം ശത്രുക്കളല്ല; മിത്രങ്ങളാണ്. നമ്മളൊരിക്കലും ശത്രുക്കളായി വർത്തിക്കരുതാത്തതാണ്; സ്നേഹബന്ധങ്ങൾ ആവേശാവേശത്താൽ വിച്ഛേദിക്കപ്പെടാൻ അനുവദിച്ചുകൂടാത്തതുമാണ്. —അബ്രഹാം ലിങ്കൺ

* * *

മഹത്തായ ഗുണഗണങ്ങൾ ഉള്ളതുകൊണ്ടു മാത്രമായില്ല: അവയെ പ്രയോജനപ്പെടുത്താനുള്ള കഴിവുകൂടി വേണം. —റോഷ് ഫൗക്കോൾഡ്

ലൂർദ് പള്ളി കുറികൾ

നല്ല നാളെക്കു് ഒരു കരുതൽ, ദുരിതബാധ്യതകൾക്കൊരു നിവാരണമാർഗ്ഗം

ഭവനനിർമ്മാണം, കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം, വിവാഹം എന്നിവക്കു വേണ്ടതായ ഭാരിച്ച ചിലവുകൾ നേരിടാൻ ഒരു എളുപ്പമാർഗ്ഗം—ഈ നിലകളിൽ ലൂർദ് പള്ളിക്കുറികൾക്കുള്ള സ്ഥാനം ഒന്നു വേറെയാണ്.

ഈവക ഏതു സാമ്പത്തികപ്രശ്നങ്ങളും നേരിടുമ്പോൾ ഞങ്ങളെ സമീപിക്കുക.

ലൂർദ് പള്ളി കുറിയാപ്പീസ്

ഹൈറോഡ്, തൃശ്ശൂർ-1

ഫോൺ 342

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആയുർവൈദ്യശാല

കോട്ടക്കൽ (കേരളാ സ്റ്റേറ്റ്)

സ്ഥാപിതം: 1902

ഹെഡ്ഓഫീസ് ടെലിഫോൺസ്:

ഓഫീസ് (With Extension to Administrator & General Manager)	ഫോൺ:	31
നർസിംഗ്ഹോം	ഫോൺ:	44
മാനേജിംഗ്ട്രസ്റ്റി (Office)	ഫോൺ:	61
മാനേജിംഗ്ട്രസ്റ്റി (Residence)	ഫോൺ:	27
പ്രധാനവൈദ്യൻ (Office & Residence)	ഫോൺ:	25
ജനറൽ മാനേജർ (Residence)	ഫോൺ:	26
അഡ്മിനിസ്ട്രേറ്റർ (Residence)	ഫോൺ:	41

ബ്രാഞ്ചുകൾ:

1)	കോഴിക്കോട്	(ഫോൺ: 2155)	കല്ലായിറോഡ്
2)	തിരൂർ	(ഫോൺ: 31)	സ്റ്റേഷൻറോഡ്
3)	പാലക്കാട്	(ഫോൺ: 104)	വടക്കന്തറ
4)	" സെയിൽസ് ഡിപ്പോ	(ഫോൺ: 584)	ജി. ബി. റോഡ്
5)	എറണാകുളം	(ഫോൺ: 33026)	മഹാത്മാഗാന്ധി റോഡ്
	"	(ഫോൺ: 32674)	വൈദ്യന്റെ താമസം
6)	തിരുവനന്തപുരം	(ഫോൺ: 3924)	സ്റ്റാച്യുറോഡ്
7)	ഈറോഡ്	(ഫോൺ: 172)	45 കാവേരി റോഡ്
8)	ആലുവാ	സെയിൽസ് ഡിപ്പോ	ബേങ്ക് റോഡ്
9)	മദിരാശി	(ഫോൺ: 811275)	കൃഷ്ണമാചാരി റോഡ്, നങ്കംപാക്കം

ശാസ്ത്രീയമായി നിർമ്മിച്ച ആയുർവ്വേദ ഔഷധങ്ങളും വിദഗ്ധമായ വൈദ്യസഹായവും ഹെഡ്ഡാപ്പീസിൽനിന്നും, ബ്രാഞ്ചുകളിൽനിന്നും ലഭിക്കുന്നതാണ്. പിഴിച്ചിൽ, നവരക്കിഴി മുതലായ കേരളീയ ചികിത്സകൾ കോട്ടയ്ക്കലുള്ള **ഗോൾഡൻ ജൂബിലി നർസിംഗ് ഹോമിൽ**വെച്ച് പ്രധാന വൈദ്യന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. മുൻകൂട്ടി എഴുതി മുറി റിസേർവ് ചെയ്തശേഷം വന്നാൽമാത്രമെ നർസിംഗ് ഹോമിൽ ചികിത്സക്കു പ്രവേശനം ലഭിക്കുകയുള്ളൂ.

വിദൂരസ്ഥരായ രോഗികൾക്ക് എഴുത്തുകുത്തുകൾവഴി പ്രധാന വൈദ്യൻ തന്നെ ചികിത്സ നിശ്ചയിച്ചറിയിക്കുന്നതാണ്.

മാനേജിംഗ് ട്രസ്റ്റി.

അനുസ്മരണാഞ്ജലി

(സി: മേരി ബനീഞ്ഞാ, സി. എം. സി)



ദിവംഗതനായിട്ടൊരു ശതവർഷം കഴിഞ്ഞല്ലൊ
ദൈവദാസൻ കുര്യാക്കോസേലിയാസച്ചൻ
അനുസ്മൃതികൊണ്ടോടുന്ന പിൻഗാമികൾ നാമിന്നിപ്പോ-
ളനല്പസന്തോഷത്തോടുമാദരത്തോടും.
മരിച്ചാലും മരിക്കില്ല മഹച്ചരിതരെന്നു നാം
ധരിക്കണ, മതുസാക്ഷാലഭിജ്ഞവാക്യം.
അനന്തരതലമുറയോരോന്നില്യമാധന്യന്മാർ
മനുഷ്യമാനസങ്ങളിൽ കുടികൊള്ളുന്നു.
മറന്നാലും മറക്കുക സാദ്ധ്യമാവില്ലവരെയെ-
ന്നറിയേണമനുഭവജ്ഞാനത്താലേ നാം
'ചാവറ പ്രിയോരച്ച'ന്റെ സ്മരണകൾ മേല്ക്കുമേലായ്
ഭാവിയിലും പ്രതിദ്ധ്വനി മുഴക്കീടട്ടെ!


ദൈവഭക്തി ബുദ്ധിശക്തി സഹോദരസ്നേഹം ധൈര്യം
ദൈവദൂതന്മാരെ വെല്ലും മുഖസൗന്ദര്യം
അവിശ്രമപരിശ്രമം ധ്യാനനിഷ്ഠ തപശ്ചര്യ
ഇവയെല്ലാമൊത്തുചേർന്ന കർമ്മയോഗിയെ
ഭാരതത്തിൽ പൂർവ്വപുണ്യമുടലാന്ന മൂർത്തിയാണെ
ന്നാരുതന്നെയാത്മാർത്ഥമായ് പറയുകില്ല?
ജനനത്താൽ വൈദികനായിരുന്നെന്നു തന്നെയോതാ-
മനന്തരചരിത്രങ്ങൾ ചിന്തിച്ചീടുമ്പോൾ.
പതിനൊന്നേ വയസ്സുള്ളു. വൈദിക വിദ്യാഭ്യാസത്തി-
ന്നതിവ സന്തോഷത്തോടെ വീടുവിട്ടപ്പോൾ
കൂട്ടിപ്രായം കഴിഞ്ഞില്ല കുര്യാക്കോസിന്നാസ്സുപ്പട്ട-
പട്ടം കിട്ടി പതിമൂന്നാം വയസ്സിൽത്തന്നെ.
ഇരുപത്തിനാലിലൊരു നവവൈദികനുമായി
തിരുസ്സഭാമാതാവിന്നു തെളിഞ്ഞു ചിത്തം.

മാത്തോമ്മായാൽ കേരളത്തിൽ ബീജാവാപം ചെയ്യപ്പെട്ട
സത്യസഭാദ്രാക്ഷാവല്ലി നനച്ചു നന്നായ്
വളത്തുവാനെന്നുവേണ്ട വിതയ്ക്കാതെ നാമ്പെടുത്തു
വളരുന്ന കളകളെ നശിപ്പിക്കാനും
കഴിവുറ്റ കർഷകനെ വിട്ടയച്ച ലോകത്തിലെ
പ്പിഴപോക്കി രക്ഷിക്കുന്ന കന്യകാപുത്രൻ.

കൊച്ചുകുരിയാക്കോസച്ചൻ വലിയ കാര്യങ്ങൾ ദൈവ
നിശ്ചയംപോലൊന്നു രണ്ടല്ലൊട്ടേറെച്ചെയ്തു.
ഭക്തിയോഗം കർമ്മയോഗം രണ്ടുമൊത്ത ജീവിതത്തി-
നൊക്കുമാശ്രമം സ്ഥാപിച്ചു മാന്നാനം കുന്നിൽ.
മല്പാനായി, പ്രിയോരായി, വികാരിജനറാളായി
ചില്പൃഷ്ഠപ്രസാദത്തിലാമഗ്നനായി.
നാരകീയ റോക്കോസ് ശീശ്മനാട്ടിലെത്തിപ്പടർന്നപ്പോൾ
ധീരാഗ്രണി നിരായുധ സമരംചെയ്തു.
ഒക്കും വിധമോരോനയം പ്രയോഗിച്ചു പ്രിയോരച്ചൻ
റോക്കോസിനെക്കാളപാനി കടത്തിവിട്ടു.
സന്യാസിനീ മഠമൊന്നു കുനമ്മാവിലാരംഭിച്ചു
കന്യാമണിമാക്കു പരിശീലനം നൽകി.
വിദ്യാഭ്യാസം സർവ്വോപരി സമുദായപുരോഗതി-
ക്കത്യാവശ്യമെന്നു കണ്ടാ മഹാമനീഷി
പലേടത്തും ജനങ്ങൾക്കു പ്രോത്സാഹനം നൽകി വിദ്യാ-
നിലയനമൊന്നൊന്നായി സ്ഥാപിച്ചു നാട്ടിൽ.
ഞായറാഴ്ച പ്രസംഗങ്ങൾ പള്ളിതോറും പതിവാക്കാ-
നായിച്ചെയ്ത ശ്രമങ്ങളും സഫലമായി.
അതുകൊണ്ടും മതിയാവില്ലാത്മീയാഭിവൃദ്ധിക്കെന്നു
മതിശാലി സുകൃതിക്കു തോന്നുകമൂലം
ഇടവക തോറും വേണം വാർഷികധ്യാനമെന്നൊരു
തടവറ പരിപാടിക്കാരംഭമിട്ടു.
പ്രാർത്ഥനയ്ക്കും വായനയ്ക്കും മാതൃഭാഷാ സൽഗ്രന്ഥങ്ങ-
ളൊത്തതുപോലില്ലെന്നുള്ള കുറവുതീർക്കാൻ
മുദ്രണാലയമുണ്ടാക്കാനകതാരിലാശയേറി
ബദ്ധപ്പാടാക്കായ്ത്തിനു വളരെയുണ്ടായ്.
നാട്ടിലാരുണ്ടാരു ശില്പിയച്ചടിയന്ത്രമുണ്ടാക്കാൻ?
കിട്ടാനെങ്ങുണ്ടാരു നല്ല മാതൃകപോല്യം.
പരദേശത്തുനിന്നൊന്നു വരുത്തുവാൻ പണമില്ല
പരിശ്രമംകൊണ്ടതന്നു വിജയിക്കേണം.
കോട്ടയത്തുണ്ടൊരു യന്ത്രം തിരുവനന്തപുരത്തും
കാട്ടകില്ല മറെറാരാളെ സ്വാർത്ഥതമൂലം
തടസ്സങ്ങളെത്ര തന്നേയിരുന്നിട്ടുമൊരു തെല്ലും

മട്ടത്തുമാറിയതില്ലാ കശാഗ്രബുദ്ധി.
അച്ചടിയന്ത്രമുണ്ടാക്കിപ്പുസ്തകങ്ങളച്ചടിച്ചു
നിശ്ചിത ലക്ഷ്യത്തിലെത്തിക്കുതാത്ഥനായി.
ഇന്നമൊരു മാന്യനായ ഗോത്രപിതാവിനെപ്പോലെ
മാന്നാനത്തുണ്ടാ പ്രഥമ മുദ്രണയന്ത്രം.
ജോലിവിട്ട വിശ്രമമാണെങ്കിലും സന്ദർശകരോ-
ടേലിയാസച്ചന്റെറയപദാനങ്ങളോതും.

പത്തൊൻപതാം നൂറാണ്ടിലെ നല്ല സാഹിത്യകാരന്മാ-
ക്കുത്തംസവുമായിരുന്ന കഥാപുരുഷൻ.
വിലപ്പെട്ട സൽഗ്രന്ഥങ്ങൾ ഗദ്യമായും പദ്യമായും
ചിലതെല്ലാമച്ചടിച്ചുമടിക്കാതേയും
ഉള്ളതായിട്ടറിയുന്ന 'ചാവറകൃതികൾ' കാട്ടി-
ലുള്ള സുരഭിലസുമാവലിയെപ്പോലെ.
എന്തുകൊണ്ടാപ്പരിമളം നാട്ടിലെങ്ങുമറിയിപ്പാൻ
ഗന്ധവാഹൻ മടിക്കുന്നു? വിസ്മയമോത്താൽ
വലിയ പ്രിയോരച്ചന്റെറ വലിമകളെഴുതിയാൽ
നിലയ്ക്കാതെ നീണ്ടുനീണ്ടു തുടന്നുപോകും.
അതുകൊണ്ടു മന്ദമൊരു വിരാമമിങ്ങിട്ടുന്നു ഞാൻ
മതിയെന്ന മനോഭാവം കൂടാതെതന്നെ.
എങ്കിലുമുണ്ടൊന്നു രണ്ടു വാക്കുകൂടിപ്പുറയുവാ-
നെൻകരളിൽ ജൃംഭിച്ചതു കുതികൊള്ളുന്നു.
എണ്ണുമററ പുണ്യങ്ങളാൽ വിഭ്രഷിതനിദ്ദേഹത്തേ
പുണ്യവാനായ് പരിശുദ്ധ ബലിപീഠത്തിൽ
വണങ്ങുന്ന കാഴ്ചകാണാൻ കനൃകാനന്ദനൻ നമ്മേ
ത്തുണയ്ക്കട്ടെ! ദൈവദാസ, ഗുരോ, നമസ്തേ!



പേനയുടെ നിബ്ബ് ഉരച്ചുകൊണ്ടിരുന്ന സാഹിത്യകാരനോട്ട്:
'താൻ എന്താ പേനയുടെ നിബ്ബ് ഉരക്കുന്നതു്?'
സാഹിത്യകാരൻ: 'എന്റെ തൂലികയ്ക്കു മൂച്ച് പോരെന്നാ നിരൂപകന്മാർ പറയുന്നതു്.

* * *

ഒരു കാരണവർ ഡോക്ടറോട്ട്: ഏമാനെ, എന്റെ മകൾ ഏതു മുറിയിലാണു് കിടക്കുന്നതു്?'
ഡോക്ടർ: 'പേ വാർഡിൽ ആറാം നമ്പർ മുറിയിൽ'.
കാരണവർ: അയ്യോ, അതിനെന്റെ മോളെ പേപ്പട്ടി കടിച്ചില്ലായിരുന്നല്ലോ ഏമാനെ.....

BEST WISHES:

OUR PUBLICATIONS

Guides (English medium)

Std.	Science	Social
I	Rs. 1.50	Rs. 1.50
II	Re. 1.00	Re. 1.00
III	Rs. 1.50	Rs. 1.50
IV	Rs. 1.50	Rs. 1.50

Guides (മലയാളം മീഡിയം)

Std.	സയൻസ്	സാമൂഹ്യം
I	Re. 1.00	Re. 1.00
II	Re. 0.75	Re. 0.75
III	Re. 1.00	Re. 1.00

SELF WORK IN MATHEMATICS

Std. VIII, IX & X (English medium) Rs. 4.00 each
Std. VIII, IX & X (മലയാളം മീഡിയം) Rs. 3.00 വീതം
(Send M. O. Postage free)

JOSEPH THOMASONS & CO.

7, ANAND BAZAR, ERNAKULAM SOUTH
COCHIN – 16

DAWN & CO.

JEWS STREET,
ERNAKULAM, COCHIN – 11

S. N. Vadhyar and Sons

IRON AND STEEL MERCHANTS
JEWS STREET, ERNAKULAM, COCHIN-11
Wholesale & Retail dealers in all categories of iron & steel materials
Phone: Office 31690; Resi. 32185. Gram: VADHYAR.

JIJI ENTERPRISES


CANAL ROAD, ERNAKULAM, COCHIN-11

Dealers in: Steel furniture lock, Handles, Plate handles, Safe handles, Key holes, Sofa springs, M. S. Pipes, Electrodes, Upholstery requisites.

കുനമ്മാവിന്റെ മുഖചിത്രം

— വിദ്വാൻ, എം. ഒ. അവരാ —

മാന്നാനത്തുനിന്നു് കുനമ്മാവിലെത്തി ഏതാണ്ടു് ഒരു വ്യാഴവട്ടക്കാലം ഈ വിശ്രുതമണ്ഡലത്തിൽ പ്രവർത്തിച്ചു് കുനമ്മാവിന്റെ കണ്ണിലുണ്ണിയായി ജീവിച്ചു് ഈ മണ്ണിൽത്തന്നെ വിലയംപ്രാപിച്ച നിത്യസ്മരണാർഹനായ ചാവറ കുര്യാക്കോസു് ഏലിയാസച്ചൻ — ജന്മംകൊണ്ടല്ലെങ്കിലും കർമ്മംകൊണ്ടു് — ഈ നാടിന്റെ ഒരു പ്രേഷ്ഠസന്താനംതന്നെ. ഒരു നഗരത്തിന്റെ സാമാന്യമായ പ്രതീതിയെ ജനിപ്പിച്ചുകൊണ്ടു്, കുനമ്മാവു് ഇന്നു് പരിശോഭിക്കുകയാണു്.



"ജനനീ ജന്മഭൂമിശ്ച
സ്വർഗ്ഗാദപി ഗരീയസീ"

എന്നൊരു മഹദ്വാക്യം സംസ്കൃതഭാഷയിലുണ്ടു്. അമ്മയും ജനിച്ചനാട്ടം സ്വർഗ്ഗത്തേക്കാൾ ശ്രേഷ്ഠമാണെന്നത്രേ അതിന്റെ സാരം.

യേശുക്രിസ്തു, ബുദ്ധദേവൻ, നബി മുതലായ മഹാത്മാക്കൾ ജന്മംകൊണ്ടും കർമ്മംകൊണ്ടും ലോകത്തിനു നൽകിയിട്ടുള്ള ആദർശങ്ങളും ത്യാഗം നിറഞ്ഞ ജീവിതമാതൃകകളുമാണല്ലോ ഇന്നു മാനവരാശിക്കു മാർഗ്ഗദർശകമായി നിലകൊള്ളുന്നതു്. അതോടൊപ്പം അവരുടെ ജന്മദേശങ്ങളും കർമ്മ

ണ്ഡലങ്ങളും ആ മഹാത്മാക്കളുടെ വിശ്രുത നാമങ്ങളോടനുബന്ധിച്ചു്, ബഹുമാനപൂവ്വം സ്മരിക്കപ്പെട്ടുകയും ചെയ്യപോരുന്നു. ഭാരതീയാപ്പസ്തോലന്മാരെന്നു കേൾക്കുമ്പോൾ വിശുദ്ധ തോമ്മാശ്ലീഹായേയും വിശുദ്ധ ശൗരിയാരിനേയും നാം സ്മരിക്കുന്നുണ്ടല്ലോ. എള്ളിൽ എണ്ണയെന്നപോലെ കാലടിയിൽ ശങ്കരാചാര്യരുടെ നാമവും മറഞ്ഞിരിക്കുന്നു. വിവേകാനന്ദനും ടാഗോറും നാണുഗുരുസ്വാമിയും, ഗാന്ധിജിയുമെല്ലാം അവരവരുടെ ജന്മദേശങ്ങളുടേയും കർമ്മമണ്ഡലങ്ങളുടേയും നേരെ, വിരൽ ചൂണ്ടിക്കൊണ്ടാണു്, ലോകത്തിന്റെ ശ്രദ്ധയെ ആകർഷിച്ചുകൊണ്ടിരിക്കുന്നതു്.

ഈ ആശയഗതിവച്ചു ചിന്തിച്ചുനോക്കുമ്പോൾ കൂനമ്മാവിന്റെ പുരാതനചരിത്രത്തിൽ സംസ്കാരത്തിന്റെയും ആദ്ധ്യാത്മികതയുടെയും ഉൽകൃഷ്ടഭാവങ്ങളൾക്കൊള്ളുന്ന പല അദ്ധ്യായങ്ങളും കാണാവുന്നതാണു്.

ഐതിഹ്യം

ടിപ്പുവിന്റെ ആക്രമണകാലത്തു് പടയാളികൾക്കു് ആയുധം സൂക്ഷിച്ചുവയ്ക്കുവാൻ അഭയമരുളിയ കൂനുള്ള ഒരു മാവു് പരിസരഭാഗത്തെവിടെയോ ഉണ്ടായിരുന്നുവെന്നും ആ ഐതിഹാസിക സംഭവത്തോടനുബന്ധിച്ചാണീ പ്രദേശത്തിനു പിൽക്കാലത്തു് കൂനമ്മാവെന്ന പേരുകിട്ടിയതെന്നും പറയപ്പെടുന്നു.

മാന്താനത്തുനിന്നും കൂനമ്മാവിലെത്തി ഏതാണ്ടു് ഒരു വ്യാഴവട്ടക്കാലം കൂനമ്മാവിന്റെ വിശുദ്ധ മണ്ഡലങ്ങളിൽ സജീവമായി പ്രവർത്തിച്ചു, ഇന്നിവിടെ ഉയർന്നു കാണുന്ന സെന്റു് ജോസഫ്സ് മോണാസ്റ്ററിയും സെന്റു് ടീസാസ് കോൺവെന്റുമാകുന്ന ആ മഹാവൃക്ഷത്തിന്റെ വിത്തു് 100 വർഷം മുമ്പിവിടെ വിതച്ചു്, കൂനമ്മാവിന്റെ കണ്ണിലുണ്ണിയായി ജീവിച്ചു്, ഈ മണ്ണിൽത്തന്നെ വിലയം പ്രാപിച്ച നിത്യസ്മരണാർഹനായ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ — ജന്മംകൊണ്ടല്ലെങ്കിലും കർമ്മംകൊണ്ടു്—ഈ നാടിന്റെ ഒരു പ്രേഷ്യസന്താനമായിത്തന്നെ അറിയപ്പെട്ടുപോരുന്നു.

മറെറാരു വശത്തേയ്ക്കുതിരിയുന്നു. പുമേനാപുണ്യവതിയുടെ നാമത്തിൽ, 1837–ൽ കൂനമ്മാവിൽ സ്ഥാപിതമായ ദേവാലയം ഭാരതത്തിലെന്നല്ല, പാശ്ചാത്യരാജ്യങ്ങളിൽപോലും അറിയപ്പെട്ടിട്ടുള്ളതത്രേ. വരാപ്പുഴ മെത്രാപ്പോലീത്തായായിരുന്ന ബർണർദീനോസിന്റേയും ദൈവദാസനായിരുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റേയും മഹാമനസ്കനായ ലെയോപ്പോൾദ് മിഷനറിയുടേയും നിസ്തുലയത്നത്താലാണു്, ഈ ദേവാലയം അതിന്റെ പരിപൂർണ്ണരൂപത്തിലും വളർച്ചയിലുമെത്തിച്ചേർന്നതു്.

ഇവിടെ പ്രതിവർഷം ഭക്തിനിർഭരമായി നടത്തപ്പെട്ടുന്ന ആരാധനയേപ്പറ്റി കേൾക്കാത്തവർ കേരളക്കരയിൽ കാണുകയില്ല.

അതിനു പ്രാരംഭമായി നടത്തപ്പെട്ടുന്ന ധ്യാനപ്രസംഗങ്ങളും സമാപനാവസരത്തിലെ ആരാധനയും കുർബാനയുടെ വാഴ്വുമെല്ലാം വളരെ ചിട്ടയോടും അച്ചടക്കത്തോടുംകൂടി ഇന്നും നിർവ്വഹിച്ചുപോരുന്നു. ലത്തീൻ, സുറിയാനി റീത്തുകളിൽപ്പെട്ട ഉൽകൃഷ്ടകുലജാതരും അഭ്യസ്തവിദ്യരുമായ നിരവധി കത്തോലിക്കാ വിശ്വാസികളുടെ നിവാസസ്ഥാനമായും കൂനമ്മാവു നിലകൊള്ളുന്നു.

പത്രം

സത്യനാദകാഹളമെന്നപേരിൽ ആദ്യമായി പ്രസിദ്ധീകരിക്കപ്പെട്ടിരുന്നതും ഇന്നു നിലവിലുള്ള മലയാളപത്രങ്ങളിൽ ഒന്നാമത്തേതുമായ

സത്യനാദപ്രതിപക്ഷത്തിന്റെ പിതൃസ്ഥാനവും കുനമ്മാവിനുതന്നെ. 1052 കന്നി എട്ടാംതീയതി കുനമ്മാവിലെ അമലോത്ഭവമാതാവിന്റെ അച്ചുക്കൂടത്തിൽനിന്നാണിതു് ആദ്യമായി പ്രസിദ്ധീകരിക്കാൻ തുടങ്ങിയതെന്ന ചരിത്രവസ്തുത ഒരിക്കലും വിസ്മരിക്കാവുന്നതല്ല.

മുദ്രണാലയം

മലയാളക്കരയിൽ പലതുകൊണ്ടും മാഹാത്മ്യമർഹിക്കുന്നതും, ഇന്നു് എറണാകുളത്തു പ്രശസ്തമായി നടത്തപ്പെട്ടുന്നതുമായ ഐ. എസ്സ്. പ്രസ്സിന്റെ നാന്ദി കുറിച്ചതും കുനമ്മാവിലെ മണ്ണിലത്രേ. 1869-ൽ കുനമ്മാവിലാരംഭിച്ച അച്ചുകൂടത്തിനു് അമലോത്ഭവമാതാവിന്റെ അച്ചുകൂടമെന്ന പേരാണു് നൽകിയിരുന്നതു്. മുദ്രണാലയത്തിന്റെ പ്രാരംഭപ്രവർത്തനത്തിൽ ഭാഗഭാഗിത്വം വഹിച്ച വ്യക്തികളിൽ പ്രധാനികൾ ലെയോപ്പാൾദ് മിഷനറിയും ചാവറ കുര്യാക്കോസ് ഏലിയാസച്ചനുമായിരുന്ന എന്നുള്ള വസ്തുത പഴമയെ ബഹുമാനിക്കുന്ന വ്യക്തികൾ മറന്നുകൂടാ.

സ്കൂളുകൾ

അന്നത്തെ മെത്രാപ്പോലീത്തായുടെ കല്പനയാൽ 1889-ൽ സിറിയൻ റീത്തുകാരായ കർമ്മലീത്താ സന്യാസികൾ കുനമ്മാവു വിട്ടൊഴിഞ്ഞ വസ്തുത ഒരു ചരിത്രസംഭവമാണു്. മേൽപ്രകാരം ഒഴിവാക്കപ്പെട്ട ആശ്രമമന്ദിരത്തിന്റെ മുറികൾ ഒരു ഇംഗ്ലീഷ് സ്കൂളായി രൂപം കൊള്ളുകയാണു ചെയ്തതു്. വൈദികവിദ്യാർത്ഥികൾ ഉപയോഗിച്ചുകൊണ്ടിരുന്ന ആ ആദ്ധ്യാത്മിക വിദ്യാലയമന്ദിരം ഒരു ആംഗ്ലേയവിദ്യാലയമായി രൂപംകൊണ്ടുവെന്നു സാരം. എട്ടു കൊല്ലമേ അതുനിലനിന്നുള്ളു. നഗരങ്ങളിൽഇംഗ്ലീഷ് വിദ്യാലയങ്ങൾ കണികാണുന്നതിനുപോലുമില്ലാതിരുന്ന ഒരു കാലഘട്ടത്തിൽ കേവലമൊരു ഗ്രാമമായ കുനമ്മാവിൽ, 80 കൊല്ലക്കാലത്തിനുമുമ്പു് ഇങ്ങനെയൊരു ഇംഗ്ലീഷ് വിദ്യാലയം പ്രവർത്തിച്ചുപോന്നുവെന്നു കേട്ടാൽ അത്ഭുതം തോന്നും.

സ്മരണീയങ്ങളായ വേറെ ചില ചരിത്രസംഭവങ്ങൾക്കും ഈ നാട്ടു് സാക്ഷ്യം വഹിച്ചിട്ടുണ്ടു്. പ്രസിദ്ധ വൈയാകരണനായ കോവുണ്ണി നെടുങ്ങാടിയുടെ 'കേരളകൗമുദി'യെന്ന മലയാളവ്യാകരണഗ്രന്ഥത്തിന്റെ പ്രഥമ പ്രസിദ്ധീകരണത്തിനു് പ്രകാശം നൽകിയതും കുനമ്മാവിലെ അച്ചുക്കൂടമാണു്.

''റോക്കോസ് ശീശ്മ'' ഈ നാട്ടിൽ പടർന്നുപിടിക്കാനിടയായ ഒരു കാലഘട്ടം പണ്ടുണ്ടായിരുന്നു. അന്നു് ആ പാഷണ്ഡമതപ്രചാരകന്മാരോടു്, പോരാടി, നാട്ടിൽ നിന്നും അതിനെ നിഷ്കാസനംചെയ്തു് കത്തോലിക്കാ വിശ്വാസത്തിൽ അടിയുറച്ചു് നിൽക്കുവാനുള്ള കളമൊരുക്കിയതും കുനമ്മാവിലെ സത്യവിശ്വാസികളായ ക്രിസ്ത്യാനികളായിരുന്നു. ആ മഹാസംരംഭത്തിൽ അതിന്റെ ക്ലേശഭ്രയിഷ്ടമായ സാരഥ്യം വഹിച്ചു് വിജയംവരിച്ചതു്, ചാവറ കുര്യാക്കോസ് ഏലിയാസനും അദ്ദേഹത്തിന്റെ സതത സഹചാരികളായ ചില വൈദിക പ്രമുഖരുമായിരുന്നു.

ദേവാലയങ്ങളാലും, വിവിധ തരത്തിലുള്ള വിദ്യാലയങ്ങളാലും, കന്യകാമഠം, അനാഥമന്ദിരം, ആശുപത്രി, ചാവറ മെമ്മോറിയൽ ഇൻഡസ്ട്രി, അച്ചുക്കൂടം, ഡിസ്പെൻസറി, വായനശാല, പോസ്റ്റാഫീസ് എന്നു വേണ്ട ഒരു നഗരത്തിന്റെ സാമാന്യമായ പ്രതീതിയെ ജനിപ്പിച്ചുകൊണ്ടാണു്, കുനമ്മാവു് ഇന്നും പരിശോഭിക്കുന്നതു്.

അനുഗ്രഹീതവും സമ്പൽസമൃദ്ധവും ധന്യധന്യവുമായ കുനമ്മാവിന്റെ ഒരു ഭാഗത്തു് വി. യൗസപ്പിന്റേയും മറ്റൊരു ഭാഗ

ത്തു് പ്ലമേനാ പുണ്യവതിയുടേയും മറെറാരു വശത്തു് ത്രേസ്യാ പുണ്യവതിയുടേയും നാമത്തിലുള്ള ഭക്തികേന്ദ്രങ്ങൾ സ്ഥിതിചെയ്യുന്നു.

കേരള സുറിയാനി സമുദായത്തെ ആദ്ധ്യാത്മികമായും സാമൂഹ്യമായും സമുദ്ധരിച്ച സമ്മാന്യവ്യക്തിയും കേരളത്തിന്റെ ആദ്ധ്യാത്മിക ചൈതന്യവും ആയി നിലകൊള്ളുന്ന ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ചരമശതാബ്ദി, ഏപ്രിൽ 23, 24, 25 എന്നീ തീയതികളിൽ വിവിധ പരിപാടികളോടുകൂടി കുനമ്മാവിൽ പുതുതായി രൂപംകൊണ്ടിരിക്കുന്ന ചാവറ നഗറിൽ കൊണ്ടാടപ്പെടുകയാണു്. ആ മഹോത്സവങ്ങൾ കണ്ടു് കണ്ണും കരളും കുളുപ്പിക്കുവാനുള്ള മഹാഭാഗ്യവും കുനമ്മാവിനു് സംലബ്ധമായിരിക്കുന്നു. ക്രാന്തദർശിയും കർമ്മയോഗിയും സാധുജനസംരക്ഷകനും ഏതദ്ദേശീയ കേരള കർമ്മലസഭാ സ്ഥാപകനുമായ ആ മഹാപുരുഷനെ, വിശുദ്ധന്മാരുടെ പട്ടികയിൽ ചേർക്കുവാൻ അദ്ദേഹത്തിന്റെ ആത്മസുഹൃത്തായ ലയോപ്പോൾഡു് മിഷനാറി, തുടങ്ങിവച്ച സദുദ്യമം നിറവേറിക്കാണുവാൻ നമുക്കു് ഏകയോഗമായി പ്രാർത്ഥിക്കാം.

SERVICE MAKES THE DIFFERENCE

THE SOUTH INDIAN BANK LIMITED

Regd. Office: TRICHUR; P. B. No. 28

(The Largest Scheduled Bank in Kerala under Private Sector)

Offers excellent banking service through its 103 Branches in South India

It is the personal touch with the clients and prompt courteous service that led the Bank to the forefront.

ALL TYPES OF BANKING BUSINESS TRANSACTED

SERVICE IS OUR MOTTO

Jacob Kalliath, B. A., B. L.,

CHAIRMAN

ദൈവദാസനായ കുഞ്ഞാപ്പൻ

(റവ. ഫാ. വലേരിയൻ പ്ലാത്തോട്ടം, സി. എം. എ)

ദൈവദാസന്റെ വ്യക്തിപ്രഭാവത്തിലേയ്ക്കും സന്യാസസമൂഹത്തിലേയ്ക്കും ഒരു ഏകദിശാസൂചിക — ഒരു ധ്യാനം

ഒരു യഥാർത്ഥ കർമ്മയോഗിയായ ദൈവദാസൻ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ അത്യുജ്ജ്വലമായ വ്യക്തിപ്രഭാവം പരിപാവനമാക്കിത്തീർത്തത്, ദൈവസ്നേഹത്തിൽനിന്നും ഉൽഭൂതമായ മനുഷ്യസേവനംകൊണ്ടാണ്. സി. എം. ഐ. എന്ന പേരിൽ കേരളനാട്ടിലും ഭാരതഖണ്ഡത്തിന്റെ പല ഭാഗങ്ങളിലും മാത്രമല്ല, വിദേശത്തുപോലും ദൈവജനസേവനത്തിൽ ഏർപ്പെട്ടിരിക്കുന്ന സന്യാസസമൂഹത്തിന്റെ സ്ഥാപകനാണ് ദൈവദാസൻ. തികച്ചും ഏതദ്ദേശീയമായ കർമ്മപരിപാടികൾ സ്വീകരിച്ച ഈ സഭയുടെ സ്ഥാപകനും പിതാവുമായി സഭാംഗങ്ങൾ മാത്രമല്ല, തിരുസ്സഭയും കരുതിപ്പോരുന്നത് ദൈവദാസനെത്തന്നെയാണ്. ഇദ്ദേഹത്തെ വിശുദ്ധൻ എന്നു നാമകരണം ചെയ്യുന്നതിനുള്ള നടപടികൾ, ചരിത്രകമ്മീഷന്റെ സ്ഥാപനം, തുടങ്ങി ഇതു സംബന്ധിച്ചുള്ള എല്ലാ പ്രമാണരേഖയിലും അദ്ദേഹത്തെ തിരുസിംഹാസനം സഭാസ്ഥാപകനെന്ന പേരിലാണ് ആത്മാർത്ഥമായി അഭിസംബോധനം ചെയ്യുന്നത്. സഭാസ്ഥാപനാലോചനയിലും, സ്ഥലാന്വേഷണത്തിലും, ഭവനനിർമ്മാണത്തിലും, നേതൃത്വത്തിലും സർവ്വോപരി അതിന്റെ പൂർത്തീകരണത്തിലും ദൈവദാസൻ തന്നെയാണ് സിംഹഭാഗം വഹിക്കുന്നതും സഭാംഗങ്ങളെ കൈയ്ക്കു പിടിച്ച് സേവനരംഗത്തിലേയ്ക്ക് ഇറക്കിവിടുന്നതും. ദൈവദാസന്റെ പങ്കം പറാത്ത ചൈതന്യവും, ധീരമായ മാതൃകയും വിലതീരാത്ത ഉപദേശങ്ങളുമാണ് സഭയുടെ പൈതൃകം. ഈ ചൈതന്യവിശേഷം സഭയുടെ വളർച്ചയ്ക്കും, ഗുണപ്രദമായ പ്രേഷിതപ്രവർത്തനത്തിനും സഭാംഗങ്ങളിൽ ഇന്നും ശക്തിയും പ്രചോദനവും പകർന്നുകൊണ്ടിരിക്കുന്നു.

ഏതദ്ദേശീയ സന്യാസസഭ മാന്നാനം കുന്നിന്റെ മുകളിൽ നട്ടുവളർത്തിയതുപോലെതന്നെ ഏതദ്ദേശീയ കന്യകാലയത്തിനും ബീജാവാപംചെയ്ത് വളർത്തി പരിപാലിച്ച് പരിപോഷിപ്പിച്ചതും ദൈവദാസനായ ചാവറ അച്ചൻ ആണ്. മാന്നാനത്തെ സന്യാസസഭാസ്ഥാപനം വിജയത്തിൽനിന്നും വിജയത്തിലേയ്ക്ക് പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ ദൈവദാസന്റെ ശ്രദ്ധ കന്യകാലയസ്ഥാപനത്തിലേയ്ക്കും തിരിഞ്ഞു. 1829-ൽ സന്യാസസഭാസ്ഥാപനത്തിനു വാങ്ങിയ അനുവാദപത്രികയിൽ കന്യാലയസ്ഥാപനവും ഉൾപ്പെടുത്തിയിരുന്നതാണ്. ഇക്കാര്യസാദ്ധ്യത്തിനായി ദീർഘനാൾ പ്രാർത്ഥിക്കുകയും പ്രയത്നിക്കുകയും ദൈവപരിപാലനയിൽ ആശ്രയിച്ച് പരിശ്രമിക്കുകയുംചെയ്തു. 1866-ൽ കുന്നമ്മാവിലാണ് പിതാവിന്റെ ചിരകാലാഭിലാഷം പൂവണിയുന്നത്.

1864-ൽ കമ്മലസഭയുടെ പ്രിയോർ ജനറാൾ, കേരളസഭയുടെ വികാരി ജനറാൾ എന്നീ നിലകളിൽ വിവിധ ജോലികൾ നിർവഹിക്കേണ്ട അദ്ദേഹത്തിന്റെ ആസ്ഥാനം കുന്നമ്മാവിലേയ്ക്ക് മാറ്റി. അതോടെ തന്റെ ചിരകാലാഭിലാഷം സാധിക്കുന്നതിനുള്ള സാഹചര്യങ്ങൾ ദൈവപരിപാലനയിൽ തെളിഞ്ഞുവന്നു. അങ്ങനെ ദൈവദാസൻ കുന്നമ്മാവിൽ ഏതദ്ദേശീയ കന്യകാലയം ഇദംപ്രഥമമായി സമാരംഭിക്കുകയും 1871-വരെ അതിനെ പരിപാലിച്ച് വളർത്തിക്കൊണ്ടുവരികയും ചെയ്തു. പ്രസ്തുത സഭ ഇന്ന് പന്ത്രണ്ട് പന്തലിച്ച് സഭാ സംബന്ധവും സാമൂഹ്യവുമായ സേവനങ്ങൾ കേരളത്തിലും ഭാരതത്തിലും മാത്രമല്ല, വിദേശത്തുപോലും സ്തുത്യർഹവും ഫലപ്രദവുമായി നടത്തിക്കൊണ്ടുപോരികയും ചെയ്യുന്നു.

കേരളത്തിലെ ഏതദ്ദേശീയ കന്യകാലയങ്ങളുടെ എല്ലാം മാതൃസ്ഥാനം വഹിക്കുന്നതു് ഈ സഭയാണ്. സുറിയാനിക്കാർ ലത്തീൻ ഭരണത്തിൽനിന്നും വേർതിരിക്കപ്പെട്ടപ്പോൾ, റീത്തു വ്യത്യാസം കൂടാതെ ഒരുമിച്ച് കഴിഞ്ഞ കന്യകകളിൽ ലത്തീൻ റീത്തിൽപെട്ടവരെ പിന്നീടു് വരാപ്പുഴയിലേയ്ക്കു് മാറ്റുകയുണ്ടായി. അതു് ഇന്നു് ഒരു പ്രത്യേകസഭയായി സഭാസേവനവും സാമൂഹ്യസേവനവും സ്തുത്യർഹമായി നടത്തിപ്പോരുന്നു. ഇന്നു നാം കാണുന്ന പ്രേഷിതരും പ്രേഷിതപ്രവർത്തനങ്ങളും കേരളനാട്ടിൽ ജന്മമെടുത്തതും, കേരളനാട്ടിൽ ബീജാവാപംചെയ്തു് പരിപോഷിപ്പിക്കപ്പെട്ടിട്ടുള്ളവയുമാണ്. അല്ലാതെ അതു് വിദേശത്തുനിന്നും ഇറക്കുമതി ചെയ്തിട്ടുള്ള ഒന്നല്ല. അവ കേരളമണ്ണിൽ കുരുത്തതാണ്. വളർന്നു് പുഷ്പിതപ്രാപിച്ചതാണ്. പുഷ്പിച്ചു് ഫലമണിഞ്ഞുകൊണ്ടിരിക്കുന്നതാണ്. എന്നാൽ ഇവയെല്ലാം വൈദേശികമാക്കിക്കാണിക്കാനും നമ്മെത്തന്നെ സ്വയം തരംതാഴ്ത്തിക്കാണിക്കാനുമുള്ള ചിലരുടെ പരിശ്രമങ്ങൾ കണ്ടാൽ ചരിത്രവസ്തുതകളെ വളച്ചൊടിക്കുക മാത്രമാണന്നേ നിഷ്പക്ഷബുദ്ധികൾക്കു് തോന്നുകയൊള്ളു. കേരളസഭയുടെ വളർച്ചയും വർദ്ധനവിനും വിദേശമിഷ്യനറിമാർ ഗണ്യമായ സംഭാവനകൾ നൽകിയിട്ടുണ്ടു് എന്ന വസ്തുത നമ്മൾ സാദരം സ്മരിക്കേണ്ട ഒന്നുതന്നെ. അന്നു് അധികാരവും അവരുടെ കൈയിലായിരുന്നല്ലോ. കേരളമക്കൾ ഈ മണ്ണിൽ നട്ടുവളർത്തി പരിപോഷിപ്പിച്ചുകൊണ്ടുവന്ന പ്രസ്ഥാനങ്ങൾക്കു് വിദേശമിഷ്യനറിമാർ സഹോദരബുദ്ധ്യാ സഹായഹസ്തം നീട്ടിത്തന്നിട്ടുണ്ടെന്നുള്ളതു് നിഷേധിക്കാവുന്ന ഒന്നല്ല. അതുകൊണ്ടുമാത്രം അതു് വൈദേശികമാകയില്ലല്ലോ.

ദൈവദാസൻ ചാവറ കുര്യാക്കോസച്ചൻ കേരളക്കരയിൽ സ്ഥാപിച്ച പുരുഷന്മാർക്കായുള്ള സി. എം. ഐ. സഭയും, സ്ത്രീകൾക്കായുള്ള സി. എം. സി. സഭയും, സഭ

ക്കും സമുദായത്തിനും രാഷ്ട്രത്തിനും വേണ്ടി വിദ്യാഭ്യാസം, ആതുരശുശ്രൂഷ, ആശുപത്രി, മിഷൻരംഗങ്ങൾ തുടങ്ങിയ വിവിധ തുറകളിൽക്കൂടി നടത്തുന്ന സേവനവും പ്രേഷിതപ്രവർത്തികളും നാനാജാതിമതസ്ഥരുടെയും മുക്തകണ്ഠമായ പ്രശംസയ്ക്കും അഭിനന്ദനത്തിനും പാത്രീഭവിച്ചിട്ടുള്ളതാണ്. പ്രസ്തുത സഭാംഗങ്ങളുടെ സ്നേഹവും സേവനവും ഭാരതത്തെ ധന്യമാക്കിക്കൊണ്ടിരിക്കുന്നു. ഒരു നൂറാണ്ട് മുമ്പ് ദീർഘദൃഷ്ടിയോടെ സമാരംഭിച്ച പ്രസ്ഥാനങ്ങളും പ്രവർത്തനങ്ങളുമാണ് ഇന്ന് ഫലം പ്രദാനം ചെയ്തുകൊണ്ടിരിക്കുന്നത്. ലോകത്തെ മുഴുവൻ ആകർഷിക്കുകയും കോൾമയിർക്കൊള്ളിക്കുകയും ചെയ്യുന്ന വിശിഷ്ടഫലങ്ങൾ കേരളം ഇന്ന് വാരിവിതറുന്നു.

ഭാരതത്തിൽ ആകെയുള്ള 7884 കത്തോലിക്കാ വൈദികരിൽ 4843 പേരും (60%) കേരളീയരാണെന്ന വാർത്ത ആരെയാണ് ആശ്ചര്യപ്പെടുത്താത്തത്. മൊത്തമുള്ള 1794 ബ്രദേഴ്സിൽ 1068 പേരും (60%) കേരളത്തിന്റെ മക്കളല്ലാതെ മറ്റാരുമല്ല. ഭാരതമൊട്ടാകെയുള്ള 7434 വൈദികവിദ്യാർത്ഥികളിൽ 60% വരുന്ന 4513 പേർ കേരള മണ്ണിൽ പിറന്ന് വളർന്നവരാണ്. ആസേതുഹിമാലയപര്യന്തം സേവനമനുഷ്ഠിക്കുന്ന 35467 ബ. സഹോദരിമാരിൽ 27350 (79%) പേരും കേരളത്തിന്റെ വീരപുത്രികളാണെന്ന വസ്തുത അഭിമാനത്തോടെ സ്മരിക്കാവുന്ന ഒന്നുതന്നെ. ആഫ്രിക്കാ ഭാരതത്തിൽ ആകെയുള്ള 52603 ദൈവവിളിയിൽ 37747, അതായത് 70 ശതമാനവും, കേരളത്തിൽനിന്നാണ് വിരിഞ്ഞിട്ടുള്ളത്. ശാസ്ത്രയുഗമായ ഈ ഇരുപതാം നൂറാണ്ടിൽപോലും ഇത്ര വർദ്ധമാനമായ സൽഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന കേരളത്തേയും അതിനുവേണ്ടി ഭഗീരഥപ്രയത്നംചെയ്ത ദൈവദാസനേയും സന്തോഷാശ്രുക്കൾ പൊഴിക്കാതെ സ്മരിക്കുവാൻ സാദ്ധ്യമല്ലതന്നെ. ദൈവദാസനിൽനിന്നും നമുക്ക് ലഭിച്ചിരിക്കുന്ന പിതൃസ്വത്ത്, വർദ്ധമാനമാക്കുന്നതിന് നമുക്ക് ആത്മാർത്ഥമായി പരിശ്രമിക്കാം.



A blunder at the right moment is better than cleverness at the wrong time.
—CAROLYN WELLS

* * *

It is easier to be beneficent than to be just. —SAMUEL JOHNSON

* * *

A nation's true greatness depends upon its average men and women.
—GOKHALE

With Best Compliments

From:

Pothen Joseph & Sons

Exporters and Importers

ALLEPPEY

Branches:-

COCHIN
ALWAYE
KOTTAYAM
TELLICHERY

With Best Compliments

From:

★


T. P. Paulose

Thekkenedath

Alwaye

കുനമ്മാവും ചാവറ കുര്യാക്കോസ് ഏലിയാസച്ചനും

ടി. ആർ. രാധാകൃഷ്ണവാര്യർ,
ബി. എസ്സി., ബി. ടി.



വടക്കൻപറവൂർ ടൗണിന്റെ തെക്കു കിഴക്കു ഭാഗമായി ഉദ്ദേശം അഞ്ചു കിലോമീറ്റർ അകലെ പറവൂർ വരാപ്പുഴ റോഡിൽ സ്ഥിതിചെയ്യുന്ന സ്ഥലമാകുന്നു ''കുനമ്മാവെ''ന്ന ഗ്രാമപ്രദേശം. ആലുവായിൽനിന്നും പറവൂരിൽനിന്നും എറണാകുളത്തുനിന്നും കാർമാഗ്ഗം എത്തിച്ചേരാവുന്ന ഒരു പ്രദേശമായി കുനമ്മാവു് ഇന്നു രൂപാന്തരപ്പെട്ടിട്ടുണ്ടു്. ആതുരശുശ്രൂഷാർത്ഥം ഇവിടെ അടുത്തകാലത്തായി സ്ഥാപിക്കപ്പെട്ട സർക്കാർ ആശുപത്രി നാട്ടുകാരുടെ പ്രയത്നത്തിനേറെയും ഔദാര്യത്തിനേറെയും നിസ്വാർത്ഥസേവനത്തിനേറെയും ഫലമായി ഉത്തരോത്തരം അഭിവൃദ്ധിപ്പെട്ടു് രോഗാർത്തർക്കു് ഒരഭയസങ്കേതമായി ലാലസിക്കുന്നു. രണ്ടു ഹൈസ്കൂളുകൾ ഈ പ്രദേശത്തു പ്രവർത്തിച്ചുപോരുന്നു. പഴക്കംചെന്ന ക്രൈസ്തവദേവാലയങ്ങളിൽ മുഖ്യമായി എണ്ണപ്പെടുന്ന പുത്തൻപള്ളി പള്ളിയും വരാപ്പുഴപള്ളിയും ഈ നാടിന്റെ തെക്കുഭാഗത്തായി വർത്തിക്കുന്നു. എറണാകുളത്തുള്ള സെൻറു് ആൽബർട്ടസ് ഹൈസ്കൂൾ ഈ കുനമ്മാവിൽനിന്നും മാറി സ്ഥാപിച്ചതാണത്രെ. ക്രൈസ്തവരും ക്രൈസ്തവേതരരും ആവസിക്കുന്നതും ജനസാന്ദ്രവുമായ ഈ പ്രദേശത്തു സർവ്വസമുദായമൈത്രി അഭംഗുരമായിത്തന്നെ പുലർന്നുപോരുന്നു.

കുനമ്മാവുപ്രദേശത്തെ സംബന്ധിച്ചിടത്തോളം പ്രത്യേകം എടുത്തു പറയാനുള്ളതു്, ഇവിടെ സ്ഥാപിതമായിട്ടുള്ള ക്രൈസ്തവദേവാലയങ്ങളെക്കുറിച്ചാണു്. സുറിയാനിസഭക്കാരുടെ വക കൊവേന്തയും കന്യാസ്ത്രീമഠവും, ലത്തീൻസഭക്കാരുടെവക പള്ളിയും ഇവിടത്തെ പഴയ സ്ഥാപനങ്ങളാകുന്നു. ഇവയെല്ലാം വിശാലമായ സ്ഥലവിസ്തൃതിയോടുകൂടിയവയുമാകുന്നു. ലത്തീൻപള്ളി അടുത്തകാലത്തു് അഗ്നിക്കിരയാകയും അതിനെത്തുടർന്നു പൂർവ്വാധികം ഭംഗിയിലും വലിപ്പത്തിലും പുനഃസ്ഥാപിക്കുവാൻ പണിനടന്നുവരുന്നതുമാകുന്നു.

പണ്ഡിതന്മാരും ഭക്തന്മാരുമായ സന്യാസിശ്രേഷ്ഠരുടെ ആശ്രമമാണ് ഇവിടെയുള്ള കൊവേന്ത. ആശ്രമാദ്ധ്യക്ഷന്മാരായി പല പ്രമുഖ സന്യാസിമാരും ഇവിടെ താമസിച്ചു കൊവേന്ത ഭരണം നടത്തിപ്പോന്നിട്ടുണ്ട്. ഇന്നും ആ നിലതന്നെ തുടർന്നുവരുന്നു. അനുഷ്ഠാനങ്ങളിൽ നിഷ്ഠപാലിക്കുകയെന്നുള്ളതു കൊവേന്തയിലെ സന്യാസിമാരുടെ മുഖ്യവ്രതമാണ്. വിശ്വാസികളെ സത്യവേദധർമ്മം പഠിപ്പിക്കുകയും അനുസരിപ്പിക്കുകയും ചെയ്യുന്നതിൽ ഈ ആശ്രമത്തിലെ സന്യാസിവര്യന്മാർ ഇന്നും മാതൃക കാണിച്ചുപോരുന്നു. ആത്മീയകാര്യങ്ങളോടൊപ്പം ഭൗതികകാര്യങ്ങളും അവരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നുണ്ട്. രോഗചികിത്സ വശമാക്കിട്ടുള്ളവർ സൗജന്യമായി ആതുരചികിത്സ നടത്തുന്നു. സാങ്കേതികവിഷയങ്ങൾ പഠിപ്പിക്കുന്ന പോളിടെക്നിക്കു സ്കൂളും ആശ്രമംവകയായി നടത്തിപ്പോരുന്നു. തൊഴിലിനുവേണ്ടി ആശ്രയിക്കുന്നവർക്കു തൊഴിൽ സംബന്ധിച്ചു പരിചയം സമ്പാദിച്ചു ജീവിതരംഗത്തേക്കിറങ്ങുവാൻ ഈ സ്ഥാപനം വളരെ ഉപകരിക്കുന്നുണ്ട്.

കന്യാസ്ത്രീമഠം ഇവിടെയുള്ള ഉന്നതസ്ഥാപനങ്ങളിലൊന്നാണ്. സുറിയാനി സഭക്കാരുടേതാണു ഈ മഠം. പെൺകുട്ടികൾക്കുവേണ്ടി പ്രത്യേകം ഹൈസ്കൂൾതന്നെ മഠം വകയായി നടത്തിപ്പോരുന്നു. കൂടാതെ, തുന്നൽ, എംബ്രോയിഡറി തുടങ്ങിയ വിഷയങ്ങളിൽ പെൺകുട്ടികൾക്കു ജാതിമതഭേദമെന്യേ ഇവിടെ പരിശീലനം നല്കിപ്പോരുന്നു.


കുനമ്മാവിന്റെ പ്രശസ്തിക്കു മുഖ്യനിദാനമായി എണ്ണുവുന്നതു ചാവറ കുര്യാക്കോസ് ഏലിയാസച്ചനുമായുള്ള ഈ പ്രദേശത്തിന്റെ ബന്ധമാകുന്നു. ഈ പുണ്യപുരുഷന്റെ ചരമശതാബ്ദി ആഘോഷിക്കപ്പെട്ടതു 1971-ൽ ആണല്ലൊ. 1805 മുതൽ 1871 വരെയായിരുന്നു ഈ പുണ്യവാളന്റെ ജീവിതകാലം. മാത്തൊമ്മാശ്ലീഹായിൽ ജ്ഞാനസ്നാനം നല്കപ്പെട്ട പുരാതന കുടുംബങ്ങളിലൊന്നാണു പകലോമറ്റം. അതിന്റെ ശാഖയിൽ ഉൾപ്പെട്ടതാകുന്നു ചാവറക്കുടുംബം. കുട്ടനാടൻ പ്രദേശത്തു കൈനകരിപ്പള്ളി ഉണ്ടാകുന്നതിനുമുമ്പു ചേന്തൻകരി ഇടവകയിൽ ഉൾപ്പെട്ടതായിരുന്നു ചാവറ കുടുംബം. ഈ പുണ്യവാളന്റെ അന്ത്യകാലം കുനമ്മാവു കൊവേന്തയിലായിരുന്നു. 1871-ാം കൊല്ലം മകരമാസം 3-ാംനു ഈ പുണ്യപുരുഷൻ ഐഹികം വെടിഞ്ഞു. കേരളത്തിലെ സുറിയാനി കമ്മ്യൂണിത്താസഭയുടെ അടിസ്ഥാനക്കാരനും ഇദ്ദേഹമായിരുന്നു. പുണ്യപുരുഷന്മാരുടെ സാന്നിദ്ധ്യവും സ്ഥിരവാസവും ഏതൊരു പ്രദേശത്തെയാണു ധന്യമാക്കാത്തതു? പ്രസിദ്ധനായിരുന്ന ചാവറ കുരിയാക്കോസ് ഏലിയാസച്ചന്റെ വാസംകൊണ്ടുതന്നെ കുനമ്മാവു് പ്രദേശം പ്രസിദ്ധിയാർജ്ജിച്ചു. ആ പുണ്യചരിതന്റെ അന്ത്യവിശ്രമവും കുനമ്മാവിൽത്തന്നെയാണു്. ''മലയാളത്തിലെ സുറിയാനി കമ്മ്യൂണിത്താസഭയുടെ അടിസ്ഥാനക്കാരനും ഒന്നാമത്തെ പ്രിയോർ ജനറാളും സന്യാസികൾക്കു് ഉത്തമദൃഷ്ടാന്തവും സർവ്വരാലും പൂജിതനും വാത്സല്യപിതാവുമായ (ചാവറ) തിരുക്കുടുംബത്തിന്റെ കുര്യാക്കോസ് ഏലിയാസച്ചൻ കുനമ്മാവുങ്കൽ വി. ഫിലോമിനായുടെ ദേവാലയത്തിൽ വലിയ മദ്ബഹാക്കു താഴെ അഴിയോടു ചേർന്നു പള്ളിയുടെ മദ്ധ്യത്തിൽ കവറടക്കം ചെയ്യപ്പെട്ടു'' എന്നു രേഖപ്പെടുത്തീട്ടുണ്ട്.

കുനമ്മാവിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ശവകുടീരത്തിൽ താഴെകുറിക്കുന്ന സ്മാരകലക്ഷ്യം ഈയത്തകിടിൽ എഴുതി നിക്ഷേപിച്ചതായി രേഖപ്പെടുത്തീട്ടുണ്ട്. അതിപ്രകാരമാണു്:

''ഈ കവറിടത്തിൽ അടക്കപ്പെട്ടിരിക്കുന്ന ചേന്തൻകരിപ്പള്ളി ഇടവകക്കാരൻ

കുവ്വാക്കോസ്സ് ദു ഇഹമ്മാ കുന്തീശാ എന്ന മലയാളത്തിൽ സ്ഥാപിക്കപ്പെട്ട കമ്പ. ദി. സഭയുടെ അടിസ്ഥാനക്കാരനും പ്രിയോരുമായ ഈദേഹം 1805-ാം കാലം കുംഭമാസം 8-ാംനു പിറന്നു. 1832-ൽ മാന്നാനത്തു കൊവേന്തയിൽ മല്പാനായി പഠിപ്പിച്ചതിന്റെശേഷം 1855-ാം കാലം ധനു 8-ാംനു പറഞ്ഞൊപ്പുചെയ്തു. ഒന്നാമത്തെ പ്രിയോരായി നിയമിക്കപ്പെട്ടു. ഏറിയ അദ്ധ്വാനങ്ങളും ചെയ്തവരുമ്പോൾ റെക്കോസിന്റെ ശപിയ്ക്കപ്പെട്ട ശീശ്മയുടെ കാലത്തിൽ സുറിയാനി ക്രിസ്ത്യാനികളുടെ വികാരി ജനറാളിന്റെ സ്ഥാനത്തോട്ടുകൂടെ ആത്മാവുകളുടെ രക്ഷക്കായി വളരെ പ്രയാസങ്ങളെ കഴിച്ചു. 187 -ാം കാലം മകരമാസം 3-ാംനു കാലത്തു് 7½ മണിക്കു് കുന്നമ്മാവു് കൊവേന്തയിൽ തന്റെ മക്കളുടെ കണ്ണുനീരുകളുടെ ഇടയിൽ കൂദാശകളൊക്കെയും വിശേഷഭക്തിയോട്ടുകൂടെ കൈക്കൊണ്ടു സാമാന്യമല്ലാത്ത ദൈവഭക്തിയുടെ അടയാളങ്ങളോടുകൂടെ തന്റെ അഴകുള്ള ആത്മാവിനെ തന്റെ ജീവിതകാലമൊക്കെയിലും സ്നേഹിച്ച നാഥന്റെ തൃക്കൈകളിൽ കയ്യാളിക്കയുംചെയ്തു''.

ഈ തെളിവുകളെല്ലാം മതിയല്ലൊ ആ പുണ്യാത്മാവിന്റെ ജഡം കുന്നമ്മാവിലെ മണ്ണിൽ ലയിച്ചു എന്നു കാണിക്കുവാൻ. നദികളുടെയും പുണ്യാത്മാക്കളുടെയും സാന്നിദ്ധ്യം എന്നും പരിശുദ്ധിക്കു കാരണമാണല്ലൊ. ഈ വക കാരണങ്ങളാൽ കുന്നമ്മാവു് പ്രദേശം ക്രിസ്ത്യാനികളുടെ ഒരു പുണ്യസ്ഥലമായി കല്പിക്കപ്പെടാവുന്നതാണു്.



India won political freedom in 1947. That has been a simpler task compared with the one of administering the country in a clean, decent way.

—Dr. S. RADHAKRISHNAN

* * *

Youth is not a time of life, it is a state of mind. —SAMUEL ULLMAN

കെട്ടിടം പണിയുന്നതിന് ★
കടബാദ്ധ്യതകൾ തീർക്കുന്നതിന് ★
ഭൂസ്വത്തുക്കൾ സമ്പാദിക്കുന്നതിന് ★
വ്യാപാരത്തിന് മൂതൽമുടക്കുന്നതിന് ★
ഒരു വലിയ സമ്പാദ്യം ഉണ്ടാക്കുന്നതിന് ★

ഞങ്ങളുടെ സേവനം നിങ്ങൾക്ക് ലഭ്യമാകട്ടെ.

പിയോളി ആന്റ് കമ്പനി

ചിട്ടി ഫിനാൻസ് പ്രൈവറ്റ് ലിമിറ്റഡ്

രജിസ്റ്റേഡ് ഓഫീസ്:
മദ്രാസ്-17
ഫോൺ: 445384

ഹെഡ്ഓപ്പീസ്:
കൊച്ചിൻ-1
ഫോൺ: 26340

അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്:
മരിയാംബിക ബിൽഡിംഗ്സ്, ബാനർജി റോഡ്. എറണാകുളം
ഫോൺ: 31632


സോണൽ ഓഫീസുകൾ:
മദ്രാസ് ★ കോയമ്പത്തൂർ ★ കോഴിക്കോട്ട് തൃശ്ശൂർ ★ അങ്കമാലി ★ N. പറവൂർ ★ കൊച്ചിൻ ചേർത്തല ★ കോട്ടയം ★ കൊല്ലം ★ തിരുവനന്തപുരം

കേരളത്തിലും തമിഴ്നാട്ടിലുമായി 70-ൽപരം ഓഫീസുകൾ
സംവത്സരങ്ങളോളം സേവനപാരമ്പര്യമുള്ള കേരളത്തിലെ
പ്രമുഖ സാമ്പത്തിക സ്ഥാപനം.

മാനേജിംഗ് ഡയറക്ടർ
മൈക്കൾ തോമസ്സ്, ബി. എസ്സ്സി., ബി. എഡ്,

[മനസ്സ് എന്താണെന്നും അതിന്റെ പ്രവർത്തനം എങ്ങിനെയാണെന്നും
മാനസികരോഗങ്ങളുണ്ടാകുന്നതെങ്ങിനെയാണെന്നും,
എനിക്കു ലഭിച്ചിട്ടുള്ള അറിവിൽ ചിലതു്,
ചാവറയച്ചന്റെ മാനസികശക്തികളുടെ മുന്നിൽ
അത്ഭുതസ്തബ്ധരായി നമ്രശിരസ്കരായി നിലകൊള്ളുന്ന അനുവാചകരുടെ മുന്നിൽ
ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ.]

ചാവറയച്ചൻ കരുത്തുറ്റ മനശ്ശക്തൻ



ആര്യവൈദ്യൻ : [Specialist in Mental Disease]
എം. കെ. ജയകുമാർ, കുന്നമ്മാവു്, N. പറവൂർ

മഹൽകൃത്യങ്ങൾചെയ്തു കടന്നുപോയിട്ടുള്ള മഹാന്മാരുടെയെല്ലാം ജീവിതവിജയത്തിനു പിൻപിൽ പ്രവർത്തിച്ചിട്ടുള്ളതു് അജയ്യമായ ദാർഢ്യത്തോടുകൂടിയ മനശ്ശക്തിയാണു്. ആശയാദർശങ്ങളിൽ ഉറച്ചുനിന്നുകൊണ്ടു് മുന്നോട്ടുപോകുന്നതിനു് അവരെ പര്യാപ്തരാക്കിയതു് അത്തരം മനോവീര്യമാണു്. സാഹിത്യം, മതം തുടങ്ങിയ രംഗങ്ങളിലെല്ലാംതന്നെ അമാനുഷികനേട്ടങ്ങൾ കൈവരുത്തുന്നതിനു് അദ്ദേഹത്തിനു് കഴിഞ്ഞിട്ടുണ്ടെന്നു നാം മനസ്സിലാക്കുന്നു. ഇത്ര കരുത്തുറ്റ ഒരു മനസ്സിനെപ്പറ്റി പഠിച്ചു കഴിഞ്ഞപ്പോൾ, മനോരോഗചികിത്സയിൽ തല്പരനായ എന്റെ ചിന്ത നൈസർഗ്ഗികമായിത്തന്നെ തദവിഷയത്തിലേയ്ക്കു് തിരിഞ്ഞുപോയതിൽ അത്ഭുതമില്ലല്ലൊ. മാനവസമുദായത്തിലെ ഒരു വിഭാഗം ജനങ്ങൾക്കുനേരെ വപ്പെടാറുള്ള മാനസിക ക്ലേശങ്ങളെപ്പറ്റി അനുസ്മരിച്ചുകൊണ്ടു് അവയുമായി തട്ടിച്ചു നോക്കുമ്പോൾ ചാവറയച്ചന്റെ മാനസികാരോഗ്യൗന്നത്യത്തെപ്പറ്റി കൂടുതൽ വസ്തുനിഷ്ഠമായ ഒരു ബോധം നമുക്കു് ലഭ്യമാകുമെന്ന പ്രതീക്ഷയാണു് ഈ ലേഖനത്തിനു് എനിക്കു് പ്രേരകമായുള്ളതു്.

മാനസികരോഗങ്ങളും ചില ലക്ഷണങ്ങളും

മനുഷ്യർ ചിന്താശീലരാണു്. ഏതെങ്കിലും വിധത്തിലുള്ള ചിന്തയില്ലാത്തതായ ഒരാളേയും കാണുകയില്ല. ദൈവികമോ, ശാസ്ത്രീയമോ, ഐഹികമോ മറ്റേതെങ്കിലും വിധത്തിലുള്ളതോ ആയ വിഷയങ്ങളെപ്പറ്റി മനുഷ്യർ ചിന്തിക്കാറുണ്ടു്. ഇന്നു ലോകത്തിൽ കാണുന്നതും കണ്ടുകൊണ്ടിരി

ക്കുന്നതും ആയ എല്ലാവിധ അഭിവൃദ്ധികളും മനുഷ്യചിന്തയുടെ പരിണതഫലങ്ങളാണെന്നു പറയാം.

മനസ്സാണു് ചിന്തയുടെ മൂലസ്ഥാനം. മനസ്സു് എന്താണെന്നും അതിന്റെ പ്രവർത്തനം എങ്ങിനെയാണെന്നും മാനസികരോഗങ്ങൾ ഉണ്ടാകുന്നതെങ്ങിനെ എന്നും ദിവംഗതനായ എന്റെ വന്ദ്യപിതാവു് എ കെ. കുമാരൻ വൈദ്യനിൽനിന്നും എനിക്കു് ലഭിച്ചിട്ടുള്ള അറിവിൽ ചിലതു് ചാവായച്ചന്റെ മാനസികശക്തികളുടെ മുന്നിൽ അത്ഭുതസ്തബ്ധരായി, നഗ്നശിരസ്സുരായി നിലകൊള്ളുന്ന അനുവാചകരുടെ മുന്നിൽ ഞാൻ അവതരിപ്പിച്ചുകൊള്ളട്ടെ.

മനസ്സിന്റെ കേന്ദ്രം തലച്ചോറാണെന്നു പറയാം. അതിന്റെ പ്രവർത്തനം വളരെ അത്ഭുതാവഹവുമാണു്. നമുക്കു് മനസ്സിലാക്കുവാൻ ദുഷ്കരമാംവിധം അതു സൂക്ഷ്മരൂപത്തിലാണു് അതിന്റെ പ്രവർത്തനം. എല്ലാ ചിന്തകളേയും വികാരങ്ങളേയും ജനിപ്പിക്കുന്നതും നിയന്ത്രിക്കുന്നതും തലച്ചോറാണു്. നമ്മളിൽനിന്നു് ഉണ്ടാകുന്ന ഉത്തേജനത്തെ (Stimulus) പ്രജ്ഞാവഹതന്ത്രികൾ തലച്ചോറിൽ എത്തിക്കുകയും, അവിടെവച്ചു് അതിനെ തിരിച്ചറിഞ്ഞു് വേണ്ടതു ചെയ്യാനുള്ള ആജ്ഞയെ ചേഷ്ടാവഹതന്ത്രികൾക്കു് (motor nerves) കൊടുക്കുകയും ചെയ്യുന്നു. ഈ തന്ത്രികൾ പേശികൾവഴി ഉചിതമായി കർമ്മം ചെയ്യുന്നു. ഉദാഹരണമായി ശബ്ദം കേൾക്കുന്നതെങ്ങിനെ എന്നു നോക്കാം. ശബ്ദം, ഭയാനകമാണെങ്കിൽ ചെവി പൊത്തുവാനോ, സുഖദായകമെങ്കിൽ അതു് ആസ്വദിക്കുവാനോ ഉള്ള പ്രേരണയുണ്ടാക്കുന്നു.

മദം, മൂർച്ഛ (മോഹാലസ്യം) ഉന്മാദം, അപസ്മാരം തുടങ്ങിയ എല്ലാ രോഗങ്ങളും മാനസികങ്ങൾ ആണു്. ആദ്യത്തെ രണ്ടും അത്ര ആപൽകരമല്ല. ഉന്മാദം, അപസ്മാരം എന്നിവ കൂടുതൽ വിഷമതരങ്ങളാണു്. വേണ്ട സമയത്തു് ചികിത്സിക്കാത്തപക്ഷം വൈഷമ്യത്തിൽ കലാശിക്കുന്നു.

ഉന്മാദത്തിൽ അതാതു് ദോഷലക്ഷണങ്ങൾ മിക്കവാറും വ്യക്തമായി കാണാം. പൊതുവെ ശരീരകാശ്യം, ഉന്മേഷക്കുറവു്, തോന്നിയതു് പ്രവർത്തിക്കുന്നതിനുള്ള മനഃസ്ഥിതി, ഭക്ഷണങ്ങളിൽ അരുചി, അസ്വസ്ഥത എന്നീ ലക്ഷണങ്ങൾ കാണാം. ഉന്മാദത്തിൽ കാരണമില്ലാതെ കരയുക, ചിരിക്കുക, വലിയ ശബ്ദം ഉണ്ടാക്കുക ഈ ലക്ഷണങ്ങൾ പ്രകടമായിരിക്കും. ലഹരിപദാർത്ഥങ്ങളുടെ ഉപയോഗംകൊണ്ടു് മദാത്യയം എന്നൊരു രോഗവും ഉണ്ടാകാറുണ്ടു്. ഇതു് താല്ക്കാലികം മാത്രമാണു്. ലഹരിയുടെ ശക്തി കുറഞ്ഞാൽ താനെ ശമനംവരും. ഇതിലും മേൽപറഞ്ഞ ലക്ഷണങ്ങൾ പ്രകടിപ്പിക്കുവാനോ ഉറങ്ങുവാനോ ഇഷ്ടപ്പെടുന്നു.

ഇവയ്ക്കുപുറമെയും പല തരത്തിലുള്ള മാനസികോപദ്രവങ്ങളുണ്ടു്. അവ ആധുനികരീതിയിൽ പല പേരിലാണു് അറിയപ്പെടുക. എന്നാൽ ഇവയ്ക്കെല്ലാം കാരണം മാനസികമായ വൈഷമ്യം ആണു്. ഭയം, കോപം, സന്തോഷം, അത്യുദ്ധാനം, ദുഃഖം, പ്രതീക്ഷ ഇവയെല്ലാംതന്നെ പലവിധ മാനസികപരിവർത്തനങ്ങൾക്കും കാരണമാണു്. എങ്കിലും അതാതിനനുസരിച്ചു് യുക്തിപൂർവ്വമായ ചികിത്സകൊണ്ടു് ശമനം കിട്ടുന്നതാണു്.

എല്ലാ മാനസികരോഗങ്ങളും തക്കസമയത്തു് ചികിത്സിക്കാതിരുന്നാൽ വർദ്ധിക്കുവാൻ എളുപ്പമുണ്ടു്. രോഗിക്കു് ശുദ്ധവായുധാരാളം കിട്ടുവാൻ സൗകര്യം ഉണ്ടായിരിക്കണം. രോഗിയുടെ ചുറ്റും ആളുകൾ കൂട്ടംകൂടി നില്ക്കുകയോ രഹസ്യസംഭാഷണം നടത്തുകയോ രോഗിയെ സംശയിച്ചു നോക്കുക

യോ ചെയ്യുന്നതു് നല്ലതല്ല. തല്ക്കാലം രോഗിയുടെ മുഖത്തു് നല്ല തണുത്ത വെള്ളം തളിക്കുകയും പിന്നീടു് ബുദ്ധി തെളിയുന്നതിനും ക്ഷീണം മാറുന്നതിനും ആസവാരിഷ്ടങ്ങൾ മുതലായി അനുയോജ്യമായ ചികിത്സകൾ ചെയ്യേണ്ടതാണു്. മനസ്സിനു് സന്തോഷകരങ്ങളായ വിഷയങ്ങളിലേക്കു് രോഗിയുടെ ശ്രദ്ധതിരിക്കേണ്ടതുമാണു്.

ഉന്മാദത്തിലും അപസ്മാരത്തിലും വ്യക്തമായ ദോഷകോപമുണ്ടെങ്കിൽ ശോധന വരുത്തേണ്ടതാവശ്യമാണു്.

അല്പമായ ദോഷകോപത്തിൽ ശമന ചികിത്സ മതിയാകും. രോഗിയുടെ ദേഹബലത്തിനും, ദോഷകോപത്തിനും അനുസരിച്ചു് അതാതു് ഔഷധങ്ങളെക്കൊണ്ടു് സംസ്കരിച്ചു് സ്നേഹംകൊണ്ടു് സ്നിഗ്ധതവരുത്തി വസ്തിയൊ വിരേചനയോ വമനമൊ ചെയ്തു ദോഷശുദ്ധി വരുത്തേണ്ടതാണു്. അനന്തരം നസ്യം, ധാര തുടങ്ങിയ എല്ലാ ചികിത്സകളും ആവശ്യാനുസരണം ചെയ്യേണ്ടതുമാണു്. ഈ നടപടികൾമൂലം രോഗശമനം വ്യക്തമായി ഫലിച്ചുകാണാത്ത അവസരത്തിൽ അതിന്റെ കാരണം മനസ്സിലാക്കി വൈദ്യൻ യുക്തിപൂർവ്വം ചികിത്സിക്കയാണു വേണ്ടതു്. ചില പ്രത്യേക സാഹചര്യത്തിൽ രോഗിയെ ഭയപ്പെടുത്തുകയോ പീഡിപ്പിക്കുകയോ ചെയ്യേണ്ടതായിവരും. അലോപ്പതിയിൽ ഉള്ളതുപോലെ ഷോക്ട്രീറ്റുമെൻറിനു തുല്യമായ നിലയിൽ ആയുർവ്വേദ ഔഷധങ്ങൾ സേവിപ്പിച്ചും, ഷോക്കു് ഉണ്ടാക്കിയും രോഗം സുഖപ്പെടുത്തുന്നുണ്ടു്. ബുദ്ധിക്കും, മനസ്സിനും നഷ്ടപ്പെട്ട ഉണർവ്വു് വീണ്ടുകിട്ടുക, വേണ്ടകാര്യങ്ങളിൽ മുൻപത്തെപ്പോലെ താല്പര്യം കാണിക്കുക എന്നിവയാൽ മാനസ്സികരോഗത്തിനു് ശമനം കണ്ടുതുടങ്ങുന്നതായി നിശ്ചയിക്കാം. രോഗം പരിപൂർണ്ണമായി മാറുന്നതുവരെ വൈദ്യനും രോഗിയുടെ മിത്രങ്ങളും ചികിത്സാപരിപാടികളിൽ പ്രത്യേകം ശ്രദ്ധാലുക്കളായിരിക്കണം. രോഗിയുടെ മനസ്സിനു് പൂർണ്ണബലം കിട്ടുന്നതുവരെ യാതൊരു വിധത്തിലും മനഃക്ലേശം തട്ടാത്ത വിധത്തിൽ സൂക്ഷിക്കണം.

ചികിത്സയ്ക്കു് അതാതു കാലഘട്ടത്തിനു് അനുയോജ്യമായ വിധത്തിൽ നല്ല മാറ്റങ്ങൾ സ്വീകരിക്കേണ്ടതാണു്. ചികിത്സയുടെ പ്രാചീനതത്വത്തെ ഉപേക്ഷിക്കാതെതന്നെ ആധുനികരീതിക്കു് ചേരുംവിധം കൂട്ടുതൽ ആശാസ്യമായ നിലയിലേയ്ക്കു വൈദ്യലോകം പുരോഗമിക്കുവാൻ ശ്രമിക്കുമെന്നു പ്രത്യാശിക്കാം.

ശ്രീമാൻ അഴീക്കോടു് സൂചിപ്പിച്ചതുപോലെ, ഇന്നിന്റെ പ്രവാചകനായി ഇന്നലെ ജീവിച്ചുകൊണ്ടു്, ഭാവിയുടെ കരിമ്പാതകളിലേയ്ക്കു് പ്രതിഭയുടെ കൈത്തിരി നീട്ടിയ ചാവറയച്ചൻ ഇതിൽ നമുക്കൊരു മാതൃകയായിരിക്കട്ടെ.

''വാർമഴവില്ലിന്റെ വനമാലകോർക്കുന്ന
വാസരപുഷ്പക്കാരീ.....''



സപ്തസ്വരമനോഹരഗീതികളുണരും
സപ്തർഷിതാരംബുരുമീട്ടിവരും
നിത്യവസന്തപ്പൂവനിതോറും
നൃത്തനമാടാം തോഴികളേ.....

SHERTALLAY

WITH

BEST COMPLIMENTS

FROM :

N. T. JOSEPH

Jeweller

GREETINGS

FROM :

TRAVANCORE

MATS & MATTING

COMPANY

" മായാത്ത മഹാദിവ്യതേജസ്സ് "

(വിദ്വാൻ എം. ഒ. അവരാ)

കാലത്തിന്നതിസൂക്ഷ്മവീക്ഷണകോണങ്ങൾക്കു–
പോലുമിന്നോളമെത്തിച്ചേരുവാൻ കഴിയാതെ
നീലവിണ്ടലത്തിങ്കൽ എണ്ണമറ്റുള്ളതാരാ–
ജാലങ്ങൾ മിന്നിമിന്നിത്തിളങ്ങി വിളങ്ങുന്നു:
ആയവ സാധാരണമെങ്കിലും അതിൽ ചില–
തായത പ്രഭാപുഞ്ജമഞ്ജുളമാകർഷകം
ഓർക്കിലായതിൽ ചിലതീ ലോകം വെടിഞ്ഞിട്ടും
മായ്ക്കുവാൻ കഴിയാത്ത മംഗളപ്രഭാവത്താൽ
പൂതമാം പുണ്യതേജോരൂപമായനുഗ്രഹ
ഭൂതിലോകത്തിനേകാൻ നിത്യമായ് ശോഭിക്കുന്നു;
കല്പാന്തകാളമേഘത്തിനു മാമഹസ്സിനെ–
യല്പവും മറയ്ക്കുവാൻ സാധിക്കില്ലൊരിക്കലും.
ആവിധമൊരുതേജോ ഗോളമീ മണ്മറഞ്ഞ–
ചാവറ കുരിയാക്കോസേലിയാസെന്ന ദിവ്യൻ.
എണ്ണമറ്റുള്ള മഹാ ജ്യോതിസ്സിൻ ജനനിയാം–
പുണ്യകേരളഭൂവേ! നിനക്കു നമസ്കാരം.
പ്രകൃതിമനോഹരമായോരു ഗ്രീഷ്മർത്തുവിൻ–
പുലരി പിറന്നപ്പോളായിരത്തെണ്ണൂറഞ്ചിൽ
വാരെഴും ഫെബ്രുവരിയെട്ടാംനാൾ കൈനകരി–
പ്പേരുറ്റ ഗ്രാമത്തിങ്കൽ പിറന്നു പുണ്യശ്ലോകൻ,
ജ്ഞാനബുദ്ധിയും ദയാദൃഷ്ടിയും വിശുദ്ധിയും
മാനസേവളർന്നിതു ബാലനോടൊത്തുതന്നെ.
ധ്യാനവും പ്രാർത്ഥനയുമെന്നല്ല മതകൃത്യ–
താനനായ് ചെറുപ്പത്തിൽക്കഴിച്ചൂ മഹാൻ കാലം,
യേശുവാൽ വിളിക്കപ്പെട്ടെന്നതുപോലെ തൻറെ–
യാശയ്ക്കു രൂപംകൊണ്ട വൈദികാദ്ധ്യക്ഷനായി,
പേരുറപള്ളിപ്പുറം സെമ്മിനാരിയിൽച്ചെന്നു–
ചേരുവാനിടകിട്ടിയെണ്ണൂറിപ്പതിനഴിൽ,
അത്യന്തമഭിമതമായുള്ള ജീവിതത്തിൻ–
പുത്തനാംവഴിത്താര തന്നിലാവിശുദ്ധാത്മാ

ഏത്തി നിർമ്മലസ്നേഹശാന്തികൾക്കുള്ള ദിവ്യ-
സത്തയിലാത്മാരാമനായ് ദിനം നയിച്ചായ്;
ആയിരത്തിയെണ്ണൂറിയിരുപത്തൊമ്പതായി-
ച്ചേരുന്ന വർഷത്തിങ്കൽ സിദ്ധിച്ചു പൗരോഹിത്യം;
ഏതൊരു ദൈവപുത്രൻ മാനുഷർക്കുള്ള പാപ-
താപങ്ങളേറ്റുവാങ്ങിപ്പരിശുദ്ധതയേകി.
ആ മഹാൻ രണ്ടായിരത്താണ്ടുകൾക്കപ്പുറത്തു-
ശ്രീമെത്തും സത്യത്തിന്റെ നിർമ്മലശ്രീകോവിലിൽ
മങ്ങാതെ കൊളുത്തിയ വിശ്വാസദീപമല്പം-
മങ്ങുമാറിരുൾപരക്കുന്നതാമഹാൻ കണ്ടു;
തൽപരിഹാരത്തിനായജ്ജഗൽഗുരുവിന്റെ
പൊൽപാദപ്പാടുകളെപ്പിൻതുടർന്നീടാനായി,
കല്പിച്ചു സ്വജീവിതം ലോകോദ്ധാരണത്തിനാ-
യർപ്പിച്ചു—ദൈവത്തിന്റെ കല്പനയമ്മട്ടാവാം.
കർമ്മധീരരാം രണ്ടു വൈദികോത്തമന്മാരാ-
ധർമ്മശൂരന്റെ കയ്യിനേറെറവുമൂക്കുകൂട്ടി.

തോമാച്ചൻ പോത്തുക്കര, തോമാച്ചൻ പാലയ്ക്കലു-
മീമഹോദ്യമത്തിങ്കൽ തൃണച്ചു യഥാമാർഗ്ഗം.
സന്യാസസഭാസംസ്ഥാപനമീ മഹാന്മാർത-
ന്നനൃനയത്നത്തിന്റെ ഫലമായ് പൊരുൾകൊണ്ടു,
മാന്താനത്തായിരത്തിയെണ്ണൂറിമുപ്പത്തൊന്നിൽ
മെയ് മാസം പതിനൊന്നിലാശ്രമ ശിലപാകി,
സ്നേഹത്തിൻസ്വർഗ്ഗീയമാം സൗഹാർദ്ദം മനുഷ്യന്റെ
ദേഹത്തെ മാത്രമല്ല കരളും കുളുപ്പിച്ചു;
അസ്സഭോൽകർഷത്തിനും സമുദായോന്നതിക്കു-
മിസ്സദാശയൻപരം യത്നിച്ചു ജയംനേടി;
അക്കാലം ''റോക്കോസെ''ന്ന ധൂമകേതുവന്നെത്തി
സത്യത്തിൻ പ്രഭാപൂരം ധൂമത്താൽ മറയ്ക്കുവേ,
അരുണോദയത്തിലെ മഞ്ഞുപോലാവിപത്തും
തരണംചെയ്തു യശസ്സൂരനായ് പ്രശോഭിച്ചു.
ആരെയുമാകർഷിക്കും നിസ്തുലപ്രഭാവവും
ചാരുവാം വാഗ്മിതവും വിശിഷ്ടപാണ്ഡിത്യവും
ആ മഹാമനുഷ്യനെയേതുമാനസത്തിലും
ഹാ! മായാതുദ്യോതിപ്പാനേറെറവുമിടയാക്കി;
യുക്തി വിശ്വാസങ്ങൾതൻ ശരിയാംവെളിച്ചത്തിൽ
നിത്യാരാധനയ്ക്കേകീനിയമം നിരാമയം.
ഒരു നൂറ്റാണ്ടുമുമ്പീ സംസ്കൃതാശയൻ ധീമാ-
നൊരു സംസ്കൃതസ്ത്രൈണം സ്ഥാപിച്ചു മാന്താനത്തിൽ.
വാരുറഗ്രന്ഥാവലി പലതും നിർമ്മിച്ചേറെറം
പാരിച്ച കീർത്തിപൂരമുലകിൽ സ്ഫുരിപ്പിച്ചു;

വന്ദിതാമഹാത്മാവിൻ ചരമശതവർഷ-
മിന്നു നാം സപ്രശ്രയമായതുകൊണ്ടാട്ടുന്നു;
ദൈവദാസനാം മഹാൻ ചാവറയച്ചൻ ചെയ്ത-
ദിവ്യകാര്യങ്ങൾ കാര്യക്ഷമമായ് പുലർത്തീടാൻ.
നാമെടുക്കുക ദൃഢപ്രതിജ്ഞയതുതന്നെ-
യാമഹാത്മാവോടുള്ള കടമ നിറവേറ്റൽ.
ആദ്യമായ്ക്കന്യാമഠം സ്ഥാപിച്ചു കുന്നമ്മാ, വി-
ലാശ്രമം മാന്നാനത്തുമുണ്ടാക്കിയിവിടെയും.
ആ മഹാസ്ഥാപനങ്ങളിപ്പൊഴാ മഹാത്മാവിൻ
വാർമെത്തും കീർത്തിസ്തംഭമായിട്ടു വിളങ്ങുന്നു.
ആയിരത്തിയെണ്ണൂറിയറുപത്തിനാലതൊ-
ട്ടായതദൃഷ്ടിയാകുമിമ്മഹാൻ തന്റെ വാസം
കേവലം കുന്നമ്മാവിലാക്കിയദ്ദേശമിന്നി-
ബ്ഭൂവിലെ പുണ്യദേശങ്ങളിലൊന്നായി മാറി,
ആയിരത്തിയെണ്ണൂറിയെഴുപത്തിമൂന്നിലെ
യാജനുവരി മൂന്നാംനാളിലിപ്പുണ്യപുമാൻ
ഹാ! പരംപദം ചേർന്നു കുന്നമ്മാവതുമൂലം
പാപനാശനപുണ്യസ്ഥലത്തിലൊന്നായ്ത്തീർന്നു.
ദിവ്യനാമസീസിതൻ ജീവിതസ്നേഹം, പിന്നെ-
വിൻസന്റു ഡി-പാളിന്റെ ദീനാനുകമ്പാവ്രതം,
ബർണാർദിൻ മഹാകർമ്മകൗശലം, ലയോളതൻ-
വിശ്വാസസംരക്ഷണവ്യഗ്രതയിവയെല്ലാം,
ഒത്തുശോഭിച്ചീടുന്ന പുണ്യപുരുഷനായി
വർത്തിച്ചുമഹാനായ ചാവറയച്ചൻ ദിവ്യൻ.
സ്വാർത്ഥതലേശംപോലുമില്ലാതെയേവൻ പര-
മാർത്ഥമായ് ലോകക്ഷേമകരമായ് യത്നിക്കുന്നു,
ത്യാഗമെന്നാ യത്നത്തെയോതീടാമെങ്കിലതി-
ത്യാഗികൾക്കൊന്നാമനീ ചാവറയച്ചൻതന്നെ.
മായാത്ത മഹാദിവ്യതേജസ്സു പരത്തുന്ന
മോഹനനക്ഷത്രമേ! വിളങ്ങൂ മങ്ങീടാതെ.

അനശ്വരതയിലേക്കുള്ള കവാടം തുറക്കുന്ന സ്വർണ്ണത്താക്കോലാണ് മരണം. —മിൽട്ടൺ

* * *

സത്യസന്ധതയും ആത്മാർത്ഥതയുമാണ് എല്ലാ നന്മകളുടെയും സുശക്തമായ അടിത്തറ. —ക്രൗൺ

With Compliments From:

M/s. PERIYAR CHEMICALS LIMITED

P. O. EDAYAR

VIA. UDYOGAMANDAL

ALWAYE (KERALA)

Tel: 30431

Manufacturers of:

FORMIC ACID AND SODIUM SULPHATE


All Enquiries and Orders to:

M/s. ASPINWALL & CO. LTD.

CALVETTY,

COCHIN - 1

Tel: 24331



കുനമ്മാവ്—

ഒരു ചിത്രം

— ആൻറണി ചക്യത്തു്, ബി. എസ്സ്സി. —

ഒരു മഹാസംഭവത്തിൻെറ തുടക്കം കുറിച്ചുകൊണ്ടാണു് 1971 ഏപ്രിൽ 24-ാംനു-യിലെ പ്രഭാതം കുനമ്മാവിൽ പൊട്ടിവിടന്നതു്. കേരളജനത മുഴുവൻെറയും ആരാധ്യ പുരുഷനായ ചാവറ കുര്യാക്കോസു് ഏലിയാസച്ചൻെറ ചരമശതാബ്ദി ആഘോഷങ്ങളുടെ ഉദ്ഘാടനമായിരുന്ന അന്നു്. കുനമ്മാവിൻെറ ചരിത്രത്തിൽ സുവർണ്ണലിപികൾ കൊണ്ടു് രേഖപ്പെടുത്തേണ്ട ആ സുന്ദരദിനങ്ങളുടെ മായാത്ത മധുരസ്മരണകൾ തലമുറകളോളം നീണ്ടുനില്ക്കുമെന്നുള്ളതിൽ സംശയമില്ല. ദൈവദാസനായ ആ പുണ്യപുരുഷൻെറ പാവന പാദസ്പർശമേല്ക്കാൻ കുനമ്മാവിനു് ഭാഗ്യം ലഭിച്ചതു് ഏറ്റവും വലിയ അനുഗ്രഹമായി ഇവിടത്തെ ജനങ്ങൾ കരുതുകയാണു്. സഭാചരിത്രത്തിൽ മാത്രമല്ല, കേരളചരിത്രത്തിൽപോലും സുപ്രധാനങ്ങളായ പല സംഭവങ്ങൾക്കും ഈ കൊച്ചു ഗ്രാമം സാക്ഷ്യം വഹിച്ചിട്ടുണ്ടു്.

ആലുവായിൽനിന്നു് പത്തുമൈൽ പടിഞ്ഞാറുമാറി പറവൂരിനും വരാപ്പുഴയ്ക്കുമിടയ്ക്കു് ഏകദേശം ആറുമൈൽ ചുറ്റളവിൽ കിടക്കുന്ന സുന്ദരമായൊരു പ്രദേശമാണു് കുനമ്മാവു്. പടിഞ്ഞാറെ കായലിൽനിന്നു് വീശുന്ന കുളിർകാറ്റേറ്റു് തലയാട്ടിനില്ക്കുന്ന കേരവൃക്ഷങ്ങളും, മുറ്റിത്തഴച്ചു് നില്ക്കുന്ന 'പ്രിയോർ' മാവുകളും എവിടെയും കാണാം. വിശാലമായ നെൽപ്പാടങ്ങളും ഈ ഗ്രാമത്തിൻെറ ഭാഗി വർദ്ധിപ്പിക്കുന്നു. വള്ളുവള്ളി, പറവൂർ, പുത്തൻപള്ളി, വരാപ്പുഴ, കോട്ടവള്ളി, കൊങ്ങോർപ്പിള്ളി, ആല

ദൈവദാസനായ ആ പുണ്യപുരുഷൻെറ പാവന പാദസ്പർശമേൽക്കാൻ കുനമ്മാവിനു് ഭാഗ്യം ലഭിച്ചതു് ഏറ്റവും വലിയ അനുഗ്രഹമായി ഇവിടത്തെ ആളുകൾ കരുതുകയാണു്. സഭാചരിത്രത്തിൽ മാത്രമല്ല കേരളചരിത്രത്തിൽപോലും സുപ്രധാനങ്ങളായ പല സംഭവങ്ങൾക്കും ഈ കൊച്ചു ഗ്രാമം സാക്ഷ്യംവഹിച്ചിട്ടുണ്ടു്.

With best wishes

from:

Fr. Theobald C. M. I.

Prior General

Prior General's House,

ERNAKULAM

COCHIN - II

Phone: 33227

ങ്ങാട്ട് ഇവ കുനമ്മാവിന്റെ സമീപപ്രദേ
ങ്ങളാണ്. അടുത്തുള്ള പ്രധാന വ്യവസായ
മേഖലകളാണ് ആലുവായും ഏലൂരും കളമ
ശ്ശേരിയും മറ്റും.

'കുനമ്മാവു്' എന്ന പേരിനു് പിറ
കിൽ ഒരൈതിഹ്യമുണ്ടു്. ടിപ്പുസുൽത്താ
ന്റെ പടയോട്ടക്കാലം. അദ്ദേഹം ആല
ങ്ങാട്ടെത്തിയശേഷം ഈ പ്രദേശത്തുകൂടി
കടന്നുപോവുകയായിരുന്നു. യാത്രചെയ്തു്
ക്ഷീണിച്ച അദ്ദേഹം കുതിരപ്പുറത്തുനിന്നി
റങ്ങി വിശ്രമിക്കാനായി, പടന്നപന്തലിച്ചു
നില്ക്കുന്ന ഒരു മാവിൻചുവട്ടിൽ തന്റെ വാ
ളും ചാരിവച്ചു് ഇരുന്നു് ഒന്നുമയങ്ങി.
മയക്കം വിട്ടെഴുന്നേറ്റ സുൽത്താൻ
നന്ദിപൂർവ്വം മാവിനെ ഒന്നു നോക്കി. അ
പ്പോൾ അദ്ദേഹത്തിനു തോന്നി ആ മാവിനു്
ഒരു കുനുണ്ടെന്നു്. അതേപ്പറ്റി ഓർത്തു്
ഉള്ളിലൊന്നു് ചിരിച്ചുകൊണ്ടു് അദ്ദേഹം
വീണ്ടും കുതിരപ്പുറത്തുകയറി. പക്ഷേ അ
വിടെ ചാരിവച്ചിരുന്ന വാൾ എടുക്കാൻ
അദ്ദേഹം മറക്കുകയുംചെയ്തു കോട്ടയിലെ
ത്തിയപ്പോഴാണു് അദ്ദേഹമക്കാര്യം ഓർമ്മി
ച്ചതു്. ഉടനെ പടയാളികളെ വിളിച്ചു്
ആ 'കുനൻമാവി'ന്റെ ചുവട്ടിൽ വച്ചിരി
ക്കുന്ന വാളെടുത്തുകൊണ്ടുവരാൻ പറഞ്ഞയ
ച്ചു. അവർ ഈ സ്ഥലത്തുവന്നു് 'കുനൻ
മാവു്' അന്വേഷിച്ചുതുടങ്ങി. അവസാനം
വാൾ കണ്ടുപിടിക്കയും ഈ പ്രദേശത്തിനു്
'കുനമ്മാവു്' എന്നു് നാമകരണം ചെയ്തു
കയുംചെയ്തു. ഇതു് വെറുമൊരു ഐതിഹ്യം
മാത്രമാണു്.

വി. ഫിലോമിനായുടെ ദേവാലയം

വരാപ്പുഴ രൂപതയുടെ മെത്രാപ്പോലീ
ത്തയായിരുന്ന ബർണ്ണർദീനോസ് തിരുമേ
നിയാണു് ഈ ദേവാലയവും അതിനോട്ട
ചേർന്ന വൈദികമന്ദിരവും സ്ഥാപിച്ചതു്. ലത്തീൻ വൈദികർക്കുവേണ്ടി ഒരു സന്യാ
സാശ്രമം ഇവിടെ തുടങ്ങണമെന്നായിരുന്നു
അദ്ദേഹത്തിന്റെ ഉദ്ദേശമെങ്കിലും അതി
നായി അത്ഥികളെ ലഭിക്കാതിരുന്നതിനാൽ
1857 ആഗസ്റ്റുമാസം പ്രസ്തുത ദേവാല
യവും കെട്ടിടങ്ങളും സുറിയാനി സന്യാസ
സഭാപ്രിയോരായിരുന്ന ചാവറ കുര്യാക്കോ
സച്ചനെ ഏല്പിക്കയാണുണ്ടായതു്. അന്നു്
ബ. ചാവറയച്ചൻ മാന്നാനത്തായിരുന്നു;
അതിന്റെ ഒരു ശാഖപോലെ കുനമ്മാവി
ലും സന്യാസജീവിതം ആരംഭിച്ചു. പ്രസ്തു
ത സുറിയാനി ആശ്രമങ്ങളുടെ ഡലഗേറ്റാ
യിരുന്ന ലയോപ്പോൾദ് മിഷനറിയും പൊ
തുശ്രേഷ്ഠനായിരുന്ന ചാവറയച്ചനും ഒരുമി
ച്ചു് താമസിക്കുന്നതു് നന്നായിരിക്കുമെന്ന
അഭിവന്ദ്യ തിരുമേനിയുടെ ആഗ്രഹപ്രകാ
രം ചാവറയച്ചൻ കുനമ്മാവു് ആശ്രമത്തിൽ
1864 ജനുവരിമുതൽ താമസമാക്കി. ദൈവ
ദാസനായ കുര്യാക്കോസ് ഏലിയാസച്ചൻ
തന്റെ പ്രാർത്ഥനാ-പ്രേഷിതജീവിതത്തി
ന്റെ അവസാനത്തെ ഏഴുവർഷം കഴിച്ചു
കൂട്ടിയതു ഇവിടെയാണു്. അദ്ദേഹം താമ
സിച്ചിരുന്ന മുറിയുടെ ഒരു ഭാഗം അദ്ദേഹ
ത്തിന്റെ ശാശ്വതസ്മരണയ്ക്കായി ഇന്നും നി
ലകൊള്ളുന്നു. 1871 ജനുവരി 3-ാംതീയതി
ആ പുണ്യപുരുഷന്റെ പാവനാത്മാവു ത
ന്റെ പ്രതിസമ്മാനത്തിനായി യാത്രയായി.
അദ്ദേഹത്തിന്റെ മൃതശരീരം ഈ ദേവാല
യത്തിൽ സംസ്കരിക്കപ്പെട്ടുകയുംചെയ്തു.

1886-ൽ ഇന്ത്യൻ ഹൈരാർക്കി സ്ഥാ
പിതമായതോടുകൂടി സുറിയാനിക്കാരെ വരാ
പ്പുഴ അതിരൂപതയുടെ അധികാരത്തിൽനി
ന്നു് വിടർത്തിക്കൊണ്ടു് 1887 മെയ്
20-ാംനു. ലയോ 13-ാമൻ കല്പന പുറപ്പെടു
വിച്ചു. അതനുസരിച്ചു് സുറിയാനി വൈ
ദികരുടെ പത്രമേനികൊണ്ടു് വാങ്ങിയവ
യും മറ്റു ചില സ്ഥലങ്ങളും ഒഴികെ എല്ലാം
പീലിപ്പോസ് മിഷനറിയെ ഏല്പിക്കാൻ
കല്പനയായി. അതനുസരിച്ചു് പ്രസ്തുത ദേ
വാലയവും ആശ്രമവും അദ്ദേഹത്തെ ഏല്പി
ക്കുകയും സുറിയാനി വൈദികരായ കർമ്മ

ലിത്തോ സന്യാസികൾ വിടവാങ്ങുകയും ചെയ്തു. അവർ ചാവറയച്ചന്റെ ഭൗതികാവശിഷ്ടങ്ങളും കൂടെക്കൊണ്ടുപോയി, മാന്നാനം മാതൃഭവനത്തിലെ ദേവാലയത്തിൽ പൂജ്യമായി സ്ഥാപിക്കുകയുംചെയ്തു.

കേരളത്തിലുടനീളം പ്രചാരത്തിലായിരിക്കുന്ന നാല്പതുമണി ആരാധന ചാവറയച്ചൻ സംവിധാനംചെയ്ത് ആദ്യമായി നടത്തിയതു് കൂനമ്മാവിലാണു്. ഇന്നത്തെ പ്രഭാഷണരീതിയിലുള്ള ധ്യാനം ലയോപ്പോൾദ് മിഷനറിയും ചാവറയച്ചനുംചേർന്നു് ക്രമപ്പെടുത്തിയശേഷം കൂനമ്മാവിൽ പരീക്ഷിക്കപ്പെട്ടു.

വി. ത്രേസ്യായുടെ കന്യകാമഠം

പുരുഷന്മാക്കുള്ളതുപോലെതന്നെ ഒരു സന്യാസാശ്രമം സ്ത്രീകൾക്കും വേണമെന്നുള്ള ലെയൊപ്പോൾദ് മിഷനറിയുടെയും ചാവറയച്ചന്റെയും ആഗ്രഹസാക്ഷാത്ക്കാരമാണു് ഈ കന്യകാലയം. 1866 ഫെബ്രുവരി 13-ാം തീയതി ആരംഭിച്ച ഈ മഠം സ്ത്രീകൾക്കുവേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ സന്യാസാശ്രമമാണു്. ഓച്ചന്തുരുത്തു് പള്ളി ഇടവക ഏലീശ്വാ എന്ന വിധവയും അവരുടെ മകൾ അന്നയും ഇളയ സഹോദരി ത്രേസ്യായും വൈക്കം പള്ളി ഇടവക പുത്തനങ്ങാടി ഏലീശ്വായുമാണു് ആദ്യ സന്യാസിനികൾ. ഒരു പനമ്പു് ഷെഡിലാണു് ഇവർ ജീവിതം തുടങ്ങിയതു്. പിന്നീടു് പലരിൽനിന്നും പണംപിരിച്ചെടുത്തു് ചാവറയച്ചൻ അവക്കായി ഒരു കെട്ടിടം പണികഴിപ്പിച്ചു 1867 മാർച്ചു് 27-ാംതീയതി നാലു് അന്തിമർക്കു് സഭാവസ്ത്രം നൽകിക്കൊണ്ടു് ബർണ്ണർദീനോസു് മെത്രാപ്പോലീത്ത ഈ സന്യാസസഭയെ കാനോനികമായി സ്ഥാപിച്ചു. 1857-ലെ ലത്തീൻ സുറിയാനി വിഭജനത്തെത്തുടർന്നു് ലത്തീൻകാരായ സന്യാസിനികൾ വരാപ്പുഴയ്ക്കു മാറി.

ഈ കന്മല വൃക്ഷത്തിൽനിന്നു് ശാഖകളായും ഉപശാഖകളായും വളരെയധികം കന്യകാലയങ്ങൾ കേരളത്തിലും പുറത്തും വളർന്നുവന്നിട്ടുണ്ടു്. ഈ സഭയിൽപ്പെട്ട സന്യാസിനികൾ ചെയ്തുവരുന്ന സാമൂഹ്യ സാംസ്കാരിക വിദ്യാഭ്യാസമണ്ഡലങ്ങളിലെ സേവനങ്ങൾ സ്തുത്യർഹങ്ങളാണു്.

വി. യൗസേപ്പിന്റെ ആശ്രമം

വി. ഫിലോമിനായുടെ ദേവാലയത്തിൽനിന്നും മുന്നൂറു് വാര അകലെയായി സ്ഥിതിചെയ്യുന്ന ഈ ആശ്രമം 1901-ൽ അന്നത്തെ സുറിയാനി കന്മലീത്തരുടെ പൊതുശ്രേഷ്ഠനായിരുന്ന ബ. യൗസേപ്പു് യോഹന്നാനച്ചൻ പണികഴിപ്പിച്ചതാണു് നേര്യാമ്പാറമ്പിൽ ബ. യോഹന്നാനച്ചനാണു് ആദ്യത്തെ വികാരി. 1943 ൽ ഈ ദേവാലയത്തിന്റെ മുഖവാരമിടിഞ്ഞുവീണപ്പോൾ മണ്ണൂർ ബ.റമീജിയസച്ചൻനിർമ്മിച്ചതാണു് ഇപ്പോഴത്തെ മനോഹരമായ ദേവാലയം. 1909 മുതൽ 1914 വരെ ഈ ആശ്രമം സുറിയാനി കന്മലീത്തരുടെ പൊതുശ്രേഷ്ഠന്റെ ആസ്ഥാനമായിരുന്നു. 1931-ൽ ഇതു് ഒരു കാനോനികാശ്രമമായി ഉയർത്തുകയും പാറയ്ക്കൽ ബ അർസേനിയൂസച്ചനെ ആദ്യത്തെ പ്രിയോരായി നിയമിക്കുകയുംചെയ്തു. 1932 മുതൽ 1960 വരെ വൈദികവിദ്യാർത്ഥികളുടെ പഠനഗൃഹമായിരുന്ന ഈ ആശ്രമം. 1903-ൽ ഇൻഡ്യയിലെ പേപ്പൽ പ്രതിനിധി കേരളം സന്ദർശിച്ചപ്പോൾ ഈ ആശ്രമവും സന്ദർശിക്കയുണ്ടായി. ഐ. ടി. സി. ഒരു വൃദ്ധമന്ദിരം ഇവയാണു് പ്രധാന സ്ഥാപനങ്ങൾ.

വിദ്യാഭ്യാസം

രണ്ടു് ഹൈസ്കൂളും, ഒരു ഐ. ടി സി. യുമാണു് ഇവിടത്തെ പ്രധാന വിദ്യാഭ്യാസ സ്ഥാപനങ്ങൾ. വി. ഫിലോമിനായുടെ ദേവാലയത്തോടനുബന്ധിച്ചു് 1891-ൽ ഒരു

ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിച്ചു. 1895-ൽ അതൊരു ഹൈസ്കൂളാക്കി ഉയർത്തി. കേരളത്തിലെ ആദ്യത്തെ കത്തോലിക്കാ ഹൈസ്കൂളായിരുന്നു കുന്നമ്മാവിലേത്. 1898ൽ ഈ ഹൈസ്കൂൾ സെൻറ് ആൽബർട്ട്സ് എന്നപേരിൽ എറണാകുളത്തേയ്ക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. പ്രസ്തുത സ്കൂളാണ് ഇന്നത്തെ സെൻറ് ആൽബർട്ട്സ് കോളെജ്. പിന്നീട് 1901-ൽ ഇവിടെ സ്ഥാപിച്ച ലോവർ പ്രൈമറി സ്കൂൾ വളർന്നുവന്നതാണ് ഇന്നത്തെ സെൻറ് ഫിലോമിനാസ് ഹൈസ്കൂൾ. ഒരു അന്തർദ്ദേശീയ താരമായ ശ്രീ ടി. ഡി. ജോസഫ് (പപ്പൻ) ഈ സ്കൂളിലെ വിദ്യാർത്ഥിയായിരുന്നു. 1964-ൽ ഇവിടത്തെ കന്യകാമഠത്തോടനുബന്ധിച്ച് സ്ഥാപിതമായ മറ്റൊരു ഹൈസ്കൂളാണ് സെൻറ് ജോസഫ്സ് ഗേൾസ് ഹൈസ്കൂൾ.

കെ. സി. എം; ഐ. ടി. സി.

വളരെ പ്രശസ്തമായ നിലയിൽ ഇവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കുര്യാക്കോസ് ചാവറ മെമ്മോറിയൽ ഇൻസ്റ്റിയൂട്ട് ടെയിനിംഗ് സെൻറർ(K.C.M.I.T.C.) 1965-ൽ ആരംഭിച്ചു. വി. യൗസേപ്പിൻറെ ആശ്രമത്തോടനുബന്ധിച്ചു സ്ഥാപിതമായിരിക്കുന്ന ഈ ഐ. ടി. സി. അനുദിനം പുരോഗതിയിലേയ്ക്ക് കുതിച്ചുകൊണ്ടിരിക്കുന്നു. സാങ്കേതിക വിജ്ഞാനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് തൊഴിൽ നല്കുവാൻ ഉപയുക്തമാംവിധം 1966 മുതൽ ഒരു പ്രൊഡക്ഷൻ സെൻററും ആരംഭിച്ചിട്ടുണ്ട്.

മുദ്രാലയം

1868-ൽ ചാവറയച്ചനും ലെയോപ്പോൾദ് മിഷനറിയുംകൂടി കുന്നമ്മാവിൽ "അമലോത്ഭവമാതാവിൻറെ അച്ചുക്കൂടം" എന്ന പേരിൽ ഒരു പ്രസ്സ് സ്ഥാപിക്കുകയുണ്ടായി. ചാവറയച്ചൻ രചിച്ച 'സുറിയാനി കാനോന നമസ്കാര'മാണ് ഈ പ്രസ്സിൽ അച്ചടിച്ച ആദ്യത്തെ പുസ്തകം. 1880-ൽ ഇതു വരാപ്പുഴയ്ക്ക് മാറ്റി. പിന്നീട് 1896 ൽ എറണാകുളത്തേയ്ക്കും. ഐ. എസ്സ്. പ്രസ്സ് എന്നപേരിലാണ് ഇന്നതറിയപ്പെടുക

വ്യവസായരംഗം

ഈ രംഗത്തു കുന്നമ്മാവു് അത്രയേറെ പുരോഗമിച്ചിട്ടില്ല. കർഷകരാണ് വലിയൊരുഭാഗം ആളുകൾ. ഇവിടത്തെ പ്രധാന വ്യവസായം കൊന്ത, കാശുരൂപം, മെഡൽ, വെന്തിങ്ങ മുതലായ ഭക്തസാധനങ്ങളുടെ നിർമ്മാണവും വില്പനയുമാണ്. ഇവിടെ നിർമ്മിക്കപ്പെടുന്ന സാധനങ്ങൾ ഇൻഡ്യയുടെ വിവിധഭാഗങ്ങളിലെന്നല്ല വിദേശത്തുപോലും വില്ക്കപ്പെടുന്നു. നിർമ്മാണത്തിൽ സ്ത്രീകളും സഹകരിക്കുന്നു. ഭക്തവസ്തുക്കളുടെ നിർമ്മാണത്തിനു് പ്രസിദ്ധിയാർജ്ജിച്ചിട്ടുണ്ടു് കുന്നമ്മാവു്.

സാമൂഹ്യ-ജീവകാരുണ്യ പ്രവർത്തനങ്ങൾ

സാമൂഹ്യരംഗത്തും, ജീവകാരുണ്യപ്രവർത്തനങ്ങളിലും കുന്നമ്മാവു് വളർന്നുകൊണ്ടിരിക്കുന്നു. ഇവിടത്തെ ആശ്രമത്തോടനുബന്ധിച്ചു് നടത്തുന്ന വൃദ്ധന്മാർക്കായുള്ള അഗതിമന്ദിരത്തിൻറെ കാര്യം മുൻപു് സൂചിപ്പിച്ചല്ലോ. കന്യകാമഠത്തോടനുബന്ധിച്ചു് ഒരു അനാഥശാലയും പ്രവർത്തിക്കുന്നുണ്ടു്. ഇവയ്ക്കുപുറമേ ധാരാളം സംഘടനകളും സുന്ദരകലകളെ പ്രോത്സാഹിപ്പിച്ചുകൊണ്ടു് ക്ലബുകളും സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

With Best Compliments

From :

PAI

AND

COMPANY

BROADWAY,

ERNAKULAM,

COCHIN - 11.

ചാവറ അച്ചൻ
ഒരു മാതൃകാപുരുഷൻ

Sr. Georgia, Mother General C. T. C.
(Congregation of Teresian Carmelites)

ഒരു പുണ്യശ്ലോകൻ, കേരളകർമ്മലസഭാസ്ഥാപകൻ, സമുദായോദ്ധാരകൻ എന്നീ നിലകളിൽ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ നടത്തിയ മഹത്സേവനങ്ങൾ



അത്ഭുതാവഹങ്ങളാണ്. അദ്ദേഹത്തിന്റെ പുണ്യപരിമളത്തിന്റെ മാറ്റു വർദ്ധിപ്പിക്കുന്ന ഉരകല്ലുകളാണ് ഇവയെല്ലാം. ആ പുണ്യപുരുഷന്റെ ആഭ്യന്തരജീവിതത്തിലേയ്ക്ക് ഒന്നു കണ്ണോടിച്ചാൽ നമുക്ക് ആ പാവന മാതൃകകൾ പലതും പഠിക്കുവാൻ സാധിക്കും. അദ്ദേഹത്തിന്റെ സഹവർത്തികളായിരുന്ന പല മഹത്തുക്കളും ഇതേപ്പറ്റി സാക്ഷ്യം വഹിക്കുന്നുണ്ട്. അനിതരസാധാരണനായ ഒരു പുണ്യാത്മാവെന്ന നിലയിൽ അദ്ദേഹം സർവ്വത്ര സംപൂജ്യനായിരുന്നുവെന്ന് എല്ലാവരും ഏകകണ്ഠമായി അഭിപ്രായപ്പെടുകയാണ്. ഈ നേട്ടത്തിനു ബാല്യകാലത്തുതന്നെ സ്വന്തമാതാപിതാക്കളിൽനിന്ന് പ്രചോദനം ലഭിച്ചിരുന്നു. സൽഗുണസമ്പന്നയായ അദ്ദേഹത്തിന്റെ മാതാവ് തന്റെ പ്രിയസുതനിൽ വിശുദ്ധിയുടെ വിത്തുകൾ പാകി മുളപ്പിക്കുവാൻ കൂട്ടിക്കാലത്തുതന്നെ ശ്രദ്ധിച്ചിരുന്നു. കാരുണ്യവാനായ ദൈവത്തിൽനിന്ന് പുറപ്പെട്ട് അവിടത്തെ പക്കലേയ്ക്കു നിർഗ്ഗമിക്കുന്നു എന്നുള്ള വിശ്വാസമായിരുന്നു അദ്ദേഹത്തിന്റെ സുകൃതസൗധത്തിന്റെ അസ്ഥിവാരം. ഈ വിശ്വാസത്താൽ നിയന്ത്രിതമായിരുന്നു സകല പ്രവർത്തികളും. അങ്ങനെ വിശ്വാസത്തിന്റേയും ദൈവസാന്നിദ്ധ്യസ്മരണയുടേയും അവിഭാജ്യസന്താനമായിരിക്കുന്ന പ്രാർത്ഥനാസക്തി ഇദ്ദേഹത്തിന്റെ നിത്യസഹചാരിണിയായിരുന്നു. ഏലിയാസച്ചൻ എപ്പോഴും, എവിടേയും പ്രാർത്ഥിച്ചിരുന്നു. തന്റെ കൃതികളെല്ലാം പ്രാർത്ഥനാസമ്മിളിതമായിരുന്നു. ഈ വിശ്വാസത്തിന്റേയും പ്രാർത്ഥനയുടേയും പ്രത്യക്ഷലക്ഷണമാണ്, കൂത്താലിക്കാ തിരുസഭയുടെമേലും മേലദ്ധ്യക്ഷന്മാരുടെമേലും അച്ചനുണ്ടായിരുന്ന സ്നേഹബഹുമാനാദരങ്ങൾ. വി

The Bank of Cochin Limited

(Regd. Office: Broadway, Ernakulam, Cochin-11)

AUTHORISED DEALERS IN FOREIGN EXCHANGE

LETTERS OF CREDIT OPENED

POUND, DOLLAR, CHEQUES, NEGOTIATED

Branches:

Adimaly, Asokapuram, Calicut, Chalakudy, Cochin (Mattancherry), Edamattam, Erattupetta, Ernakulam (Cochin), Elappara, Irinjalakuda, Kaloor (Cochin), Kattoor, Kattappana, Kottayam, Kuthithode, Munnar, Moozikulam, Nellimattom, Perumanoor (Cochin), Pothanikad, Ramapuram, Trichur, Thodupuzha, Trivandrum, Vadanappally, Ullala (KTM. Dist.) Vazhakulam, Vyttila & W/Island (Steamer Point)

DEPOSIT INTEREST UPTO 8%

K. M. THARIYAN B. Com. A. C. A.
CHAIRMAN

S. P. Luiz, F. I. C. E., Ex. M. L. A.

Luiz Estate
Kalamasserry P. O., Alwaye-4
Phone: 30323, 30333 Kal.

"Interested to buy large and small collections of stamps and old stamp covers."

K. K. Damodaran & Company

Indian Oil Dealers
River Road,
FORT COCHIN
Phone: 26261, 26905

ശാലമായ അദ്ദേഹത്തിന്റെ ഹൃദയത്തിൽ നിന്നും നിഗ്ഗളിച്ചിരുന്ന സ്നേഹരശ്മികൾ സഹസഹോദരങ്ങളിൽ യഥാർത്ഥ ഉപവി എന്താണെന്നു് മനസ്സിലാക്കിക്കൊടുക്കുന്നതിനു് പര്യാപ്തമായിരുന്നു. ഇങ്ങനെ ദൈവസ്നേഹത്താൽ ജ്വലിച്ച ഒരു ഹൃദയം അദ്ദേഹത്തിനുണ്ടായിരുന്നതിനാലാണു് ഇത്ര വലിയ കാര്യങ്ങൾ ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചതു്.

ഈ ദിവ്യസ്നേഹം അദ്ദേഹം കേന്ദ്രീകരിച്ചിരുന്നതു് ദിവ്യകാരുണ്യഭക്തിയിലായിരുന്നു. ദിവ്യകാരുണികനായ നമ്മുടെ ആത്മീയമണവാളൻ എഴുന്നള്ളിയിരിക്കുന്ന സക്രാരി ഭൂലോകത്തിലെ സ്വർഗ്ഗമെന്നു വിശ്വസിച്ചുകൊണ്ടു് അദ്ദേഹം തന്റെ പരമാനന്ദം അവിടെ കണ്ടെത്തിയിരുന്നു. തിരമാലകളാൽ ഇളകിമറിയുന്നതായാലും നമ്മുടെ ഹൃദയം, ആ ദിവ്യസക്രാരിയുടെ മുന്നിൽ ചെന്നുനിന്നു് ആനന്ദനിർവൃതിയിലണയുമ്പോൾ അതിശാന്തമോഹനമായിത്തീരുമല്ലോ. ഈ ദിവ്യകാരുണ്യഭക്തി ചെറുപ്പത്തിലേ ശീലിച്ചുപോന്നതാണു്. തന്റെ മക്കളായ സന്ന്യാസികളേയും കന്യാസ്ത്രീകളേയും ഈ ദിവ്യകാരുണ്യഭക്തിയാൽ ജ്വലിപ്പിക്കുന്നതിനു് അതീവതല്പരനായിരുന്നു, ഏലിയാസച്ചൻ.

തന്റെ ഈ ദൈവസ്നേഹം അവിടെമാത്രം ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല അതു് ദൈവമാതാവിനോടുള്ള ഭക്തിയിലേയ്ക്കും കടന്നു. ജനിച്ച നാൾമുതൽ ദൈവജനനിയുടെ പ്രത്യേക കടാക്ഷത്താൽ വളർത്തപ്പെടുവാനുള്ള ഭാഗധേയമാണു് ഈ വന്ദ്യദേഹത്തിനു സിദ്ധിച്ചതു്. കാരണം സ്വമാതാവു് തന്റെ മകനെ ബാല്യത്തിലേ ദൈവമാതാവിനു് പ്രതിഷ്ഠിക്കയാണു ചെയ്തതു്. ഒരു വലിയ ഭക്തയായിരുന്ന ആ മാതാവു് അർദ്ധരാത്രിപോലും മുട്ടുകുത്തി പ്രാർത്ഥിച്ചിരുന്ന സമയത്തു്, തന്റെ ഓമനസന്താനത്തേയും ഭാഗഭാക്കാക്കിയിരുന്നു. ദൈവജനനിയുടെ നേർക്കു് ഇദ്ദേഹത്തിനുണ്ടായിരുന്ന പുത്രനിർവ്വിശേഷമായ സ്നേഹാതിരേകത്താൽ, തന്റെ അമ്മയുടെ മരണശേഷം തന്നെത്തന്നെ ആ ദിവ്യഅമ്മയ്ക്കു് മകനായി സമർപ്പിച്ചു.

ഇദ്ദേഹത്തിന്റെ പരസ്നേഹമാതൃകനമുക്കെല്ലാവർക്കും അനുകരണാർഹമാണു്. ആത്മാക്കളുടെ രക്ഷയിലുണ്ടായിരുന്ന അക്ഷീണമായ ഉത്സാഹം ഇതിനു തെളിവു തരുന്നു. ക്രമാനുഷ്ഠാനത്തിൽ അതീവതല്പരനായിരുന്ന ഇദ്ദേഹം ക്രമാനുഷ്ഠാനനിരതരായിരിപ്പാൻ സഭാമക്കളെയെല്ലാം സർവ്വാത്മനാ പ്രേരിപ്പിച്ചുകൊണ്ടു് പൈതൃകമായ ആശിസ്സു് നൽകിയ ശേഷമാണു് ഇഹലോകവാസം വെടിഞ്ഞതു്. ഈ ഉപദേശത്തിക്കാളേറെയായി താൻ സ്വമാതൃകയാൽ അവരെ പഠിപ്പിച്ചതിനുശേഷമാണു് അവരെ വിട്ടുപിരിഞ്ഞതു്.

ഒരു സഭാശ്രേഷ്ഠനെന്ന നിലയിലും അദ്ദേഹം കീഴുള്ളവർക്കു് മാതൃകയായിരുന്നു. ഒരു ശ്രേഷ്ഠനായിരുന്ന അവസരത്തിൽപോലും ഒരു നവസന്ന്യാസിയെപ്പോലെ ക്രമാനുഷ്ഠാനത്തിൽ ശ്രദ്ധാലുവായിരുന്നു. കൂട്ടത്തിനടുത്ത പ്രവർത്തികൾക്കെല്ലാം പ്രഥമനായിക്കൊണ്ടും ഭക്ഷണത്തിലോ വസ്ത്രത്തിലോ യാതൊരു പ്രത്യേകതയും കൂടാതെയും അദ്ദേഹം ജീവിച്ചു.

ഇങ്ങനെ നോക്കുമ്പോൾ ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെ ആദ്ധ്യാത്മിക ജീവിതം ആഴമേറിയതായിരുന്നു, വേരുറപ്പുള്ളതായിരുന്നു എന്നു് നമുക്കു മനസ്സിലാക്കാം. അദ്ദേഹത്തിന്റെ ആ ഹൃദയവിശാലതയും, വിനയവും, പരസ്നേഹവുമെല്ലാം നമ്മിൽ ഓരോരുത്തരിലും കെടാവിളക്കുകൾപോലെ പ്രശോഭിക്കേണ്ടതാണു്. ഇവ നമ്മുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ആത്മാർത്ഥമായി പരിശ്രമിക്കാം.

★ ★ ★

WITH THE BEST COMPLIMENTS FROM:

INDIAN RARE EARTHS LIMITED

Manufacturers of :-

1) Rare Earths Chloride
2) Rare Earths Fluoride
3) Cerim Oxide
4) Rare Earths Oxide
5) Trisodium Phosphate
6) Lanthanum Nitrate
7) Lanthanum Oxide
8) Cerium Nitrate

AT

RARE EARTHS DIVISION
Udyogamandal P. O.
ALWAYE
(S. India)

1) Ilmenite
2) Zircon
3) Rutile
4) Garnet
5) Zirconium Opacifier/Flour
6) Leucoxene

AT

MINERALS DIVISION
Post Box No. 38
Beach Road
QUILON
(S. India)

1) Thorium Nitrate
2) Thorium Oxide
3) Thorium Hydrocarbonate

AT

THORIUM PLANT TROMBAY
BOMBAY

Regd. Office:
Pil Court,
111, Maharshi Karve Road, Bombay-20 (BR)

ദൈവദാസനും സി. എം. സി. സഭയും

Sr. Mary Celine,
(Mother General, Congregation of Mother of Carmel, Thaikkattukara, Alwaye)

തപസ്വികളുടേയും തത്വജ്ഞാനികളുടേയും നാടായ ഭാരതത്തിലെ മജ്ഞുളമലർവാടിയാണല്ലൊ നമ്മുടെ കൊച്ചു കേരളം. ആര്യചരിതരായ മഹാത്മാക്കൾ ഈ കേരളത്തിലും ഉദയംചെയ്തിട്ടുണ്ടു് എന്നുള്ളതു് നമുക്കു് ഏറ്റവും അഭിമാനകരമായ വസ്തുതയാണു്.



ഭാഗ്യസ്മരണാർഹനായ കർമ്മലീത്താ മിഷനറി ലെയോപ്പോദോസച്ചനുമൊത്തു നമ്മുടെ പിതാവു കുരിയാക്കോസച്ചൻ നടത്തിയ നിരന്തരവും നിസ്തന്ദ്രവുമായ പരിശ്രമഫലമായി കേരളത്തിൽ ഇദംപ്രഥമമായി ഒരു സന്യാസിനിസഭയ്ക്കു ജന്മംകൊടുക്കാൻ സാധിച്ചു. നവജാതയായ സി. എം. സി. സഭാശിശുവിനെ ഓമനിച്ചു വളർത്തി പോഷിപ്പിച്ചു ഗുണപുഷ്ടയാക്കാൻ ഇവരിരുവരും സഹിച്ച ക്ലേശങ്ങൾക്കും കണക്കില്ല.

ദൈവദാസന്റെ ചരമശതാബ്ദി ആഘോഷിക്കുന്ന ഈ സുവർണ്ണാവസരത്തിൽ നന്ദിയും സ്നേഹവും നിറഞ്ഞ ഹൃദയത്തോടെ ആത്മാവിന്റെ അഗാധതയിൽനിന്നു് കൃതജ്ഞതയുടെ ഈരടികൾ ആലപിക്കുകയും ഭക്ത്യാദരപൂർവ്വം കൂപ്പുകൈകൾ സമർപ്പിക്കുകയും ചെയ്യുകൊള്ളട്ടെ.

പാവനതയുടെ പരിവേഷമണിഞ്ഞ ആ കർമ്മയോഗിയെ, ആ ത്യാഗമൂർത്തിയെ, ആ മഹത്വപ്പൊലിമയെ, മനസ്സിലാക്കാനും വിവരിക്കാനും ആരു് ആളാകും!

സന്യാസസഭകൾ മാനവസംസ്കാരത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും നിലനില്പിനും എത്ര വലിയ പങ്കുവഹിച്ചിട്ടുണ്ടെന്നുള്ളതു് മറക്കുവാനോ, മറയ്ക്കുവാനൊ സാദ്ധ്യമല്ല. കവികളേയും കലാകാരന്മാരേയും, ചിന്തകരേയും, പണ്ഡിതന്മാരേയും, മിസ്റ്റിക്കുകളേയും ദൈവശാസ്ത്രജ്ഞന്മാരേയും, എന്നുവേണ്ടാ ഏതേതു തുറകളിലുള്ള മഹാത്മാക്കളേയും, വിശുദ്ധരേയും, ലോകത്തിനു പ്രദാനംചെയ്തിട്ടുള്ളതു്, സന്യാസസഭകളാണു്

WITH BEST COMPLIMENTS FROM:-

C. P. K. & Co.

TIMBER MERCHANT

MUDIKAL,

PERUMBAVOOR

KERALA INDUSTRIES

Dealers in:

COPPRA, OIL, OIL CAKE;

RICE, FLOUR & OIL MILLS

VALLUVALLY, KOONAMMAVU

"We offer our Fervent Prayers for
The Immediate Exaltation of
The servant of God
FR. KURIAKOSE ELIAS
to the Altar".

Vicar (Fr. Antony Pudichery)
and Parishioners,
St. Mary's Forane Church,
Tripunithura.

"ദൈവമേ! അങ്ങയുടെ ദാസനെ
മഹത്പീകരിക്കണമേ."

കാവളക്കാട്ട് ബ്രദേഴ്സ്

സ്വർണ്ണവ്യാപാരം
& ഇരുമ്പുവ്യാപാരം

തൊടുപുഴ

VIJAYA OIL MILLS

ALLEPPEY

P. B. 64

എന്നു പറയാം. തിരുസഭയുടെ കണ്ണും കരളും സന്യാസസഭകളാണെന്നു പറഞ്ഞാൽ അതൊരു പരമാർത്ഥം മാത്രമായിരിക്കും.

കേരളത്തിൽ സ്ത്രീകൾക്കായി ഒരു സന്യാസസഭ ഉണ്ടായിക്കാണുവാൻ നമ്മുടെ പിതാവു ചാവറയച്ചൻ വളരെ ആഗ്രഹിക്കുകയും അതിനായി അക്ഷീണം പരിശ്രമിക്കുകയുംചെയ്തിരുന്നു. 1866 ഫെബ്രുവരിയിലാണ് ദൈവദാസന്റെ ഈ ചിരകാലാഭിലാഷം സാധിതമായതു്. കുന്നമ്മാവിൽ വളരെ എളിയ നിലയിൽ പനമ്പുകൊണ്ടു് ഒരു ചെറിയ ഭവനം പണിയുകയും ഭക്തജീവിതം നയിക്കുവാൻ അതീവ തല്പരരായിരുന്ന നാലു യുവതികളെ സ്വീകരിച്ചു പരിശീലനമാരംഭിക്കുകയുംചെയ്തു. കന്യകകൾക്കു അനുയോജ്യമായ ഒരു മഠത്തിന്റെ പണിക്കുവേണ്ടി പണം ശേഖരിക്കുന്നതിനും മറ്റുമായി നമ്മുടെ പിതാവു നടത്തേ നടപ്പിനും, അനുഭവിച്ചിട്ടുള്ള കായക്ലേശങ്ങൾക്കും അതിരുനിണ്ണയിക്കുക സാധ്യമല്ല. തുടർന്നുള്ള നിരന്തരയത്നത്തിന്റെ ഫലമായി മഠം പണി പൂർത്തിയാക്കുകയും 1867 മാർച്ചു് 27-ാംതീയതി നവകന്യകകൾക്കു് കന്മലസഭാവസ്ത്രം നൽകുകയുംചെയ്തു. ഒരു വർഷം കഴിഞ്ഞു് ജൂലൈ 16-ാംതീയതി ഇവർ വ്രതാപ്പണവും നടത്തി.

കുന്നമ്മാവിലെ സി. എം. സി. കന്മല ഭവനം ഒരു നൂറ്റാണ്ടുകൊണ്ടു വളർന്നു വികസിച്ചു് പടർന്നു പന്തലിച്ചു. ഇന്നതിന്റെ ശാഖോപശാഖകളുടെ തണലിൽ പ്രവർത്തിക്കുന്ന നിരവധി വിദ്യാലയങ്ങൾ, ആതുരാലയങ്ങൾ, കരകൗശലശാലകൾ, പ്രസ്സുകൾ, ബാലഭവനങ്ങൾ അഗതിമന്ദിരങ്ങൾ തുടങ്ങിയവയെല്ലാം കേരളത്തിലും ഭാരതത്തിലും

Best Wishes from :

S. T. REDDIAR & SONS

(Estd. 1886)

Quilon, Alleppey, Ernakulam

ERNAKULAM, P. B. NO. 1161, COCHIN-11


Phone, Offi: 33373; Resi. 33267

മഹത്തായ പ്രേഷിതജോലി നിർവ്വഹിച്ചു വരുന്നു.

കേരളത്തിലെ ഇതര സന്യാസിനിസഭകൾ പലതിനേറെയും മാതൃതുല്യവും ഈ സി. എം. സി. സഭയ്ക്കാണെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണു്. ഈ സന്യാസിനിസഭകളുടെ ഫലസമൃദ്ധികണ്ടു നമ്മുടെ പിതാവു് സ്വർഗ്ഗത്തിലിരുന്നു ഇന്നു് അഭിമാനം കൊള്ളുന്നുണ്ടാവും.

രണ്ടാം വത്തിക്കാൻ കൗൺസിൽ സന്യാസികൾക്കായി വിഭാവനംചെയ്തിട്ടുള്ള പരിപാടികൾ പലതും നൂറാണ്ടിനപ്പുറത്തു നമ്മുടെ വന്ദ്യ താതൻ ദീർഘദൃഷ്ടിയാൽ കണ്ടറിഞ്ഞു അവയ്ക്കും അടിസ്ഥാനമിട്ടിരുന്നു എന്നു പറഞ്ഞാൽ തെറ്റില്ല. ഇന്നു കാണുന്ന പല പ്രേഷിത പ്രവർത്തനത്തിനേറെയും നാന്ദി കുറിക്കുന്നതിൽ ദൈവദാസന്റെ പങ്കു അവിസ്മരണീയമാണു്.

ഇങ്ങനെ നമ്മുടെ സഭാസ്ഥാപനത്തിനും അതിന്റെ ആദ്ധ്യാത്മികവും ലൗകികവുമായ ഉന്നമനത്തിനും സുപ്രധാന പങ്കു വഹിച്ച ദൈവദാസനെ എത്രയുംവേഗം വിശുദ്ധരുടെ പട്ടികയിൽ ചേർത്തുകാണുന്നതിനു നമുക്കു പ്രാർത്ഥിക്കാം. പുണ്യചരിതനായ സ്നേഹപിതാവിനു് കൃതജ്ഞതയുടെ കൂപ്പുകൈകൾ!



"അർഹിക്കാത്ത പ്രശംസ നമ്മുടെമേൽ കോരിച്ചൊരിയുന്നവർ വാസ്തവത്തിൽ നമ്മെ പരിഹസിക്കുകയാണു് ചെയ്യുന്നതു്." —ലാൻഡർ

* * *

ഹൃദയംകരുണാഭരിതമല്ലെങ്കിൽ നീതിപൂർവ്വംപെരുമാറാൻനമുക്കൊരിക്കലുമാവില്ല. —ബെയ്‌ലി

* * *

മഹോന്നത ലക്ഷ്യങ്ങൾക്കുവേണ്ടി ജീവാപ്പണം നടത്തുന്നവർ പരാജയമെന്തെന്നറിയാത്തവരാണു്. —ബൈറൺ

* * *

മഹാവിപത്തിലാണു് നാം മഹാധൈര്യം കണ്ടെത്താറുള്ളതു്. —ജെ. എഫ്. റെഹ്നാർഡ്

* * *

വികാരത്തിനടിമപ്പെട്ടുന്നവർ വിവേകം തിരിച്ചുകിട്ടുമ്പോൾ ദുഃഖിക്കേണ്ടിവരുന്നു.—സൈറസ്

* * *


ഒരിക്കൽ മാന്യനാകാൻ കഴിഞ്ഞാ, എങ്കിൽ എല്ലാക്കാലത്തും അങ്ങനെതന്നെ. —ഡിക്കൻസ്

* * *

A devotee to truth may not do anything in deference to convention.
—MAHATMA GANDHI


* * *

The senses are said to be greater than the body; but greater than the senses is the mind. Greater than the mind is the intellect; and what is greater than the intellect is the Self. —BHAGAVAD GITA



Monuments FOR CHAVARA AT KUNAMMAVU

Koonammavu has many monuments of great importance, thanks to the great leader, Servant of God, Fr. Kuriakose Elias Chavara. The once unknown Koonammavu, has come into picture in the history of Kerala, especially in that of its Catholic Church, towards the end of the 19th century, when Fr. Chavara moved from Mannanam to Koonammavu. While spending there the last seven years of his saintly life with many activities and achievements to his credit, he passed away on the 3rd of January, 1871, only to perpetually outshine all others in the hearts of the populous locality.



Rev. Father Fabius C. M. I.
President, Souvenir Publication

This very publication of a Souvenir of the epoch-making celebrations of his death-centenary in April 1971 at Koonammavu is in itself a monument for Fr. Chavara, and in this connection it is only fitting to mention also the other

monuments errected in memory of him at Koonammavu. In the imposing programmes of the three-day celebrations, the most important one was the Chavara Exhibition which duly presented a lively picture of his zealous life and manifold activities.

With a view to putting the magnetic personality of this much respected leader into three dimensions, a statue was unveiled in front of the Chavara Kurikose Memorial Industrial Training Centre which itself is another lasting memorial of the Servant of God in terms of its social activities. The Centenary Memorial Houses, constructed by the Monastery for the poor families and blessed by the Bishop of Trichur on the second day of the celebrations, go to make up still another monument. As the Forty Hour Adoration in Kerala was first started at Koonammavu by the Servant of God a hundred years ago, something in commemoration of this too was not only fitting but even necessary. This need was met by a highly devotional eucharistic procession through the streets of Koonammavu, on the last day of the celebrations, in which, with the Bishop of Palai as the chief celebrant, thousands of people participated.

Granting generous allowances for an analogus connotation of the term 'monument', so far our attention was mainly focussed on the commemorative functions of the celebrations. Now, apart from these centennial reminiscences, we have to treat some of the so-called historical monuments. Prominent among these are the two religious congregations which his zeal for souls have given rise to, and are still working in the vineyard of Christ as the largest religious communities of native origin. Fr. Chavara as a spiritual leader, has indeed revolut ionized the history of Kerala, especially the life of its Catholic population, by starting these congregations, one for women and the other for men. The one for women is now known as the "Congregation of Mother of Carmel (C. M. C.)", and the other for men has the present name "Carmelites of Mary Immaculate" (C. M. I.). Both of these are even today having houses at Koonammavu and are still keeping ablaze the torch of charity Fr. Chavara has passed on to them. It has been the


rare privilege of Koonammavu to be chosen as the best suited place for the first house of the C. M. C. which has to this day materialized the memory of its founder with its L. P., U. P., High schools. Balasadan, Craft Training Centre etc. This congregation of the Mother of Carmel, which has grown up wonderfully spreading far, its branches all over India and engaging itself in manifold activities in the fields of education, social work and above all, spiritual life, found its nursery in the soil of Koonammavu. Opposite to the C. M. C convent today towers the highest spire of the monastery chapel of St. Joseph, a living monument of the sanctity of Fr. Chavara.

The pride of Koonammavu, however, the shrine of Chavara has to be dealt with. It is the holy place where Fr. Chavara lived for seven years and whence he left for his eternal reward. Thousands of pilgrims throng to the place and Fr. Chavara showers countless fovours upon them. This shrine was opened two years ago to put on a new form, though it has not yet acquired the required standard of its merit. It is indeed a monument of spiritual inspiration. The experience of the visitors is that the surroundings of the spot look as though they are resonant with the Chavara memories all over. A dove-cote, the famous 'Prior' mango-tree and many other varieties of fruit trees which spread an air of an Ashram—all to shed an atmosphere of a quiet sanyasodhyanam.

We may finally touch upon the crowning item of the commemorative monuments, which will be the most historical in the years to come. It is the Twelve-Bed Chavara Memorial Hospital Ward, which came into existence as a crowning event of the centenary celebrations, with the help and co-operation of thousands of people from all castes and creeds, rich and poor. When the idea of constructing it was first proposed to the Centenary Celebration Committee, many thought it to be a very hard nut to crack. But the idea was slowly and steadily worked out and in the wonderful Divine Providence the ward, attached to the Government Dispensary at Kunammavu did rise to completion with very beautiful artistic get up, to the great satisfaction of the public. It

is only after the ward came into existenee that the Government dispensary could be raised to the grade of a hospital.

The attractive picture of Fr. Chavara serving the old and poor, fixed on the wall of the Ward is really a consolation and solace for the sick and suffering. The figure of the Servant of God, made of steel rods, with words "Love and Service" on either side, placed in front of the Ward is indeed a very sublime inspiration to the onlookers. These were skilfully prepared by the St. Joseph's Production Centre attached to the Chavara Memorial Industrial Training Centre at Koonammavu. On the Republic Day of 1972, the Chavara Centenary Memorial Ward was blessed by the Archbishop of Verapoly, Most Rev. Dr. Joseph Kelanthara and was inaugurated by the honourable late Finance Minister Sri. K. T. George. Thousands whole heartedly have greeted this most triumphant emergence of the monument of Fr. Kuriakose Elias Chavara, through various vicissitudes.



Blessed are the poor in spirit; for theirs is the Kingdom of Heaven.
—MATHEW 5:3

* * *

Civilisation consists in the gradual subordination of the instinctive life to the sways of reason. —Dr. S RADHAKRISHNAN

* * *

Forgiveness is more manly than punishment. —MAHATMA GANDHI

* * *

None can love freedom heartily but good men, the rest love not freedom, but licence. —MILTON

* * *

Our deeds determine us, as much as we determine our deeds.—GEORGE ELIOT

ഹോസ്പിററൽ വാർഡ്

ദൈവദാസന്റെ ജൂബിലിസ്മാരകമായി,
പൊതുജനങ്ങൾ പണിചെയ്തു്,
ക്യൂനമ്മാവു് ഗവർമ്മേൻറു് ആശുപത്രിയ്ക്കു് സംഭാവനചെയ്ത
വാർഡ്നിർമ്മാണത്തിലെ വിവിധ രംഗങ്ങൾ :



ചിരപ്രതീക്ഷിതമായ ആശുപത്രി ഉൽഘാടനമഹാചടങ്ങിൽ പങ്കുചേരുന്നതിനായി,
ജനസഹസ്രങ്ങൾ ആവേശപൂർവ്വം ഇരമ്പിക്കയറുന്നു

കേരളാ
ഫിഷറീസ് കോർപ്പറേഷൻ

അത്യുത്തമമായ
ഒരു മത്സ്യാഹാരവുമായി രംഗത്തുവരുന്നു

ഫിഷ് മീൽ

കന്നുകാലികൾക്കും, കോഴി, താറാവ് തുടങ്ങിയവയ്ക്കും
ഈ മത്സ്യാഹാരം പൂർണ്ണാരോഗ്യം പ്രദാനംചെയ്യുകയും
വിഭവ ഉല്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുന്നു.

ജർമ്മൻ സാങ്കേതികവിദഗ്ദ്ധന്മാരുടെ സഹകരണത്തോടുകൂടി
കേരളാ ഫിഷറീസ് കോർപ്പറേഷന്റെ
ആഭിമുഖ്യത്തിൽ അഴീക്കോട് സ്ഥാപിക്കപ്പെട്ടിരിക്കുന്ന
പ്ലാന്റിൽനിന്നും ഉൽപാദനം ആരംഭിച്ചിരിക്കുന്നു.

ദി കേരളാ ഫിഷറീസ് കോർപ്പറേഷൻ ലിമിറ്റഡ്

(ഗവൺമെന്റുടമയിലുള്ള സ്ഥാപനം)


ഷൺമുഖം റോഡ്, പി. ബി. നമ്പർ–1115,

എറണാകുളം, കൊച്ചിൻ-11

ടെലഗ്രാം: ഡോൾഫിൻ് ടെലഫോൺ: 32365 PBX ടെലക്സ് CN—210



എറണാകുളം അതിരൂപതാസഹായമെത്രാൻ
റൈറ്റ് റവ. ഡോക്ടർ സെബാസ്റ്റ്യൻ
മങ്കുഴിക്കരി പുതിയ വാർഡിന്റെ
ശിലാശീർവാദകർമ്മം നിർവ്വഹിക്കുന്നു.
അതിരൂപതാ ചാൻസലർ
റവ. ഫാ. ജോർജ്ജ് താണിക്കനാംപറമ്പിൽ
സമീപം നില്ക്കുന്നു.



ആരോഗ്യവകുപ്പു ഡയറക്ടർ
ശ്രീ സി. എം. ജോസഫ്
ശിലാസ്ഥാപനം
നടത്തുന്നു.




സാഗർ എക്കാർക്ക്
റൈറ്റ് റവ. മോൺ. ക്ലെമന്റ് തോട്ടങ്കൽ C.M.I.
ശിലാസ്ഥാപന സമ്മേളനത്തിൽ
ആശംസാപ്രസംഗം ചെയ്യുന്നു.




"ഈ ഡാൻസ്
ഞങ്ങൾക്ക് ഇഷ്ടമാണ്" —
രോഗികൾ




വരാപ്പുഴ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോ. ജോസഫ് കേളന്തറ
ഹോസ്പിറ്റൽ വാർഡ് ആശീർവ്വദിക്കുന്നു.




ധനകാര്യമന്ത്രി ശ്രീ കെ. ടി. ജോർജ്ജ് ഹോസ്പിറ്റൽ വാർഡ് ഉൽഘാടനം ചെയ്യുന്നു.



ഉൽഘാടനം ചെയ്യപ്പെട്ട വാർഡ്




വെരി റവ. ഫാ. മത്തിയാസ് മുണ്ടാടൻ
സി. എം. ഐ., പ്രൊവിൻഷ്യൽ,
പ്രസംഗിക്കുന്നു.



വെരി റവ. ഫാ. തദ്യോബാൾഡ് സി. എം. ഐ
പ്രിയോർ ജനറൽ, ഉൽഘാടനസമ്മേളനത്തിൽ
പ്രസംഗിക്കുന്നു.




എറണാകുളം ഡി. എം. ഒ.
ഡോ. എം. മാലതി,
പൊതുജനങ്ങൾ പണിതീർത്ത
ഗവൺമെൻറിനു് ദാനംചെയ്ത
പുതിയ ഹോസ്പിററൽ വാർഡ്
ഏറ്റുവാങ്ങി
പ്രസംഗിക്കുകയാണു്.




ആസ്പത്രിവാർഡ് കമ്മററി, കൺവീനർ
ഡോ. ബേബി തോട്ടങ്കൽ,
കൃതജ്ഞത രേഖപ്പെട്ടുത്തുകയാണു്,
ഉൽഘാടനസമ്മേളനത്തിൽ.


നീതിമാനായ സോളമൻ (ബാലേ)



നീതിയുക്തമാംവിധികേട്ടപ്പോൾ വിമുകമാം
മാതാവിൻ മനംതേങ്ങി, കണ്ണുനീർമഴപെയ്തു:
"പിഞ്ചുകുഞ്ഞിനെയിവൾക്കേകുക മുറിക്കാതെ,
പാവമിക്കുഞ്ഞെങ്കിലും മരിക്കാതിരിക്കട്ടെ"



ചാവറ "എക്സിബിഷൻ"
ആലപ്പുഴ മെത്രാൻ,
റൈ റ്റു് റവ. ഡോ. മൈക്കൾ ആറാട്ടുകുളം
ഉൽഘാടനംചെയ്യുന്നു.
എക്സിബിഷൻ പരിപാടികൾ വിജയപ്രദ
മാക്കുന്നതിനു് അക്ഷീണം യത്നിച്ച
ബ. അൻസേൽമൂസച്ചൻ സി. എം. ഐ.
സമീപം നില്ക്കുന്നു



മലങ്കര റീത്തിലെ ആഘോഷമായ ദിവ്യബലിയിൽ
ഗായകസംഘം പങ്കുചേരുന്നു


Kuriakose Chavara Memorial Industrial Training Centre

(K. C. M. I. T. C.)

BUILT IN 1964



മോസ്റ്റ് റ വ. ഡോ. ജോസഫ് പാറേക്കാട്ടിൽ,
എറണാകുളം അതിരൂപതാ മെത്രാപ്പോലീത്താ,
I. T. C. യുടെ "ശില" ആശീർവദിച്ചുകഴിഞ്ഞപ്പോൾ.



H. M. T. ജനറൽ മാനേജർ,
ശ്രീ എസ്സുദാസ്,
ശിലാസ്ഥാപനകർമ്മം
നിർവഹിക്കുന്നു



പണി പൂർത്തിയായ I. T. C. യുടെ വെഞ്ചിരിപ്പു നടത്തുകയാണു്, പ്രൊവിൻഷ്യൽ വെ. റവ. ഫാ. സാലസ് സി. എം. ഐ.



മലവെള്ളകാലത്തു് I. T. C., സാധുജനങ്ങൾക്കു് ഒരു അഭയകേന്ദ്രമായി നിലനിന്ന കാഴ്ച.




I. T. C. യുടെ ഒരു സൈഡ് വ്യൂ. നില്ക്കുന്നതു്, ഇടത്തുനിന്നു് :—

1 റവ. ഫാ. ബെയിസിൻ, സി. എം. ഐ. — മാനേജർ
2 റവ. ബ്രു. ജേക്കബ് ,, — പ്രിൻസിപ്പൽ
3 ,, ,, ലൂയിസ് ,. — ഫോർമാൻ
4 ശ്രീ ബേബി തളിയത്തു് } ഐ. ടി. സി. നിർമ്മാതാക്കൾ
5 ഫാ. ഫേബിയസ്, സി. എം. ഐ. }
6 ശ്രീ തോമസ് പാലത്തിങ്കൽ }



1971 ഏപ്രിൽ 23-ാംനു,
ദൈവദാസന്റെ ചരമശതാബ്ദ ജൂബിലി ആഘോഷങ്ങളോട് അനുബന്ധമായി,
K. C. M. I. T. C. അങ്കണത്തിൽ നവമായി സ്ഥാപിതമാകുന്ന,
ദൈവദാസന്റെ മാർബിൾ പ്രതിമ അനാച്ഛാദനംചെയ്യുകയാണു്,
ആലപ്പുഴ മെത്രാൻ റൈറ്റു റവ. ഡോ. മൈക്കൾ ആറാട്ടുകുളം.

ദൈവദാസനാൽ ക്ലൂനമ്മാവിൽ സ്ഥാപിതമായ കന്യകാമഠം



ഇതാണ് കേരളത്തിലെ ആദ്യത്തെ കന്യകാലയം.

സുപ്രസിദ്ധമായ പ്രിയോർ മാവ്

ആത്മകഥ



പണ്ട്, പണ്ട്, നൂറു കൊല്ലങ്ങൾക്കു മുമ്പ്, കൂരിയാക്കോസ് ഏലിയാ സച്ചൻ വടക്കുനിന്നും രുചിയേറിയ ഒരു മാങ്ങാപ്പഴം കുനമ്മാവിൽ കൊണ്ടു വന്നു. പഴത്തിന്റെ വിത്തു് നിലത്തു്, ദൈവദാസന്റെ മുറിയ്ക്കു സമീപം,


പാകി. ഞാൻ അതിൽനിന്നും ജന്മം എടുത്തു. എന്നെ അച്ചൻ ലാളിച്ചു വളർത്തി. ഞാൻ ഉന്മേഷപൂർവ്വം വളർന്നു. പൂക്കൾ പുറപ്പെടുവിച്ചു. കണ്ണിനു് ഇമ്പകരങ്ങളായ കണ്ണിമാങ്ങകൾ രൂപംകൊണ്ടു. നിറപ്പകിട്ടേറിയ മാമ്പഴമായി അവ മാറി. കണ്ണിനു് ഒരു കൗതുകവസ്തു. രസനേന്ദ്രിയത്തിനു് ഒരു ആനന്ദവിഷയം.

ദൈവദാസൻ, കുന്നമ്മാവു കൊവേന്തയിലെ പ്രിയോർ ആയിരുന്ന അന്നു്. പ്രിയോരച്ചൻ എന്നെ നട്ടുവളർത്തിയതുകൊണ്ടു് അപരിചിതനായ എനിയ്ക്കു് ഒരു ഓമന നാമം നല്കപ്പെട്ടു. ''പ്രിയോർ മാവു്''. എന്റെ ഫലത്തിനു് ''പ്രിയോർ മാങ്ങാ'', എന്റെ യോഗം.

ജനങ്ങൾ അഹമഹമികയാ, കുന്നമ്മാവിലേയ്ക്കു് ഓടിക്കൂടി. എന്റെ തലമുറയെ കേരളത്തിന്റെ നാനാഭാഗത്തും നട്ടുവളർത്തുന്നതിനു്, എന്റെ പഴം ആസ്വദിക്കുന്നതിനു്.

ഇങ്ങനെയാണു് ഞാൻ നാട്ടുനീളെ അങ്ങോളം ഇങ്ങോളം എന്റെ തലമുറവഴി കേരളത്തിൽ നിരന്നുനില്ക്കുന്നതു്. ഞാൻ അറിയപ്പെട്ടു. ഞാൻ സുപ്രസിദ്ധയായി.

എന്റെ ആത്മകഥ വായിക്കുന്ന ഏതൊരുത്തനെയുംകാൾ പ്രായവും പ്രാമാണ്യവുമുള്ള ഞാൻ ഇന്നും കുന്നമ്മാവിൽ അമ്പരചുംബിയായി, ശാഖോപശാഖകൾ വീശിപരത്തി അരോഗദൃഢഗാത്രയായി നിലകൊള്ളുകയാണു്. വരിക! കാണുക!! ആനന്ദിക്കുക!! നമസ്തേ!!!



ലോകം! അതിനെ ഭയപ്പെടുന്നവർക്കു് എപ്പോഴും ആപത്തുനിറഞ്ഞതായിരിക്കും. —ബഞ്ചാർഡുഷാ

* * *

ശത്രുക്കളല്ല ശത്രുക്കൾ, മിത്രഭാവത്തിൽ അടുത്തുനില്ക്കുന്നവരാണു് ശത്രുക്കൾ. —എഴുത്തച്ഛൻ

* * *

അറിവിനെപ്പറ്റി അഹങ്കരിക്കുന്നതാണു് ഏറ്റവും വലിയ അജ്ഞത. —ജെർമിടെയ്‌ലർ

* * *

അഭിലാഷങ്ങൾ സാക്ഷാത്കരിക്കുന്നതിലല്ല, പരിമിതപ്പെടുത്തുന്നതിലാണു് യഥാർത്ഥ സമാധാനം സ്ഥിതിചെയ്യുന്നതു്. —ബിഷപ്പു് ഹീബർ

കുടുംബദീപം

വിശ്വദീപ്തിയുമായി
സംയോജിപ്പിച്ചത്

— മതസാംസ്കാരിക മാസിക —

തേവര, കൊച്ചി-13

ഫോൺ : 33341

കുമാരീകുമാരന്മാക്കും
യുവതീയുവാക്കന്മാക്കും
കുടുംബജീവിതക്കാക്കും
പ്രത്യേക പംക്തികൾ

ബൈബിൾ ചിത്രങ്ങൾ,
ബൈബിൾ പഠനങ്ങൾ,
നോവൽ, ചെറുകഥ,
കവിത തുടങ്ങിയവ

വാർഷികവരിസംഖ്യ
നാലര രൂപ മുൻകൂർ

PIN CODE : 682013 PHONE : RES. 32225

ERNAKULAM

COCHIN-11

GREETINGS FROM:—

PHONE : 33176

LOWIS VALOORAN

NEW INDIAN COFFEE WORKS

MARKET ROAD

Dealers in :— Tinned & Bottled Provisions and Bakery requisites. Dates Sultanas Hops, Yeast Ammonium-bi carbonate food colours Glucose etc., etc.

PHONE : 32862

Catholic Art Centre

FOR tabernacles, Vestments, Holy statues, Monstrances, Silver Chalice, Rosaries, Ornamental Umbrellas, Candle sticks, etc.

All kinds of Church requisites, Catholic art as well as literature and Ivory articles.

BROADWAY


VITHAYATHIL DRESSES

Dealers in :

READYMADE GARMENTS

BROADWAY

Phone : 32110. 33227, 31632.



കലാഭവൻ സ്റ്റുഡിയോസ് ലിമിറ്റഡ്

ആദ്യചിത്രം : ഞങ്ങളുടെ ആദ്യചിത്രമായ "ഇരുട്ടും വെളിച്ചവും"

പ്രദർശനത്തിനു തയ്യാറായിക്കഴിഞ്ഞു. പ്രദർശനതിയതി പ്രതീക്ഷിക്കുക.

അടുത്ത ചിത്രം

കഥയും സംഭാഷണവും പൂർത്തിയായിവരുന്നു. **അഭിനയിക്കാനാഗ്രഹിക്കുന്ന പുതുമുഖങ്ങൾ** ഏറ്റവും അടുത്തകാലത്തു് എടുത്തിട്ടുള്ള ഫോട്ടോസഹിതം ഡയറക്ടർ, കലാഭവൻ സ്റ്റുഡിയോസ്, ബ്രോഡ്വേ. കൊച്ചിൻ - 11 എന്ന മേൽവിലാസത്തിൽ അപേക്ഷകൾ അയയ്ക്കുക. നടനപരിചയം, വയസ്സു്, പൊക്കം, തൂക്കം എന്നിവകൂടി കാണിച്ചിരിക്കണം.

പിന്നണിഗായകരാകാനാഗ്രഹിക്കുന്നവരും അപേക്ഷകൾ അയയ്ക്കുക

കലാപ്രേമികളുടെയും കലാഭവൻ സുഹൃത്തുക്കളുടെയും നിർദ്ദേശങ്ങളും പ്രോത്സാഹനങ്ങളും ഞങ്ങൾ പ്രതീക്ഷിക്കുന്നു.

ബോർഡ് ഓഫ് ഡയറക്ടേഴ്സ് :

1 ഡോ. ആബേൽ C. M. I. (ചെയർമാൻ).

2 ജോസഫ് കാരിക്കശ്ശേരി, ഐലൻഡ് സീഫുഡ്സ്. കൊച്ചിൻ (മാനേജിംഗ് ഡയറക്ടർ).

3 കെ. ജെ. യേശുദാസ്, ചെയർമാൻ, സംഗീതനാടക അക്കാഡമി.

4 അപ്പച്ചൻ വടക്കേക്കര, പോത്തൻ ജോസഫ് & സൺസ്, കൊച്ചിൻ.

5 കമാൻഡർ കെ. കെ. നാരായൻ, എറണാകുളം.

6 ഡോമിനിക്കു് കരുവിനാക്കുന്നേൽ, പ്രൊപ്രൈറ്റർ ഹോട്ടൽ കസീനോ.

7 ഹൃബർട്ട് പിയോളി, മാനേജിംഗ് ഡയറക്ടർ എയിഡ്സ് കോർപ്പറേഷൻ ലിമിറ്റഡ്, എറണാകുളം.

8 ക്യാപ്റ്റൻ കെ. ജി. തോമസ് കൊല്ലംകുളം, പാർട്നർ & ജനറൽ മാനേജർ, കൊച്ചിൻ ഷിപ്പിംഗ് കമ്പനി, കൊച്ചിൻ - 1 കാഞ്ഞിരപ്പള്ളി.

9 ജോർജ്ജ് പനയ്ക്കലോടി, തൃക്കാക്കര.

ELOOR

UDYOGAMANDAL P. O.

BEST COMPLIMENTS FROM:

A. R. Sivasankara Pillai

CONTRACTOR

A. P. Varghese Anthikadu

CONTRACTOR

&

TRANSPORTING AGENT

Antony Vareeth

ENGINEERING CONTRACTOR

With best compliments from :

THE MOOKKANOOR S. H. ORPHANAGE DEPOT.

Broadway, Ernakulam

Cochin - 11 (682011)

Famous for Rosaries, Scapulars and all other sorts of pious articles, Monstrance, Chalice, Chiborium, Pyx, Candle sticks, Thuribles, Sprinklers, Plastic statues, Monthly devotion books, Prayer books, Candles and wax candles.

ESTD : 1927 PHONE : 31635

സത്യദീപം

കേരള കത്തോലിക്കാസഭയുടെ മുഖപത്രവും കുടുംബവാരികയും

മുദ്രണം :

വിയാനി പ്രിൻറിംഗ്സ്

എറണാകുളം, കൊച്ചിൻ 682018

* വിശ്വവ്യാപകമായ സഭയിലെ പുത്തൻ ചലനങ്ങളെപ്പറ്റി വിജ്ഞാനപ്രദങ്ങളായ വിലയിരുത്തലുകൾ
* ഈടുറ്റ തുടർക്കഥകൾ, ചെറുകഥകൾ, കാർട്ടൂണുകൾ, ഫലിതങ്ങൾ
* കുടുംബജീവിതത്തെപ്പറ്റി രസകരവും വിജ്ഞാനപ്രദവുമായ ചർച്ച
* ആഗോളസഭയെപ്പറ്റി വാർത്തകൾ
* വർണ്ണപ്പകിട്ടുള്ള മുഖച്ചിത്രങ്ങൾ
* യുവതലമുറയ്ക്കുവേണ്ടി പ്രത്യേക പംക്തികൾ
* ബൈബിളിനെപ്പറ്റി വിജ്ഞാനപ്രദമായ ചർച്ച

പേജ് 16 ഒരു കോപ്പി 22 പൈസ (ഡ്യൂട്ടി ഉൾപ്പെടെ)

—: വാർഷിക വരിസംഖ്യ :—

പോസ്റ്റുവഴി 12 രൂപ — ഏജൻറുവഴി 11 രൂപ

KUNAMMAVU

683518

Best wishes from :—

Combined Tutorials

Classes for :—

S. S. L. C. (March & Sept.)

Tuition classes for :—

Std: VIII, IX, & X

St. Joseph Press

Serves all your requirements in

Printing & Binding

Works are neatly and promptly executed.

Jacob's Electrical Works

Chavara Buildings

Undertakes all sorts of Electric Wiring

Elangikal Stores

Chitra Road Junction

Modern Bread Agency

Cool drinks & Cycle Shop

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date
19 DEC 93		
24 MAR 1994	16 NOV 2001	
	24/7/05	
25 JAN 1995		
11 FEB 1995		
7 MAR 1995		
24 MAR 1995		

DC Archives
00037872
K91.3 C40
9523

കൃഷിക്കാർ യോജിച്ചു് ഒരു സംഘടനയുടെ രൂപം നൽകി അതിന്റെ ഗാരണ്ടിയിന്മേൽ കൂടി കൃഷിവായ്പകൾക്കുവേണ്ടി അടുപ്പക്കാരിൽനിന്നോ മറ്റോ ഈടുകൂടാതെ എളുപ്പത്തിൽ കടം വാങ്ങുന്നതിനുള്ള സൗകര്യങ്ങളുണ്ടു്.

നാടിന്റെ നട്ടിൽ രൂപംകൊണ്ടിരിക്കുന്ന പുതിയ പുഷ്പവൈഭവത്തിന്റെ പിന്നിൽ **ഫെഡറൽ ബാങ്കിന്റെ** സഹകരണം പരക്കെ അംഗീകരിക്കപ്പെട്ടിരിക്കുന്നു. ബാങ്കിന്റെ സേവനങ്ങൾ ഫലപ്രദമാക്കുന്നതിന് റിസർവ്വ് ബാങ്കിന്റെ സഹകരണവും പ്രോത്സാഹനവും അഭ്യർത്ഥിക്കുന്നു.



ദി ഫെഡറൽ ബാങ്കിംഗ്
(ഷെഡ്യൂൾഡ് ബാങ്ക്)
രജി: ആഫീസ്, ആലുവ.

Sreekala

Cover printed at L. F. I. Press, Thevara, 682 013.